
യഹോവയുടെ നാമങ്ങൾ
(NAMES OF JEHOVAH)
SAMSON HENRY, KOLLAM

**SH- 4**



# യഹോവയുടെ നാമങ്ങൾ
## (NAMES OF JEHOVAH)

**SAMSON HENRY**
KOLLAM

യഹോവയായ ദൈവത്തിനു മനുഷ്യനോടുള്ള ബന്ധത്തിൽ വേദപുസ്തകത്തിൽ അനേക എബ്രായനാമങ്ങൾ കാണുന്നു. എബ്രായ ഭാഷയിലെ ഈ നാമങ്ങൾ ചിലതൊക്കെ പരിഭാഷപ്പെടുത്തിയും ചിലത് പരിഭാഷപ്പെടുത്താതെ എബ്രായഭാഷയിൽ തന്നെയും ഉപയോഗിച്ചിരിക്കുന്നു. ബൈബിളിൽ കാണപ്പെടുന്ന യഹോവയുടെ നാമങ്ങൾ ദൈവത്തിന്റെസ്വഭാവസവിശേഷതകളെയും ആളത്വ മാഹാത്മ്യത്തെയും വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ കരുണ, ദയ, ശക്തി, തന്റെ സൃഷ്ടിയോടുള്ള പരിപാലനം, സ്നേഹം എന്നിവയെല്ലാം പേരിലും സ്വഭാവത്തിലും ഒരുപോലെ കാണപ്പെടുന്നു. ദൈവത്തിന്റെ സ്വഭാവസവിശേഷതകളെന്തെല്ലാം?, ദൈവത്തിന്റെ ആളത്വശ്രേഷ്ഠത എന്ത് ? ദൈവവും മനുഷ്യനുമായുള്ള ബന്ധമെന്ത് ?— ഇവയ്ക്കെല്ലാം ഉത്തരം യഹോവയുടെ നാമങ്ങളിലൂടെ വെളിപ്പെടുന്നു - Samson Henry

*"ബൈബിളിൽ ഏൽ, ഏലോഹിം, യഹോവ എന്നീ അടിസ്ഥാന നാമങ്ങളുള്ള ദൈവത്തിന് തന്റെ പ്രവൃത്തിയും പെരുമാറ്റവും സ്വഭാവവും വെളിപ്പെടുത്തത്തക്കനിലയിൽ ഏൽ-സദായി, ഏൽ- ഏല്യോൻ, ഏൽ-ഓലാം, ഏൽ-റോയി, യഹോവ-യിരെ, യഹോവ - റാഫാ, യഹോവ-ശമ്മാ, യഹോവ-ശലോം, യഹോവ-സേബായോത്ത്, അദോനായ് മുതലായ പേരുകൾ നാം കാണുന്നു. അവയെല്ലാം ഒന്നൊന്നായി പെറുക്കിയെടുത്ത് അൻപത്തിനാലോളം പേരുകളും അർത്ഥങ്ങളും അതു വെളിപ്പെടുത്തുവാനുണ്ടായ സന്ദർഭവുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ശ്രമകരമായൊരു ശുശ്രൂഷ ഇതിന്റെ പിന്നിലുണ്ട്. ഇതു കേവലം വായിച്ചു വിടുവാനുള്ള ഒന്നല്ല, ഒന്നാന്തരം ഒരു പഠനഗ്രന്ഥമാണ്."* - SAM ZACHARIAH, Evangelist, Chief Editor,
Thiruvachana Pradeepam, P.B.No: 22, Kottarakara.

Bible Good News Publications
Zion, Aradhana Nagar-22, Kollam, Pin - 691 001

# യഹോവയുടെ നാമങ്ങൾ

## NAMES OF JEHOVAH

(Malayalam)


| | | |
|---|---|---|
| 1st Edition | : | July 2017 |
| Copies | : | 1000 |
| E-Book | : | August 2021 |



| | | |
|---|---|---|
| Author | : | Samson Henry<br>Zion, Aradhana Nagar - 22<br>Behind Sanker's Hospital<br>Kollam, Pin - 691 001 |
| Phone | : | 0474-2741115 |
| Mobile | : | 94474 10769 |
| E-mail | : | biblegoodnews@gmail.com |
| Web | : | www.biblegoodnews.com |



| | | |
|---|---|---|
| Published by | : | Bible Goodnews Publications<br>Kollam-691001 |



| | | |
|---|---|---|
| Copy right | : | Author |



| | | |
|---|---|---|
| DTP &<br>Cover design | : | Samson Henry, Kollam |


**FOR FREE DOWNLOAD, COPY, PRINT**

# ഉള്ളടക്കം


| നമ്പർ | നാമങ്ങൾ | പേജ് |
|---|---|---|
| (1) | ഏലോഹിം ( Elohim ) | 11 |
| (2) | യഹോവ (Jehovah or Yahweh = LORD) | 13 |
| (3) | യഹോവ-യിരേ (Jehovah-jireh ) - | 15 |
| (4) | യഹോവ റാഫാ /യഹോവ റോഫി (Jehovah-Rapha /Jehovah-Rophe ) | 18 |
| (5) | യഹോവ നിസ്സി (Jehovah-nissi ) — യഹോവ നമ്മുടെ കൊടി | 21 |
| (6) | യഹോവ മെക്കഡേഷ് (Jehovah- MeKaddesh =J ehovah) | 23 |
| (7) | യഹോവ ശലോം (Jehovah Shalom) | 25 |
| (8) | യഹോവ സിദ്ക്കെനു (Jehovah-Tsidkenu) | 28 |
| (9) | യഹോവ റോഹി /യഹോവ റാഹ് (Jehovah-Rohi or Raah) | 31 |
| (10) | യഹോവ ശമ്മാ (Jehovah-Shammah) | 35 |
| (11) | യഹോവ സേബായോത്ത് (Jehovah- Tsebaoth / Jehovah - Sabaoth) | 39 |
| (12) | യഹോവ ഹൊസ്സീനോ (യഹോവ ഹോശേനു) / (Jehovah- Hosseeno/ Jehovah Hossenu) | 43 |
| (13) | യഹോവ ഏലോഹി യിസ്രായേൽ (Jehovah- Elohe Israel) | 46 |
| (14) | യഹോവ എലൊഹായി (Jehovah-Elohai) | 50 |
| (15) | യഹോവ എലൊഹേക്കാ (Jehovah- Elohekka ) | 53 |
| (16) | യഹോവ എലൊഹേനു (Jehovah Elohenu) | 56 |
| (17) | യഹോവ ഗമുല (Jehovah Gamula) | 58 |
| (18) | യഹോവ മെക്കെ (Jehovah Mekke) | 60 |
| (19) | യഹോവ നാക്കാ (Jehovah Nakka ) | 67 |
| (20) | എൽ-സദായി (El-Shaddai) | 70 |
| (21) | എൽ -എലോഹേ യിസ്രായേൽ (El- Elohe Israel) - | 72 |
| (22) | എൽ-എലിയോൻ (El-Elyon) | 73 |
| (23) | എൽ-ഓലാം (El-Olam ) | 77 |
| (24) | എൽ-റോയ് (El-Roi) | 79 |
| (25) | ഏൽ-ബേഥേൽ (EL-BETHEL ) | 81 |

| | | |
|---|---|---|
| (26) | എൽ--ക്വാൻനാ (EL-QANNA) | 86 |
| (27) | ഏലോഹായ് കെദെം (ELOHAY KEDEM) | 87 |
| (28) | ഏലോഹായ് കെദോഷിം (ELOHAY KEDOSHIM) | 90 |
| (29) | ഏലോഹായ് സെലികോട്ട് (ELOHAY SELICHOT) | 92 |
| (30) | ഏലോഹായ് യിഷി (ELOHAY YISHI) | 93 |
| (31) | ഏലോഹായ് മൗസി (ELOHAY MAUZI) | 95 |
| (32) | ഏലോഹായ് റ്റെഹിലാറ്റി (ELOHAY TEHILATI) | 96 |
| (33) | ഏലോഹായ് മിഷ്പറ്റ് (ELOHAY MISHPAT) | 97 |
| (34) | ഏലോഹായ് ചെയിം (ELOHAY CHAIYIM) | 98 |
| (35) | കാദേശ് യിസ്രായേൽ (Kadesh Israel) | 99 |
| (36) | അബിർ യിസ്രായേൽ (Abir Israel) | 100 |
| (37) | നേശ്ശാ യിസ്രായേൽ (Nessah- Israel ) | 101 |
| (38) | ഏലോഹായ് മികാറോവ് (ELOHAY MIKAROV) | 102 |
| (39) | ഏലോഹായ് മാറോം (ELOHAY MAROM) | 102 |
| (40) | ഏലോഹായ് ഏലോഹിം (ELOHAY ELOHIM) | 102 |
| (41) | എൽ--ഹാ- നീമാൻ (EL-HA-NE`EMAN) | 102 |
| (42) | എൽ-ഹാ-ഗാടോൾ (EL-HA-GADOL) | 102 |
| (43) | എൽ-ഡിയോട്ട് (EL-DE`OT) | 102 |
| (44) | എൽ—യെഷൂദി (EL-YESHUATI) | 102 |
| (45) | എൽ—ഏഖാദ് (EL-ECHAD) | 102 |
| (46) | എൽ—എമെറ്റ് (EL-EMET) | 103 |
| (47) | എൽ-ഹാ-ഷമയിം (EL- HA- SHAMAYM) | 103 |
| (48) | എൽ-ഹാ-കാദോഷ് (EL- HA- KADOSH) | 103 |
| (49) | ഇമ്മാനു-ഏൽ (IMMANU-EL) | 103 |
| (50) | ഏലാ-യിസ്രായേൽ (ELAH- YISRAEL) | 103 |
| (51) | ഏലാ-ഷ്മായാ-വാറാ (ELAH - SH`MAYA VARAH) | 103 |
| (52) | ഏലാ-യെരൂശലേം (ELAH - YRUSH`LEM) | 103 |
| (53) | ഏലാ-ഷ്മായാ (ELAH- SH`MAYA) | 103 |
| (54) | അദോനായ് (Adonai) | 104 |

# പ്രസ്താവന

( SAMSON HENRY, KOLLAM )

സർവ്വശക്തനായ ദൈവത്തിന്റെ മഹത്വമാർന്ന നാമത്തിനു സ്തുതിസ്തോത്രങ്ങൾ അർപ്പിക്കുന്നു. "യഹോവയുടെ നാമങ്ങൾ" എന്ന പുസ്തകം ഇപ്രകാരം രചിച്ചു പ്രസിദ്ധീകരിപ്പാൻ ബുദ്ധിയും, ശക്തിയും, ജ്ഞാനവും, ഉയരത്തിൽ നിന്നു തന്നു എന്നെ പ്രാപ്തനാക്കിയ എന്റെ ദൈവത്തിനു നന്ദി അർപ്പിക്കുന്നു. പഴയനിയമം, പുതിയനിയമം എന്നിങ്ങനെ രണ്ടുഭാഗങ്ങളായി തയ്യാറാക്കപ്പെട്ട ദൈവവചനം, ബൈബിൾ അഥവാ സത്യവേദപുസ്തകം എന്ന പേരിൽ അറിയപ്പെടുന്നു. മോശെ മുഖാന്തരം സർവ്വശക്തനായ യഹോവ തന്റെ ജനമായ യിസ്രായേലിനോടു ചെയ്ത ഉടമ്പടിയാണ് പഴയനിയമം. യേശുക്രിസ്തു മുഖാന്തരം യഹോവയായ ദൈവം സകലമാനവജാതികളോടും ചെയ്ത ഉടമ്പടിയാണ് പുതിയനിയമം. ബൈബിളിന് പഴയപുതിയ നിയമങ്ങൾ (ലൂക്കൊ.22:20/2.കൊരി.3:6-15) എന്നു പേരുണ്ടങ്കിലും രണ്ടും ഒരുപോലെ പ്രാധാന്യമുള്ളവയാണ്. ഇത് യഹോവയുടെപുസ്തകം (യെശ.34:16) ആയതിനാൽ തന്നെ. പഴയനിയമം എബ്രായഭാഷയിലും പുതിയനിയമം ഗ്രീക്കു ഭാഷയിലുമാണ് എഴുതപ്പെട്ടിട്ടുള്ളത്.

ദൈവവും മനുഷ്യനുമായുള്ള അന്യോന്യബന്ധത്തിൽ യഹോവയായ ദൈവത്തിനു വേദപുസ്തകത്തിൽ അനേക എബ്രായനാമങ്ങൾ കാണുന്നു. എബ്രായഭാഷയിലെ ഈ നാമങ്ങൾ ചിലതൊക്കെ പരിഭാഷപ്പെടുത്തിയും ചിലത് പരിഭാഷപ്പെടുത്താതെ എബ്രായഭാഷയിൽ തന്നെയും ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിനു വേദപുസ്കത്തിൽ അനേക നാമങ്ങൾ ഉള്ളപ്പോൾത്തന്നെ ഒരു പേരും പറയാതെ കർത്താവിന്റ നാമത്തിൽ, യഹോവയുടെ നാമത്തിൽ, ദൈവമായ യഹോവ എന്നിങ്ങനെയും പറഞ്ഞിട്ടുണ്ട് (ഉല്പ.12:8/ഉല്പ.21:33/ഉല്പ.26:25/പുറ.33:19/പുറ.20:7/ആവ.18:15).

മനുഷ്യന്റെ പേരുകൾക്ക് അവരുടെ സ്വഭാവവുമായി പലപ്പോഴും ചേർച്ചയോ അർത്ഥമോ കാണുകയില്ല. ഉദാഹരണമായി, കറുത്ത നിറമുള്ള ഒരുവന് വെളുമ്പൻ എന്നോ വെളുത്ത നിറമുള്ള ഒരുവന് കറുമ്പനെന്നോ പേരുണ്ടാകാം. ഒരു സൗന്ദര്യവുമില്ലാത്ത സ്ത്രീ സുന്ദരിയെന്നും, പുരുഷൻ സുന്ദരനെന്നും വിളിക്കപ്പെടാം. ഏറ്റവും ദുഷിച്ച സ്വഭാവത്തിൽ നടക്കുന്നവന്റെ പേരു സുശീലൻ എന്നാകാം. എപ്പോഴും കള്ളവും നുണയും പറഞ്ഞു നടക്കുന്ന ഒരുവനെ സത്യശീലൻ എന്ന പേരിനാലും അറിയപ്പെടാം. എന്നാൽ ബൈബിളിൽ കാണപ്പെടുന്ന യഹോവയുടെ നാമങ്ങൾ ദൈവത്തിന്റെ സ്വഭാവസവിശേഷതകളെയും ആളത്വമാഹാത്മ്യത്തെയും വെളിപ്പെടുത്തുന്നു. ദൈവത്തിന്റെ കരുണ, ദയ, ശക്തി, തന്റെ സൃഷ്ടിയോടുള്ള പരിപാലനം, സ്നേഹം എന്നിവയെല്ലാം പേരിലും സ്വഭാവത്തിലും ഒരുപോലെ കാണപ്പെടുന്നു.

ബൈബിളിൽ പഴയനിയമത്തിൽ ദൈവത്തെയും ദൈവീകസ്വഭാവമാഹാത്മ്യത്തെയും വെളിപ്പെടുത്തിയിരിക്കുന്ന അനേക നാമങ്ങൾ ഉണ്ട്. ഈ പേരുകളെല്ലാം ദൈവികത്രിത്വത്തിൽ ഒന്നാമനായ ദൈവത്തോടു ബന്ധപ്പെടുമ്പോൾത്തന്നെ മനുഷ്യന്റെ രക്ഷയ്ക്കായി ഭൂമിയിലേക്കു വന്ന യേശുക്രിസ്തുവിനും, ത്രിത്വത്തിൽ മൂന്നാമനായ കാര്യസ്ഥനും നടത്തിപ്പുകാരനുമായ പരിശുദ്ധാത്മാവാം ദൈവത്തിനും യോജിച്ചിരിക്കുന്നു.

ദൈവത്തിന്റെ സ്വഭാവസവിശേഷതകളെന്തെല്ലാം?, ദൈവത്തിന്റെ ആളത്വശ്രേഷ്ഠത എന്ത് ? ദൈവവും മനുഷ്യനുമായുള്ള ബന്ധമെന്ത് ?— ഇവയ്ക്കെല്ലാം ഉത്തരം ദൈവത്തിന്റെ നാമത്തിലൂടെ വെളിപ്പെടുന്നു. 2004- 2005 കാലഘട്ടത്തിൽ ദൈവീകനിയോഗത്താൽ തയ്യാറാക്കപ്പെട്ട "യഹോവയുടെ നാമങ്ങൾ" എന്ന വിഷയം ഇവ്വിധം പുസ്തകരൂപത്തിൽ രചിക്കപ്പെടുവാൻ ഇടയാക്കിയ ദൈവത്തിനു നന്ദി കരേറ്റുന്നു. തിരുവചനം പഠിക്കുന്നവർക്കും, പഠിപ്പിക്കുന്നവർക്കും ഒരുപോലെ പ്രയോജനവും അനുഗ്രഹവുമായിത്തീരട്ടെ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം ദൈവത്തിന്റെ തിരുപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

SAMSON HENRY
KOLLAM
10--05--2017

# അവതാരിക

( SAM ZACHARIAH, KOTTARAKARA )

"യഹോവയുടെ നാമങ്ങൾ" എന്ന പുതിയൊരു ഗ്രന്ഥം കൂടി രചിക്കുവാൻ ബഹുമാന്യ കർത്തൃദാസൻ സാംസൻ ഹെൻറിക്കു ദൈവം കൃപ നല്കിയതിനാൽ സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ചുരുങ്ങിയ നാളുകൾക്കുള്ളിൽ ഈടുറ്റ ചില ഗ്രന്ഥങ്ങൾ തന്റെ തൂലികയിലൂടെ പുറത്തു വരുവാനിടയായി എന്നുള്ളത് അഭിനന്ദാർഹമായ കാര്യമാണ്. ശാരീരിക ക്ലേശങ്ങളിലൂടെ കടന്നു പോകുമ്പോഴും പുസ്തക രചന ഒരു ശുശ്രൂഷയായി പരിഗണിച്ച് "യഹോവയുടെ നാമങ്ങൾ" എന്ന ഒരു ഗ്രന്ഥം കൂടി ക്രൈസ്തവ കൈരളിക്കു സമ്മാനിച്ചിരിക്കുന്നു.

ബൈബിളിൽ, പ്രത്യേകിച്ചു പഴയനിയമത്തിൽ ഏൽ, എലോഹിം, യഹോവ എന്നീ അടിസ്ഥാന നാമങ്ങളുള്ള ദൈവം തന്റെ പ്രവൃത്തിയും പെരുമാറ്റവും സ്വഭാവവും വെളിപ്പെടുത്തത്തക്കനിലയിൽ ഏൽ-ഷദ്ദായി, ഏൽ- എല്യോൻ, ഏൽ-ഓലാം, ഏൽ-റോയി, യഹോവ-യിരെ, യഹോവ - റാഫാ, യഹോവ-ഷമ്മ, യഹോവ-ശാലോം, യഹോവാ-സേബായോത്ത്, അഡോണായ് മുതലായ പേരുകൾ നാം കാണുന്നു. അതെല്ലാം ഒന്നൊന്നായി പെറുക്കിയെടുത്ത് ഏതാണ്ടു അൻപത്തിനാലോളം പേരുകളും അർത്ഥങ്ങളും അതു വെളിപ്പെടുത്തുവാനുണ്ടായ സന്ദർഭവുമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ശ്രമകരമായൊരു ശുശ്രൂഷ ഇതിന്റെ പിന്നിലുണ്ട് എന്നത് നമുക്കേവർക്കുമറിയാം. ഇതു കേവലം വായിച്ചു വിടുവാനുള്ള ഒന്നല്ല, ഒന്നാന്തരം ഒരു പഠനഗ്രന്ഥമാണ്.

ദൈവത്തെക്കുറിച്ചുള്ള മനോബോധം എല്ലാ മനുഷ്യഹൃദയങ്ങളിലും സൃഷ്ടിപ്പിൽ തന്നെയുണ്ടെങ്കിലും, ആദികാരണനും, ആദ്യന്തനിത്യനുമായ ദൈവത്തിന്റെ അദൃശ്യലക്ഷണങ്ങൾ അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി ലോകസൃഷ്ടിമുതൽ അവന്റെ പ്രവൃത്തികളാൽ മനുഷ്യർക്കു തെളിവാക്കിക്കൊടുത്തുവെങ്കിലും; അക്ഷയനായ ദൈവത്തിന്റെ തേജസ്സിനെ ക്ഷയമുള്ള മനുഷ്യൻ, പക്ഷി, ഇഴജാതി എന്നിവയുടെ രൂപസാദൃശ്യമായി മനുഷ്യൻ മാറ്റിക്കളഞ്ഞു. "ധന്യനായ ഏകാധിപതിയും, രാജാധിരാജാവും, കർത്താധികർത്താവും, താൻ മാത്രം അമർത്ത്യതയുള്ളവനും, അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും മനുഷ്യർ ആരും കാണാത്തവനും, കാണ്മാൻ കഴിയാത്തവനുമായവൻ" (1.തിമൊ.6:15,16) തക്കസമയയത്തു ജഡത്തിൽ വെളിപ്പെട്ടതിനാൽ; യേശുക്രിസ്തുവിലൂടെ ദൈവഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം സകല മനുഷ്യർക്കും വെളിപ്പെട്ടിരിക്കുന്നു. ഇനി ദൈവം നമുക്കാർക്കും മറഞ്ഞിരിക്കുന്നില്ല. നമുക്കേവർക്കും സമീപസ്ഥനായി, നമ്മോടു കൂടെയിരിക്കുന്നവനും, ആലോചന നല്കുന്നവനും, ആശ്വാസം നല്കുന്നവനുമായി 'ഇമ്മാനുവേലായി' നമ്മോടൊപ്പമുണ്ട്.

"യഹോവയുടെ നാമം ബലമുള്ള ഗോപുരം; നീതിമാൻ അതിലേക്ക് ഓടിച്ചെന്നു അഭയം പ്രാപിക്കുന്നു" (സദൃ.18:10) എന്നു ജ്ഞാനിയായ ശലോമോൻ രേഖപ്പെടുത്തിയിരിക്കുന്നു. എത്രയോ ഭക്തന്മാർ ആ നാമത്തിൽ ആശ്രയം വെച്ചിരിക്കുന്നു. അടുത്തറിയുന്തോറും "യഹോവ എത്ര നല്ലവൻ തൻ ആശ്രിതർക്കെല്ലാം മാറാത്ത മഹാവിശ്വസ്തൻ താൻ നിത്യ പാറയാം" എന്നു ഭക്തനായ വി.നാഗലിനോടു ചേർന്നു നമുക്കും പാടുവാൻ കഴിയും. "യഹോവയുടെ നാമങ്ങൾ" എന്ന ഈ ഗ്രന്ഥപഠനത്തിലൂടെ യഹോവയായ ദൈവത്തെക്കുറിച്ചും അവിടത്തെ മഹത്വത്തെക്കുറിച്ചും കൂടുതലായി മനസ്സിലാക്കുന്നതിനും, അതിനുപരിയായി ഇത് നമ്മുടെ ആത്മീകജീവിതത്തിനു ഒരു മുതൽകൂട്ടായി മാറട്ടെ എന്നും ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. അതോടൊപ്പം പ്രിയ കർത്തൃദാസന്റെ തൂലികയിലൂടെ ഇനിയും പ്രയോജനപ്രദമായ നിരവധി ഗ്രന്ഥങ്ങൾ ഉളവാകട്ടെ എന്ന് ആശംസിക്കുകയും ചെയ്യുന്നു.

എന്ന് കർത്തൃശുശ്രൂഷയിൽ

SAM ZACHARIAH, Evangelist
Chief Editor, Thiruvachana Pradeepam
P.B.No: 22, Kottarakara. Dated : 26-06-2017

## ഗ്രന്ഥകാരന്റെ കൃതികൾ

(1) വിശ്വാസിയും ആഭരണവും
(2) തിരുവചന ഉപദേശ സത്യങ്ങൾ
(3) യഹോവയുടെ നാമങ്ങൾ
(4) ബൈബിൾ സംഗ്രഹം
(5) TABERNACLE
(6) BELIEVERS AND ORNAMENTS
(7) BIBLE SURVEY

## സുവിശേഷ ലഘുലേഖകൾ

(1) താങ്കൾ ക്രിസ്ത്യാനിയോ?
(2) താങ്കൾ ഇൻഷ്വർ ചെയ്തിട്ടുണ്ടോ?
(3) താങ്കളുടെ യാത്ര എവിടേക്ക്?
(4) താങ്കളുടെ പൗരത്വം എവിടെ?
(5) സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട!
(6) ഭാഗ്യം .. ഭാഗ്യം .. നേടുക ... ഇന്ന്... ഇപ്പോൾ... ഇപ്പോൾ.
(7) ദേഹം മണ്ണാകും മുമ്പേ തേടിക്കൊൾക ദൈവകൃപ.
(8) സൗഖ്യമാകുവാൻ മനസ്സുണ്ടോ?
(9) ഇന്നിങ്ങനെ എങ്കിൽ നാളെ എങ്ങനെ?
(10) തിരഞ്ഞെടുപ്പ്
(11) ജീവൻ നൽകിയ സ്നേഹം
(12) ഞാൻ ലോകത്തിൽ കേട്ട ഏറ്റവും നല്ല വാർത്ത.
(13) Are you Insured?
(14) Where is the destination of your journey?
(15) Be Careful and Keep out of trouble.

# യഹോവയുടെ നാമങ്ങൾ

# (NAMES OF JEHOVAH)

നാം അധിവസിക്കുന്ന ഭൂമിക്കും, അതിലെ സകല ചരാചരങ്ങൾക്കും ഒരു സ്രഷ്ടാവുണ്ട്. ഒന്നും തന്നെ സ്വയമേ ഉളവായതല്ല. സകലവും വളരെ ഭംഗിയായി അതതിന്റെ സമയത്തു നിർമ്മിച്ചു ഒരുക്കിയ സ്രഷ്ടാവാണ് സർവ്വശക്തനായ ദൈവം. സൃഷ്ടിതാവിനെ മഹത്വപ്പെടുത്തുക എന്നുള്ളതാണ് സൃഷ്ടിയുടെ പരമപ്രധാനമായ കർത്തവ്യം എന്നു ദൈവവചനത്തിലൂടെ വ്യക്തമാകുന്നു. *"എന്റെ മഹത്വത്തിന്നായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും"* (യെശ.43:7). *"ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിന്നായി ചെയ്വിൻ"* (1.കൊരി.10:31).

ദൈവത്തിന്റെ സ്വഭാവസവിശേഷതകൾ വ്യക്തിപരമായി അനുഭവിച്ചറിഞ്ഞ ഒരാൾക്കു മാത്രമേ യഥാർത്ഥമായി ദൈവത്തെ മഹത്വപ്പെടുത്താനും സ്തുതിക്കുവാനും കഴികയുള്ളു. അതിനായി ദൈവത്തിൽ ആശ്രയം വെക്കണം അഥവാ യേശുക്രിസ്തുവിലൂടെ വീണ്ടും ജനനം പ്രാപിക്കണം. നാം അധിവസിക്കുന്ന ഭൂമിയും അതിലെ ചരാചരങ്ങളും സൃഷ്ടിതാവായ ദൈവത്തെയും, ദൈവത്തിന്റെ പ്രവൃത്തികളെയും വെളിപ്പെടുത്തുന്നു. *"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു; ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു"* (സങ്കീ.19:1). മനുഷ്യൻ ഇന്നും ദൈവസൃഷ്ടിയുടെ അത്ഭുതപ്രതിഭാസങ്ങളെ കണ്ടുപിടിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. ദൈവം ആരാണ്? ദൈവത്തിന്റെ സ്വഭാവസവിശേഷതകളെന്തെല്ലാം? ദൈവം സ്നേഹവാനാണോ? മനുഷ്യനോടുള്ള ദൈവത്തിന്റെ ബന്ധം എപ്രകാരമാണ്? ദൈവത്തിൽ ആശ്രയിക്കുന്നവരെ രക്ഷിക്കുകയും വഴിനടത്തുകയും ചെയ്യുമോ? ഇപ്രകാരമുള്ള അനേക ചോദ്യങ്ങൾക്കുള്ള ഉത്തരം ദൈവത്തിന്റെ നാമങ്ങളിലൂടെ ലഭിക്കും. സകല പ്രശംസയ്ക്കും സ്തുതിക്കും മീതെ ഉയർന്നിരിക്കുന്ന മഹത്വമുള്ള നാമം എന്നാണ് ദൈവജനം പാടി സ്തുതിക്കുന്നത് (നെഹെ.9:5).

സ്രഷ്ടാവും, സർവ്വശക്തനും, കരുണാസമ്പന്നനും, തേജോമയനുമായ ദൈവത്തെ നാം ദർശിക്കുന്നത് തിരുവചനത്തിലൂടെയാണ്. സ്നേഹവാനായ ദൈവം പാപം ചെയ്ത മനുഷ്യനെ രക്ഷിച്ചു വീണ്ടെടുത്തു വീണ്ടും കൂട്ടായ്മാബന്ധത്തിൽ ഉറപ്പിക്കുവാൻ രക്ഷാമാർഗ്ഗം ഒരുക്കിയതും ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു (യോഹ.3:16). മനുഷ്യവർഗ്ഗത്തോടുള്ള ദൈവത്തിന്റെ നിസ്സീമസ്നേഹവും, പ്രവൃത്തികളും, വാഗ്ദത്തങ്ങളും, വെളിപ്പെട്ടു കിട്ടുന്നത് ദൈവികത്രിത്വത്തിൽ രണ്ടാമനായ കർത്താവായ യേശുക്രിസ്തുവിലൂടെയാണ് (എബ്രാ.1:1,2). പിതാവായ ദൈവത്തെയും ദൈവം ഒരുക്കിയ നിത്യജീവനെയും നമുക്കു അറിയുവാനും അനുഭവിപ്പാനുമിടയാകുന്നത് ദൈവപുത്രനായ ക്രിസ്തുവിലൂടെ വെളിപ്പെട്ടു കിട്ടിയതുമൂലമാണെന്നു തിരുവചനം സാക്ഷ്യപ്പെടുത്തുന്നു. *"ഏകസത്യമായ നിന്നെയും നീ അയച്ചിരിക്കുന്ന യേശുക്രിസ്തുവിനെയും അറിയുന്നതു തന്നേ നിത്യജീവൻ ആകുന്നു. നീ ലോകത്തിൽ എനിക്കു തന്നിട്ടുള്ള മനുഷ്യർക്കു ഞാൻ നിന്റെ നാമം വെളിപ്പെടുത്തിയിരിക്കുന്നു"* (യോഹ.17:3,6).

ദൈവത്തെ മഹത്വപ്പെടുത്തുന്ന വേളയിൽ ദൈവത്തിന്റെ നാമത്തിന്റെ ശ്രേഷ്ഠതയെക്കുറിച്ചു ദാവീദ് ഇപ്രകാരം വർണ്ണിക്കുന്നു. *''ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു"* (സങ്കീ.8:1,9). ഭൂമിയിലുള്ള സകലസൃഷ്ടിയും സ്രഷ്ടാവിനെ സ്തുതിക്കുവാൻ ആഹ്വാനം ചെയ്യുന്ന വേളയിൽ സങ്കീർത്തനക്കാരൻ സാക്ഷ്യപ്പെടുത്തുന്നത് – *"ഇവരൊക്കെയും യഹോവയുടെ നാമത്തെ സ്തുതിക്കട്ടെ; അവന്റെ നാമം മാത്രം ഉയർന്നിരിക്കുന്നതു. അവന്റെ മഹത്വം ഭൂമിക്കും ആകാശത്തിന്നും മേലായിരിക്കുന്നു"* (സങ്കീ.148:13) എന്നാണ്. ദൈവത്തെ സ്തുതിക്കുവാനും മഹത്വപ്പെടുത്തുവാനും ദൈവത്തെക്കുറിച്ചു പരിജ്ഞാനം ഉണ്ടാകണം.

ദൈവം ആരാണ്?, ദൈവത്തിന്റെ സ്വഭാവസവിശേഷതകളെന്തെല്ലാം?, ദൈവത്തിന്റെ ആളത്വശ്രേഷ്ഠത എന്ത് ? – ഇവയ്ക്കെല്ലാം ഉത്തരം ദൈവത്തിന്റെ നാമത്തിലൂടെ വെളിപ്പെടുന്നു. ദൈവപരിജ്ഞാനം ഇല്ലായ്കയാൽ മനുഷ്യൻ നശിച്ചു പോകുവാനിടയാകുന്നു (ഹോശേ.4:1,6).

വേദപുസ്തകത്തിൽ യഹോവയായ ദൈവത്തിനു അനേക നാമങ്ങൾ കാണുന്നു. എബ്രായഭാഷയിലെ ഈ നാമങ്ങൾ ചിലതൊക്കെ പരിഭാഷപ്പെടുത്തിയും ചിലത് പരിഭാഷപ്പെടുത്താതെ എബ്രായ ഭാഷയിൽ തന്നെയും ഉപയോഗിച്ചിരിക്കുന്നു. മനുഷ്യരുടെ പേരുകൾക്കു പലപ്പോഴും അവരുടെ സ്വഭാവവും, പ്രകൃതവുമായി യാതൊരു ചേർച്ചയും, അർത്ഥവും ഇല്ലാതെയിരിക്കുമ്പോൾ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന ദൈവത്തിന്റെ നാമങ്ങൾ ദൈവത്തിന്റെ സ്വഭാവവും, മഹത്വവും, സൃഷ്ടിയായ മനുഷ്യനോടുള്ള ദൈവത്തിന്റെ ബന്ധവും വ്യക്തമാക്കുന്നവയാണ്. പ്രസ്തുത നാമങ്ങളിൽ മിക്കതും ദൈവം തന്റെ ജനത്തിനു വെളിപ്പെടുത്തിക്കൊടുത്തതാണ്. ദൈവത്തിന്റെ സ്വഭാവസവിശേഷതകൾ മനസ്സിലാക്കിയ അബ്രഹാം, മോശെ, ഗിദെയോൻ തുടങ്ങിയ ദൈവദാസന്മാർ നാമകരണം ചെയ്തവയുമുണ്ട്.

ദൈവം തന്നെത്തന്നെ ചില നാമങ്ങളാൽ വെളിപ്പെടുത്തുമ്പോൾത്തന്നെ ചിലരുടെ പേരുകൾ മാറ്റി പുതിയ പേരുകൾ നല്കിയതായും തിരുവചനത്തിൽ രേഖപ്പെടുത്തി കാണുന്നു. അബ്രാം എന്ന പേര് അബ്രഹാം (ഉല്പ.17:5) എന്നും സാറായി എന്നത് സാറാ (ഉല്പ.17:15) എന്നും യാക്കോബ് എന്നതു യിസ്രായേൽ (ഉല്പ.32:28) എന്നും മാറ്റി ഇട്ടു.

ബൈബിളിൽ പഴയനിയമത്തിൽ ദൈവത്തെയും ദൈവീകസ്വഭാവമാഹാത്മ്യത്തെയും വെളിപ്പെടുത്തിയിരിക്കുന്ന അനേക നാമങ്ങൾ ഉണ്ട്. ഈ പേരുകളെല്ലാം ദൈവത്തോടു ബന്ധപ്പെടുമ്പോൾത്തന്നെ മനുഷ്യവേഷം എടുത്തു മനുഷ്യന്റെ രക്ഷയ്ക്കായി ഭൂമിയിലേക്കു വന്ന യേശുക്രിസ്തുവിനും, ദൈവികത്വിത്വത്തിൽ മൂന്നാമനായ കാര്യസ്ഥനും നടത്തിപ്പുകാരനുമായ പരിശുദ്ധാത്മാവാം ദൈവത്തിനും യോജിച്ചിരിക്കുന്നു എന്നതും ഏറെ പ്രാധാന്യമർഹിക്കുന്നു.

ദൈവത്തിന്റെ നാമങ്ങൾ അടിസ്ഥാനപരമായ നാമങ്ങളെന്നും, സംഘടിതനാമങ്ങളെന്നും രണ്ടായി തരംതിരിക്കാം.

**(1) അടിസ്ഥാനപരമായ നാമങ്ങൾ** — Primary name -- Basic name ) ---

ഇവ ഒറ്റ വാക്കിലുള്ള നാമങ്ങളാണ് —

എൽ (El)
ഏലാ (Elah)
ഏലോഹിം (Elohim)
യഹോവ (Jehovah)
അദോനായ് (Adonai)

**(2) സംഘടിത നാമങ്ങൾ** — Compound Name

(a) യഹോവ ചേർന്നുള്ള സംഘടിത നാമങ്ങൾ —

യഹോവ-യിരേ (Jehovah -Jireh)
യഹോവ റോഫി (Jehovah - Rophi)
യഹോവ നിസ്സി (Jehovah - Nissi)
യഹോവ ശാലോം (Jehovah - Shalom)
യഹോവ ശമ്മാ (Jehovah - Shamma) ......... തുടങ്ങിയവ.

(b) എൽ (El) ചേർന്നുള്ള സംഘടിതനാമങ്ങൾ —

എൽ സദായി (El- Saddai)
എൽ എല്യോൻ (El- Elyon)
എൽ ഓലാം (El- Olam) ......
എൽ ബെഥേൽ
എൽ-റോയ് (El-Roi) ........ തുടങ്ങിയവ.

= = = = = = = = = = // = = = = = = = = = =

# (1) ഏലോഹിം

### (Elohim = The One who is Mighty)

## സർവ്വശക്തനായ ദൈവം

ഏലോഹിം എന്നാൽ സർവ്വശക്തനായ ദൈവം (The one who is mighty), സ്രഷ്ടാവായ ദൈവം (The Lord who is the Creator) എന്നർത്ഥം. ദൈവത്തിന്റെ സർവ്വശക്തിയെ വെളിപ്പെടുത്തുന്ന നാമമാണിത് (relation to God's power and might). ഏകത്വത്തിൽ ബഹുത്വവും ബഹുത്വത്തിൽ ദിവ്യ ഐക്യതയും അടങ്ങിയിരിക്കുന്ന ഏലോഹിം എന്ന നാമം, ദൈവം സകലത്തിന്റെയും സൃഷ്ടിതാവാണെന്ന് പ്രകടമാക്കുന്നു. ഉല്പത്തി പുസ്തകത്തിൽ ദൈവത്തിന്റെ സൃഷ്ടിയോടുള്ള ബന്ധത്തിൽ ഈ പദം പലതവണ ഉപയോഗിച്ചിരിക്കുന്നു (ഉല്പ.1:1-2:4). ഉല്പ.1:1- *"ആദിയിൽ **ദൈവം** ആകാശവും ഭൂമിയും സൃഷ്ടിച്ചു"* എന്നതിൽ ദൈവത്തിനു ഏലോഹിം എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. മൂലഭാഷയിൽ എൽ (El) എന്ന പദത്തിനർത്ഥം ശക്തിയുള്ള, ബലമുള്ള (mighty/strong) എന്നാണ്. എൽ എന്നത് ഏകവചനവും, ഏലോഹിം എന്നത് ബഹുവചനരൂപവുമാണ്. ഏലോഹിം എന്ന പദം ദൈവത്രിത്വത്തെയും (Trinity), എല്ലാറ്റിനെയും സൃഷ്ടിക്കുവാനുള്ള ദൈവത്തിന്റെ കഴിവിനെയും (Creative power), ദൈവത്തിന്റെ സർവ്വശക്തിയെയും (Omnipotence), ദൈവത്തിന്റെ പരമാധികാരത്തെയും (Sovereignty) കുറിക്കുന്നു.

ഉല്പ.17:7 — *"ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിന്നു (ഏലോഹിം) ഞാൻ എനിക്കും നിനക്കും നിന്റെ ശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും."*

യെശ.45:18— *"ആകാശത്തെ സൃഷ്ടിച്ച യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു- അവൻ തന്നേ ദൈവം (ഏലോഹിം); അവൻ ഭൂമിയെ നിർമ്മിച്ചുണ്ടാക്കി."*

യിര.31:33— *"....ഞാൻ (യഹോവ) എന്റെ ന്യായപ്രമാണം അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവർക്കു ദൈവമായും (ഏലോഹിം) അവർ എനിക്കു ജനമായും ഇരിക്കും."*

യിരെ.32:27— *"ഞാൻ സകലജഡത്തിന്റെയും ദൈവമായ (ഏലോഹിം) യഹോവയാകുന്നു; എനിക്കു കഴിയാത്ത വല്ല കാര്യവുമുണ്ടോ?"*

### (a) ദൈവം -- (GOD)

ഏലോഹിം എന്ന എബ്രായപദത്തിന്റെ പരിഭാഷയാണ് ദൈവം എന്ന പദം. ദൈവം എന്ന പദത്തിനർത്ഥം ആരാലും സൃഷ്ടിക്കപ്പെടാത്തവൻ (Uncreated being) എന്നാണ്. അതിസങ്കീർണ്ണവും ഭയങ്കരവുമായ ഈ പ്രപഞ്ചസൃഷ്ടി ഒരു വലിയ സംഭവമാണല്ലോ. അതിന്റെ കാരണക്കാരനെ നാം ദൈവം അഥവാ സ്രഷ്ടാവ് എന്നു വിളിക്കുന്നു. തന്റെ കരവിരുതായ സൂര്യചന്ദ്രനക്ഷത്രാദികളെയെല്ലാം അതാതിന്റെ സ്ഥാനത്ത് ചന്തവും ഉചിതവുമായി ക്രമപ്പെടുത്തിയിരിക്കുന്നു സർവ്വശക്തനായ ദൈവം. ദൈവത്തിന്റെ സൃഷ്ടിവൈഭവത്തെ വെളിപ്പെടുത്തുന്ന മറ്റൊരു പ്രതിഭാസമാണ് മനുഷ്യൻ. ഏതു മനുഷ്യനിലും തന്നെ നിർമ്മിച്ച ദൈവത്തെക്കുറിച്ചുള്ള ചിന്ത അന്തർലീനമായിരിക്കുന്നു.

Theos എന്ന ഗ്രീക്കു പദം പരിഭാഷപ്പെടുത്തിയാണ് പുതിയനിയമത്തിൽ ദൈവം എന്നു ഉപയോഗിച്ചിരിക്കുന്നത്. ഏകസത്യദൈവം (He is the only true God) (റോമ.3:30/1.തിമൊ.1:17/യോഹ.17:3), ഏകപരിശുദ്ധൻ (വെളി.15:4), സകലത്തിന്റെയും നാഥൻ (അപ്പൊ.17:24/എബ്രാ.3:4), രക്ഷകൻ (Saviour) എന്നീ അർത്ഥത്തിലാണ് ഈ പദപ്രയോഗം കാണുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ ദൈവത്വം വെളിപ്പെടുത്തുന്ന ഭാഗങ്ങളിൽ ഈ പദമാണുപയോഗിച്ചിരിക്കുന്നത് (യോഹ.1:1,18,20:28/1.യോഹ.5:20 /തീത്തോ.2:13/റോമ.9:5).

### (b) കർത്താവ് — (LORD)

ദൈവത്തിന്റെ പരമാധികാരത്തെ കുറിക്കുന്ന നാമമാണ് **കർത്താവ്** (LORD). സൃഷ്ടിതാവായ ദൈവം പരമാധികാരിയാണ്. സകല സൃഷ്ടികളെയും നിയന്ത്രിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ദൈവം രാജാധിരാജാവും കർത്താധികർത്താവുമാണ്.

ആവ.10:17— *"നിങ്ങളുടെ ദൈവമായ യഹോവ ദേവാധിദൈവവും കർത്താധികർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാദൈവമല്ലോ."*

സങ്കീ.8:1,9— *''ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ട മായിരിക്കുന്നു!"*

Kurios എന്ന ഗ്രീക്കുപദത്തിന്റെ പരിഭാഷയായാണ് കർത്താവ് എന്ന പദം പുതിയനിയമത്തിൽ കാണുന്നത്. ഉടമസ്ഥൻ (Owner), യജമാനൻ (Master), ഗുരു (Rabbi) എന്നീ അർത്ഥങ്ങളിലെല്ലാം ഈ പദമാണുപയോഗിച്ചിരിക്കുന്നത്.

ലൂക്കോ.2:29--"ഇപ്പോൾ **നാഥാ** തിരുവചനംപോലെ നീ അടിയനെ സമാധാനത്തോടെ വിട്ടയ യ്ക്കുന്നു."

മത്താ.8:6— "ഒരു ശതാധിപൻ വന്നു അവനോടു: **കർത്താവേ**, എന്റെ ബാല്യക്കാരൻ പക്ഷ വാതം പിടിച്ചു കഠിനമായി വേദനപ്പെട്ടു വീട്ടിൽ കിടക്കുന്നു എന്നു അപേക്ഷിച്ചു പറഞ്ഞു."

യോഹ.20:28— "തോമസ് അവനോട്: എന്റെ **കർത്താവും** എന്റെ ദൈവവുമായുള്ളോവേ എന്നു ഉത്തരം പറഞ്ഞു."

1.തിമൊ.6:15— "ധന്യനായ ഏകാധിപതിയും രാജാധിരാജാവും **കർത്താധികർത്താവും**......."

റോമ. 10:9 — "യേശുവിനെ **കർത്താവെന്നു** വായികൊണ്ടു ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽപിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും."

ഫിലി.2:10,11---"അങ്ങനെ യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോ ലോകരുടെയും മുഴങ്കാൽ ഒക്കെയും മടങ്ങുകയും എല്ലാനാവും **യേശുക്രിസ്തു കർത്താവു** എന്നു പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടിവരും."

1.തെസ്സ.5:28 — "നമ്മുടെ **കർത്താവായ** യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടു കൂടെ ഇരിക്കു മാറാകട്ടെ."

1.തിമൊ.1:2 — "പിതാവായ ദൈവത്തിങ്കൽ നിന്നും **കർത്താവായ** യേശുക്രിസ്തുവിങ്കൽ നിന്നും നിനക്കു കൃപയും കനിവും സമാധാനവും ഉണ്ടാകട്ടെ."

വെളി.22:21—"**കർത്താവായ** യേശുക്രിസ്തുവിന്റെ കൃപ നിങ്ങളോടെല്ലാവരോടും കൂടെ ഇരി ക്കുമാറാകട്ടെ; ആമേൻ."

= = = = = = = = = = // = = = = = = = = = =

# (2) യഹോവ

## Jehovah or Yahweh = LORD

## രക്ഷയുടെ അഥവാ വീണ്ടെടുപ്പിന്റെ ദൈവം

ദൈവം തന്റെ ജനമായ യിസ്രായേലിനു തന്നെത്തന്നെ വെളിപ്പെടുത്തിയ നാമമാണ് യഹോവ.

പുറ.3:15 —"ദൈവം പിന്നെയും മോശെയോടു അരുളിച്ചെയ്തതെന്തെന്നാൽ: നീ യിസ്രായേൽ മക്കളോടു ഇപ്രകാരം പറയേണം; അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ **യഹോവ** എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു; ഇതു എന്നേക്കും എന്റെ നാമവും തലമുറതലമുറയായി എന്റെ ജ്ഞാപകവും ആകുന്നു."

പുറ.6:2,3 —"ദൈവം പിന്നെയും മോശെയോടു അരുളിച്ചെയ്തതെന്തെന്നാൽ: ഞാൻ **യഹോവ** ആകുന്നു. ഞാൻ അബ്രഹാമിന്നും യിസ്ഹാക്കിന്നും യാക്കോബിന്നും സർവ്വശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷനായി; എന്നാൽ **യഹോവ** എന്ന നാമത്തിൽ ഞാൻ അവർക്കു വെളിപ്പെട്ടിട്ടില്ല."

യഹോവ എന്ന നാമം ദൈവത്തിന്റെ വിവിധ സ്വഭാവങ്ങളെ വെളിപ്പെടുത്തുന്നു.

1. ഞാൻ ആകുന്നവൻ ഞാനാകുന്നു - പുറ.3:14 ( I am who I am or I am the One who is)
2. മാറ്റമില്ലാത്തവൻ - മലാ.3:6 ( I am the Lord, I do not change)
3. അല്ഫയും ഒമേഗയും ഇരിക്കുന്നവനും ഇരുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് — വെളി.1:8.

(I am the Alpha and the Omega, the Beginning and the End).

യഹോവ എന്ന പദം എബ്രായ ഭാഷയിലെ ഹവാ (havah) എന്ന വാക്കിൽ നിന്നു വന്നിട്ടുള്ളതാണ്. ഹവാ (havah) എന്ന പദത്തിനർത്ഥം ആയിരിക്കുന്ന (to be / being) എന്നാണ്. യാഹ് എന്നാൽ യഹോവ; യഹോവയായ യാഹ് മാറ്റമില്ലാത്ത ദൈവം. *"ഞാൻ ആകുന്നവൻ ഞാൻ ആകുന്നു"* എന്നു പറഞ്ഞുകൊണ്ടാണ് ദൈവം തന്നെത്തന്നെ മോശെക്കു വെളിപ്പെടുത്തി മിസ്രയീമിലേക്കു തന്റെ ജനത്തെ വീണ്ടെടുക്കുവാൻ പറഞ്ഞയച്ചത് (പുറ.3:13,14). ഇവിടെ യഹോവ എന്നാൽ വീണ്ടെടുപ്പിന്റെ ദൈവം. (Name in relation to God's divine Salvation - God as a Redeemer and Covenant Keeper). ലോകവ്യവസ്ഥിതികൾക്കൊക്കെ മാറ്റം സംഭവിക്കുമ്പോൾ മാറ്റമില്ലാത്തവനായി തന്റെ ജനത്തിനു ആശ്വാസവും വീണ്ടെടുപ്പുമായി യഹോവ വാഴുന്നു. എബ്രായപഴയനിയമത്തിൽ യഹോവ എന്ന പദം 6823 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. ഇംഗ്ലീഷ് ബൈബിളിൽ (Authorised/ KJV) യഹോവ (Jehovah/ Yahweh) എന്ന എബ്രായപദം THE LORD (കർത്താവ്/ പ്രഭു) എന്നു വിവർത്തനം ചെയ്തിരിക്കുന്നു.

ആദ്യമായി യഹോവ എന്ന നാമം ബൈബിളിൽ ഉല്പ.2:4-ൽ കാണുന്നു. ഉല്പത്തി രണ്ടു, മൂന്നു അദ്ധ്യായങ്ങളിൽ യഹോവ, ദൈവം എന്നീ പദങ്ങൾ ചേർന്നു "യഹോവയായ ദൈവം" (Jehovah-Elohim) എന്നു രേഖപ്പെടുത്തിയിരിക്കുന്നു (ഉല്പ.2:4,5,7,8,9,15,16,18,19,21,22.....). യഹോവ എന്ന പദം യിസ്രായേൽ മക്കളോടുള്ള ബന്ധത്തിൽ സർവ്വസാധാരണയായി ഉപയോഗിച്ചിരിക്കുന്നു. **ഏലോഹിം** എന്ന നാമം സൃഷ്ടിയിൽ ദൈവത്തിന്റെ സർവ്വശക്തിയേയും, സർവ്വാധികാരത്തെയും, പരിപാലനത്തെയും കാണിക്കുമ്പോൾ **യഹോവ** എന്ന നാമം തന്റെ ആത്മീക സ്വഭാവത്തെ (സർവ്വശക്തൻ, പരിശുദ്ധൻ, സത്യദൈവം) വെളിപ്പെടുത്തുന്നു. യഹോവ തന്റെ ജനത്തെ വീണ്ടെടുത്തു രക്ഷിക്കുന്നു. യഹോവയായ ദൈവം സകലജനത്തിന്റെയും ആത്മാക്കൾക്കു ഉടയവനുമാകുന്നു (സംഖ്യ.16:22).

യഹോവയായ ദൈവവും യിസ്രായേലുമായുള്ള ബന്ധത്തെ ദൈവം യെശയ്യാവിലൂടെ വെളിപ്പെടുത്തിയിരിക്കുന്നതു നോക്കുക — യെശ.43:10,11 — *"നിങ്ങൾ അറിഞ്ഞു എന്നെ വിശ്വസിക്കയും ഞാൻ ആകുന്നു എന്നു ഗ്രഹിക്കയും ചെയ്യേണ്ടതിന്നു നിങ്ങൾ എന്റെ സാക്ഷികളും ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ദാസനും ആകുന്നു എന്നു യഹോവയുടെ അരുളപ്പാടു; എനിക്കു മുമ്പെ ഒരു ദൈവവും ഉണ്ടായിട്ടില്ല; എന്റെ ശേഷം ഉണ്ടാകയുമില്ല. ഞാൻ, ഞാൻ തന്നേ, യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല."*

പുതിയനിയമത്തിൽ യഹോവയെ പിതാവ് എന്നാണ് പുത്രനായ ദൈവം സംബോധന ചെയ്തിരിക്കുന്നത്. ക്രിസ്തുയേശുവിലുള്ള വിശ്വാസത്താൽ നമുക്കും ഈ ദൈവത്തെ പിതാവ് എന്നു വിളിക്കുവാൻ സാധിക്കുന്നു.

യോഹ.15:16, 16:23— "നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോട് അപേക്ഷിക്കുന്നതൊക്കെയും അവൻ നിങ്ങൾക്കു തരും."

മത്താ.6:9 – "നിങ്ങൾ ഈവണ്ണം പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമേ."

മത്താ.7:11 –"അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു തന്നോടു യാചിക്കുന്നവർക്കു നന്മ എത്ര അധികം കൊടുക്കും!"

യാക്കോ.1:17– "എല്ലാ നല്ല ദാനവും തികഞ്ഞ വരം ഒക്കെയും ഉയരത്തിൽനിന്നു വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു."

എഫെ.2:18 – "അവൻ മുഖാന്തരം നമുക്കു ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ട്."

യഹോവ എന്ന നാമത്തെ അടിസ്ഥാനപ്പെടുത്തി തെറ്റായ വ്യാഖ്യാനങ്ങൾ നല്കുന്ന 'യഹോവസാക്ഷികൾ' എന്നൊരു കൂട്ടർ ഭൂമിയിലുണ്ട്. ദൈവത്തെ 'യഹോവ'എന്നു മാത്രമേ വിളിക്കാവൂ എന്നവർ പഠിപ്പിക്കുന്നു. മനുഷ്യന്റെ രക്ഷെക്കായി ഏക യാഗം നടത്തി വിശുദ്ധീകരിക്കുവാൻ ലോകത്തിലേക്കു വന്ന ദൈവമായ യേശുക്രിസ്തുവിനെ അവർ ദൈവമായി അംഗീകരിക്കുന്നില്ല. ക്രിസ്തുവിന്റെ ദൈവത്വം നിഷേധിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അവർ ദൈവദൂഷണം നടത്തുന്നവരാണ്. അവർ ദുരുപദേശം പരത്തുന്നവരും ദൈവീക ത്രിത്വനിഷേധികളുമാണ്. യഹോവ എന്ന നാമം എബ്രായ ഭാഷയിൽ ഏക സത്യദൈവമായ ദൈവത്തെ അറിയപ്പെടുന്ന അനേകനാമങ്ങളിൽ ഒന്നു മാത്രമാണെന്ന കാര്യം ഇതോടുള്ള ബന്ധത്തിൽ ഓർക്കണം.

= = = = = = = = = = // = = = = = = = = = =

# (3) യഹോവ-യിരേ

## Jehovah-jireh = The Lord will provide

## യഹോവ കരുതിക്കൊള്ളും

ദൈവത്തിന്റെ സ്വഭാവത്തെ വെളിപ്പെടുത്തുന്ന ശക്തവും ശ്രേഷ്ഠവുമായ ഒരു നാമമാണിത്. യഹോവ-യിരേ എന്നാൽ യഹോവ കരുതിക്കൊള്ളും (The Lord will provide /The Lord Our Provider) എന്നാണർത്ഥം. യഹോവയിരേ എന്ന പദം ഉല്പത്തി പുസ്തകം 22:14-ൽ കാണുന്നു. *"അബ്രാഹാം ആ സ്ഥലത്തിന്നു യഹോവ-യിരേ എന്നു പേരിട്ടു. യഹോവയുടെ പർവ്വതത്തിൽ അവൻ പ്രത്യക്ഷ നാകും എന്നു ഇന്നുവരെയും പറഞ്ഞു വരുന്നു."* വിശ്വാസവീരനായ അബ്രാഹാമിനു ദൈവീകവാഗ്ദത്തപ്രകാരം തന്റെ വാർദ്ധ്യകാലത്തു ലഭിച്ച യിസ്ഹാക്ക് എന്ന തന്റെ ഏകജാതനായ പുത്രനെ ഹോമയാഗം കഴിക്കുവാനായി ദൈവകല്പന ലഭിച്ചു. ദൈവകല്പനയ്ക്കു യാതൊരു മറുചോദ്യവും ചോദിക്കാതെ തന്റെ മകനെ യാഗം കഴിക്കുവാനായി മോറിയാ ദേശത്തേക്കു പുറപ്പെട്ടു. വഴിമദ്ധ്യേ മകൻ അബ്രാഹാമിനോടു ചോദിക്കുകയാണ് — "അപ്പാ, തീയും വിറകുമുണ്ട് എന്നാൽ ഹോമയാഗത്തിനുള്ള ആട്ടിൻകുട്ടി എവിടെ?" (ഉല്പ.22:7). ദൈവം തനിക്കായി ഒരു ആട്ടിൻ കുട്ടിയെ കരുതിക്കൊള്ളും എന്നായിരുന്നു അബ്രാഹാമിന്റെ മറുപടി. ദൈവകല്പന ശിരസ്സാ വഹിച്ച അബ്രാഹാം തന്റെ ഏകജാതനെ കെട്ടി യാഗപീഠത്തിൽ കിടത്തി, അവനെ അറുക്കേണ്ടതിനു കത്തി ഉയർത്തി. ദൈവകല്പന ചോദ്യം ചെയ്യപ്പെടാതെ അനുസരിച്ച അബ്രാഹാമിനെ ബാലന്റെ മേൽ കൈവെക്കാൻ ദൈവം അനുവദിച്ചില്ല. അബ്രാഹാം തലപൊക്കി നോക്കിയപ്പോൾ പിമ്പുറത്തു ഒരു ആട്ടുകൊറ്റൻ കൊമ്പു കാട്ടിൽ പിടിപെട്ടു കിടക്കുന്നതു കണ്ടു. അബ്രാഹാം തന്റെ മകനു പകരമായി ദൈവം കരുതിയ ആട്ടുകൊറ്റനെ ഹോമയാഗം കഴിച്ചു. അബ്രാഹാം ആ സ്ഥലത്തിനു **"യഹോവ-യിരേ"** എന്നു പേരിട്ടു. ഇന്നും എക്കാലത്തും ദൈവത്തെ അനുസരിക്കുന്ന, സമ്പൂർണ്ണ പ്രതിഷ്ഠയോടെ ദൈവത്തെ സേവിക്കുന്ന ദൈവമക്കൾക്കു ദൈവം യഹോവ-യിരേ ആയിരിക്കുന്നു.

അബ്രഹാം തന്റെ ഏകജാതനായ യിസ്ഹാക്കിനെ ദൈവകല്പനപ്രകാരം യാഗം കഴിക്കുവാൻ മോരിയ ദേശത്തേക്കു കൊണ്ടു പോയതിലും, അവിടെ സംഭവിച്ച കാര്യങ്ങളിലും, യഹോവ-യിരേ എന്നു ആ സ്ഥലത്തിനു പേരിട്ടതിലും അനേക ആത്മികസത്യങ്ങൾ അടങ്ങിയിരിക്കുന്നു.

(1) മോരിയ മലയിലേക്കു വിറകും ചുമന്നുകൊണ്ടുപോകുന്ന യിസ്ഹാക്ക് (ഉല്പ.22:6) നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലെ യാഗത്തോടു ബന്ധപ്പെട്ടിരിക്കുന്നു. യിസ്ഹാക്കു മലമുകളിലേക്കു ചുമന്നുകൊണ്ടുപോയ വിറകിന്മേലാണ് തന്റെ പിതാവിനാൽ മോരിയാ മലയിൽ യാഗം നടത്തപ്പെടുന്നത്. കിസ്തുവും താൻ തന്നെ ചുമന്നുകൊണ്ടുപോയ ക്രൂശിലാണ് യാഗമായിത്തീർന്നത്. *"അവർ യേശുവിനെ കയ്യേറ്റു; അവൻ താൻതന്നേ ക്രൂശിനെ ചുമന്നുകൊണ്ടു എബ്രായഭാഷയിൽ ഗൊല്ഗൊഥാ എന്നു പേരുള്ള തലയോടിടം എന്ന സ്ഥലത്തേക്കു പോയി "* (യോഹ.19:17).

(2) അബ്രഹാമും യിസ്ഹാക്കും ഒരുമിച്ചു മലമുകളിലേക്കു (ഉല്പ.22:6,7) യാഗത്തിനായി കയറിയതുപോലെ ക്രിസ്തുവിനോടൊപ്പം പിതാവായ ദൈവവും ഉണ്ടായിരുന്നു. *"നിങ്ങൾ ഓരോരുത്തൻ താന്താന്റെ സ്വന്തത്തിലേക്കു ചിതറിപ്പോകയും എന്നെ ഏകനായി വിടുകയും ചെയ്യുന്ന നാഴിക വരുന്നു; വന്നുമിരിക്കുന്നു; പിതാവു എന്നോടുകൂടെ ഉള്ളതുകൊണ്ടു ഞാൻ ഏകനല്ല താനും"* (യോഹ.16:32).

(3) ഹോമയാഗത്തിനുള്ള വിറക് യിസ്ഹാക്കിന്റെമേൽ വെച്ചത് അബ്രഹാമായിരുന്നു (ഉല്പ.22:6). യേശുക്രിസ്തുവന്റെ ചുമലിൽ ക്രൂശ് വെച്ചത് പടയാളികൾ എന്നു തോന്നിയാലും പിതാവായ ദൈവമാണ് യഥാർത്ഥത്തിൽ മാനവജാതിയുടെ പാപത്തിന്റെ ക്രുശുവെച്ചത്. *"നാം എല്ലാവരും ആടുകളെപ്പോലെ തെറ്റിപ്പോയിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി "* (യെശ.53:6).

(4) യിസ്ഹാക്ക് പിതാവായ അബ്രഹാമിന്റെ കല്പന പൂർണ്ണമനസ്സോടെ അനുസരിച്ചതുപോലെ (ഉല്പ.22:8,9) യേശുക്രിസ്തു പിതാവായ ദൈവത്തോടു സമ്പൂർണ്ണ അനുസരണമുള്ളവനായി പാപയാഗം നിവർത്തിച്ചു. *"അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടു സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നേ, അനുസരണമുള്ളവനായിത്തീർന്നു"* (ഫിലി.2:6-8)

(5) യിസ്ഹാക്കിനു പകരമായി അർപ്പിക്കപ്പെട്ട ആട്ടുകൊറ്റൻ ലോകജനതയുടെ പാപങ്ങൾക്കു പകരക്കാരനായി യാഗം പൂർത്തീകരിച്ച യേശുക്രിസ്തുവനെക്കുറിക്കുന്നു (റോമ.8:32). യിസ്ഹാക്കിനു യഹോവയിരെയായി ആട്ടുകൊറ്റനെ ദൈവം ഒരുക്കികൊടുത്തതുപോലെ മനുഷ്യവർഗ്ഗത്തിനു മുഴുവൻ പാപപരിഹാരത്തിനായി ഒരു കുഞ്ഞാടിനെ ദൈവം ഒരുക്കി. *"ഇതാ, ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാടു"* (യോഹ.1:29). *"'പിറ്റേന്നാൾ യോഹന്നാൻ പിന്നെയും തന്റെ ശിഷ്യന്മാരിൽ രണ്ടുപേരുമായി അവിടെ നില്ക്കുമ്പോൾ കടന്നുപോകുന്ന യേശുവിനെ നോക്കീട്ടു: ഇതാ, ദൈവത്തിന്റെ കുഞ്ഞാടു എന്നു പറഞ്ഞു"* (യോഹ.1:35,36). *"നമ്മുടെ പെസഹക്കുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നേ"* (1.കൊരി.5:7). ലോകജനതയ്ക്കു ലഭിച്ച യഹോവ-യിരേയാണ് കർത്താവായ യേശുക്രിസ്തു.

(6) യിസ്ഹാക്കിനു യഹോവയിരേയായി ദൈവം ആട്ടുകൊറ്റനെ നല്കിയപ്പോൾ യിസ്ഹാക്കു മരണത്തിൽ നിന്നു ഉയിർത്തെഴുന്നവനെപ്പോലെ ജീവൻ പ്രാപിച്ചു. യഹോവ-യിരേയായ ദൈവം ലോകത്തെ സ്നേഹിച്ചത് സ്വന്തപുത്രനെ യാഗത്തിനു ഏല്പിച്ചുകൊണ്ടാണ്. എന്നാൽ മരിച്ചവരുടെ ഇടയിൽ നിന്നു ക്രിസ്തുവിനെ ഉയിർപ്പിച്ചപ്പോൾ (എബ്രാ.11:19/മത്താ.28:1-7) നിത്യജീവനു യഹോവ -യിരേ ആയിക്കൊണ്ടു കർത്താവായ യേശുക്രിസ്തു ഇന്നും ജീവിക്കുന്നു.

ഉല്പത്തിയിൽ യഹോവയിരേയായി ഒരു ആട്ടുകൊറ്റനെ നല്കി അബ്രഹാമിനും യിസ്ഹ്ക്കിനും രക്ഷ നല്കി (ഉല്പ.22:1-14). ഇത് ഒരുകുടുംബത്തിന്റെ രക്ഷ. പുറപ്പാടു പുസ്തകത്തിൽ സംഹാരദൂതനിൽ നിന്നു രക്ഷപ്രാപിക്കുവാൻ ആട്ടിൻ കുട്ടിയെ അറുത്തു അതിന്റെ രക്തം യിസ്രായേല്യരുടെ വീടുകളുടെ കട്ടളക്കാൽ രണ്ടിന്മേലും കുറുമ്പടിമേലും പുരട്ടണമായിരുന്നു (പുറ.12:1-23). അറുക്കപ്പെട്ട ആട്ടിൻകുട്ടി കാണിക്കുന്നത് ഒരു ജാതിയുടെ അഥവാ രാഷ്ട്രത്തിന്റെ രക്ഷ — യിസ്രായേൽ ജാതിക്കുള്ള രക്ഷ. എന്നാൽ പുതിയനിയമ തിരുവെഴുത്തിൽ യോഹന്നാന്റെ സുവിശേഷത്തിൽ "ഇതാലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" (യോഹ.1:29) എന്നു സാക്ഷ്യപ്പെടുത്തിയ കുഞ്ഞാടായ യേശുക്രിസ്തു ഭൂലോകവാസികൾക്കു മുഴുവനുമുള്ള രക്ഷയായിരിക്കുന്നു.

> ഉല്പത്തിയിലെ ആട്ടുകൊറ്റൻ ഒരുകുടുംബത്തിനു യഹോവയിരേ, പുറപ്പാടിലെ പെസഹാ കുഞ്ഞാട് യിസ്രായേൽ ജാതിയ്ക്കുള്ള യഹോവയിരേ ആയിരിക്കുമ്പോൾ യേശുക്രിസ്തു ലോകത്തിലെ സകലർക്കും യഹോവ-യിരേ ആയിരിക്കുന്നു.

യഹോവ ഇടയനായിരിക്കുന്നവർക്കു ദൈവം സകലതും കരുതിക്കൊള്ളും. **സങ്കീ.23:1,2,5,6 —** "യഹോവ എന്റെ ഇടയൻ ആകുന്നു; *എനിക്കു മുട്ടുണ്ടാകയില്ല*. പച്ചയായ പുല്പുറങ്ങളിൽ അവൻ *എന്നെ കിടത്തുന്നു;* സ്വസ്ഥതയുള്ള വെള്ളത്തിന്നരികത്തേക്കു *എന്നെ നടത്തുന്നു*. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു *വിരുന്നു ഒരുക്കുന്നു;* എന്റെ തലയെ എണ്ണകൊണ്ടു *അഭിഷേകം ചെയ്യുന്നു;* എന്റെ പാനപാത്രവും *നിറഞ്ഞു കവിയുന്നു.* നന്മയും കരുണയും എന്റെ ആയുഷ്കാലമൊക്കെയും *എന്നെ പിന്തുടരും;* ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും."

അബ്രാഹാം തന്റെ മകന്റെ ജീവൻ നല്കുവാൻ തയ്യാറായതുപോലെ പിതാവായ ദൈവം തന്റെ ഏകജാതനെ ലോകത്തിനു നല്കി. തന്റെ ഏകജാതനായ പുത്രനെ തരുവാൻ തക്കവണ്ണം ദൈവം ലോകത്തെ സ്നേഹിച്ചു (യോഹ.3:16/1.യോഹ.4:9). ദൈവം കാൽവറിയിൽ ഒരുക്കിയ യാഗം നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ വിലയേറിയ രക്തത്താലത്രേ (1.പത്രൊ.1:18,19). യേശുക്രിസ്തുവാകുന്ന, ദൈവം കരുതിയ, കുഞ്ഞാടു ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിപ്പാൻ യോഗ്യനായിരിക്കുന്നു (വെളി.5:12).

കരുതുന്ന, പരിപാലിക്കുന്ന, വഴിനടത്തുന്ന ദൈവം നമ്മുടെ ദൈവം മാത്രം. *"യഹോവ നിന്റെ ഗമനത്തെയും ആഗമനത്തെയും ഇന്നു മുതൽ എന്നേക്കും പരിപാലിക്കും"* (സങ്കീ.121:8). ഗമനം ആഗമനം — പുറപ്പെടുമ്പോൾ / തിരികെ വരുമ്പോൾ — ആരംഭത്തിലും അവസാനത്തിലും — ജീവിതത്തിലെ എല്ലാ മേഖലകളിലും ദൈവം സൂക്ഷിക്കും, നടത്തും. നമ്മുടെ ആവശ്യങ്ങൾ എത്ര ചെറുതോ വലുതോ ആയാലും ദൈവം മതിയായവൻ, കരുതുന്നവൻ. ദൈവം നമ്മുടെ പരിപാലകനുമാണ്. പരിപാലിക്കുക (Preserve) എന്നത് കേടുകൂടാതെ സൂക്ഷിക്കുക എന്നതിനെയും കുറിക്കുന്നു. ആയതിനാൽ ദൈവം നമ്മെ നല്ല വഴികളിൽ നയിക്കും കരുതും എന്നു മാത്രമല്ല തെറ്റിപ്പോകുന്ന വേളയിലും നശിച്ചുപോകാതെ സൂക്ഷിക്കുവാനും ശക്തനാണ്. വിശ്വാസ ജീവിത യാത്രയിൽ ഏതു പ്രതിസന്ധിയിലും എക്കാലവും നമ്മെ കരുതി നടത്തുന്നു — അതായത് യഹോവ ഏബെൻ -ഏസെർ (=

ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു — 1.ശമൂ.7:12) ആയിരിക്കുമ്പോൾത്തന്നെ മുന്നോട്ടുള്ള ജീവിതത്തിൽ യഹോവ -യിരേയും (ഇനിയും കരുതിക്കൊള്ളും) ആയിരിക്കുന്നു.

തിരുവചനത്തിലുടനീളം യഹോവയുടെ കരുതലിന്റെ (യഹോവ-യിരേ) ദൃഷ്ടാന്തങ്ങൾ കാണുന്നുണ്ട് —

(1) ബേർ-ശേബ മരുഭൂമിയിൽ ദാഹിച്ചു വരണ്ട ബാലന്റെ (യിശ്മായേൽ) നിലവിളി കേട്ട് ഹാഗാറിനു ജലത്തിന്റെ ഉറവ കാണിച്ചുകൊടുത്ത ദൈവം (ഉല്പ.21:16-20).

(2) യിസാഹാക്കിനു പകരം യാഗത്തിന് ആട്ടുകൊറ്റനെ കരുതിയ ദൈവം (ഉല്പ.22:8-14).

(3) ക്ഷാമത്തിനു മുമ്പു യോസേഫിനെ മിസ്രയീമിലേക്കു അയച്ച ദൈവം (ഉല്പ.45:5-8).

(4) മരുഭൂമിയിൽ മന്നായും ഇറച്ചിയും തന്റെ ജനത്തിനു നൽകിയ ദൈവം (പുറ.16:13-15).

(5) തീക്കൽ പാറയിൽ നിന്നു ജലം കൊടുത്ത ദൈവം (ആവ.8:15).

(6) ഏലിയാവിനെ കെരീത്തിൽ കാക്കയെകൊണ്ടു പോഷിപ്പിച്ച ദൈവം (1.രാജാ.17:6).

(7) സാരെഫാത്തിലെ വിധവയുടെ വീട്ടിൽ ഏലീയാവിനെയും വിധവയുടെ കുടുംബത്തെയും കരുതിയ ദൈവം (1.രാജാ.17:16).

(8) സിംഹക്കുഴിയിൽ സിംഹങ്ങളുടെ വായടച്ച് ദാനീയേലിനെ കേടുകൂടാതെ കാത്തു സൂക്ഷിച്ച ദൈവം (ദാനീ.6:20-22).

(9) മഹാപുരോഹിതനായ യോശുവയെ കുറ്റം വിധിക്കുവാൻ സാത്താൻ യഹോവയുടെ ദൂതന്റെ മുമ്പിൽ നിന്നപ്പോൾ ദൈവം യോശുവയോടൊപ്പം നില്ക്കുന്നു എന്നു മാത്രമല്ല അവനെക്കുറിച്ചു നല്ല സാക്ഷ്യവും പറയുന്നു. *"യഹോവ സാത്താനോടു: സാത്താനേ, യഹോവ നിന്നെ ഭത്സിക്കുന്നു; യെരൂശലേമിനെ തിരഞ്ഞെടുത്തിരിക്കുന്ന യഹോവ തന്നേ നിന്നെ ഭത്സിക്കുന്നു; ഇവൻ തീയിൽ നിന്നു വലിച്ചെടുക്കപ്പെട്ട കൊള്ളിയല്ലയോ എന്നു കല്പിച്ചു"* (സെഖ.3:2). കൂടാതെ മുഷിഞ്ഞ വസ്ത്രം അവങ്കൽ നിന്നു നീക്കിക്കളഞ്ഞു അവനെ ശുദ്ധീകരിക്കുന്നു.

(10) അഞ്ചു അപ്പവും രണ്ടു മീനും കൊണ്ടു അയ്യായിരത്തെ പോഷിപ്പിച്ച നമ്മുടെ കർത്താവ് (ലൂക്കൊ.9:14-17).

(11) പൗലൊസിനെയും ശീലാസിനെയും കാരാഗ്രഹത്തിൽ നിന്നു വിടുവിച്ച ദൈവം (അപ്പൊ.16:26).

(12) നിത്യജീവൻ ലഭിക്കുവാനായി യേശുക്രിസ്തുവിനെ നമുക്കു തന്ന ദൈവം (യോഹ.3.16).

നമ്മുടെ സർവ്വശക്തൻ യഹോവ-യിരേ. എന്നാൽ ദൈവത്തിന്റെ കരുതലും, സംരക്ഷണവും, പരിപാലനവും രുചിച്ചറിയണമെങ്കിൽ നാം നമ്മുടെ സകല പ്രശ്നങ്ങളും ദൈവത്തിങ്കൽ ഭരമേല്പിക്കണം. — *"അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾക"* (1.പത്രൊ.5.7).

= = = = = = = = = = // = = = = = = = = = =

# (4) യഹോവ റാഫാ

## (Jehovah-Rapha = The Lord who heals)

## സൗഖ്യമാക്കുന്ന യഹോവ

യഹോവ റാഫാ (യഹോവ റോഫി) എന്നാൽ സൗഖ്യമാക്കുന്ന യഹോവ എന്നർത്ഥം (Jehovah rapha / Jehovah-rophe = Jehovah heals / The Lord who heals). ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയ നാമമാണിത് — *"ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു"* (പുറ.15:26).

ദൈവം തന്റെ ജനമായ യിസ്രായേലിന്റെ മിസ്രയീമിലുള്ള കഷ്ടപ്പാടുകളും, വേദനകളും കാണുകയും, അവരുടെ നിലവിളി കേൾക്കുകയും ചെയ്തു. അവരെ ഫറവോന്റെ അടിമത്വത്തിൽ നിന്നു വിടുവിച്ചു; അതിശയകരമായി ചെങ്കടൽ കടത്തി രക്ഷിച്ചു. ചെങ്കടൽ കടന്ന മോശെയും യിസ്രായേൽ മക്കളും ഒന്നടങ്കം തങ്ങളെ രക്ഷിച്ച യഹോവയെ സ്തുതിച്ചു പാടി മഹത്വപ്പെടുത്തി. തുടർന്നു അവർ ശൂർമരുഭൂമിയിൽ എത്തി. അവിടെ അവർ മൂന്നു ദിവസം വെള്ളം കിട്ടാതെ വലഞ്ഞു. മാറായിൽ എത്തിയപ്പോൾ വെള്ളമുണ്ട്; എന്നാൽ മാറായിലെ ജലം കയ്പായിരുന്നതിനാൽ അവർക്കു കുടിക്കുവാൻ കഴിഞ്ഞില്ല. ചെങ്കടലിലെ മരണത്തിൽ നിന്നുള്ള ദൈവകരുതൽ അവർ മറന്നു; ജനം പിറുപിറുത്തു. മോശെ ദൈവത്തോട് അപേക്ഷിച്ചു. ദൈവം ഒരു വൃക്ഷം കാണിച്ചുകൊടുത്തു. ആ വൃക്ഷം വെട്ടി വെള്ളത്തിലിട്ടപ്പോൾ മാറായിലെ കയ്പ്പുള്ള ജലം മധുരമായിത്തീർന്നു. അവർ ദൈവത്തോടു പിറുപിറുത്ത സ്ഥലത്തുവെച്ചു ദൈവം അവർക്കു ഒരു ചട്ടവും പ്രമാണവും നിയമിച്ചറിയിച്ചു. അപ്പോൾ ദൈവം തന്നെ വെളിപ്പെടുത്തുന്ന നാമമാണ് "ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ" (Jehovah-rophe). പുറ.15:26 —*"നിന്റെ ദൈവമായ യഹോവയുടെ വാക്കു നീ ശ്രദ്ധയോടെ കേട്ടു അവന്നു പ്രസാദമുള്ളതു ചെയ്കയും അവന്റെ കല്പനകളെ അനുസരിച്ചു അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല; ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു എന്നു അരുളിച്ചെയ്തു."*

ഇന്നും ദൈവം മനുഷ്യന്റെ സകല രോഗത്തിനും പാപത്തിനും സൗഖ്യം നൽകുന്നു (God heals both in body and soul. In body from all diseases and in soul by removing and washing of all sins). യിസ്രായേലിനെ നോക്കി യെശയ്യാവു പറയുന്നു— യെശ.1:5,6-- *"തല മുഴുവനും ദീനവും ഹൃദയം മുഴുവനും രോഗവും പിടിച്ചിരിക്കുന്നു. അടിതൊട്ടു മുടിവരെ ഒരു സുഖവും ഇല്ല; മുറിവും ചതവും പഴുത്തവ്രണവും മാത്രമേയുള്ളു; അവയെ ഞെക്കി കഴുകീട്ടില്ല, വെച്ചുകെട്ടീട്ടില്ല, എണ്ണ പുരട്ടി ശമിപ്പിച്ചിട്ടുമില്ല."* എന്നാൽ സൗഖ്യമാക്കുവാൻ കഴിവുള്ള ദൈവസന്നിധിയിൽ വിശ്വാസത്തോടെ സമീപിക്കണം.

പ്രവാചകനായ യിരെമ്യാവു നല്ല വൈദ്യനായ യഹോവയെക്കുറിച്ചു പറഞ്ഞിരിക്കുന്നത് നോക്കുക. യിരെ.8:21,22 — *"എന്റെ ജനത്തിൻ പുത്രിയുടെ മുറിവു നിമിത്തം ഞാനും ദുഃഖിച്ചു നടക്കുന്നു; സ്തംഭനം എന്നെ പിടിച്ചിരിക്കുന്നു. ഗിലെയാദിൽ സുഗന്ധതൈലം ഇല്ലയോ? അവിടെ വൈദ്യൻ ഇല്ലയോ? എന്റെ ജനത്തിൻ പുത്രിക്കു രോഗശമനം വരാതെ ഇരിക്കുന്നതെന്തു?"* നല്ല വൈദ്യനായ യഹോവ റോഫിയെക്കുറിച്ചു അവർക്കു നന്നായി അറിയാം. എന്നാൽ അവർ വ്യാജ വൈദ്യന്മാരുടെ സമീപത്തേക്കാണ് പോകുന്നത്. ദൈവജനത്തിന്റെ പിന്മാറ്റജീവിതവും ദുഷിച്ച പാപവും നിമിത്തം അവർ പാപരോഗം ബാധിച്ചവരാണ്. കള്ളപ്രവാചകന്മാരും ദുരുപദേഷ്ടാക്കളും എന്ന വ്യാജവൈദ്യന്മാർ ജനത്തിന്റെ രോഗത്തെ പരിശോധിച്ചു വ്യാജമരുന്നുകൾ കൊടുത്തതിനാൽ അവർ സൗഖ്യം പ്രാപിക്കുന്നില്ല. അവരുടെ മുറിവുകൾ പഴുത്തു നാറ്റം വെച്ചിരിക്കുന്നു. എന്നാൽ അവർ ചെയ്യേണ്ടത് ഗിലെയാദിലെ നല്ലവൈദ്യനായ യഹോവ റോഫിയുടെ സമീപം ചെല്ലണം എന്നതാണ്. യഹോവറോഫിയിൽ ആശ്രയിച്ചാൽ അവരുടെ സകല പാപരോഗങ്ങളും സൗഖ്യമാകും.

ഹോശേയാ പ്രവാചകന്റെ കാലത്ത് ദൈവജനം ദൈവസന്നിധിയിലേക്കു വരുന്നതിനു പകരം സൗഖ്യമാക്കുവാൻ കഴിയാത്ത മനുഷ്യരുടെ അടുക്കലേക്കാണ് പോയത്. **ഹോശേ.5:13 —** *"എഫ്രയിം തന്റെ വ്യാധിയും യെഹൂദാ തന്റെ മുറിവും കണ്ടപ്പോൾ എഫ്രയിം അശ്ശൂരിൽ ചെന്നു യുദ്ധതല്പരനായ രാജാവിന്റെ അടുക്കൽ ആളയച്ചു; എങ്കിലും നിങ്ങളെ സൗഖ്യമാക്കുവാനും നിങ്ങളുടെ മുറിവു പൊറുപ്പിപ്പാനും അവന്നു കഴിഞ്ഞില്ല."* യിസ്രായേൽ, യഹൂദാ എന്നീ രണ്ടു രാജ്യങ്ങളുടെ ദയനീയമായ അവസ്ഥയാണിവിടെ വിവരിക്കുന്നത്. എഫ്രയിമിനു വ്യാധി, അതായത് നാനാവിധരോഗങ്ങൾ പിടിച്ചിരിക്കുന്നു. ഒന്നിനും വയ്യാ രോഗിയായി, അവശനായിത്തീർന്നിരിക്കുന്നു. യെഹൂദെക്കു മുറിവു. അതു വെച്ചു കെട്ടുകയോ ചികിത്സിക്കുകയോ ചെയ്തില്ല. വ്യാധിയും, മുറിവും ഉണ്ടായപ്പോൾ സൗഖ്യമാക്കുന്ന യഹോവയാം ദൈവത്തിന്റെ അടുക്കൽ അവർ ചെല്ലണമായിരിരുന്നു. ദൈവസന്നിധിയിൽ വന്നു അഭയം പ്രാപിച്ചു കരുണെക്കായി യാചിക്കുന്നതിനു പകരം അവർ ജാതീയ രാജാക്കന്മാരുടെ സഹായം തേടി. എന്നാൽ അവർക്കു അവരെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ലെന്നു ദൈവം പറയുന്നു. മാറായിലെ കയ്പിന്റെ അനുഭവത്തെ മധുരമാക്കിത്തീർക്കുന്നവൻ, സകല കഷ്ടതകൾക്കും ദുഃഖങ്ങൾക്കും പ്രതിവിധിയും ആശ്വാസവും നൽകുന്നവൻ, ഇന്നും എല്ലാ ശാരീരിക ആത്മീയ രോഗങ്ങളും സൗഖ്യമാക്കുന്നവൻ ആണ് യഹോവ-റോഫി.

യഹോവയാം ദൈവത്തെ ഇടയനായി അംഗീകരിച്ചു ദൈവത്തിന്റെ കർത്തൃത്വം സ്വീകരിച്ചവരുടെ പാപരോഗവും ശാരീരിക രോഗവും മാറ്റുവാൻ യഹോവ-റോഫി മതിയായവൻ. **സങ്കീ.23:3,5 —** *"എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു. ......എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു."*

രോഗശാന്തിയോടുള്ള ബന്ധത്തിൽ ഇന്ന് ആത്മിയഗോളത്തിൽ ഏറ്റവും തെറ്റിധരിക്കപ്പെട്ടു ഉപയോഗിക്കുന്ന ഒന്നാണ് "അടിപ്പിണരാലുള്ള സൗഖ്യം" (Healing by stripes). യെശ.53:4,5 —*"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്നു വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു."* അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നിരിക്കുന്നു (By His stripes we are healed) എന്നത് പാപരോഗത്തിന്റെ സൗഖ്യത്തെക്കുറിച്ചാണ്. കർത്താവു സഹിച്ച ചമ്മട്ടികൊണ്ടുള്ള അടികൾ പാപികളായ നമ്മൾക്കു ലഭിക്കേണ്ട ശിക്ഷയായിരുന്നു.

അടിപ്പിണർ ( stripes ) എന്നത് കർത്താവ് ഏറ്റ അടികളെക്കുറിക്കുന്നു. *"അങ്ങനെ അവൻ ബറബ്ബാസിനെ അവർക്കു വിട്ടുകൊടുത്തു; യേശുവിനെ ചമ്മട്ടികൊണ്ടടിപ്പിച്ചു ക്രൂശിക്കേണ്ടതിന്നു ഏല്പിച്ചു"* (മത്താ.27:26). *"അനന്തരം പീലാത്തൊസ് യേശുവിനെ കൊണ്ടുപോയി വാറുകൊണ്ടു അടിപ്പിച്ചു"* (യോഹ.19:1). വാറുകൊണ്ടു അടിപ്പിച്ചു എന്ന പ്രസ്താവനയുടെ ഉള്ളിൽ അടങ്ങിയിരിക്കുന്നത് ഏറ്റവും വേദാനാജനകവും, കണ്ടുനില്ക്കുവാൻ കഴിയാത്തതുമാണ്. അനേകം തോൽവള്ളികൾ പിന്നിക്കെട്ടിയ ഒരു ചാട്ടയാണ് ചമ്മട്ടി അഥവാ വാറ്. ഓരോ തോൽവള്ളിയുടെയും അറ്റത്ത് മൂർച്ചയുള്ള അസ്ഥിക്കഷണങ്ങളും, അല്പം വളഞ്ഞ് മൂച്ചയേറിയ ഇരുമ്പാണികളും ബന്ധിച്ചിരുന്നതാണ്. ഇവ കൊണ്ടു അടിക്കുമ്പോൾ അസ്ഥിക്കഷണവും ഇരുമ്പാണിയും മാംസത്തിൽ തുളച്ചു കയറുകയും വലിച്ചെടുക്കുമ്പോൾ മാംസവും ഞരമ്പുകളും പറിഞ്ഞു കീറുകയും ചെയ്യും. ഇതാണ് നമ്മുടെ കർത്താവ് ഏറ്റ അടികൾ അഥവാ അടിപ്പിണർ. കർത്താവു ഏറ്റ അടിയിലും വേദനയിലും നമുക്കു ലഭ്യമാകുന്നത് വിശ്വാസത്താലുള്ള പാപമോചനമാണ് അഥവാ പാപരോഗസൗഖ്യം.

*"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു".* എന്നതിലും പാപസൗഖ്യമാണ് ഉൾപ്പെട്ടിരിക്കുന്നത്. യേശുക്രിസ്തു കാൽവറിയിൽ മരിച്ചത് ശാരീരിക രോഗങ്ങൾക്കും കൂടിയാണെന്നു ചിലർ പഠിപ്പിക്കുന്നു. *"സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു."* എന്നതിൽ കർത്താവ് പാപങ്ങളെയും രോഗങ്ങളെയും ചുമന്നു എന്നു അർത്ഥമില്ല. നമ്മുടെ പാപരോഗങ്ങളെയും അതിൻഫലമായുള്ള നമ്മുടെ വേദനകളെയുമാണ് ചുമന്നത്.

അപ്പൊസ്തലനായ പത്രൊാസ് ഇപ്രകാരം എഴുതിയിരിക്കുന്നു — *"നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൗഖ്യം വന്നിരിക്കുന്നു"* (1.പത്രൊ.2:24). ഒരുവൻ യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ പാപത്തിൽ നിന്നു വിടുതൽ അഥവാ സൗഖ്യം ലഭിക്കുന്നു. കർത്താവിൽ വിശ്വസിച്ചശേഷം രോഗസൗഖ്യം മാത്രമല്ല നമ്മുടെ ഏതാവശ്യങ്ങളും കർത്താവിനോടാപേക്ഷിച്ചാൽ ദൈവഹിതമെങ്കിൽ നമുക്കു ലഭിക്കുവാൻ ഇടയാകും. ഏതു രോഗങ്ങളെയും പൂർണ്ണമായി മാറ്റിത്തരുവാൻ കർത്താവു ഇന്നും ശക്തനാണ്.

യേശുക്രിസ്തു സകല ശാരീരിക ആത്മീയ രോഗങ്ങളെയും സൗഖ്യമാക്കുന്നവാൻ ശക്തനായ യഹോവ-റോഫി തന്നെ. എളിയവരോടു സദ്വർത്തമാനം ഘോഷിപ്പാനും, ഹൃദയം തകർന്നവരെ മുറിവുകെട്ടുവാനും, തടവുകാർക്കു വിടുതലും, ബദ്ധന്മാർക്കു സ്വാതന്ത്രവും അറിയിക്കുവാനും ആണ് കർത്താവായ യേശുക്രിസ്തു ലോകത്തിലേക്കു വന്നത് (യെശ.61:1,2). യേശുക്രിസ്തു ലോകത്തിൽ ആയിരുന്നപ്പോൾ കുഷ്ഠരോഗികളെ സൗഖ്യമാക്കി, കുരുടർക്കു കാഴ്ച നല്കി, പക്ഷവാതക്കാരനു സൗഖ്യം നൽകി, മരിച്ചവരെ ഉയിർപ്പിച്ചു. ഇന്നും തന്നിൽ ആശ്രയിക്കുന്നവർക്കു പാപസൗഖ്യവും, രോഗസൗഖ്യവും നൽകുന്ന ദൈവമാണ് കർത്താവായ യേശുക്രിസ്തു.

= = = = = = = = = = // = = = = = = = = = =

# (5) യഹോവ നിസ്സി

## Jehovah-nissi = Jehovah our Banner

## യഹോവ നമ്മുടെ കൊടി

യഹോവ നിസ്സി എന്നാൽ യഹോവ നമ്മുടെ കൊടി അഥവാ വിജയം നല്കുന്ന ദൈവം എന്നർത്ഥം ( Jehovah-nissi = Jehovah our Banner/ The Lord our Banner = The Lord who gives victory). — **പുറ.17:15 —** *"പിന്നെ മോശെ ഒരു യാഗപീഠം പണിതു, അതിന്നു യഹോവ നിസ്സി (യഹോവ എന്റെ കൊടി) എന്നു പേരിട്ടു."* ദൈവജനത്തെ ആക്രമിച്ചു നശിപ്പിക്കുവാനും കൊല്ലുവാനും വന്ന അമാലേക്ക്യരെ, പുതിയ ഒരു യുദ്ധതന്ത്രത്തിലൂടെ പരാജയപ്പെടുത്തി, സമ്പൂർണ്ണ വിജയം നൽകിയ ദൈവത്തിനു മോശെ ഒരു യാഗപീഠം പണിതു. അതിനു മോശെ നല്കിയ പേരാണ് 'യഹോവ നിസ്സി'.

സർവ്വശക്തനായ ദൈവം തന്റെ ശക്തിയുള്ള ഭുജത്താൽ, ഫറവോന്റെ ഉരുക്കു മുഷ്ടിയിൽ നിന്നു യിസ്രായേൽ മക്കളെ വിടുവിച്ചു, അത്ഭുതകരമായി ചെങ്കടലിനെ വിഭാഗിച്ചു അതിലൂടെ ഉണങ്ങിയ നിലം എന്നപോലെ സുരക്ഷിതരായി മറുകര എത്തിച്ചു. അവരെ ആക്രമിച്ചു കൊല്ലുവാൻ പിന്തുടർന്ന ശത്രുസൈന്യത്തെ മുഴുവനായി ചെങ്കടലിൽ മുക്കിക്കൊന്നു. ചെങ്കടലിന്റെ തീരത്തു വെച്ചു മോശെയും, അഹരോനും, മിര്യാമും സകല യിസ്രായേൽ മക്കളും ചേർന്നു മഹോന്നതനാം ദൈവത്തെ വിടുതലിന്റെ സന്തോഷഗീതങ്ങൾ പാടി ആർത്തു സ്തുതിച്ചു. ചെങ്കടൽ തീരത്തു നിന്നും അവർ യാത്ര ചെയ്തു ശൂർ മരുഭൂമിയിൽ എത്തി. അവിടെ അവർക്കു കുടിപ്പാൻ കിട്ടിയ വെള്ളം കയ്പായതിനാൽ കുടിക്കാൻ കഴിഞ്ഞില്ല. മോശെ ദൈവത്തോടപേക്ഷിച്ചു. ദൈവം ഒരു വൃക്ഷം കാണിച്ചുകൊടുത്തു. മോശെ അതു വെള്ളത്തിലിട്ടപ്പോൾ വെള്ളം മധുരമായിത്തീർന്നു (പുറ.15:22-25). മാറായിൽ നിന്നു യാത്രചെയ്ത ദൈവജനം സീൻ മരുഭൂമിയിൽ എത്തി. അവിടെവെച്ചു അവർ മോശെക്കും അഹരോനും വിരോധമായി പിറുപിറുത്തു. എന്നിട്ടും ദൈവം അവർക്കു ആകാശത്തു നിന്നു മന്നായും ഇറച്ചിയും നൽകി പോഷിപ്പിച്ചു (പുറ.16). സീൻമരുഭൂമിയിൽ നിന്നു അവർ യാത്രചെയ്തു രെഫീദീമിൽ എത്തി. അവിടെ കുടിപ്പാൻ ജലം ഇല്ലായിരുന്നു. ജനമെല്ലാം മോശെയുടെ നേരേ പിറുപിറുത്തു കല്ലെറിയുവാൻ തുനിഞ്ഞു. ദാഹജലത്തിനായി അപേക്ഷിച്ച മോശെക്കു ദൈവം ഒരു പാറ കാണിച്ചുകൊടുത്തു. അതിനെ തന്റെ വടി കൊണ്ടു അടിക്കുവാൻ കല്പിച്ചു. പാറയിൽ നിന്നും മത്സരികളായവർക്കു വെള്ളം പുറപ്പെടുവിച്ചു. പിറുപിറുപ്പിന്റെ രംഗത്തിലും ദൈവം അവർക്കു പാറയിൽ നിന്നും വെള്ളം കൊടുത്തു തൃപ്തരാക്കി (പുറ.17:1-7).

രെഫീദീം അവർക്കു പരിശോധനയുടെ രംഗമായിരുന്നു. അവിടെ അമാലേക്യരോടു യുദ്ധം ചെയ്യേണ്ടി വന്നു. അമാലേക്ക് ഏശാവിന്റെ പുത്രനായ എലീഫാസിന്റെ മകനായിരുന്നു. അവരുടെ സന്തതിവർഗ്ഗത്തെ അമാലേക്യർ എന്നറിയപ്പെടുന്നു (ഉല്പ.36:12,16). അമാലേക്ക് മോവാബ്യരുടെ ഇടയിലാണ് പാർത്തിരുന്നത്. ബിലെയാമിന്റെ അഞ്ചാമത്തെ പ്രവചനം അമാലേക്കിനെക്കുറിച്ചായിരുന്നു. *"അവൻ അമാലേക്കിനെ നോക്കി സുഭാഷിതം ചൊല്ലിയതു: അമാലേക്ക് ജാതികളിൽ മുമ്പൻ; അവന്റെ അവസാനമോ നാശം അത്രേ"* (സംഖ്യാ.24:20). അമാലേക്ക്യർ യിസ്രായേലിന്റെ ശത്രുക്കളായിരുന്നു. യിസ്രായേൽ മിസ്രയീമിൽ നിന്നു ക്ഷീണിച്ചു തളർന്നു വരുന്ന സമയം യാതൊരു പ്രകോപനവുമില്ലാതെ അമാലേക്യർ യിസ്രായേലിനെ പിമ്പിൽ നിന്നു ആക്രമിച്ചു (ഉല്പ.25:17-19).

രെഫീദീമിൽ അമാലേക്യരോടു യുദ്ധം ചെയ്യുവാനായി മോശെ തന്റെ ബാല്യക്കാരനും യുവയോദ്ധാവുമായ യോശുവയെ അയച്ചു. യോശുവ തിരഞ്ഞെടുക്കപ്പെട്ട ആളുകളുമായി അമാലേക്യരോടു പകൽ മുഴുവൻ പടവെട്ടി. മോശെയോ കുന്നിന്മേൽ കയറി, ചെങ്കടലിനെ വിഭാഗിച്ച വടി തന്റെ കയ്യിൽ ഉയർത്തിപ്പിടിച്ചുകൊണ്ടു നിന്നു. മോശെയുടെ കൈ ഉയർന്നിരിക്കുമ്പോൾ യിസ്രായേൽ ജയിക്കും; കൈ താഴ്ന്നിരിക്കുമ്പോൾ അമാലേക്ക് ജയിക്കും. ഏറെനേരം കൈ ഉയർത്തിപ്പിടിച്ചപ്പോൾ കൈക്കു ഭാരമുണ്ടായി. അപ്പോൾ അഹരോനും, ഹൂരും ഇരുവശങ്ങളിൽ നിന്നു താങ്ങി, സൂര്യൻ അസ്തമിക്കും വരെ ഉറച്ചു നിന്നു. അമാലേക്ക് തോൽപ്പിക്കപ്പെട്ടു. യിസ്രായേലിനെ ആക്രമിക്കുവാൻ വന്ന അമാലേക്കിനെ പുതിയ യുദ്ധതന്ത്രത്താൽ ദൈവം തോൽപ്പിച്ചു യിസ്രായേലിനു വിജയം കൊടുത്തു. മോശെ അവിടെ ഒരു യാഗപീഠം പണിതു അതിനു യഹോവനിസ്സി (യഹോവ എന്റെ കൊടി) എന്നു പേരിട്ടു (പുറ.17:8 -16).

യുദ്ധത്തിൽ ജയിക്കുന്ന രാജ്യം അവരുടെ പതാക (കൊടി) തോൽപ്പിക്കപ്പെട്ട രാജ്യത്തിൽ ഉയർത്താറുണ്ട്. പുരാതനകാലത്ത് പുതിയ ഒരു സ്ഥലം, ദ്വീപ്, പർവ്വതം എന്നിവയൊക്കെ കണ്ടുപിടിക്കുമ്പോഴും കീഴടക്കുമ്പോഴും കൊടി ഉയർത്തിയിരുന്നു. മോശെ അമാലേക്കിന്മേൽ ഉയർത്തിയ കൊടി ദൈവം അവർക്കു നൽകിയ വിജയത്തിന്റെ കൊടിയായിരുന്നു. പഴയകാലങ്ങളിൽ കൊടി അഥവാ ബാനർ എന്നത് എപ്പോഴും തുണിക്കഷണത്തെയോ പതാകയെയോ മാത്രം പറയുന്നതുമല്ല. നീളമുള്ള തടിയിലോ, മുളയിലോ പെട്ടെന്നു ശ്രദ്ധ ആകർഷിക്കത്തക്കതായ ഏതെങ്കിലും ഉയർത്തിയിരിക്കുന്നതിനെയും കുറിക്കുന്നു. ഉദാഹരണമായി മരുഭൂമിയിൽ ദൈവത്തോടു പിറുപിറുത്ത യിസ്രായേൽ ജനം അഗ്നിസർപ്പത്തിന്റെ കടിയേറ്റു മരിക്കുന്ന അവസരത്തിൽ ദൈവനിർദ്ദേശപ്രകാരം മോശെ കൊടിമരത്തിൽ തൂക്കിയ താമ്രസർപ്പത്തെ നോക്കിയവർ മരിക്കാതെ ജീവൻ പ്രാപിക്കുവാൻ ഇടയായി. ഇവിടെ മരത്തിന്മേൽ തൂക്കപ്പെട്ടതു കൊടി അല്ലായിരുന്നെങ്കിലും അതിലേക്കു നോക്കിയവർ മരിക്കാതെ ജീവിക്കുവാൻ ഇടയാക്കിയതു യഹോവയുടെ കൊടി ആയിരുന്നു (സംഖ്യാ.21:4–9/യോഹ.3:14,15).

കൂരിരുൾ താഴ്വരയുടെ അനുഭവത്തിലൂടെ കടന്നു പോകുന്ന ഒരു വിശ്വാസിയെ ആശ്വസിപ്പിക്കുകയും ജയം നല്കുകയും ചെയ്യുന്ന ദൈവമാണ് യഹോവ നിസ്സി. **സങ്കീ.23:4,5 —**"കൂരിരുൾ താഴ്വരയിൽ കൂടി നടന്നാലും ഞാൻ ഒരു അനർത്ഥവും ഭയപ്പെടുകയില്ല; നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ; *നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു. എന്റെ ശത്രുക്കൾ കാൺകെ നീ എനിക്കു വിരുന്നു ഒരുക്കുന്നു*; എന്റെ തലയെ എണ്ണകൊണ്ടു അഭിഷേകം ചെയ്യുന്നു; എന്റെ പാനപാത്രവും നിറഞ്ഞു കവിയുന്നു."

ഉത്തമഗീതത്തിൽ ശൂലേംകാരി തന്റെ പ്രിയന്റെ സ്നേഹത്തെ വർണ്ണിക്കുമ്പോഴും എന്റെ മീതെ അവൻ പിടിച്ചിരുന്ന കൊടി സ്നേഹമായിരുന്നു (ഉ.ഗീ.2:4) എന്നു പറയുന്നു. പാപികളായ മനുഷ്യവർഗ്ഗം ഒന്നടങ്കം പാപത്തിന്റെ ശിക്ഷയായ നിത്യമരണത്തിനു വിധിക്കപ്പെട്ട അവസരത്തിൽ അവരെ നീതീകരിക്കുവാനും, ദൈവമക്കൾ ആക്കുവാനും വേണ്ടിയാണ് കാൽവറിയിൽ കർത്താവായ യേശുക്രിസ്തു മരിച്ചത്. ഈ കാൽവറിക്രൂശിൽ യാഗമായിത്തീർന്ന യേശുക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ നിത്യമരണത്തിൽ നിന്നും നിത്യജീവനിലേക്കു പ്രവേശിക്കുവാൻ സാധിക്കുന്നു. അതായതു കാൽവറിക്രൂശിൽ ഉയർത്തപ്പെട്ട വിജയത്തിന്റെ കൊടി യഹോവനിസ്സി തന്നെയായിരുന്നു.

= = = = = = = = = = // = = = = = = = = = =

# (6) യഹോവ മെക്കഡേഷ്

## Jehovah-MeKaddesh = Jehovah who sanctifies

## യഹോവ ശുദ്ധീകരിക്കുന്നവൻ

യഹോവ മെക്കഡേഷ് എന്നാൽ യഹോവ ശുദ്ധീകരിക്കുന്നവൻ എന്നർത്ഥം (Jehovah-Mekaddesh = Jehovah who sanctifies / / The Lord Our Sanctifier) **പുറ.31:12 —** "*ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു* എന്നു അറിയേണ്ടതിന്നു അതു തലമുറതലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു." **ലേവ്യ.20:7,8 —** "ആകയാൽ നിങ്ങൾ നിങ്ങളെത്തന്നേ ശുദ്ധീകരിച്ചു വിശുദ്ധന്മാരായിരിപ്പിൻ; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. എന്റെ ചട്ടങ്ങൾ പ്രമാണിച്ചു ആചരിപ്പിൻ; *ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു*." യഹോവ മെക്കഡേഷ് എന്ന എബ്രായനാമം പരിഭാഷപ്പെടുത്തി *"ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു"* എന്നു ഈ വാക്യങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു.

വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ നടപ്പ് (ജീവിതം), ആരാധന, ശുശ്രൂഷ എന്നിവയെക്കുറിച്ചു ലേവ്യപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. ദൈവമക്കൾ വിശുദ്ധനായ ദൈവത്തോടു വ്യക്തിപരമായ ബന്ധമുള്ളവരാണ്. വിശുദ്ധീകരണം എന്ന വിഷയം ലേവ്യപുസ്തകത്തിൽ പ്രധാന സന്ദേശമായിരിക്കുന്നു. ദൈവം വിശുദ്ധനാകയാൽ തന്റെ ജനവും വിശുദ്ധിയുള്ളവരായിരിക്കണമെന്നു ദൈവം ആഗ്രഹിക്കുന്നു (ലേവ്യ.11:45). ശുദ്ധീകരിക്കുക/വിശുദ്ധീകരിക്കുക (sanctify) എന്ന പദം പഴയനിയമത്തിൽ അനേക പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. Mekaddesh എന്ന എബ്രായനാമം ഇംഗ്ലീഷിലേക്കു holy (വിശുദ്ധി), sanctify (വിശുദ്ധീകരിക്കുക), dedicate (സമർപ്പിക്കുക), set apart (വേർതിരിക്കുക), consecrate (ദൈവീകമായ കാര്യങ്ങൾക്കായി മാറ്റിവെക്കുക), hallow (പവിത്രീകരിക്കുക) എന്നീ അർത്ഥങ്ങളിലും പരിഭാഷപ്പെടുത്തിയിട്ടുണ്ട്.

ശുദ്ധീകരിച്ചു എന്നവാക്ക് ആദ്യമായി ബൈബിളിൽ കാണുന്നത് സൃഷ്ടിയോടുള്ള ബന്ധത്തിൽ ദൈവം ഏഴാം ദിവസത്തെ ശുദ്ധീകരിച്ചു അനുഗ്രഹിച്ചു എന്നതാണ് (ഉല്പ.2:3). അതായതു മറ്റു ദിവസങ്ങളിൽ നിന്നും ശബ്ബത്തിനെ വേർതിരിച്ചു (പുറ.20:8,11/പുറ.30:13) എന്നർത്ഥം.

ലേവ്യപുസത്കം 21-ാം അദ്ധ്യായത്തിൽ ദൈവിക ശുശ്രൂഷകൾക്കായി വേർതിരിക്കപ്പെട്ട പുരോഹിതനായ അഹരോന്റെ പുത്രന്മാർക്കുള്ള ശുദ്ധീകരണനിയമങ്ങൾ പറയുന്നു. (ലേവ്യ:21:1 -8) വിശുദ്ധനായ ദൈവത്തിന്റെ സന്നിധിയിൽ വരുന്നവർ വിശുദ്ധനായിരിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു. ഇവിടെ ദൈവം തന്നെക്കുറിച്ചു പ്രഖ്യാപിക്കുന്നു — നിങ്ങളെ വിശുദ്ധീകരിക്കുന്ന യഹോവയായ ഞാൻ വിശുദ്ധനാകുന്നു (ലേവ്യ.21:8 ). ലേവ്യ.22-ൽ പുരോഹിതന്മാരുടെ ശുശ്രൂഷയിലുള്ള വിശുദ്ധിയെക്കുറിച്ചു പറയുന്നു. ആത്മീകകാര്യങ്ങളിൽ അവർ അതീവ ശ്രദ്ധയും വിശുദ്ധിയും പാലിക്കണം (ലേവ്യ.22:1-3). അവർ ദൈവമുമ്പാകെ അർപ്പിക്കുന്ന യാഗങ്ങളും ഊനമില്ലാത്തതായിരിക്കണം (ലേവ്യ. 22: 17-33).

(1) ലേവ്യ.22:9- ഞാൻ അവരെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു (Jehovah-Mekaddesh).

(2) ലേവ്യ.22:16- ഞാൻ അവരെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു.

(3) ലേവ്യ.22:32- ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവ ആകുന്നു.

ദൈവീക അരുളപ്പാട് അറിയുവാൻ യിസ്രായേൽ മൂപ്പന്മാരിൽ ചിലർ യെഹെസ്കേൽ പ്രവാചകനെ സമീപിച്ചു (യെഹെ.20). ഈ അവസരത്തിൽ യഹോവ യിസ്രായേലിനെക്കുറിച്ചു ചില വസ്തുതകൾ അറിയിക്കുന്നു. ദൈവം യിസ്രായേലിനെ സ്നേഹിച്ചു തിരഞ്ഞെടുത്തുവെങ്കിലും അവർ മത്സരികളും അവിശ്വാസികളുമായി ദൈവത്തെ കോപിപ്പിച്ചു. വിശുദ്ധനായ ദൈവത്തിന്റെ നാമം ചുറ്റുമുള്ള ജാതികളുടെ മദ്ധ്യേ അവർ മൂലം ദുഷിക്കപ്പെടുവാൻ കാരണമായി. ദൈവത്തിന്റെ വിശുദ്ധനാമം അവർ അശുദ്ധമാക്കി. യെഹെ.20:12 — "ഞാൻ അവരെ വിശുദ്ധീകരിക്കുന്ന യഹോവ എന്നു അവർ അറിയേണ്ടതിന്നു എനിക്കും അവർക്കും ഇടയിൽ അടയാളമായിരിപ്പാൻ തക്കവണ്ണം എന്റെ ശബ്ബത്തുകളെയും ഞാൻ അവർക്കു കൊടുത്തു."

യെശയ്യാപ്രവാചകന്റെ ശുശ്രൂഷയുടെ ആരംഭത്തിൽ ദൈവം പ്രവാചകനെ ശുദ്ധീകരിക്കുന്നു. പ്രവാചകൻ യിസ്രായേൽ ജനത്തെ നോക്കി പറഞ്ഞു — *“കാള തന്റെ ഉടയവനേയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയെയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല”* (യെശ.1:3). യെശയ്യാ 5-ാം അദ്ധ്യായത്തിൽ മറ്റുള്ളവരെ നോക്കി അവരുടെ കുറവുകൾ, പാപം, അശുദ്ധി കണ്ട് ആറു പ്രാവശ്യം അയ്യോ കഷ്ടം എന്നു പറഞ്ഞു യെശയ്യാവു വിലപിച്ചു. (യെശ.5:8,12,19,20,21,24). എന്നാൽ വിശുദ്ധനായ ദൈവത്തിന്റെ ദർശനം ലഭിച്ചപ്പോൾ സ്വന്തം അശുദ്ധി കണ്ട് (യെശ.6:5) എനിക്കു അയ്യോ കഷ്ടം. ഞാൻ നശിച്ചു. ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങളുള്ളോരു മനുഷ്യൻ എന്നു പറഞ്ഞു യെശയ്യാവു വിലപിക്കുന്നു. തുടർന്നു ദൈവം യെശയ്യാവിനെ ശുദ്ധീകരിച്ച് ദൈവവേലയ്ക്കു പ്രാപ്തനാക്കി.

> യെശ.6:3 — സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ

> യെശ.41:14— യിസ്രായേലിന്റെ പരിശുദ്ധൻ

> സങ്കീ.71:22—ദൈവം യിസ്രായേലിന്റെ പരിശുദ്ധൻ

> പുറ.15:11 — യഹോവേ, ദേവന്മാരിൽ നിനക്കു തുല്യൻ ആർ? വിശുദ്ധിയിൽ മഹിമയുള്ളവനേ, സ്തുതികളിൽ ഭയങ്കരനേ, അത്ഭുതങ്ങളെ പ്രവർത്തിക്കുന്നവനേ, നിനക്കു തുല്യൻ ആർ?

ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവു ശുദ്ധീകരിക്കുന്നു. ദൈവത്തിന്റെ ആത്മാവിനു നൽകിയിരിക്കുന്ന പേരുതന്നെ വിശുദ്ധിയുടെ ആത്മാവ് എന്നാണ് (Holy Spirit). പാപിയായ ഒരു മനുഷ്യനെ പരിശുദ്ധാത്മാവ് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോദ്ധ്യം വരുത്തി വിശുദ്ധിയിലേക്കു നയിക്കുന്നു (യോഹ.16:8). രക്ഷിക്കപ്പെട്ട ഒരുവനിൽ പരിശുദ്ധാത്മാവു വസിക്കുന്നു (1.കൊരി.6:19). ആത്മാവു അവനെ വിശുദ്ധീകരണപാതയിൽ നടത്തുന്നു. റോമ.1:5-ൽ വിശുദ്ധിയുടെ ആത്മാവു എന്നു രേഖപ്പെടുത്തിയിരിക്കുന്നു. പരിശുദ്ധാത്മാവ് എന്നകാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരും (യോഹ.14:26) എന്നു കർത്താവു തന്നെ പറഞ്ഞിട്ടുണ്ട്.

ത്രിത്വത്തിൽ രണ്ടാമനായ കർത്താവായ യേശുക്രിസ്തു പരിശുദ്ധനും പാപികളെ വിശുദ്ധീകരിക്കുന്നവനും ആയിരിക്കുന്നു.

(1) യേശുക്രിസ്തു പാപം അറിയാത്തവൻ (2.കൊരി.5:21).

യേശുക്രിസ്തു പാപം ചെയ്യാത്തവൻ (1.പത്രൊ.2:22).

യേശുക്രിസ്തു പാപം ഇല്ലാത്തവൻ (1.യോഹ.3:5).

(2) പാപം ഒഴികെ സകലത്തിലും പരീക്ഷിക്കപ്പെട്ട പരിശുദ്ധനായവൻ (എബ്രാ.4:15).

(3) യേശുക്രിസ്തു പവിത്രൻ, നിർദ്ദോഷൻ, നിർമ്മലൻ, പാപികളോടു വേറുവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ (എബ്രാ.7:26).

(4) യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ പാപികൾ വിശുദ്ധീകരിക്കപ്പെടുന്നു (എബ്രാ.10:10,14, കൊലൊ.1:21,22).

(5) പരിശുദ്ധനും, നീതിമാനുമായവനെ നിങ്ങൾ തള്ളിക്കളഞ്ഞു (അപ്പൊ.3:14).

(6) പരിശുദ്ധദാസനായ യേശുവിന്റെ നാമത്താൽ (അപ്പൊ.4:30).

(7) അവൻ നമുക്കു ദൈവത്തിങ്കൽനിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായിത്തീർന്നു. (1.കൊരി.1:30).

(8) പാപികളും ദോഷികളും ദൈവത്തിൽനിന്നു അകന്നവരുമായവരെ ദൈവം വിശുദ്ധവിളിയാൽ വിളിച്ചിരിക്കുന്നു (2.തിമൊ.1:9).

(9) യേശുവിന്റെ രക്തത്താൽ ശുദ്ധീകരണം ലഭിച്ചു(1.യോഹ.1:7).

യഹോവ മെക്കഡേഷ് — യഹോവ ശുദ്ധീകരിക്കുന്നവൻ. പരിശുദ്ധനായ ദൈവം തന്റെ സൃഷ്ടിയായ മനുഷ്യനും വിശുദ്ധനായിരിക്കുവാൻ ആഗ്രഹിക്കുന്നു. ദൈവം വിശുദ്ധൻ. പരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവ്. യേശുക്രിസ്തു പരിശുദ്ധൻ. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ വിശുദ്ധീകരണം ലഭിച്ചവർ ഈ ലോകജീവിതത്തിൽ വിശുദ്ധിയുള്ളവരായിരിക്കണം. വിശ്വാസികളുടെ ശരീരത്തെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിച്ചു ജീവിക്കുവാൻ പൗലോസ് പ്രോത്സാഹിപ്പിക്കുന്നു (റോമ.12:1,2).

= = = = = = = = = = // = = = = = = = = = =

# (7) യഹോവ ശലോം

## Jehovah Shalom = The Lord is Peace

## യഹോവ സമാധാനം

യഹോവയായ ദൈവത്തിന്റെ മറ്റൊരു നാമമാണ് യഹോവ ശലോം അഥവാ യഹോവ സമാധാനം (Jehovah Shalom = The Lord is Peace). സമാധാനം എന്നത് ദൈവത്തിന്റെ ഒരു സ്വഭാവസവിശേഷതയാണ്. മനുഷ്യരോടുള്ള ബന്ധത്തിൽ അവരുടെ സകലവിധമായ സമാധാനത്തിന്റെയും ഉറവിടം ദൈവമാണ്. യഹോവ ശലോം എന്ന നാമം ഗിദെയോൻ ആണ് ആദ്യമായി ഉരുവിടുന്നത്. **ന്യായാ.6:24** —*"ഗിദെയോൻ അവിടെ യഹോവെക്കു ഒരു യാഗപീഠം പണിതു. അതിന്നു യഹോവ ശലോം എന്നു പേരിട്ടു; അതു ഇന്നുവരെയും അബീയേസ്യർക്കുള്ള ഒഫ്രയിൽ ഉണ്ടു."*

യഹോവ ശലോം — യഹോവ സമാധാനത്തിന്റെ ദൈവം — എന്ന നാമത്തെപ്പറ്റി കൂടുതൽ മനസ്സിലാക്കുവാൻ ന്യായാധിപന്മാരുടെ പുസ്തകത്തിലേക്കും ഗിദെയോന്റെ ജീവിതത്തിലേക്കും നോക്കാം. യോശുവയുടെ നേതൃത്വത്തിൽ ദൈവജനം വാഗ്ദത്തനാടായ കനാനിൽ പ്രവേശിച്ചു. എന്നാൽ യോശുവയുടെ മരണശേഷം അനീതിയും അധർമ്മവും യിസ്രായേലിൽ നടമാടി. ജനം അനുസരണം കെട്ടവരായി ദൈവത്തോടു മത്സരിച്ചു. ദൈവീകപ്രമാണങ്ങളെ അവർ ഉപേക്ഷിച്ചു. എന്നു മാത്രമല്ല, അവർക്കു തോന്നിയതുപോലെ ജീവിക്കുകയും യഹോവയ്ക്കു അനിഷ്ടമായതു പ്രവർത്തിക്കുകയും ചെയ്തു. അതുകൊണ്ടു ദൈവം അവരെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചു. അവർ തങ്ങളുടെ കഷ്ടതയിൽ വീണ്ടും അനുതപിച്ച് ദൈവത്തിങ്കലേക്കു തിരിഞ്ഞു. ദൈവം അവരോടു കരുണ കാണിച്ചു. യിസ്രായേൽ ഗോത്രങ്ങളെ ശത്രുക്കളിൽ നിന്നു വിടുവിക്കുവാനും അവർക്കു ന്യായപാലനം ചെയ്യുവാനുമായി ദൈവം ന്യായാധിപന്മാരെന്ന ഒരു വിഭാഗത്തെ എഴുന്നേല്പിച്ചു. അവരിൽ ഒത്നിയേൽ, ഏഹൂദ്, ദബോരാ, ബാരാക്ക്, ഗിദെയോൻ, യിഫ്താഹ്, ശിംശോൻ എന്നിവർ ഉൾപ്പെടുന്നു. യിസ്രായേലിന്റെ ആറാമത്തെ ന്യായാധിപനായ ഗിദെയോൻ മനശ്ശെ ഗോത്രത്തിൽ യോവാശിന്റെ മകനായിരുന്നു. (ന്യായാ.6:11). ദബോരയുടെയും ബാരാക്കിന്റെയും കാലത്തു നാല്പതു വർഷം ദൈവജനം സമാധാനമായി ജീവിച്ചു (ന്യായാ.5:31). അതിനുശേഷം വീണ്ടും യഹോവയ്ക്കു അനിഷ്ടമായുള്ള പ്രവൃത്തികൾ ചെയ്തു. ഈ സമയത്തു മിദ്യാന്യരും അമാലേക്യരും കിഴക്കേ ദേശക്കാരും വന്നു അവരുടെ വിളവുകൾ നശിപ്പിക്കുകയും ദേശം കൊള്ളയടിക്കുകയും ചെയ്തു. ഏഴു സംവത്സരം മിദ്യാന്യർ യിസ്രായേലിനെ കൊള്ളയടിച്ചു (ന്യായാ.6.1). വീണ്ടും ജനം ദൈവത്തോടു നിലവിളിച്ചു. ദൈവം അവരുടെ നിലവിളി കേട്ടു. പ്രവാചകനെ അയച്ച് അവരുടെ പാപങ്ങളെ ഓർമ്മപ്പെടുത്തി (ന്യായാ.6:7-10). ശത്രുക്കളിൽനിന്നും യിസ്രായേൽജനത്തെ രക്ഷിക്കുവാനായി ദൈവം ഗിദെയോനെ തിരഞ്ഞെടുത്തു. ഗിദെയോൻ കോതമ്പു മിദ്യാന്യരുടെ കയ്യിൽ പെടാതിരിക്കേണ്ടതിന്നു മുന്തിരിച്ചക്കിന്നരികെ വെച്ചു മെതിക്കുകയായിരുന്നു. അപ്പോൾ ദൈവദൂതൻ ഗിദെയോനു പ്രത്യക്ഷനായി. മിദ്യാന്യരോടു യുദ്ധം ചെയ്യുവാൻ അവനോടു ആജ്ഞാപിച്ചു. *"നിന്റെ ഈ ബലത്തോടെ പോക; നീ യിസ്രായേലിനെ മിദ്യാന്യരുടെ കയ്യിൽ നിന്നും രക്ഷിക്കും; ഞാനല്ലയോ നിന്നെ അയെക്കുന്നത് എന്നു പറഞ്ഞു"* (ന്യായാ.6:14). യഹോവ നിന്നോടു കൂടെയുണ്ട് (ന്യായാ.6:12) എന്നു പറഞ്ഞു ധൈര്യപ്പെടുത്തിയെങ്കിലും ഗിദെയോൻ തന്നിലേക്കു തന്നെ നോക്കിയതിനാൽ ധൈര്യം വന്നില്ല. മിദ്യാന്യരെ ഗിദെയോൻ ഒരു ഒറ്റ മനുഷ്യനെപ്പോലെ തോല്പിക്കുമെന്നു ദൈവം അരുളിച്ചെയ്തു. അതു അവനു തീർത്തും വിശ്വസിക്കാൻ കഴിഞ്ഞില്ല. ഉറപ്പു ലഭിക്കുവാനായി താൻ കഴിക്കുന്ന യാഗം സ്വീകരിക്കുവാൻ അപേക്ഷിച്ചു. അങ്ങനെ ഒരു കോലാട്ടിൻകുട്ടിയേയും ഒരു പറ മാവു കൊണ്ടുണ്ടാക്കിയ പുളിപ്പില്ലാത്ത വടകളും ദൈവസന്നിധിയിൽ അർപ്പിച്ചു. കരുവേലകവൃക്ഷത്തിന്നടിയിൽ വെച്ചു ദൂതൻ പറഞ്ഞപ്രകാരം മാംസവും പുളിപ്പില്ലാത്ത വടകളും പാറമേൽ വെച്ച് ചാറ് അതിന്മേൽ ഒഴിച്ചു. ദൂതൻ തന്റെ കയ്യിലുണ്ടായിരുന്ന വടിയുടെ അഗ്രം കൊണ്ട് അവയെ തൊട്ടു. അപ്പോൾ പാറയിൽ നിന്നു തീ പുറപ്പെട്ടു അവയെ ദഹിപ്പിച്ചു. ദൈവദൂതൻ അപ്രത്യക്ഷ്യമായി. ഗിദെയോൻ അവിടെ യഹോവയ്ക്കു ഒരു യാഗപീഠം പണിതു. അതിനു യഹോവ ശലോം എന്നു പേരിട്ടു. യഹോവ സമാധാനം എന്ന് അതിന്നർത്ഥം.

സമാധാനത്തിന്റെ ദൈവമായ യഹോവയുടെ വിവിധ പ്രത്യേകതകൾ ഇവിടെ കാണുന്നു —

(1) യഹോവയായ ദൈവം പാപത്തെ വെറുക്കുന്നു. യഹോവെക്കു അനിഷ്ടമായതു ചെയ്യുന്നവരെ ശിക്ഷിക്കുന്നു (ന്യായാ.6:1-6).

(2)ദൈവത്തിങ്കലേക്കു തിരിഞ്ഞു കരുണെക്കായി അപേക്ഷിക്കുമ്പോൾ അവരെ സ്നേഹിക്കുകയും സകല ഭയങ്ങളിൽ നിന്നും വിടുവിക്കുകയും ചെയ്യുന്നു (ന്യായാ.6:7-18).

(3) ദൈവകരങ്ങളിൽ സമർപ്പിച്ച് ദൈവഹിതപ്രകാരം യാഗം അർപ്പിക്കുമ്പോൾ ദൈവം പ്രസാദിച്ച് സമാധാനം നൽകുന്നു (ന്യായാ.6: 19-22).

ദൈവപ്രസാദത്തിനും പാപക്ഷമെക്കുമായി മനുഷ്യർ കഴിച്ചുപോന്ന വഴിപാടുകളാണ് യാഗങ്ങൾ. ലേവ്യപുസ്തകത്തിൽ യാഗങ്ങൾക്കുള്ള പ്രമാണങ്ങൾ ദൈവം നൽകിയിട്ടുണ്ട്. അഞ്ചു തരത്തിലുള്ള യാഗങ്ങളിൽ സമാധാനയാഗവും (Peace Offering) ഉൾപ്പെടുന്നു. (1) ഹോമയാഗം (2) ഭോജനയാഗം (3) സമാധാനയാഗം (4) പാപയാഗം (5) അകൃത്യയാഗം.

സമാധാനയാഗം രക്തത്താലുള്ളതും സ്വമേധയായാഗവുമാണ്. ലേവ്യ.3-ലും 7:11-38 വരെയുള്ള ഭാഗങ്ങളിലും സമാധാനയാഗത്തെക്കുറിച്ചു വിവരിച്ചിരിക്കുന്നു. പാപം മൂലം ദൈവവുമായി കൂട്ടായ്മ നഷ്ടപ്പെട്ട മനുഷ്യന് ദൈവവുമായി നിരപ്പ് അഥവാ സമാധാനം സമാധാനയാഗത്തിലൂടെ ലഭിക്കുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തു ഒരിക്കലായി കഴിച്ച ശരീരയാഗത്താൽ മനുഷ്യന് ദൈവത്തോടു സമാധാനം ലഭിച്ചു. ഇന്നു മൃഗങ്ങളുടെ രക്തച്ചൊരിച്ചിലിലൂടെയുള്ള യാഗങ്ങൾ ആവശ്യമില്ല.

സമാധാനമില്ലാത്ത ലോകത്തിൽ യഹോവ ശലോം -- സമാധാനം ആയിരിക്കുന്നു.

യെശ.48:18 — *"അയ്യോ നീ എന്റെ കല്പനകളെ കേട്ടനുസരിച്ചെങ്കിൽ കൊള്ളായിരുന്നു! എന്നാൽ നിന്റെ സമാധാനം നദിപോലെയും നിന്റെ നീതി സമുദ്രത്തിലെ തിരപോലെയും ആകുമായിരുന്നു."*

യെശ.66:12 —*"യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾക്കു കുടിപ്പാൻവേണ്ടി ഞാൻ അവൾക്കു നദിപോലെ സമാധാനവും കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും."*

യേശുക്രിസ്തു സമാധാനത്തിന്റെ പ്രഭു (യെശ.9:6). പിതാവായ ദൈവത്തിൽ നിന്നകന്നു കൂട്ടായ്മ നഷ്ടപ്പെട്ട മനുഷ്യന് യേശുക്രിസ്തുവിന്റെ യാഗമരണത്താൽ നിരപ്പ് അഥവാ സമാധാനം ലഭിച്ചു. യേശുക്രിസ്തു സമാധാനത്തിന്റെ ഉറവിടം.

റോമ.5:1 — *"വിശ്വാസത്താൽ നീതീകരിക്കപ്പെട്ടിട്ട് നമ്മുടെ കർത്താവായ യേശുക്രിസ്തുമൂലം നമുക്കു ദൈവത്തോടു സമാധാനം ഉണ്ട്."*

റോമ. 5:10 — *''ശത്രുക്കളായിരിക്കുമ്പോൾ തന്നേ നമുക്കു അവന്റെ പുത്രന്റെ മരണത്താൽ ദൈവത്തോടു നിരപ്പു വന്നു."*

2.കൊരി.5:19 — *"ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചുപോന്നു."*

എഫെ.2:14-16 — *"അവൻ നമ്മുടെ സമാധാനം; അവൻ ഇരു പക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി വേർപാടിന്റെ നടുച്ചുവർ ഇടിച്ചുകളഞ്ഞതു സമാധാനം ഉണ്ടാക്കിക്കൊണ്ട് ......."*

യോഹ.14:27 --*"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു ..."*

യോഹ.16:33 — *"നിങ്ങൾക്കു എന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു ഇതു നിങ്ങളോടു സംസാരിച്ചിരിക്കുന്നു....."*

1.കൊരി.7:15 — *"...... സമാധാനത്തിൽ ജീവിപ്പാൻ ദൈവം നമ്മെ വിളിച്ചിരിക്കുന്നു."*

അപ്പോസ്തലനായ പൗലോസിന്റെ എഴുത്തുകളിൽ കൃപയും സമാധാനവും എന്ന രണ്ടു വാക്കുകൾ ആവർത്തിച്ചു അഭിവാദനമായി രേഖപ്പെടുത്തിയിരിക്കുന്നു. (1.കൊരി.1:3/2.കൊരി.1:2/ കൊലൊ.1.2/ 1.തെസ്സ.1:1/ 2.തെസ്സ.1:2/ 1.തിമൊ.1:2/ 2.തിമൊ1:2/ തീത്തൊ.1:4/ഫിലേ.3 )

ഗ്രീക്കുകാർ തമ്മിൽ കാണുമ്പോൾ charis (കൃപ = grace) എന്നും എബ്രായർ shalom (സമാധാനം = peace) എന്നും അഭിവാദനം ചെയ്യുന്നു. കൃപയും സമാധാനവും എന്നു പൗലോസിന്റെ എഴുത്തുകളിൽ കാണുന്നത് യഹൂദനേയും ജാതികളെയും ഒന്നായി കാണാൻ താൻ ആഗ്രഹിക്കുന്നു എന്നതു തന്നെ.

പൗലോസ് തന്റെ ലേഖനങ്ങൾ അവസാനിപ്പിക്കുമ്പോഴും സമാധാനത്തിന്റെ ദൈവം തന്റെ വായനക്കാരോടൊപ്പം ഇരിക്കുന്നതിന് ആശിർവദിക്കുന്നു. സമാധാനമില്ലാത്ത ലോകത്തിലാണ് വിശ്വാസികൾ ജീവിക്കുന്നത് എന്നു പൗലോസിനറിയാം. ആയതിനാൽ സമാധാനത്തിന്റെ ഉറവിടമായ ദൈവത്തിനു മാത്രമേ അവരെ സൂക്ഷിക്കുവാനും കരുതുവാനും ആശ്വസിപ്പിക്കുവാനും കഴിയൂ എന്നതിനാലാണ് സമാധാനത്തിന്റെ ദൈവത്തിൽ അവരെ ഭരമേല്പിക്കുന്നത് (റോമ.15:33/റോമ.16:20/ 2.കൊരി.13:11/ 1.തെസ്സ.5:23/ എബ്രാ.13:20/ /ഫിലി.4:9).

ശത്രുക്കളുടെ മുമ്പാകെ സമാധാനം നൽകുന്ന ദൈവത്തിന്, ദൈവീകവാഗ്ദത്തങ്ങൾക്ക് ഉറപ്പു ലഭിച്ച ഗിദെയോൻ ദൈവപ്രസാദത്തിനു പണിത യാഗപീഠത്തിനിട്ട പേരാണ് യഹോവ ശലോം. ഇന്ന്

ദൈവത്തോട് നിരപ്പ് അഥവാ സമാധാനമുള്ള സകലർക്കും ദൈവീകസമാധാനം അനുഭവിക്കുവാൻ സാധിക്കുന്നു. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ നീതീകരണം ലഭിച്ചവർക്കു ദൈവത്തോടു സമാധാനമുണ്ട് (റോമ.5:1). അവർക്കു ഒന്നിനെക്കുറിച്ചും നിരാശപ്പെടേണ്ട ആവശ്യമില്ല. എല്ലാ ആവശ്യങ്ങളും പ്രാർത്ഥനയാലും അപേക്ഷയാലും സ്തോത്രത്തോടെ ദൈവത്തോട് അറിയിക്കുമ്പോൾ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം വിശ്വാസികളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും (ഫിലി.4:6–7).

വേദപുസ്തകം ആരംഭിക്കുന്നതു ഏദെൻ തോട്ടത്തിൽ സമാധാനത്തോടെയും വെളിപ്പാടു പുസ്തകത്തിൽ അവസാനിക്കുന്നതു നിത്യതയിൽ നിത്യസമാധാനത്തോടെയുമാണ്. ഭൂമിയിൽ ഏദെൻതോട്ടത്തിൽ സമാധാനം തകർക്കപ്പെട്ടുവെങ്കിലും കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ മനുഷ്യവർഗ്ഗത്തിനു സമാധാനം ലഭിച്ചു. കർത്താവിന്റെ വരവിനെ സ്വർഗ്ഗീയസൈന്യത്തിന്റെ ദൂതന്മാർ അറിയിച്ചതു *"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം"* (ലൂക്കൊ.2:14) എന്നാണ്. ഇരുട്ടിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശം നൽകി അവരുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആർദ്രകരുണയാൽ ഉയരത്തിൽനിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു (ലൂക്കൊ.1:78). നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെമേൽ ആയി (യെശ.53:5).

മത്താ.5:9 —*"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും."*

പഴയനിയമത്തിലും പുതിയനിയമത്തിലും സമാധാനത്തിന്റെ ദൈവത്തെ കാണാം (ലേവ്യ.26:6/ 1.രാജാ.2:33/ സങ്കീ.29:11/ യെഹെ.34:25/ എഫെ.2:13,14)

ആത്മാവിന്റെ ഏറ്റവും മനോഹരമായ ഫലമാണ് സമാധാനം (ഗലാ.5:22). പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ആളത്വങ്ങളിലും സമാധാനം നിറഞ്ഞു നില്ക്കുന്നു — യഹോവ ശലോം —

> ദൈവം സമാധാനത്തിന്റെ ദൈവം

> യേശുക്രിസ്തു സമാധാനത്തിന്റെ പ്രഭു

> പരിശുദ്ധാത്മാവു സമാധാനത്തിന്റെ ആത്മാവ്

സമാധാനത്തിന്റെ ദൈവം സമാധാനമില്ലാത്ത ലോകത്തിൽ സമാധാനം നൽകുവാൻ സമാധാനപ്രഭുവായ യേശുക്രിസ്തുവിനെ അയച്ചു. യേശുക്രിസ്തുവിൽ പാപികൾക്ക് അഥവാ സമാധാനമില്ലാത്തവർക്കു ദൈവവുമായി നിരപ്പു (സമാധാനം) കൈവശമാക്കുവാൻ സാധിക്കുന്നു. സമാധാനപ്രഭുവായ യേശുക്രിസ്തു നിരപ്പിന്റെ ശുശ്രൂഷ ഒരുക്കിയിട്ട് സമാധാനത്തിന്റെ ആത്മാവിനെ ലോകത്തിലേക്കു അയച്ചു. പരിശുദ്ധാത്മസഹായത്താൽ ദൈവമക്കൾ സമാധാനം അനുഭവിച്ചു സമാധാനം എന്ന ഫലം പുറപ്പെടുവിക്കുന്നു.

എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കയുമരുതു. *"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു"* (യോഹ. 14:27). നമ്മുടെ കർത്താവു നമുക്കു തന്ന വാഗ്ദത്തമാണിത്. സമാധാനമെന്നാൽ യുദ്ധമില്ലാത്ത അവസ്ഥ. ലോകരെ സംബന്ധിച്ചിടത്തോളം സമാധാനമെന്നാൽ ശത്രുക്കളില്ലാത്ത, ദുഃഖമില്ലാത്ത, ഉപദ്രവമില്ലാത്ത, രോഗമില്ലാത്ത, പ്രയാസമില്ലാത്ത അവസ്ഥ. വിശ്വാസിയെ സംബന്ധിച്ച് ഹൃദയാന്തർഭാഗത്തെ അഥവാ ആത്മീയ മനുഷ്യന്റെ സമാധാനമാണിത്. മരണനിഴൽ താഴ്വരയിൽ കൂടി കടക്കുമ്പോൾ, രോഗത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ ആയിരിക്കുമ്പോൾ, വേദനയാൽ കണ്ണുകൾ നിറയുമ്പോൾ എന്നിങ്ങനെ ഏതു പ്രതികൂലതകൾ നേരിട്ടാലും ദൈവത്തിൽ ശരണപ്പെട്ട വിശ്വാസിക്ക് അതൊന്നും സാരമില്ലെന്ന മനോഭാവമാണ് ദൈവീക സമാധാനം.

*"ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട്; എങ്കിലും ധൈര്യപ്പെടുവിൻ; ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു"* (യോഹ.16:33). *"ദൈവരാജ്യം ഭക്ഷണവും പാനീയവുമല്ല, നീതിയും സമാധാനവും പരിശുദ്ധാത്മാവിൽ സന്തോഷവും അത്രേ"*(റോമ.14:17). ഈ വാഗ്ദത്തങ്ങൾ മുറുകെ പിടിക്കുന്നവർക്കു കഷ്ടതയിലും പാടുവാൻ സാധിക്കുന്നു. ഉയിർത്തെഴുന്നേറ്റ യേശുകർത്താവു തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനായതു നിങ്ങൾക്കു സമാധാനം എന്നു പറഞ്ഞാണ് (ലൂക്കൊ.24:36/യോഹ.20:19).

= = = = = = = = = = // = = = = = = = = = =

# (8) യഹോവ സിദ്ക്കെനു

## Jehovah-Tsidkenu = Jehovah our Righteousness

## യഹോവ നമ്മുടെ നീതി

യഹോവയായ ദൈവത്തിന്റെ മറ്റൊരു നാമമാണ് **യഹോവ സിദ്ക്കെനു** — യഹോവ നമ്മുടെ നീതി (Jehovah our Righteousness/ The Lord who is Righteousness). യിരെമ്യാപ്രവചനത്തിലാണ് **യഹോവ സിദ്ക്കെനു** — യഹോവ നമ്മുടെ നീതി — എന്ന നാമം കാണുന്നത് (യിരെ.23:5,6; യിരെ.33:16).

**യിരെ.23:5,6** — *"ഞാൻ ദാവീദിന്നു നീതിയുള്ളോരു മുളയായവനെ ഉത്ഭവിപ്പിക്കുന്ന കാലം വരും; അവൻ രാജാവായി വാണു ബുദ്ധിയോടെ പ്രവർത്തിച്ചു ദേശത്തു നീതിയും ന്യായവും നടത്തും. അവന്റെ കാലത്തു യെഹൂദാ രക്ഷിക്കപ്പെടും; യിസ്രായേൽ നിർഭയമായി വസിക്കും; അവന്നു* യഹോവ നമ്മുടെ നീതി എന്നു പേർ *പറയും എന്നു യഹോവയുടെ അരുളപ്പാട്."*

**യിരെ.33:16** — *"അന്നാളിൽ യെഹൂദാ രക്ഷിക്കപ്പെടും; യെരൂശലേം നിർഭയമായ് വസിക്കും; അതിന്നു* യഹോവ നമ്മുടെ നീതി എന്നു പേർ *പറയും."*

യിരെമ്യാവ് ദൈവത്തിന്റെ അരുളപ്പാട് അറിയിക്കുവാനായി വിളിക്കപ്പെടുന്നത് യെഹൂദാരാഷ്ട്രം നശിച്ചുകൊണ്ടിരിക്കുന്ന വേളയിലായിരുന്നു. ജനങ്ങൾ വിഗ്രഹാരാധനയിലേക്കും ദുഷ്ടതയിലേക്കും നീങ്ങുന്നതു കണ്ട പ്രവാചകൻ അവരെ ദൈവത്തിന്റെ ന്യായവിധി ഓർപ്പിച്ച് ദൈവത്തിങ്കലേക്കു മടങ്ങിവരുവാൻ ആഹ്വാനം ചെയ്യുന്നു. സ്രഷ്ടാവും, വീണ്ടെടുപ്പുകാരനും, സഹായിയും, വിജയത്തിന്റെ കൊടിയുമായ യഹോവയെ അവർ ഉപേക്ഷിച്ചു; ന്യായാധിപന്മാരുടെ ഭരണകാലത്തെന്നപോലെ കെട്ടഴിഞ്ഞവരായി ദൈവജനം ജീവിച്ചു. യെഹൂദയുടെ പാപം ഇരുമ്പെഴുത്താണി കൊണ്ടും വജ്രത്തിന്റെ മുനകൊണ്ടും എഴുതിവെച്ചിരിക്കുന്നു (യിരെ.17:1) എന്നു പ്രവാചകൻ അറിയിച്ചു. അവരുടെ പാപങ്ങൾ അവരുടെ നാശത്തിലേക്കു വഴി തെളിച്ചു. എന്നാൽ പില്ക്കാലത്ത് യെഹൂദാജനത്തിന്റെ യഥാസ്ഥാപനവും ദേശത്തിന്റെ പുനരുദ്ധാനവും ഉണ്ടാകുമെന്നും അതിനായി ആ നാളുകളിൽ ദാവീദിനു നീതിയുള്ളൊരു മുളയായവനെ മുളെപ്പിക്കും; അപ്പോൾ ദേശം നിർഭയമായിരിക്കും. അതിനു യഹോവ നമ്മുടെ നീതി (യഹോവ സിദ്ക്കനു) എന്നു പേർ പറയും എന്നു ദൈവം അവരെ അറിയിച്ചു (യിരെ.33:15-16).

നീതിപാതകളിൽ നടത്തുന്ന ദൈവത്തെക്കുറിച്ചു ദാവീദ് പറഞ്ഞിരിക്കുന്നത് നോക്കുക.

സങ്കീ.23:3 —*"എന്റെ പ്രാണനെ അവൻ തണുപ്പിക്കുന്നു; തിരുനാമം നിമിത്തം എന്നെ നീതിപാതകളിൽ നടത്തുന്നു."*

ദാവീദിന്റെ നീതിയുള്ള മുളയായ ക്രിസ്തുവിന്റെ ഒന്നാം വരവിൽ ദേശത്തു നീതിയുള്ള ഭരണം നടപ്പായില്ല. അവർ നീതിയായവനെ മുൾമുടി ധരിപ്പിച്ചു ക്രൂശിൽ തറച്ചു കൊന്നു. അന്നു യിസ്രായേൽ യഥാസ്ഥാനപ്പെടുകയോ യഹോവ നമ്മുടെ നീതി എന്നു യെഹൂദന്മാർ പറയുകയോ ചെയ്തില്ല (റോമ.10:3). യേശുക്രിസ്തുവിന്റെ ഇനിയുള്ള വരവിൽ നീതിയുള്ള ഭരണം ഉണ്ടാകും. ദൈവം തന്റെ ജനത്തിന്റെ അകൃത്യങ്ങൾ മോചിക്കുകയും ശുദ്ധീകരിക്കുകയും ചെയ്യും (യിരെ.33:8). അന്നാളിൽ ദേശത്തു ആനന്ദവും വയലുകളിൽ സമാധാനവും ഉണ്ടാകും (യിരെ.33:10-13). അന്നു നീതിയുള്ളൊരു രാജാവു ഭരണം നടത്തും. ഈ ഭരണം നീതിയുള്ളൊരു മുളയായ, യിശ്ശായിയുടെ കുറ്റിയിൽനിന്നു പൊട്ടിപ്പുറപ്പെട്ട യേശുക്രിസ്തു രാജാവായി ലോകത്തെ ഭരിക്കുമ്പോൾ ഉണ്ടാകും. അതു ശാശ്വത സമാധാനത്തിന്റെയും നീതിയുള്ള ഭരണത്തിന്റെയും നാളുകളായിരിക്കും.

ദാവീദിന്റെ സന്തതിയായി വരുന്ന നീതിയുള്ള മുളയായ ക്രിസ്തുവനെക്കുറിച്ചു പ്രവാചകന്മാർ അറിയിച്ചത് പില്ക്കാലത്ത് നാലു സുവിശേഷങ്ങളിൽ വെളിപ്പെട്ടു കിട്ടി.

(1) യെശ.11:2 — യിശ്ശായിയുടെ കുറ്റിയിൽ നിന്നുള്ള മുള — രാജത്വം
(മത്തായി — രാജാവായി)

(2) സെഖ.3:8 — ദാസനായ മുള — ദാസത്വം
(മർക്കൊസ് — ദാസനായി)

(3) സെഖ.6:12 — പുരുഷനായ മുള —മനുഷ്യത്വം
(ലൂക്കൊസ് — മനുഷ്യനായി)

(4) യെശ.4:2 — യഹോവയുടെ മുള — ദൈവത്വം
(യോഹന്നാൻ — ദൈവപുത്രനായി)

## യേശുക്രിസ്തു — യഹോവ സിദ്ക്കനു (യഹോവ നമ്മുടെ നീതി)

ദാവീദിന്റെ കുറ്റിയിൽ നിന്നു ഉത്ഭവിച്ച നീതിയുടെ മുള യേശുക്രിസ്തുവാണ്. നീതിയും ന്യായവും വക്രതയായി വെളിപ്പെടുന്ന ഈ ലോകത്തിൽ നീതികെട്ടവരായ മനുഷ്യരെ രക്ഷിക്കുവാൻ ഭൂമിയിലേക്കുവന്ന ദൈവം. നമ്മുടെ പാപങ്ങൾക്കും, അനീതിക്കും വേണ്ടി യേശുക്രിസ്തു കാൽവറിയിൽ കഴിച്ച ശരീരയാഗത്താൽ നാം നീതിമാന്മാരായിത്തീർന്നു. ഒരു കുറ്റവും ചെയ്യാത്ത കർത്താവിനെ ക്രൂശീകരണത്തിന് ഏൽപ്പിച്ചു. ക്രൂശിപ്പാനേല്പിച്ച ന്യായാധിപൻ പോലും വിധിയെഴുതി ഇവൻ നീതിമാൻ (മത്താ.27:24). ഈ നീതിമാനായ യേശുക്രിസ്തുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന തിരുവചന ഭാഗങ്ങൾ ശ്രദ്ധിക്കുക —

അപ്പൊ.3:14 — *"പരിശുദ്ധനും നീതിമാനുമായവനെ നിങ്ങൾ തള്ളിപ്പറഞ്ഞു.........."*

1.കൊരി.1:30 — *"അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരണവും വീണ്ടെടുപ്പുമായി തീർന്നു."*

2.കൊരി.5:21 —*"പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതി ആകേണ്ടതിന്നു, അവൻ നമുക്കു വേണ്ടി പാപം ആക്കി."*

എബ്രാ.1:8,9 — *"....... നിന്റെ രാജത്വത്തിന്റെ ചെങ്കോൽ നേരുള്ള ചെങ്കോൽ. നീ നീതിയെ ഇഷ്ടപ്പെടുകയും ദുഷ്ടതയെ ദ്വേഷിക്കയും ചെയ്തിരിക്കയാൽ........."*

1.പത്രൊ.3:18 —*"ക്രിസ്തുവും നമ്മെ ദൈവത്തോടു അടുപ്പിക്കേണ്ടതിന്നു നീതിമാനായി നീതികെട്ടവർക്കുവേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു......."*

യഹൂദയുടെ പാപം ഇരുമ്പാണി കൊണ്ടും വജ്രത്തിന്റെ മുനകൊണ്ടും അവരുടെ ഹൃദയത്തിന്റെ പലകയിലും അവരുടെ ബലിപീഠത്തിന്റെ കൊമ്പുകളിലും എഴുതപ്പെട്ടിരിക്കുന്നു (യിരെ.17:1). അവരുടെ പാപങ്ങൾ പരിപൂർണ്ണമായി കളയാൻ സാധ്യമല്ല എന്നാണിതർത്ഥമാക്കുന്നത്. ഇരുമ്പാണി കൊണ്ട് യാഗപീഠത്തിന്റെ കൊമ്പുകളിൽ ആഴത്തിൽ കുറിച്ചിരിക്കുന്നു. ലേവ്യായാഗ വ്യവസ്ഥപ്രകാരം പാപം ചെയ്ത ഒരുവൻ ഒരുമൃഗത്തെ യാഗമർപ്പിക്കുമ്പോൾ പുരോഹിതൻ യാഗമൃഗത്തിന്റെ രക്തം കുറച്ചെടുത്ത് ഹോമയാഗപീഠത്തിന്റെ കൊമ്പുകളിൽ പുരട്ടുന്നു (ലേവ്യ.4:25). അതായത് പാപം ചെയ്ത വ്യക്തിയുടെ ഹൃദയപലകയിലും (മനസ്സാക്ഷി) ബലിപീഠത്തിന്റെ കൊമ്പുകളിലും ആലേഖനം ചെയ്യപ്പെട്ട പാപങ്ങൾ യാഗമൃഗത്തിന്റെ രക്തം കൊണ്ടു മായിച്ചു കളയുന്നു. ഇവിടെ ആഴത്തിൽ എഴുതപ്പെട്ടതും ബലിപീഠത്തിന്റെ കൊമ്പുകളിൽ ഉള്ളതുമായ പാപക്കറ പരിപൂർണ്ണമായും ശാശ്വതമായും പരിഹരിക്കപ്പെടുന്നില്ല. എന്നാൽ ദൈവം ഒരുക്കി അയച്ച നീതിയുള്ള മുളയായ കർത്താവായ യേശുക്രിസ്തുവിന്റെ രക്തം സകലപാപവും പോക്കി പാപിയെ ശുദ്ധീകരിച്ചു നീതിയിലേക്കു നടത്തുന്നു (1.യോഹ.1:7).

യഹോവ സിദ്ക്കെനു--യഹോവ നമ്മുടെ നീതി — എന്നതു റോമാലേഖനത്തിൽ അപ്പോസ്തലനായ പൗലോസ് വിശദീകരിച്ചിരിക്കുന്നു. റോമാലേഖനത്തിന്റെ അടിസ്ഥാനവിഷയം വിശ്വാസത്താൽ നീതീകരണം (Justification by Faith) എന്നതാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് നീതീകരണം പ്രാപിക്കുവാൻ സാധിക്കുന്നു.

പുതിയനിയമത്തിൽ നീതി (righteousnss) പല വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു. പ്രധാനമായി മൂന്നെണ്ണമാണുള്ളത്.

(1) നീതി — ദൈവത്തിന്റെ ഒരു സ്വഭാവസവിശേഷത. ദൈവം എപ്പോഴും തന്റെ സ്വഭാവത്തിൽ സത്യവും നീതിയും പ്രദർശിപ്പിക്കുന്നു. ദൈവം നീതിമാൻ എന്നു പറയുമ്പോൾ അർത്ഥമാക്കുന്നത് ദൈവത്തിൽ ഒരു അനീതിയുമില്ല എന്നതാണ്.

(2) നീതി — നീതികെട്ട മനുഷ്യരെ നീതീകരിക്കുന്ന വ്യവസ്ഥ — ദൈവം നീതിമാൻ ആയിരിക്കുമ്പോൾതന്നെ നീതികെട്ടവരെ ശിക്ഷിക്കാതെ നീതീകരിക്കുന്ന നീതി. നിത്യമരണത്തിൽനിന്നു വിടുവിക്കുന്ന നീതി.

(3) നീതി — ദൈവം തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ ഒരുക്കിയിരിക്കുന്ന ദൈവനീതി. യേശുക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കു ലഭിക്കുന്ന ദൈവനീതി.

യേശുക്രിസ്തു നമുക്കുവേണ്ടി പാപം വഹിച്ചത് നമ്മെ നീതിമാന്മാരാക്കുവാനാണ്. യഹോവ സിദ്‌ക്കെനു — യഹോവ എന്റെ നീതി എന്നു പറയുമ്പോൾ നീതിപ്രവൃത്തികളിലൂടെ ലഭിക്കുന്ന നീതിയല്ല; പ്രത്യുതാ യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ സൗജന്യമായി ലഭിക്കുന്ന നീതിയാണ് (റോമ.3:24). പ്രവൃത്തികളാൽ ലഭിക്കുന്ന നീതി കറ പുരണ്ട തുണിപോലെയത്രേ (യെശ.64:6). എന്നാൽ വിശ്വാസത്താൽ നീതീകരണം ലഭിച്ചിട്ട് ദൈവമക്കളാകുവാനും തുടർന്നു നീതി പ്രവർത്തിക്കുവാനും കാരണമായിത്തീരുന്നു.

പരിശുദ്ധാത്മാവു — സിദ്‌ക്കെനു — (യഹോവ നമ്മുടെ നീതി) —

പിതാവായ ദൈവവും പുത്രനായ യേശുക്രിസ്തുവും എന്നപോലെ പരിശുദ്ധാത്മാവും നീതിയുടെ ഉറവിടമായിരിക്കുന്നു.

യോഹ.16:8 — "അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും."

= = = = = = = = = = // = = = = = = = = = =

# (9) യഹോവ രോഹി

## Jehovah-Rohi = The Lord our Shepherd

## യഹോവ നമ്മുടെ ഇടയൻ

സങ്കീർത്തനങ്ങളിൽ ദാവീദു ദൈവത്തെ സംബോധന ചെയ്യുന്ന മാധുര്യനാമമാണ് യഹോവ രോഹി. യഹോവ നമ്മുടെ ഇടയൻ എന്നർത്ഥം (The Lord our Shepherd / The Lord who shepherds). സങ്കീ.23:1 — *"യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല."* ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ സൂചിപ്പിക്കുന്ന നാമമാണ് യഹോവ രോഹി. ദൈവം ഇടയനും ദൈവത്തിന്റെ സൃഷ്ടിയായ മനുഷ്യൻ ആടുകളും.

22–ാം സങ്കീർത്തനം ക്രൂശിനെക്കുറിച്ചു (Cross) പറയുമ്പോൾ 24–ാം സങ്കീർത്തനം കിരീടത്തെ (Crown) കുറിച്ചു പറയുന്നു. കഷ്ടതയുടെയും നിന്ദയുടെയും അനുഭവമായ ക്രൂശിന്റെ പാതയിൽനിന്നും കിരീടധാരിയായ മഹത്വത്തിന്റെ രാജാവിനെക്കുറിച്ചു വർണ്ണിക്കുന്നതിനിടയിൽ 23–ാം സങ്കീർത്തനം നല്ലിടയനായ ദൈവത്തെ അവതരിപ്പിക്കുന്നു.

തന്റെ ആടുകൾക്കുവേണ്ടി ജീവൻ നൽകിയ നല്ല ഇടയനെ (The Good Shepherd who died for His flocks) 22–ാം സങ്കീർത്തനം വെളിപ്പെടുത്തുമ്പോൾ, 23–ാം സങ്കീർത്തനം തന്റെ ആടുകളെ പരിപാലിക്കുന്ന വലിയ ഇടയനെ പ്രദർശിപ്പിക്കുന്നു (The Great shepherd who keeps His flocks). 24–ാം സങ്കീർത്തനം തന്റെ ആടുകൾക്കായി വീണ്ടും വരുന്ന ഇടയശ്രേഷ്ഠനെക്കുറിച്ചു പറയുന്നു (The Chief Shepherd who is coming again for His flocks).

ജീവിതത്തിന്റെ വിവിധസാഹചര്യങ്ങളിൽ, ദൈവത്തിന്റെ പരിപാലനം, സംരക്ഷണം, വിശ്വസ്തത, സ്നേഹം എന്നിവ രുചിച്ചറിഞ്ഞ ഒരു വ്യക്തിയായിരുന്നു ദാവീദുരാജാവ്. ഇടയബാലനായി വനാന്തരങ്ങളിൽ ഏകനായി കഴിഞ്ഞപ്പോഴും, കവിണയും കല്ലുമായി മല്ലനായ ഗോല്യാത്തിനെ സമീപിച്ചപ്പോഴും, ശൗൽ രാജാവും സൈന്യവും ഒരു മൃഗത്തെ എന്നപോലെ തന്നെ വേട്ടയാടിയപ്പോഴും, കാടുകളിലും ഗുഹകളിലും പ്രാണരക്ഷാർത്ഥം ഓടി ഒളിച്ചു കഴിഞ്ഞപ്പോഴും ദാവീദു മുറുകെ പിടിച്ച അനുഭവമാണ് '*"യഹോവ എന്റെ ഇടയനാകുന്നു; എനിക്കു മുട്ടുണ്ടാകയില്ല."* എന്നത്. ഒരു ഇടയബാലനായ തന്നെ യിസ്രായേലിന്റെ രാജാവാകുവാൻ തിരഞ്ഞെടുത്തു അഭിഷേകം ചെയ്തത് തന്റെ യോഗ്യത കൊണ്ടല്ല മറിച്ച് താൻ ദൈവത്തിന്റെ കരത്തിൽ അനുസരണയുള്ള ഒരു ആട് എന്നപോലെ ആയതിനാൽ ദൈവം തന്നെ മാനിച്ചതാണെന്നു ദാവീദിനു നന്നായി അറിയാമായിരുന്നു.

യഹോവയായ ദൈവത്തിന്റെ നാമങ്ങളിൽ വെച്ച് അതിമഹത്തായ നാമമാണ് യഹോവ രോഹി — യഹോവ എന്റെ ഇടയൻ എന്നുള്ളത്. യഹോവ ദൈവജനത്തിന്റെ ഇടയൻ എന്നതിനുപരി ഓരോ വ്യക്തിയെ സംബന്ധിച്ചിടത്തോളവും എന്റെ ഇടയൻ എന്നു വ്യക്തിപരമായ സ്നേഹപ്രദർശനം കൂടിയാണ്. യഹോവ ഇടയനും ദൈവജനം തന്റെ ആടുകളുമാണ് (യെശ.40:11, സങ്കീ.80:1). തന്റെ ആട്ടിൻകൂട്ടത്തെ പേർ ചൊല്ലി വിളിക്കുന്നു; സുഭിക്ഷതയിലേക്കു നടത്തുന്നു; ക്ഷീണിച്ചതിനെ തോളിലേറ്റി നയിക്കുന്നു; ശത്രുവിൽനിന്നു രക്ഷിക്കുന്നു; സമാധാനവും സംതൃപ്തിയും നൽകുന്നു. കൂരിരുൾ അഥവാ മരണനിഴൽ താഴ്വരയിൽ കൂടി നടക്കേണ്ടി വരുമ്പോഴും ഭയപ്പെടേണ്ട ഞാൻ നിന്നോടുകൂടെയുണ്ട് എന്നു ആശ്വസിപ്പിച്ചുകൊണ്ട് ചേർന്നു നടക്കുന്ന നല്ലിടയനാണ് യഹോവ രോഹി. ഒരാളെ മാത്രമേ തനിക്കു കരുതുവാനുള്ളു എന്നു തോന്നത്തക്ക വിധത്തിലാണ് ഇടയനായ ദൈവം തന്റെ ഓരോ ആടിനെയും കരുതുന്നത്.

മനുഷ്യവർഗ്ഗത്തെ മുഴുവൻ ആടുകളായി ദൈവം കാണുന്നു; താൻ സകല ആടുകളുടെയും ഇടയനും. എന്നാൽ ഭൂരിപക്ഷം ആടുകളും ഈ ഇടയനെ അറിയാതെ വഴിതെറ്റി നടക്കുന്നു. വഴി തെറ്റിക്കുന്ന ഇടയന്മാർ മുഖാന്തരവും അവ നാശത്തിലേക്കു ചെന്നെത്തുന്നു. യിസ്രായേൽ ജനമായ ആട്ടിൻകൂട്ടത്തെ നോക്കി പ്രവാചകനിലൂടെ ദൈവം അരുളിച്ചെയ്യുന്നത് —

യിരെ.23:1 — *“എന്റെ മേച്ചൽ പുറത്തെ ആടുകളെ നശിപ്പിക്കയും ചിതറിക്കയും ചെയ്യുന്ന ഇട യന്മാർക്കു അയ്യോ കഷ്ടം.”*

യെഹെ.34:2 — *“..... തങ്ങളെത്തന്നേ മേയ്ക്കുന്ന യിസ്രായേലിന്റെ ഇടയന്മാർക്കു അയ്യോ കഷ്ടം! ആടുകളെ അല്ലയോ ഇടയന്മാർ മേയിക്കേണ്ടതു”*

യെഹെ.34:8 — *“എന്നാണ, ഇടയനില്ലായ്ക കൊണ്ടത്രേ എന്റെ ആടുകൾ കവർച്ചയായിപ്പോ കയും എന്റെ ആടുകൾ കാട്ടിലെ സകല മൃഗത്തിന്നും ഇരയായിത്തീരുകയും ചെയ്തതു എന്നു യഹോ വയായ കർത്താവിന്റെ അരുളപ്പാടു; എന്റെ ഇടയന്മാർ എന്റെ ആടുകളെ അന്വേഷിക്കാതെ തങ്ങളെ ത്തന്നെ മേയ്ക്കയും ആടുകളെ മേയിക്കാതിരിക്കുകയും ചെയ്കകൊണ്ടു, ...”*

യെഹെ.34:10 — *“...ഞാൻ ഇടയന്മാർക്കു വിരോധമായിരിക്കുന്നു...”*

യെഹെ.34:11 —*“...ഞാൻ തന്നെ എന്റെ ആടുകളെ തിരഞ്ഞു നോക്കും.”*

യെഹെ.34:16 — *“കാണാതെ പോയതിനെ ഞാൻ അന്വേഷിക്കയും ഓടിച്ചുകളഞ്ഞതിനെ തിരിച്ചു വരുത്തുകയും ഒടിഞ്ഞതിനെ മുറിവു കെട്ടുകയും ദീനം പിടിച്ചതിനെ ശക്തീകരിക്കുകയും ചെയ്യും.”*

യെഹെ.34:23 — *“അവയെ മേയ്ക്കേണ്ടതിന്നു ഞാൻ ഒരേ ഇടയനെ അവെക്കായി നിയമി ക്കും.......”*

## ആടിന്റെ പ്രത്യേകതകളും വിശ്വാസികളും —

(1) ആടു സാധു ജീവിയാണ്. ആരെയും ആക്രമിക്കാറില്ല. വിശ്വാസികൾ ദൈവത്തിന്റെ ആടു കളാകയാൽ കളങ്കമില്ലാതെ സ്നേഹിക്കുന്ന സ്വഭാവം ലഭിച്ച ആടുകളാണ്. സമാധാനത്തിലും ഐക്യ തയിലും ജീവിക്കുന്നു.

(2) ആടു ഒരു വളർത്തു മൃഗമാണ്. അതിന്റെ വാസം വനാന്തരങ്ങളിലല്ല. വിശ്വാസികളും ദൈവ ത്തിന്റെ ആടുകളാണ്. അവർ സഹവിശ്വാസികളുമായി കൂട്ടായ്മ പങ്കിടുന്നവരാണ്. വനാന്തരങ്ങളിലെ ക്രൂരജന്തുക്കളുടെ സ്വഭാവം അവർക്കില്ല. ലോകക്കാരോടപ്പമല്ല വിശ്വാസികളുടെയും വാസം.

(3) ആടിനു വഴി തെറ്റിപ്പോകുവാൻ വളരെ എളുപ്പമാണ്. വഴി തെറ്റിയാൽ സ്വയമായി തിരികെ വരാൻ പ്രയാസമാണ്. അതായതു അവയെ നയിക്കുവാൻ ഒരിടയൻ ആവശ്യമാണ്. വിശ്വാസികളും വഴിതെറ്റി നാശത്തിലേക്കും പിന്മാറ്റത്തിലേക്കും സഞ്ചരിക്കാം. അവരെയും തിരികെ കൊണ്ടു വരു വാൻ ഇടയൻ ആവശ്യം.

## യേശുക്രിസ്തു — യഹോവ റോഹി

പുതിയ നിയമത്തിൽ ആടുകളുടെ വലിയ ഇടയനായ യേശുക്രിസ്തു - യഹോവ റോഹി.

യോഹ.10:11— ഞാൻ നല്ല ഇടയൻ ആകുന്നു (I am the good shepherd)

ഭൂതം, വർത്തമാനം, ഭാവി കാലങ്ങളോടുള്ള ബന്ധത്തിൽ ഈ നല്ലിടയനായ യേശുക്രിസ്തു വിനെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ ശ്രദ്ധിക്കുക.

യോഹ.10:14 — ഞാൻ **നല്ല ഇടയൻ** —Good Shepherd (ഭൂതം)

വഴിതെറ്റി അലഞ്ഞ ആടുകളായ നമ്മെ സ്വന്ത ഭവനത്തിലേക്കു തിരികെ കൊണ്ടുവന്ന നല്ല ഇടയൻ — യേശുക്രിസ്തു. വിശ്വാസത്താൽ നാം നല്ലിടയന്റെ ആടുകളായിത്തീർന്നു.

എബ്രാ.13:20 — **വലിയ ഇടയൻ** — Great Shepherd (വർത്തമാനം)

ഓരോ ദിവസവും ആവശ്യമുള്ളതെല്ലാം ഈ വലിയ ഇടയൻ തരുന്നു. ഒരു കുറവുമില്ലാതെ പോറ്റിപ്പു ലർത്തുന്നു. (സങ്കീ.23) ഇതു വിശുദ്ധീകരണത്തിന്റെ നാളുകൾ ആയിരിക്കുന്നു.

1.പത്രോ.5:4 — **ഇടയ ശ്രേഷ്ഠൻ** — Chief Shepherd (ഭാവി)

നല്ല ഇടയനും വലിയ ഇടയനുമായ യേശുക്രിസ്തു ശ്രേഷ്ഠ ഇടയനായി വാനമേഘങ്ങളിൽ വരും. മഹത്വത്തിൽ നാമും ചേരും. അന്നു നമ്മെ ആദരിക്കുന്ന ദിനമായിരിക്കും.

യേശുക്രിസ്തുവിൽ രക്ഷ കണ്ടെത്തിയ ഏവരും ഈ നല്ലിടയന്റെ ആടുകളാണ്. കർത്താവും വിശ്വാസികളും, ഇടയനും ആടുകളും എന്ന ബന്ധത്തിൽ അനേകം കാര്യങ്ങൾ യോഹന്നാന്റെ സുവിശേഷം പത്താം അദ്ധ്യായത്തിൽ കാണുന്നു. (യോഹ.10:1-16)

ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു. തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു. അവൻ അവയ്ക്കു മുമ്പായി നടക്കുന്നു. ആടുകൾ അവന്റെ ശബ്ദം അറിഞ്ഞു അവനെ അനുഗമിക്കുന്നു.

ഞാൻ വാതിൽ ആകുന്നു (യോഹ.10:7,9); ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു (യോഹ.8 :12/യോഹ.9:5); ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു (യോഹ.14:6); ഞാൻ ജീവന്റെ അപ്പം ആകുന്നു (യോഹ.6:35,41); ഞാൻ ആകുന്നവൻ ഞാൻ ആകുന്നു (പുറ.3:14) എന്നറിയിച്ച ദൈവം പാപികളായ മനുഷ്യവർഗ്ഗത്തെ രക്ഷിക്കുവാൻ ലോകത്തിലേക്കു വന്നു. കാലസമ്പൂർണ്ണതയിൽ ന്യായപ്രമാണത്തിൻകീഴ് സ്ത്രീയുടെ സന്തതിയായി ജനിച്ചു. പിതാവായ ദൈവം അയച്ച ക്രിസ്തു സാക്ഷാൽ ഇടയനാണ്. എന്നാൽ ആട്ടിൻ തൊഴുത്തിൽ വാതിലിലൂടെ കടന്നു വരാത്ത കള്ള ഇടയന്മാരുമുണ്ട്. അവർ കവർച്ചക്കാരും, ആടുകളെ വഴിതെറ്റിക്കുന്നവരും, നശിപ്പിക്കുന്നവരും ആണ്. യേശുക്രിസ്തുവാകുന്ന നല്ല ഇടയനെ ഒരിക്കൽ അറിഞ്ഞവർ, രക്ഷിക്കപ്പെട്ടവർ ഈ ഇടയന്റെ അജഗണങ്ങളത്രേ. യേശുക്രിസ്തുവാകുന്ന ഇടയനെ അനുഗമിച്ചവർ അന്യ ഇടയന്മാരെ അനുഗമിക്കുന്നില്ല. നല്ല ഇടയൻ ആടുകളെ അറിയുന്നവനും ആടുകളാൽ അറിയപ്പെടുന്നവനുമാണ്. (യോഹ.10:14) ആടുകൾക്കു വേണ്ടി ജീവൻ കൊടുത്ത ഈ നല്ല ഇടയൻ സ്വന്ത രക്തത്താൽ മനുഷ്യവർഗ്ഗത്തിനു രക്ഷാമാർഗ്ഗമൊരുക്കി. ഈ ഇടയൻ ആടുകളെ സൂക്ഷിക്കുകയും കാണാതെ പോയതിനെ അന്വേഷിക്കുകയും ചെയ്യുന്ന ഇടയനാണ്. കൂട്ടം തെറ്റിയ ആടുകളെ തിരഞ്ഞുപിടിച്ചു ദുഷ്ടനായ സാത്താന്റെ കയ്യിൽ നിന്നു രക്ഷിക്കുവാൻ ഈ ഇടയനു മാത്രമേ കഴിയൂ.

വഴിതെറ്റി ലക്ഷ്യമില്ലാതെ ഉഴന്നു നടന്ന ആടുകളായ നമ്മെ രക്ഷിക്കാനായി യേശുക്രിസ്തുവാകുന്ന ഈ നല്ല ഇടയൻ തന്റെ ജീവനെ നമുക്കായി തന്നു (യോഹ.10:15). ഇന്നു നമുക്കു ആവശ്യമുള്ളതെല്ലാം തന്നു പോറ്റിപ്പുലർത്തി വിശുദ്ധിയുടെ പാതയിലേക്കു നയിക്കുന്നു ഈ വലിയ ഇടയൻ (എബ്രാ. 13:20). താമസംവിനാ നമ്മെ ചേർക്കുവാനായി വാനമേഘങ്ങളിൽ വരുന്ന ശ്രേഷ്ഠഇടയനാണവൻ (1.പത്രൊ.5:4).

## ഇടയന്റെ പരിപാലനങ്ങൾ —

**(1) പേർ ചൊല്ലി വിളിക്കുന്നു —** നാം ദൈവത്തെ അറിയാതിരുന്നിട്ടും നമ്മെ സ്നേഹിക്കുന്ന ദൈവം യഹോവ റോഹിയായ യേശു കർത്താവിലൂടെ നമുക്കു വാതിൽ തുറന്നു തന്നു. നമ്മെ ഓമനപ്പേർ ചൊല്ലി വിളിച്ചു.

യോഹ.10:3 — *"....ആടുകൾ അവന്റെ ശബ്ദം കേൾക്കുന്നു; തന്റെ ആടുകളെ അവൻ പേർ ചൊല്ലി വിളിച്ചു പുറത്തു കൊണ്ടുപോകുന്നു."*

**(2) നമ്മെ അറിയുന്നു —** ഇടയനും ആടുകളും അന്യോന്യം അറിയുന്ന ബന്ധമാണുള്ളതു.

യോഹ.10:14 — *"ഞാൻ നല്ല ഇടയൻ; പിതാവു എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെയ്യുന്നതുപോലെ ഞാൻ എനിക്കുള്ളവയെ അറികയും എനിക്കുള്ളവ എന്നെ അറികയും ചെയ്യുന്നു."*

*ഗലാ.4:9— "ഇപ്പോഴോ ദൈവത്തെ അറിഞ്ഞും വിശേഷാൽ ദൈവം നിങ്ങളെ അറിഞ്ഞുമിരിക്കെ....."*

**(3) തനിച്ചു പോകാതെ പരിപാലിക്കുന്നു—** ദൈവകരങ്ങൾക്കുള്ളിൽ സുരക്ഷിതരാണ്.

യോഹ.10:28— *"ഞാൻ അവെക്കു നിത്യജീവൻ കൊടുക്കുന്നു; അവ ഒരു നാളും നശിച്ചുപോകയില്ല; ആരും അവയെ എന്റെ കയ്യിൽ നിന്നു പിടിച്ചുപറിക്കയുമില്ല."*

**(4) കൂട്ടായ്മാബന്ധത്തിൽ നടത്തുന്നു, സൂക്ഷിക്കുന്നു —**

യോഹ.10:16 —*''ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകളും എനിക്കു ഉണ്ട്; അവയേയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻ കൂട്ടവും ഒരിടയനും ആകും."*

**(5) മേയ്ക്കുന്നു —**

യോഹ.10:9 — *"ഞാൻ വാതിൽ ആകുന്നു; എന്നിലൂടെ കടക്കുന്നവൻ രക്ഷപ്പെടും; അവൻ അകത്തു വരികയും പുറത്തു പോകയും മേച്ചൽ കണ്ടെത്തുകയും ചെയ്യും."*

**(6) നീതിപാതകളിൽ നടത്തുന്നു —**

സങ്കീ.23:3 — *"എന്നെ നീതിപാതകളിൽ നടത്തുന്നു."*

വിശ്വാസിയുടെ ജീവിതാനുഭവമാണ് 23-ാം സങ്കീർത്തനത്തിൽ ദാവീദു വർണ്ണിക്കുന്നത്. ജീവിതത്തിന്റെ ഓരോ ഘട്ടങ്ങളും ചിത്രീകരിച്ചിരിക്കുന്നു. പച്ചപ്പുൽപ്പുറത്തു നിന്നു ആരംഭിക്കുന്ന ജീവിതം കൂരിരുൾ /മരണനിഴൽ താഴ്‌വരയിലൂടെ യഹോവയുടെ ആലയത്തിൽ ചെന്നെത്തുന്നു. ശത്രുക്കൾ നിറഞ്ഞവഴിയിലും കഷ്ടതയിലും പ്രാണനെ തണുപ്പിക്കുന്ന, വിരുന്നൊരുക്കുന്ന, തലയെ എണ്ണ കൊണ്ട് അഭിഷേകം ചെയ്യുന്ന, നന്മയും കരുണയും പിന്തുടരുന്ന അനുഭവമാണ് യാത്രയിലുള്ളത്. എന്നാൽ ഈ ദീർഘയാത്രയിൽ ദൈവം നടത്തുന്നതു തന്റെ നീതിപാതകളിലൂടെയാണെന്ന പ്രത്യേകതയുണ്ട്.

**(7) കിടത്തുന്നു —**

"പച്ചയായ പുൽപ്പുറങ്ങളിൽ അവൻ എന്നെ കിടത്തുന്നു" (സങ്കീ.23:2). യഹോവ എന്റെ ഇടയനാകയാൽ എനിക്കു യാതൊന്നിനും മുട്ടുണ്ടാകയില്ല. അർത്ഥാൽ സുഭിക്ഷിതയുടെ അനുഭവം. *"ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു. ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ, എന്നെ നിർഭയം വസിക്കുമാറാക്കുന്നതു"* (സങ്കീ.4:7,8). യഹോവയുടെ ആടായ നമ്മെയും കിടത്തുന്നു. ഒരു ആടു കിടക്കണമെങ്കിൽ ഭയമില്ലാതിരിക്കണം; വിശപ്പുണ്ടായിരിക്കരുത്; വൃത്തിയുള്ള സ്ഥലമായിരിക്കണം. ഒന്നിനെക്കുറിച്ചും ചിന്തയില്ലാതിരിക്കുമ്പോൾ കിടക്കുകയും അയവിറക്കുകയും ചെയ്യും. യഹോവ റോഹിയായ നമ്മുടെ കർത്താവു തന്റെ ആടുകളായ നമ്മെയും സന്തോഷത്തോടെ വസിക്കുമാറാക്കുന്നു.

**(8) സൂക്ഷിക്കുന്നു —**

യിസ്രായേലിനെ ചിതറിച്ചവൻ, അവനെ കൂട്ടിച്ചേർത്തു ഒരിടയൻ തന്റെ കൂട്ടത്തെ കാക്കുന്നതുപോലെ അവരെ കാക്കും (യിരെ.31:10). ദൈവത്തിൽ നിന്നും അകന്നുപോയ തന്റെ ജനത്തെ കൂട്ടിച്ചേർത്തു സൂക്ഷിക്കുന്ന ഈ വലിയ ഇടയനു ഈ തൊഴുത്തിൽ ഉൾപ്പെടാത്ത നമ്മെയും പേർ ചൊല്ലി വിളിച്ചു ഈ കൂട്ടത്തിലേക്കു ചേർത്തു സൂക്ഷിക്കുവാൻ പ്രസാദമുണ്ടായി.

യിസ്രായേലിനെ മരുഭൂമിയിൽ കരുതിയ ദൈവം (ആവ.2:7), ഏലിയാവിനെ കരുതിയ ദൈവം (1.രാജാ.17:4,8,9), പ്രവാചകശിഷ്യന്റെ ഭാര്യയെ കരുതിയ ദൈവം (2.രാജാ.4:6), ശമര്യർക്കു ക്ഷാമകാലത്തു ഭക്ഷണം നൽകിയ ദൈവം (2.രാജാ.7:6-11), നമ്മെയും കരുതുന്നു (1.പത്രൊ.5:7). യേശുവിനെ പിന്തുടർന്ന ജനത്തിനു മരുഭൂമിയിൽ ആഹാരം നൽകി പോഷിപ്പിച്ചു (യോഹ.6:8-13). അപ്പൊസ്തലനായ പൗലൊസ് പറയുന്നത് — ഫിലി.4:19— *"എന്റെ ദൈവമോ നിങ്ങളുടെ ബുദ്ധിമുട്ട് ഒക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തുതരും."* ഈ നല്ലിടയനിൽ ആശ്രയം വെച്ചു തന്റെ വരവിനായി നമുക്കു കാത്തിരിക്കാം.

= = = = = = = = = = // = = = = = = = = = =

# (10) യഹോവ ശമ്മാ

## Jehovah-Shammah = Jehovah is There

## യഹോവ അവിടെ

യഹോവ ശമ്മാ എന്നപേരിനർത്ഥം യഹോവ അവിടെ (യഹോവ സന്നിഹിതൻ) എന്നാണ് (Jehovah - Shammah = Jehovah is There / The Lord is There / The Lord who is present / The Lord who grants His presence). യെഹെസ്കേൽ പ്രവചനത്തിലാണ് യഹോവ ശമ്മാ എന്ന പേര് കാണുന്നത്. യെഹെ.48:35 — *"അന്നുമുതൽ നഗരത്തിന്നു യഹോവ ശമ്മാ (യഹോവ അവിടെ) എന്നു പേരാകും."* യഹോവ- ശമ്മാ (യഹോവ അവിടെ/ യഹോവ നമ്മോടു കൂടെ) എന്നതു ദൈവം തന്റെ ജനത്തിന്റെ മദ്ധ്യേവസിക്കുന്ന സർവ്വസാന്നിദ്ധ്യത്തെ കുറിക്കുന്നു.

യിസ്രായേലിന്റെ ഉദ്ധാരണവും ദൈവാലയ പുനർനിർമ്മാണവുമടങ്ങിയ ദർശനങ്ങളാണ് യെഹെസ്കേൽപ്രവചനം 33 മുതൽ 48 വരെയുള്ള അദ്ധ്യായങ്ങളിൽ പരാമർശിച്ചിട്ടുള്ളത്. ഇതു ഭാവിയിൽ യിസ്രായേലിനു ലഭിക്കുന്ന ഉദ്ധാരണത്തെയാണ് കുറിക്കുന്നത്. അന്നു ദൈവം തന്റെ ജനത്തോടു കൂടെ നിത്യമായി വസിക്കും. ആ നഗരത്തിന്റെ പേര് യഹോവ ശമ്മാ (യഹോവ അവിടെ) എന്നായിരിക്കും എന്നു പ്രവാചകൻ പറയുന്നു.

ദൈവീകപ്രവചനങ്ങളോടെ ആരംഭിക്കുന്ന യെഹെസ്കേൽപ്രവചനം ദൈവസാന്നിദ്ധ്യത്തെ ഘോഷിച്ചുകൊണ്ട് അവസാനിക്കുന്നു. പുനരുദ്ധരിക്കപ്പെട്ട യിസ്രായേൽ ഗോത്രങ്ങൾക്കെല്ലാം അവകാശം തുല്യമായി വിഭാഗിച്ചു നൽകുന്നതായി 48-ാം അദ്ധ്യായത്തിൽ കാണുന്നു. ഉണങ്ങിയ അസ്ഥികളെപ്പോലെയിരിക്കുന്ന തങ്ങളുടെ തത്ക്കാല അവസ്ഥയിൽനിന്നു ദൈവം അവരെ വീണ്ടും കൂട്ടിച്ചേർക്കുകയും ഉള്ളിൽ ജീവശ്വാസം ഊതി പുനർജീവിപ്പിക്കുകയും ചെയ്യുമെന്നു പ്രവാചകനിലൂടെ അറിയിക്കുന്നു (യെഹെ.37). ഉദ്ധാരണം നൽകിയശേഷം ദൈവം അവരുടെ നടുവിൽ എന്നേക്കും വസിക്കും എന്നുള്ള ദർശനത്തോടെയാണ് യെഹെസ്കേലിന്റെ പ്രവചനം അവസാനിക്കുന്നത്.

ദൈവജനത്തിന്റെ പാപം മൂലം ജനങ്ങൾക്കിടയിൽനിന്നും ദൈവാലയത്തിൽനിന്നും ദൈവമഹത്വം അഥവാ ദൈവതേജസ്സും ദൈവസാന്നിദ്ധ്യവും അവരെ വിട്ടുപോയി (യെഹ.9:3, 10.4, 10.19, 11.23). നശിപ്പിക്കപ്പെട്ട ദൈവാലയത്തിന്റെ സ്ഥാനത്തു ഒരു പുതിയ ആലയം നിർമ്മിക്കുകയും അവരെ വിട്ടുപോയ ദൈവസാന്നിദ്ധ്യവും തേജസ്സും ദൈവാലയത്തിലേക്കു മടങ്ങിവരികയും ചെയ്യുന്നു (43.2). അതിന്റെ വരവിന്റെ മുഴക്കം പെരുവെള്ളത്തിന്റെ ഇരച്ചിൽ പോലെ ആയിരുന്നു. പത്മോസ് ദ്വീപിൽവെച്ചു യോഹന്നാൻ കേട്ട കർത്താവിന്റെ ശബ്ദവും പെരുവെള്ളത്തിന്റെ ഇരച്ചിൽപോലെ ആയിരുന്നു (വെളി.1:15).

സർവ്വജ്ഞാനിയായ ദൈവം സർവ്വവ്യാപിയുമാണ്. ദൈവത്തിന്റെ സർവ്വസാന്നിദ്ധ്യത്തെപ്പറ്റി ദാവീദും യോനാ പ്രവാചകനും ഇപ്രകാരം പറയുന്നു.

സങ്കീ.23:4,6 — *"..... നീ എന്നോടു കൂടെ ഇരിക്കുന്നുവല്ലോ ...... ഞാൻ യഹോവയുടെ ആലയത്തിൽ ദീർഘകാലം വസിക്കും."*

സങ്കീ.139.6-10 — *"ഈ പരിജ്ഞാനം എനിക്കു അത്യത്ഭുതമാകുന്നു. അതു എനിക്കു ഗ്രഹിച്ചുകൂടാതവണ്ണം ഉന്നതമായിരിക്കുന്നു. നിന്റെ ആത്മാവിനെ ഒളിച്ചു ഞാൻ എവിടേക്കു പോകും. തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു ഓടും? ഞാൻ സ്വർഗ്ഗത്തിൽ കയറിയാൽ നീ അവിടെയുണ്ട്. പാതാളത്തിൽ എന്റെ കിടക്ക വിരിച്ചാൽ നീ അവിടെ ഉണ്ട്. ഞാൻ ഉഷസ്സിൻ ചിറകു ധരിച്ചു സമുദ്രത്തിന്റെ അറ്റത്തു ചെന്നു പാർത്താൽ അവിടെയും നിന്റെ കൈ എന്നെ നടത്തും; നിന്റെ വലങ്കൈ എന്നെ പിടിക്കും."*

യോനാ.2.2 —*"ഞാൻ എന്റെ കഷ്ടത നിമിത്തം യഹോവയോടു നിലവിളിച്ചു; അവൻ എനിക്കു ഉത്തരം അരുളി; ഞാൻ പാതാളത്തിന്റെ വയറ്റിൽ നിന്നും അയ്യം വിളിച്ചു, നീ എന്റെ നിലവിളി കേട്ടു."*

സർവ്വശക്തനായ ദൈവം എന്ന നിലയിൽ ദൈവത്തിനു തന്നിൽ തന്നെ ഉള്ളതും തനിക്കു മാത്രം നിക്ഷിപ്തവുമായ മികവുറ്റ സ്വഭാവസവിശേഷതകളിൽ ഒന്നാണ് ദൈവം സർവ്വവ്യാപി (God is Omnipresent) എന്നത്. സർവ്വവ്യാപിയായ ദൈവത്തിന്റെ സർവ്വസാന്നിദ്ധ്യംവഴി തന്റെ സൃഷ്ടികളോടു സദാ സമ്പർക്കം പുലർത്തുവാൻ ദൈവത്തിന്നു കഴിയുന്നു. സ്രഷ്ടാവായ ദൈവം തന്റെ സൃഷ്ടിയായ മനുഷ്യനോടൊപ്പം വസിക്കുവാൻ ആഗ്രഹിച്ചു. ആദാമിനോടും ഹവ്വായോടുമൊപ്പം ദൈവം സന്തോഷത്തോടെ വസിച്ചു. എന്നാൽ മനുഷ്യൻ പാപം ചെയ്തപ്പോൾ വിശുദ്ധനായ ദൈവത്തിനു അവരോടൊപ്പം വസിക്കുവാൻ കഴിയാതെയായി. അവരെ ഏദെനിൽനിന്നു പുറത്താക്കിയെങ്കിലും അവർക്കു ദൈവസംസർഗ്ഗത്തിലേക്കു തിരികെ വരുവാനുള്ളതൊക്കെ സംവിധാനം ചെയ്തു. ആദാമിനു ശേഷമുള്ള ഓരോ തലമുറയോടും കൂടെ ദൈവം വസിക്കുവാൻ ആഗ്രഹിച്ചു. എന്നാൽ പലപ്പോഴും പാപത്തിന്റെ സാന്നിദ്ധ്യത്തിൽ ദൈവത്തിനു അവരോടൊപ്പം വസിക്കുവാൻ കഴിഞ്ഞില്ല. എങ്കിലും തന്റെ ജനത്തെ പോറ്റിപ്പുലർത്തി, പരിപാലിച്ചു, വഴിനടത്തി. വിശ്വാസവീരന്മാരായ അനേകം ദൈവദാസന്മാരോടൊപ്പം ദൈവം വസിച്ചു. അവരും ദൈവീകസാന്നിദ്ധ്യത്തിന്റെ മറവിൽ സന്തോഷത്തോടെ വസിച്ചു.

പാപം മനുഷ്യനെ ദൈവത്തിൽ നിന്നകറ്റുന്നു. പാപം ചെയ്തപ്പോൾ ദൈവം **ആദാമിനെയും ഹവ്വായെയും** ഏദനിൽനിന്നു പുറത്താക്കി (ഉല്പ.3:23). **കയീൻ** പാപം ചെയ്തു ദൈവസന്നിധിയിൽ നിന്നു ഓടിപ്പോയി. ഇവരോടൊപ്പമുള്ള ദൈവസാന്നിദ്ധ്യത്തിനു ബന്ധമറ്റപ്പോൾ മറ്റനേകർ ദൈവസാന്നിദ്ധ്യം അനുഭവിച്ചു ദൈവത്തോടൊപ്പം കഴിഞ്ഞതായി തിരുവചനത്തിൽ കാണുന്നു.

**ഹാനോക്ക്** മുന്നൂറു സംവത്സരം ദൈവത്തോടു കൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി (ഉല്പ.5:24).

**നോഹ** വഷളത്വം നിറഞ്ഞ ലോകത്തിൽ ദൈവത്തോടു കൂടെ നടന്നു (ഉല്പ.6:7).

**അബ്രഹാം** തന്റെ ജീവിതത്തിലുടനീളം ദൈവീകസാന്നിദ്ധ്യം അനുഭവിച്ചിരുന്നു (ഉല്പ.12)

**ഹാഗാർ** ദൈവസന്നിധിയിൽനിന്നു ഓടിപ്പോകുന്നു. എന്നാൽ മരുഭൂമിയിൽ കഷ്ടതയുടെ നടുവിൽ ദൈവസാന്നിദ്ധ്യം അവൾക്കനുഭവപ്പെടുന്നു. ദൈവം അവളെയും അവളുടെ സന്തതിയേയും അനുഗ്രഹിക്കുന്നു (ഉല്പ.16:8-10). എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ എന്നു പറഞ്ഞു, തന്നോടു അരുളിച്ചെയ്ത യഹോവയ്ക്കു: ഹാഗാർ ദൈവമേ നീ എന്നെ കാണുന്നു (ബേർ-ലഹയീ-രോയീ) എന്നു പേർ വിളിച്ചു (ഉല്പ.16.13).

**യിസ്സഹാക്കി**ന്റെ ജീവിതത്തിലും ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നു. യാഗപീഠത്തിൽ കെട്ടപ്പട്ടവനായി മരണത്തെ മുഖാമുഖം കണ്ട നിമിഷത്തിൽ മാത്രമല്ല ജീവിതത്തിലുടനീളം യഹോവ യിസ്ഹാക്കിനോടു കൂടെയുണ്ടായിരുന്നു.

**യാക്കോബ്** - ദൈവം യാക്കോബിനോടു കൂടെയുണ്ടായിരുന്നു. ഇതാ ഞാൻ നിന്നോടു കൂടെയുണ്ട്; നീ പോകുന്നിടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും (ഉല്പ.28:15) എന്നു ദൈവം യാക്കോബിനു വാഗ്ദത്തം നല്കി.

**യോസേഫ്** — യഹോവ യോസേഫിനോടു കൂടെ ഇരുന്നു. അതുകൊണ്ട് അവൻ കൃതാർത്ഥനായി. യഹോവ യോസേഫിനോടു കൂടെ ഇരുന്നു എന്ന പ്രസ്താവന തിരുവചനത്തിൽ ആവർത്തിച്ചു രേഖപ്പെടുത്തിയിരിക്കുന്നു (ഉല്പ.39:2,21,23). യോസേഫിനെക്കുറിച്ചു ഫറവോന്റെ സാക്ഷ്യം — ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടുകിട്ടുമോ (ഉല്പ.41:38) എന്നായിരുന്നു.

**മോശെ** - ദൈവസാന്നിദ്ധ്യം മോശയോടൊപ്പം എപ്പോഴും ഉണ്ടായിരുന്നു. ദൈവസാന്നിദ്ധ്യം മോശെയോടുകൂടെ ഉണ്ടായിരുന്നതുകൊണ്ടാണ് മരണത്തിൽ നിന്നു വിടുവിക്കപ്പെട്ടു മൂന്നു മാസം ശിശുവായ മോശെയെ ഒളിച്ചു വെക്കാൻ സാധിച്ചതും ഫറവോന്റെ പുത്രിക്കു പുത്രനായി സ്വീകരിക്കുവാൻ കരുണ തോന്നിയതും (പുറ.2:2,6,10). തിരുസാന്നിദ്ധ്യം എന്നോടുകൂടെ പോരുന്നില്ല എങ്കിൽ ഞങ്ങളെ ഇവിടെ നിന്നും പുറപ്പെടുവിക്കരുതേ എന്നുള്ള മോശെയുടെ പ്രാർത്ഥന ശ്രദ്ധേയമാണ് (പുറ.33.15).

**യോശുവ**യോടും **കാലേബി**നോടും കൂടെ യഹോവയുടെ സാന്നിദ്ധ്യം ഉണ്ടായിരുന്നു. അതു കൊണ്ട് അവരുടെ പ്രവൃത്തികളെല്ലാം സഫലമായിത്തീർന്നു. സംഖ്യ.23.9 — ഇതാ തനിച്ചു പാർക്കു ന്നൊരു ജനം; ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല എന്ന പ്രസ്താവനയുടെ സാരംശം തന്നെ അവർ ദൈവത്തോടൊപ്പം വസിക്കുന്നവരെന്നാണ്.

**യിസ്രായേൽമക്കൾ** ദൈവത്തിന്റെ സർവ്വസാന്നിദ്ധ്യം അനുഭവിച്ചവരാണ്. അതിനെ തെളിയി ക്കുന്ന ഏതാനും വാക്യങ്ങൾ നോക്കുക —

ആവ.5:6 — *"അടിമവീടായ മിസ്രയീം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവമാകുന്നു."*

ആവ.8:4 — *"ഈ നാല്പതു സംവത്സരം നീ ധരിച്ച വസ്ത്രം ജീർണ്ണിച്ചുപോയില്ല; നിന്റെ കാൽ വീങ്ങിയതുമില്ല."*

ആവ.33:26,27— *"യെശൂരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു. പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശ്വാശ്വതഭുജങ്ങളുണ്ട്."*

യോശു.1:5 —*"നിന്റെ ജീവകാലത്തു ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരേ നിൽക്കയില്ല; ഞാൻ മോശെയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈ വിടു കയില്ല, ഉപേക്ഷിക്കയുമില്ല."*

### യേശുക്രിസ്തു യഹോവ-ശമ്മാ —

മാനവരാശിയുടെ പാപം നീക്കുവാൻ ദൈവപുത്രനായ ക്രിസ്തു ഭൂമിയിലേക്കു വന്നു. യെശയ്യാപ്രവാചകൻ പ്രവചിച്ചതുപോലെ ഇമ്മാനുവേൽ ആയി ജനിച്ച് ദൈവം ജഡത്തിൽ വസിച്ചു. അക്ഷരാർത്ഥത്തിൽ നമ്മോടൊപ്പം വസിച്ചു. കർത്താവിന്റെ ജനനവും മനുഷ്യരോടൊപ്പം വസിക്കു ന്നതും വഴിയായി തിരുസാന്നിദ്ധ്യം വെളിപ്പെടുത്തുന്ന വചനങ്ങൾ നോക്കുക —

യെശ.7.14 — *"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനൂവേൽ എന്നു പേർ വിളിക്കും."*

മത്താ.1.22 — *"കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും.അവന്നു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനൂവേൽ എന്നു പേർ വിളിക്കും."*

യോഹ.1.14 — *"വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇട യിൽ പാർത്തു."*

മനുഷ്യരോടൊപ്പം യേശുകർത്താവു വസിച്ചു; രോഗികൾക്കു സൗഖ്യം നൽകി; ഭൂതങ്ങളെ ശാസിച്ചു; സമാധാനമില്ലാത്തവർക്കു സമാധാനം നൽകി; ദു;ഖിതരുടെ കണ്ണുനീർ തുടച്ചു. യേശുക്രിസ്തു യഹോവ ശമ്മാ.

യോഹ.14.23 — *"എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും; എന്റെ പിതാവു അവനെ സ്നേഹിക്കും; ഞങ്ങൾ അവന്റെ അടുക്കൽവന്നു അവനോടുകൂടെ വാസം ചെയ്യും."*

യോഹ.15.5 — *"ഞാൻ മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ അവൻ വളരെ ഫലം കായ്ക്കും."*

നമ്മുടെ നിത്യജീവിതത്തിലെ ഏതവസ്ഥയിലും ഇമ്മാനുവേലായ കർത്താവു നമ്മെ കാക്കും; സാത്താന്റെ കയ്യിൽനിന്നു വിടുവിക്കും. തന്റെ സാന്നിദ്ധ്യം നമുക്കു അനുഭവിച്ചറിയുവാൻ സാധിക്കും.

ലൂക്കൊ.22:31,32 — *"ശിമോനേ, ശിമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ട തിന്നു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേ ക്ഷിച്ചു."*

എല്ലാ പ്രതീക്ഷകളും നഷ്ടപ്പെട്ടു ദുഖിതരായി നടന്നു യാത്ര ചെയ്യുന്ന ശിഷ്യന്മാരോടൊപ്പം എമ്മവുസ്സിലേക്കുള്ള യാത്രയിൽ തന്റെ സാന്നിദ്ധ്യം കൊണ്ട് അവരെ ശക്തരാക്കി ഉറപ്പിച്ചു.

ലൂക്കൊ.24.15 — *"സംസാരിച്ചും തർക്കിച്ചും കൊണ്ടിരിക്കുമ്പോൾ യേശു താനും അടുത്തുചെന്നു അവ രോടു ചേർന്നു നടന്നു."*

*ലൂക്കൊ.24.38 — "അവൻ അവരുടെ നടുവിൽ നിന്നു."*

തന്റെ ശിഷ്യന്മാർ കടൽത്തിരയിലും കൊടുങ്കാറ്റിലും അകപ്പെട്ടു ഭയപ്പെട്ടു നിലവിളിച്ച സമയം യഹോവ ശമ്മാ അവരുടെ രക്ഷക്കായി എത്തി (മത്താ.14.25-27).

മത്താ.18.20 –*"രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട്......"*

മത്താ.28.20 – *"ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്....."*

വെളി.21.3-5 – *" ...... ഇതാ മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടു കൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും......"*

വെളി.22.3-5– *"...... ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും; .... അവന്റെ ദാസന്മാർ അവനെ ആരാധിക്കും. അവർ അവന്റെ മുഖം കാണും; അവന്റെ നാമം അവരുടെ നെറ്റിയിൽ ഇരിക്കും."*

**പരിശുദ്ധാത്മാവ് യഹോവ-ശമ്മാ –**

ത്രിത്വത്തിൽ ഒന്നാമൻ പിതാവായ ദൈവം യഹോവ ശമ്മാ; രണ്ടാമൻ പുത്രനായ ദൈവം യഹോവ ശമ്മാ; മൂന്നാമൻ പരിശുദ്ധാത്മാവാം ദൈവം യഹോവ ശമ്മാ.

പഴയ നിയമത്തിൽ ദൈവം തന്റെ മക്കളുടെ മദ്ധ്യേ വസിച്ചു. പുതിയ നിയമത്തിൽ യേശു ക്രിസ്തു നമ്മോടു കൂടെ വസിച്ചു. ഇന്നു കൃപായുഗത്തിൽ പരിശുദ്ധാത്മാവു നമ്മിൽ വസിക്കുന്നു.

യോഹ.16.7,8 – *"......... ഞാൻ പോയാൽ അവനെ (കാര്യസ്ഥനെ) നിങ്ങളുടെ അടുക്കൽ അയെക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും."*

അപ്പൊ.1:8 –*"എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളം എന്റെ സാക്ഷികൾ ആകും എന്നു പറഞ്ഞു."*

അപ്പൊസ്തലന്മാരുടെ പ്രവൃത്തികളുടെ പുസ്തകം രണ്ടാം അദ്ധ്യായത്തിൽ **യഹോവ ശമ്മ ആയ പരിശുദ്ധാത്മാവു** ഭൂമിയിലേക്കു വരുന്നു. വിശ്വാസികളായ യഹൂദന്മാർക്കു പരിശുദ്ധാത്മാവു ലഭിക്കുന്നു. 8-ാം അദ്ധ്യായത്തിൽ ശമര്യർക്കും 10-ാം അദ്ധ്യായത്തിൽ ജാതികൾക്കും പരിശുദ്ധാത്മാവു ലഭിക്കുന്നതായി വായിക്കുന്നു. ഇന്നു യഹോവ ശമ്മയായ പരിശുദ്ധാത്മാവു യേശുക്രിസ്തുവിൽ വിശ്വസിച്ചു വീണ്ടും ജനനം പ്രാപിക്കുന്ന ഏതു വിശ്വാസിയിലും വസിക്കുന്നു. അതിനായി ഇന്നു കാത്തിരിക്കേണ്ട ആവശ്യമില്ല. കാരണം പരിശുദ്ധാത്മാവിലല്ലാതെ ആർക്കും പുതുതായി ജനിക്കുവാൻ സാദ്ധ്യമല്ല (യോഹ.3:5). പുതുജനനം പ്രാപിച്ച വിശ്വാസി ദൈവത്തിന്റെ സ്വന്തമായിത്തീരുന്നു. അന്നു മുതൽ യഹോവശമ്മയായ പരിശുദ്ധാത്മാവു അവന്റെ ഉള്ളിൽ വസിച്ച് അവനെ വിശുദ്ധിയിലേക്കും നീതിയിലേക്കും നടത്തി പരിപാലിക്കുന്നു.

യെശ.30.21 – *"നിങ്ങൾ വലത്തോട്ടോ ഇടത്തോട്ടോ തിരിയുമ്പോൾ: വഴി ഇതാകുന്നു, ഇതിൽ നടന്നുകൊൾവിൻ എന്നൊരു വാക്കു പിറകിൽ നിന്നു കേൾക്കും."*

യോഹ.3:5 – *"അതിന്നു യേശു: ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: വെള്ളത്താലും* (ദൈവവചനം = സുവിശേഷം) *ആത്മാവിനാലും* (പരിശുദ്ധാത്മാവ് > യഹോവശമ്മ) *ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴികയില്ല."*

യോഹ.14.26 – *" ..... പരിശുദ്ധാത്മാവു എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും."*

1.കൊരി.3.16 – *"നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുഎന്നും അറിയുന്നില്ലയോ?"*

1.കൊരി.6.19 – *"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം....."*

ദൈവം വിശുദ്ധനാണ്. ആകയാൽ വിശുദ്ധിയിൽ ജീവിക്കുന്ന വിശ്വാസിയിലാണു ദൈവം വസിക്കുന്നത്. ഇന്നു വിശ്വാസിയോടൊപ്പം ദൈവം സദാ സന്നിഹിതനാണ് – യഹോവ ശമ്മാ.

= = = = = = = = = = // = = = = = = = = = =

# (11) യഹോവ സേബായോത്ത്

### Jehovah- Tsebaoth = Jehovah of Hosts

## സൈന്യങ്ങളുടെ യഹോവ

സേബായോത്ത് (Tsebaoth / Sabaoth) എന്ന എബ്രായപദത്തിനർത്ഥം സൈന്യങ്ങൾ (Hosts / Armies) എന്നാണ്. യഹോവ സേബായോത്ത് എന്ന പേരിനർത്ഥം സൈന്യങ്ങളുടെ യഹോവ (Jehovah Tsebaoth = Jehovah of Hosts / The Lord of Hosts / The Lord of Armies / The Lord of Powers).

സൈന്യങ്ങളുടെ യഹോവ എന്ന പദം അനേക പ്രാവശ്യം ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. പ്രവചനപുസ്തകങ്ങളിലാണ് ഈ നാമം ഏറ്റവുമധികം ഉപയോഗിച്ചിരിക്കുന്നത് (1.ശമൂ.1:3/യെശ.3:1, 6:3, 10:23, 24:23, 28:5, 29:6, 54:5 /യിരെ.27:4, 28:2, 28:14, 29:8,25, 32:18, 47:25/ ഹഗ്ഗാ.1:2,5,7,9,14, 2:4,6,7,8,9,11,23/ സെഖ.4:6,9, 6:15, 7:2, 8:1,2,4,6,9,11,14,15/ മലാ.1:4,6,8,9,10,11,13,14, 2:2,4,8,12,16/ സങ്കീ.46:7, 59:5, 84:1,8, 89:8).

സർവ്വശക്തനായ ദൈവത്തിന്റെ പരമാധികാരത്തെക്കുറിക്കുന്ന (Sovereignity of God) പദമാണ് യഹോവ സേബായോത്ത് അഥവാ സൈന്യങ്ങളുടെ യഹോവ. സകല സൃഷ്ടികളിലും അധികാരമുള്ളവനും ഉന്നതനുമായ ദൈവം കർത്താധികർത്താവും രാജാധിരാജാവുമാണ്. യുദ്ധവീരനായ സൈന്യങ്ങളുടെ യഹോവ രാജാക്കന്മാരെ വാഴിക്കുകയും നീക്കുകയും ചെയ്യുന്നു. *"നിങ്ങളുടെ ദൈവമായ യഹോവ ദേവാധിദൈവവും കർത്താധികർത്താവുമായി വല്ലഭനും ഭയങ്കരനുമായ മഹാദൈവമല്ലോ; അവൻ മുഖം നോക്കുന്നില്ല പ്രതിഫലം വാങ്ങുന്നതുമില്ല"* (ആവ.10:17). സകല ശക്തിയും, അധികാരവും, വിജയവും സർവ്വശക്തനായ ദൈവത്തിൽ നിക്ഷിപ്തമായിരിക്കുന്നതിനെ വെളിപ്പെടുത്തുന്ന നാമമാണ് യഹോവ സേബായോത്ത് അഥവാ സൈന്യങ്ങളുടെ യഹോവ.

യഹോവ സേബായോത്ത് അഥവാ സൈന്യങ്ങളുടെ യഹോവ — ശത്രുക്കളുടെമേൽ ദൈവത്തിന്റെ ശക്തിയെ പ്രദർശിപ്പിക്കുന്ന നാമം ആയിരിക്കുമ്പോൾത്തന്നെ തന്നിൽ ആശ്രയിക്കുന്നവർക്കു ആശ്വാസവും സമാധാനവും നൽകുന്ന നാമവുമായിരിക്കുന്നു. ചില ഉദാഹരണങ്ങൾ പരിശോധിക്കാം —

**(1) ഹന്നാ —** ശീലോവിൽ യഹോവയുടെ സന്നിധിയിൽ തന്റെ സങ്കടങ്ങൾ ഇറക്കിവെച്ചു പ്രാർത്ഥിക്കുന്ന വേളയിൽ ഹന്നാ ദൈവത്തെ അഭിസംബോധന ചെയ്യുന്നതു സൈന്യങ്ങളുടെ യഹോവേ (യഹോവ സേബായോത്ത് ) എന്നാണ്.

1.ശമൂ.1:11 — *"അവൾ ഒരു നേർച്ച നേർന്നു; സൈന്യങ്ങളുടെ യഹോവേ, അടിയന്റെ സങ്കടം നോക്കി അടിയനെ ഓർക്കയും അടിയനെ മറക്കാതെ ഒരു പുരുഷസന്താനത്തെ നൽകയും ചെയ്താൽ അടിയൻ അവനെ അവന്റെ ജീവപര്യന്തം യഹോവെക്കു കൊടുക്കും...."* ഹന്നായുടെ സപത്നിയായ പെനിന്നാ മക്കളില്ലാത്ത കാരണത്താൽ ഹന്നായെ വളരെയധികം ദുഃഖിപ്പിച്ചിരുന്നു. അവളുടെ പ്രതിയോഗി (1.ശമൂ.1:6) എന്നാണ് പെനിന്നയെപ്പറ്റി തിരുവചനത്തിൽ പറഞ്ഞിരിക്കുന്നത്. ഹന്നായുടെ പ്രാർത്ഥനയും നിലവിളിയും യഹോവ കേട്ടു ഉത്തരം നല്കി. പ്രതിയോഗിയെ വായടപ്പിക്കുന്ന ദൈവമാണ് സൈന്യങ്ങളുടെ യഹോവേ (യഹോവ സേബായോത്ത്).

**(2) എൽക്കാന —** സൈന്യങ്ങളുടെ ദൈവമായ യഹോവയെ ആരാധിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു.

1.ശമൂ.1:3 — *"അവൻ ശീലോവിൽ സൈന്യങ്ങളുടെ യഹോവയെ നമസ്കരിപ്പാനും അവനു യാഗം കഴിപ്പാനും തന്റെ പട്ടണത്തിൽ നിന്നും ആണ്ടുതോറും ശീലോവിലേക്കു പോക പതിവായിരുന്നു."* വർഷാന്തരയാഗം കഴിപ്പാൻ ആണ്ടുതോറും എൽക്കാന ശീലോവിൽ പോകുന്നതു ദൈവത്തിന്റെ പെട്ടകം ശീലോവിൽ ഇരുന്നതുകൊണ്ടാണ്. ദാവീദിന്റെ കാലത്തു യഹോവയുടെ പെട്ടകം യെരൂശലേമിലേക്കു കൊണ്ടുപോകുന്നതുവരെ ശീലോവിലും ബാലേ-യഹൂദയിൽ അബീനാദാബിന്റെ വീട്ടിലും

ആണ് ഇരുന്നത് (1.ദിന.15:1, 16:1, 2.ശമു.6:2,17). എൽക്കാനയും ഹന്നായും സൈന്യങ്ങളുടെ യഹോവ യിൽ ആശ്രയിച്ചതുമൂലം അവർക്കു ഒരു മകൻ ജനിക്കുകയും അവനെ ദൈവത്തിനായി ഉടമ്പടിപ്ര കാരം സമർപ്പിക്കുകയും ചെയ്തു.

**(3) യാക്കോബ്** — സ്വർഗ്ഗീയസേനയുടെ ഒരു ദർശനം ഉല്പത്തി 32-ാം അദ്ധ്യായത്തിൽ കാണുന്നു. ഏശാവിനെ ചതിച്ച് വീടുവിട്ടു ഓടിപ്പോയ യാക്കോബ് വളരെ വർഷങ്ങൾക്കുശേഷം തിരികെ വരുന്നു. വഴിയിൽ ദൈവത്തിന്റെ ദൂതന്മാർ അവനെ എതിരേറ്റു വന്നു. *"യാക്കോബ് അവരെ കണ്ട പ്പോൾ: ഇതു ദൈവത്തിന്റെ സേന എന്നു പറഞ്ഞു ആ സ്ഥലത്തിനു മഹനയീം എന്നു പേർ ഇട്ടു"* (ഉല്പ.32:2). തന്റെ സഹോദരനായ ഏശാവ് പ്രതികാരം ചെയ്യുമോ എന്ന ഭീതി യാക്കോബിനെ അലട്ടി യപ്പോൾ തനിക്കു ദൈവത്തിന്റെ സംരക്ഷണം പ്രദർശിപ്പിക്കുവാൻ ആയിരിക്കാം ഇവിടെ ദൈവ ത്തിന്റെ സേന പ്രത്യക്ഷപ്പെട്ടത്.

**(4) ദൈവത്തിന്റെ സൈന്യം** — യുദ്ധവീരനായ യഹോവ സർവ്വസൈന്യാധിപനാണ്. പഴയനിയമത്തിൽ യിസ്രായേൽ ദൈവത്തിന്റെ സൈന്യത്തിന്റെ ഭാഗമാണ്. സകല ദൈവമക്കളും ദൈവത്തിന്റെ സേനയിലുൾപ്പെടുന്നു. കൂടാതെ സകലദൂതന്മാരും ദൈവത്തിന്റെ സർവ്വസൃഷ്ടികളും ദൈവസേനയുടെ ഭാഗങ്ങളാണ്. ദൈവത്തിന്റെ ആജ്ഞ അനുസരിക്കാൻ സദാ സന്നദ്ധരായി നിൽക്കു ന്നവരാണവർ. ദൈവത്തിന്റെ രഥങ്ങൾ ആയിരമായിരവും കോടികോടിയുമാകുന്നു (സങ്കീ.68:17). അവൻ കാറ്റുകളെ തന്റെ ദൂതൻമാരും അഗ്നിജ്വാലയെ തന്റെ ശുശ്രൂഷകന്മാരും ആക്കുന്നു (സങ്കീ.104:4).

നാം അധിവസിക്കുന്ന ഈ ഭൂമിലെ ഭരണചക്രത്തിൽ വായുസേന, കരസേന, നാവികസേന എന്നിങ്ങനെ വിവിധ സേനാവിഭാഗങ്ങൾ ഉള്ളതുപോലെ ദൈവത്തിന്റെ സൈന്യത്തിലും വിവിധ തരം സേനകളുണ്ട്. ഒരു സംസ്ഥാനത്തിൽ ക്രമസമാധാനനില വഷളാകുമ്പോൾ തങ്ങളുടെ സേനാവിഭാഗം ചിലപ്പോൾ മതിയാകാതെ വന്നേക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ അന്യസംസ്ഥാനങ്ങളിൽ നിന്നു സൈന്യത്തെ കൊണ്ടു വരാറുണ്ട്. എന്നാൽ ദൈവത്തിന് അതിന്റെ ആവശ്യമില്ല. കാരണം തന്റെ സേനയ്ക്കു പരിധിയില്ല. അസംഖ്യമായ സൈന്യബലമുള്ളവനാണ് യഹോവ സേബായോത്ത്.

സങ്കീ.103:20,21 —*"അവന്റെ വചനത്തിന്റെ ശബ്ദം കേട്ട് അവന്റെ വചനത്തിന്റെ ആജ്ഞ അനു സരിക്കുന്ന വീരന്മാരായി അവന്റെ ദൂതന്മാരായുള്ളോരേ .....അവന്റെ ഇഷ്ടം ചെയ്യുന്ന ശുശ്രൂഷക്കാ രായി അവന്റെ സകല സൈന്യങ്ങളുമായുള്ളോരേ ......"*

യോശു.24:12 -- *"ഞാൻ നിങ്ങളുടെ മുമ്പിൽ കടുന്നലിനെ അയച്ചു; അതു നിങ്ങളുടെ മുമ്പിൽനിന്നു അമോര്യരുടെ ആ രണ്ടു രാജാക്കന്മാരെ ഓടിച്ചുകളഞ്ഞു; നിന്റെ വാളു കൊണ്ടല്ല, നിന്റെ വില്ലുകൊണ്ടും അല്ല"*

ഫറവോന്റെ ഉരുക്കുമുഷ്ടിയിൽനിന്നു യിസ്രായേൽജനതയെ മോചിപ്പിക്കുവാൻ ദൈവം തന്റെ സേനയിലെ വിവിധസൃഷ്ടികളെ അയെക്കുന്നു. അതോടൊപ്പം സൈന്യങ്ങളുടെ ദൈവമായ യഹോവ തന്റെ ജനത്തെ സംരക്ഷിച്ചു പരിപാലിക്കുകയും ചെയ്യുന്നു —

(1) തവള — പുറ.8:2 (2) പേൻ — പുറ.8.:16 (3) നായീച്ച — പുറ.8:21 (4) വ്യാധി — പുറ.9:3 (5) കൽമഴ —പുറ.9:18 (6) വെട്ടുക്കിളി — പുറ.10:14 (7) കടൽ — പുറ.14:21,27

ഫറവോനിൽനിന്നു വിടുതൽ ലഭിച്ചു പ്രാണരക്ഷാർത്ഥം ഓടുന്ന യിസ്രായേൽ ജനതയുടെ അകമ്പടിയായി നടന്ന ദൈവദൂതൻ ഈ അവസരത്തിൽ അവരുടെ പിന്നിൽ നടക്കുന്നതായി കാണു ന്നു (പുറ.14:19). ജനത്തെ ശത്രുവിന്റെ ആക്രമണത്തിൽ നിന്നു രക്ഷിക്കാനായിരുന്നു ഇത്.

**(5) യോശുവ** — സൈന്യങ്ങളുടെ ദൈവമായ യഹോവ അനേക ശത്രുരാജ്യങ്ങളെ കീഴ ടക്കി ദൈവജനമായ യിസ്രായേലിനു യോശുവയിലൂടെ വിജയം നൽകുന്ന വിവരണമാണ് യോശുവ യുടെ പുസ്തകത്തിലെ പ്രതിപാദ്യവിഷയം. മോശെയുടെ മരണശേഷം ദൈവം യിസ്രായേലിനെ നയിക്കുവാൻ യോശുവയെ തിരഞ്ഞെടുത്തു ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുന്നു. കരകവി ഞ്ഞൊഴുകുന്ന യോർദ്ദാൻ കടന്നു വാഗ്ദത്തദേശം അവകാശമാക്കുവാൻ യുദ്ധം ചെയ്യണം (യോ ശു.3). മുന്നോട്ടുള്ള യാത്രയെക്കുറിച്ചു ചിന്തിച്ചു യോശുവ യെരിഹോവിനു സമീപത്തു ഇരിക്കുമ്പോൾ ഒരു ആൾ കയ്യിൽ വാൾ ഊരിപ്പിടിച്ചുകൊണ്ടു അവന്റെ നേരേ നിൽക്കുന്ന കാഴ്ചയാണ് കണ്ടത്. വന്ന യാൾ യോശുവയോട് ഞാൻ യഹോവയുടെ സൈന്യത്തിന്റെ അധിപതിയായി വന്നിരിക്കുന്നു എന്നു

പറഞ്ഞു (യോശു.5:13,14). ഇവിടെ യഹോവയുടെ സൈന്യത്തിന്റെ അധിപതി വന്നതു യോശുവയെ ധൈര്യപ്പെടുത്തുവാനായിരുന്നു എന്നു മനസ്സിലാക്കാം. യെരീഹോ പട്ടണം കീഴടക്കുവാൻ ആയുധങ്ങൾ ഒന്നും ഉപയോഗിച്ചില്ല. ആ നിലയ്ക്കു സൈന്യാധിപൻ വന്നു യോശുവയെ ധൈര്യപ്പെടുത്തുകയും യുദ്ധതന്ത്രങ്ങൾ നിർദ്ദേശിക്കുകയും ചെയ്തതായിരിക്കണം. യഹോവ വാൾ കൊണ്ടും കുന്തം കൊണ്ടുമല്ല രക്ഷിക്കുന്നത് (1.ശമൂ.17:47) എന്നതു ഈ യുദ്ധത്തിൽനിന്നു വെളിപ്പെടുന്നു.

**(6) ഏലീയാവ് —** പ്രതികൂലസാഹചര്യങ്ങളുടെ മദ്ധ്യത്തിൽ ഏകനായി നിന്നു യഹോവയ്ക്കുവേണ്ടി പൊരുതിയ പ്രവാചകനായിരുന്നു ഏലീയാവു. രാജാവും ജനങ്ങളും എല്ലാ വ്യവസ്ഥിതികളും തനിക്ക് എതിരായിരുന്നു. എന്നിട്ടും സൈന്യങ്ങളുടെ യഹോവയിൽ ഏലീയാവു ശരണപ്പെട്ടു. യോർദ്ദനു കിഴക്കുള്ള കെരീത്തുതോട്ടിന്നരികെ ഒളിച്ചിരിക്ക (1.രാജാ.17:3), എഴുന്നേറ്റു സീദോനോടു ചേർന്ന സാരെഫാത്തിലേക്കു പോക(1.രാജാ.17:9), ആഹാബിനെ നിന്നെത്തന്നെ കാണിക്ക (1.രാജാ.18:1) തുടങ്ങിയ ദൈവകല്പനകൾ അതേപടി അനുസരിച്ചു. തന്റെ മക്കൾക്കായി യുദ്ധം ചെയ്തു അവരെ രക്ഷിക്കുന്ന ദൈവത്തെ ഏലീയാവു വിളിക്കുന്ന നാമം സൈന്യങ്ങളുടെ യഹോവ (യഹോവ സേബായോത്ത്) എന്നാണ്.

1.രാജാ.18:15 — *"അതിന്നു ഏലീയാവു: ഞാൻ സേവിച്ചുനിൽക്കുന്ന സൈന്യങ്ങളുടെ യഹോവയാണ, ഞാൻ ഇന്നു അവന്നു എന്നെത്തന്നെ കാണിക്കും എന്നു പറഞ്ഞു."*

**(7) ദാവീദ് —** യിസ്രായേൽജനത്തെ വെല്ലുവിളിച്ച ഫെലിസ്ത്യമല്ലനായ ഗൊല്യാത്തിനെ സൈന്യങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തിലാണു ദാവീദു നേരിടുന്നത്.

1.ശമൂ.17:45 — *"ദാവീദു ഫെലിസ്ത്യനോടു പറഞ്ഞതു: നീ വാളും കുന്തവും വേലുമായി എന്റെ നേരേ വരുന്നു; ഞാനോ നീ നിന്ദിച്ചിട്ടുള്ള യിസ്രായേൽ നിരകളുടെ ദൈവമായ സൈന്യങ്ങളുടെ യഹോവയുടെ നാമത്തിൽ നിന്റെ നേരേ വരുന്നു."*

1.ശമൂ.17:47 —*"യഹോവ വാൾ കൊണ്ടും കുന്തം കൊണ്ടുമല്ല രക്ഷിക്കുന്നത് എന്നു ഈ സംഘമെല്ലാം അറിവാൻ ഇടവരും; യുദ്ധം യഹോവെക്കുള്ളത്; അവൻ നിങ്ങളെ ഞങ്ങളുടെ കയ്യിൽ ഏല്പിച്ചുതരും."*

**(8) സങ്കീർത്തനങ്ങളിൽ —** ദൈവത്തെ സൈന്യങ്ങളുടെ യഹോവ എന്നു വിശേഷിപ്പിച്ചിക്കുന്നു.

സങ്കീ.24:10— *"മഹത്വത്തിന്റെ രാജാവു ആർ? സൈന്യങ്ങളുടെ യഹോവ തന്നേ. അവനാകുന്നു മഹത്വത്തിന്റെ രാജാവു."*

സങ്കീ.46:7 — *"സൈന്യങ്ങളുടെ യഹോവ നമ്മോടുകൂടെ ഉണ്ടു; യാക്കോബിന്റെ ദൈവം നമ്മുടെ ദുർഗ്ഗം ആകുന്നു".*

കോരഹ്, ദാഥാൻ, അബീരാം, ഓൻ എന്നിവർ സഭാപ്രധാനികളും പ്രമാണികളുമായ ഇരുനൂറ്റമ്പതു ആൾക്കാരെയും കൂട്ടി മോശെയുടെയും അഹരോന്റെയും നേതൃത്വത്തിനെതിരായി കൂട്ടംകൂടി മത്സരിച്ചു (സംഖ്യ.16). അധികാരത്തിനും പൗരോഹിത്യപദവിക്കുമായി മത്സരിച്ച കോരഹ്, ദാഥാൻ, അബീരാം എന്നിവരെയും അവരുടെ ഭാര്യമാരെയും മക്കളെയും ഭൂമി വായ് പിളർന്നു വിഴുങ്ങിക്കളഞ്ഞു (സംഖ്യാ.16:32). കൂടാതെ അന്യധൂപം കാട്ടിയ 250 പേരെയും ദൈവാഗ്നിയാൽ ദഹിപ്പിച്ചു (സംഖ്യാ.16:35). എന്നാൽ കോരഹ് പുത്രന്മാർ മത്സരികളുടെ വശം നില്ക്കാഞ്ഞതിനാലാവാം അവർ രക്ഷപ്പെട്ടത്. ദയ ലഭിച്ചവരായ കോരഹ് പുത്രന്മാർ 84 -ാം സങ്കീർത്തനത്തിൽ ദൈവത്തെ സംബോധന ചെയ്യുന്ന നാമമാണ് സൈന്യങ്ങളുടെ യഹോവ അഥവാ യഹോവ സേബായോത്ത്.

*"സൈന്യങ്ങളുടെ യഹോവേ, തിരുനിവാസം എത്ര മനോഹരം! എന്റെ ഉള്ളം യഹോവയുടെ പ്രാകാരങ്ങളെ വാഞ്ഛിച്ചു മോഹിച്ചു പോകുന്നു; എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു ......... നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലോ; ദുഷ്ടന്മാരുടെ കൂടാരങ്ങളിൽ പാർക്കുന്നതിനേക്കാൾ എന്റെ ദൈവത്തിന്റെ ആലയത്തിൽ വാതിൽ കാവല്ക്കാരനായിരിക്കുന്നതു എനിക്കു ഏറെ ഇഷ്ടം. സൈന്യങ്ങളുടെ യഹോവേ, നിന്നിൽ ആശ്രയിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ"* (സങ്കീ.84:1,2,10,12).

**(9) മീഖായാവു —** ദൈവത്തെ ദർശിക്കുന്നതു നോക്കുക —

1.രാജാ.22:19 — *"അതിന്നു അവൻ പറഞ്ഞത്: എന്നാൽ നീ യഹോവയുടെ വചനം കേൾക്ക; യഹോവ തന്റെ സിംഹാസനത്തിൽ ഇരിക്കുന്നതും സ്വർഗ്ഗത്തിലെ സൈന്യം ഒക്കെയും അവന്റെ അടുക്കൽ വലത്തും ഇടത്തും നിൽക്കുന്നതും ഞാൻ കണ്ടു."*

**(10) എലീശാപ്രവാചകന്റെ ബാല്യക്കാരൻ —** യഹോവയുടെ സൈന്യത്തെ കാണുന്നതു:

2.രാജാ.6:17,18 —*"യഹോവ ബാല്യക്കാരന്റെ കണ്ണു തുറന്നു; എലീശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളുംകൊണ്ടു മല നിറഞ്ഞിരിക്കുന്നതു അവൻ കണ്ടു."*

**(11) യെശയ്യാപ്രവാചകന്റെ ദർശനം —**

യെശ.6:3 — *"ഒരുത്തനോടു ഒരുത്തൻ; സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ സർവ്വഭൂമിയും അവന്റെ മഹത്വംകൊണ്ടു നിറഞ്ഞിരിക്കുന്നു എന്നു ആർത്തു പറഞ്ഞു."*

**(12) പുതിയനിയമത്തിൽ —**

യേശുക്രിസ്തുവിന്റെ ജനനത്തിൽ സ്വർഗ്ഗീയസൈന്യത്തിന്റെ വിളംബരം ഉണ്ടായി.
ലൂക്കൊ.2:13,14 — *"പെട്ടെന്നു സ്വർഗ്ഗീയസൈന്യത്തിന്റെ ഒരു സംഘം ദൂതനോടു ചേർന്നു ദൈവത്തെ പുകഴ്ത്തി. അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം എന്നു പറഞ്ഞു."*

ദൈവത്തിന്റെ ദാസന്മാരായ പൗലോസിനെയും ശീലാസിനെയും ഇഹലോകാധിപതികൾ അപമാനിച്ചു, വളരെ അടിച്ചു, കാരാഗൃഹത്തിലടച്ചു. എന്നാൽ സൈനങ്ങളുടെ യഹോവ അവരെ വിടുവിക്കുവാൻ ഇറങ്ങിവന്നു. അപ്പൊ.16:26 — *"പെട്ടെന്നു വലിയോരു ഭൂകമ്പം ഉണ്ടായി, കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ ഒക്കെയും തുറന്നുപോയി, എല്ലാവരുടെയും ചങ്ങല അഴിഞ്ഞുവീണു."*

ലോകരാഷ്ട്രങ്ങൾക്കു കടൽ, കര, ആകാശ സൈന്യങ്ങൾ ഉള്ളതുപോലെ സർവ്വസൈന്യാധിപനായ ദൈവത്തിനു തന്റെ സൃഷ്ടിയിൽ ഉൾപ്പെടുന്നതെല്ലാം തന്റെ ആജ്ഞാനുവർത്തികളായ സൈന്യഗണത്തിൽ ഉൾപ്പെടുന്നു. ഒരു രാജ്യത്തിലെ സ്വാതന്ത്ര്യദിനത്തിൽ എല്ലാസേനാവിഭാഗങ്ങളും പങ്കെടുത്ത് പ്രധാനമന്ത്രിക്കോ, പ്രസിഡണ്ടിനോ, മന്ത്രിമാർക്കോ സല്യൂട്ട് ചെയ്തു ആദരിക്കുന്നതുപോലെ സങ്കീർത്തനം 148 -ൽ സകല സൃഷ്ടികളും സർവ്വസൈന്യാധിപനായ യഹോവെക്കു സ്തുതിസ്തോത്രങ്ങൾ അർപ്പിച്ചു നമസ്കരിക്കുന്നതായി കാണാം. ദൂതന്മാർ, സൂര്യചന്ദ്രനക്ഷത്രാദികൾ, സ്വർഗ്ഗാധിസ്വർഗ്ഗം, ആകാശത്തിനുമീതെയുള്ള വെള്ളം, ഭൂമിയിൽനിന്നു ആഴികൾ, തിമിംഗലം, തീയ്, കല്മഴ, ഹിമം, ആവി, കൊടുങ്കാറ്റ്, പർവ്വതങ്ങൾ, കുന്നുകൾ, ഫലവൃക്ഷങ്ങൾ, ദേവദാരുക്കൾ, മൃഗങ്ങൾ, കന്നുകാലികൾ, ഇഴജന്തുക്കൾ, പറവജാതികൾ, രാജാക്കന്മാർ, വംശങ്ങൾ, പ്രഭുക്കന്മാർ, ന്യായാധിപന്മാർ, യുവാക്കൾ, യുവതികൾ, വൃദ്ധന്മാർ, ബാലന്മാർ ഇവരൊക്കെയും സർവ്വസൈന്യാധിപന്റെ സൈന്യങ്ങളാണ്. അവരൊക്കെയും സൈന്യങ്ങളുടെ ദൈവമായ യഹോവയെ (യഹോവ സേബായോത്ത്) സ്തുതിക്കുന്നു.

= = = = = = = = = = // = = = = = = = = = =

# (12) യഹോവ ഹൊസ്സീനോ

### Jehovah- Hosseeno = Jehovah our Maker

## യഹോവ നമ്മുടെ സ്രഷ്ടാവ്

യഹോവ ഹൊസ്സീനോ (യഹോവ ഹോശേനു) എന്ന നാമത്തിനർത്ഥം യഹോവ നിർമ്മിച്ചവൻ / യഹോവ നമ്മുടെ സ്രഷ്ടാവ് എന്നാണ് (Jehovah Hosseeno / Jehovah Hossenu = Jehovah our Maker / The Lord our Creator). ദൈവത്തിനു തന്റെ സൃഷ്ടികളോടുള്ള ബന്ധത്തെ ഈ പേര് കുറിക്കുന്നു. ഏതൊരു ഭൗമീകസാധനവും ഒരാൾ നിർമ്മിക്കുന്നതുപോലെ മനുഷ്യനെയും ദൈവം നിർമ്മിച്ചതാണ്. സൃഷ്ടിയോടുള്ള ബന്ധത്തിൽ ആദ്യത്തെ അഞ്ചു ദിവസങ്ങൾ ദൈവം ഭൂമിയിൽ എല്ലാ ചരാചരങ്ങളെയും തന്റെ വാക്കാൽ സൃഷ്ടിച്ചു. ആറാം ദിവസം ദൈവത്തിന്റെ കരം മനുഷ്യനെ നിർമ്മിച്ചതായി തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മറ്റൊരു പ്രത്യേകത മനുഷ്യനെ ദൈവം തന്റെ സ്വരൂപത്തിൽ സൃഷ്ടിച്ചു എന്നതാണ്.

ഉല്പ.1:27 — *"ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു."*

ഉല്പ.2:7 — *"യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ട്, അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു."*

ഒരു വസ്തു നിർമ്മിക്കുമ്പോൾ അതിന്റെ എല്ലാ ഘടകങ്ങളും സൂക്ഷ്മമായി നിരീക്ഷിച്ചറിഞ്ഞു ചേരേണ്ടതുപോലെ അതിന്റേതായ സ്ഥാനങ്ങളിൽ ചേർത്ത് ഇണക്കുമ്പോഴാണ് നിർമ്മിച്ച വസ്തു പ്രയോജനമുള്ളതായിത്തീരുന്നത്. ഭയങ്കരവും അതിശയവുമായി ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നു. നമ്മുടെ ശരീരാവയവങ്ങൾ അതാതിന്റെ ധർമ്മം അനുസരിച്ചു അത്യത്ഭുതമായി ക്രമീകരിക്കപ്പെട്ടിരിക്കുന്നു. ഇന്നും വൈദ്യശാസ്ത്രം മനുഷ്യശരീരത്തിന്റെ പ്രവർത്തനങ്ങൾ കൂലങ്കുഷമായി പഠിച്ചുകൊണ്ടിരിക്കുന്നതേയുള്ളു. നമ്മുടെ ശരീരത്തിൽ ഏകദേശം 50 ലക്ഷം കോടി കോശങ്ങളുണ്ട്. ജീവന്റെ ആരംഭം ഒരു കോശ (cell) ത്തിൽ നിന്നാണ്. മനുഷ്യൻ ഒരു ഏകകോശമായിട്ടാണു ഗർഭപാത്രത്തിൽ ഉരുവാകുന്നത്. ഈ അതിസൂക്ഷ്മമായ കോശത്തിനു ഒരു ശരീരഘടന (Hardware) ഉണ്ട്. അതുപോലെതന്നെ ആ കോശത്തിൽ മനുഷ്യന്റെ Software അടങ്ങിയിരിക്കുന്നു. തന്റെ പിതാവിന്റെ സകലവിധമായ വിവരങ്ങളും (Informations) അതിൽ ഗുപ്തമായിരിക്കുന്നു. മുൻതലമുറയുടെ സ്വഭാവം, നിറം, ബുദ്ധി തുടങ്ങിയവ ഈ ഏകകോശത്തിൽ നിക്ഷിപ്തമായിരിക്കുന്നു. ലോകത്തിൽ വെച്ച് ഏറ്റവും സങ്കീർണ്ണമായ വസ്തു മനുഷ്യന്റെ തലച്ചോറാണ്. ഒരു fullstop ന്റെ വലിപ്പമുള്ള Zygote -ൽ തലച്ചോറുൾപ്പെടെയുള്ള മനുഷ്യശരീരത്തിന്റെ എല്ലാ അവയവങ്ങളും നിർമ്മിക്കുവാനുള്ള സംവിധാനങ്ങളുണ്ട്. ഈ പരിജ്ഞാനം അത്യത്ഭുതമാകുന്നു. നാം അധിവസിക്കുന്ന ഭൂമിക്കും പ്രപഞ്ചത്തിനും ജീവജാലങ്ങൾക്കും ഒരു സ്രഷ്ടാവുണ്ട്. ആ മഹോന്നതനാം ദൈവത്തിന്റെ സൃഷ്ടിയാണു നാം ഓരോരുത്തരും.

സങ്കീ.139:13,14 — *"നീയല്ലോ എന്റെ അന്തരംഗങ്ങളെ നിർമ്മിച്ചതു, എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു; നിന്റെ പ്രവൃത്തികൾ അത്ഭുകരമാകുന്നു; അതു എന്റെ ഉള്ളം നല്ലവണ്ണം അറിയുന്നു."*

സങ്കീ.74:16,17 — *"പകൽ നിനക്കുള്ളതു; രാവും നിനക്കുള്ളതു; വെളിച്ചത്തെയും സൂര്യനെയും നീ ചമെച്ചിരിക്കുന്നു. ഭൂസീമകളെ ഒക്കെയും നീ സ്ഥാപിച്ചു; നീ ഉഷ്ണകാലവും ശീതകാലവും നിയമിച്ചു."*

സങ്കീ.89:11,12 — *"ആകാശം നിനക്കുള്ളതു, ഭൂമിയും നിനക്കുള്ളതു; ഭൂതലവും അതിന്റെ പൂർണ്ണതയും നീ സ്ഥാപിച്ചിരിക്കുന്നു. ദക്ഷിണോത്തരദിക്കുകളെ നീ സൃഷ്ടിച്ചിരിക്കുന്നു....."*

സങ്കീ.95:5 — *"സമുദ്രം അവന്നുള്ളതു; അവൻ അതിനെ ഉണ്ടാക്കി; കരയെയും അവന്റെ കൈകൾ മനഞ്ഞിരിക്കുന്നു. ....നമ്മെ നിർമ്മിച്ച യഹോവയുടെ മുമ്പിൽ മുട്ടു കുത്തുക."*

സങ്കീ.100:3 — *"യഹോവ തന്നേ ദൈവം എന്നറിവിൻ; അവൻ നമ്മെ ഉണ്ടാക്കി; നാം അവന്നുള്ളവർ ആകുന്നു....."*

## ദൈവം നമ്മെ സൃഷ്ടിച്ചതിന്റെ പ്രത്യേകതയെന്ത്?

**(1) ദൈവം നമ്മെ തനിക്കായി ഉണ്ടാക്കി ---**

ദൈവം നമ്മുടെ ഉടമസ്ഥൻ ( He made us for Himself > He is not a worker, He is the owner)

യെശ.43:7 — *"..... എന്റെ മഹത്വത്തിനായി സൃഷ്ടിച്ചു നിർമ്മിച്ചു ഉണ്ടാക്കിയും ഇരിക്കുന്ന ഏവരെയും കൊണ്ടുവരിക എന്നു ഞാൻ കല്പിക്കും."*

യെശ.43:21 — *"ഞാൻ എനിക്കു വേണ്ടി നിർമ്മിച്ചിരിക്കുന്ന ജനം എന്റെ സ്തുതിയെ വിവരിക്കും."*

സദൃ.16:4 — *"യഹോവ സകലത്തെയും തന്റെ ഉദ്ദേശത്തിന്നായി ഉണ്ടാക്കിയിരിക്കുന്നു......."*

കൊലൊ.1:15,16 — *"......സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ ആകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു; അവൻ മുഖാന്തരവും അവന്നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു."*

**(2) ഒന്നുമില്ലായ്മയിൽ നിന്നും ഉണ്ടാക്കി** (He made all things of nothing)

**(3) മറ്റാരുടെയും സഹായമില്ലാതെ ഉണ്ടാക്കി** (He is the sole owner)

**(4) ദൈവം സൃഷ്ടിച്ചതിനെ എല്ലാം പരിപാലിക്കുന്നവൻ** (He preserve all His creations)

യഹോവ നമ്മെ നിർമ്മിച്ചവൻ എന്നു ചിന്തിക്കുമ്പോൾ കളിമണ്ണുകൊണ്ടു ഭംഗിയേറിയതും ഉപയോഗമുള്ളതുമായ പാത്രങ്ങൾ നിർമ്മിക്കുന്ന കുശവന്റെ വീട്ടിലെ പ്രവർത്തനങ്ങൾ കാണുവാൻ യിരെമ്യാപ്രവാചകന്റെ വാക്കുകൾ നോക്കാം — യിരെ.18:1-6 — *".... അങ്ങനെ ഞാൻ കുശവന്റെ വീട്ടിൽ ചെന്നപ്പോൾ അവൻ ചക്രത്തിന്മേൽ വേല ചെയ്തുകൊണ്ടിരുന്നു. കുശവൻ കളിമണ്ണുകൊണ്ടു ഉണ്ടാക്കിയ പാത്രം അവന്റെ കയ്യിൽ ചീത്തയായിപ്പോയി; എന്നാൽ കുശവൻ അതിനെ തനിക്കു തോന്നിയതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു."*

വിശ്വാസികളായ നാം ദൈവകരങ്ങളിൽ കളിമണ്ണിനു തുല്യമാണ്. നിർമ്മിതാവായ ദൈവത്തിന്റെ കരങ്ങളിൽ അമർന്നിരുന്നാൽ ദൈവത്തിനും മറ്റുള്ളവർക്കും ഉപയോഗമുള്ള പാത്രങ്ങളായി ദൈവം നമ്മെ മെനയും. ഇതിനായി നമ്മുടെ സമ്പൂർണ്ണസമർപ്പണം ആവശ്യമാണ്. നിർമ്മിതാവായ ദൈവത്തിന്റെ കരങ്ങളിലൂടെ നല്ല പാത്രങ്ങൾ പുറത്തു വരുവാൻ കളിമണ്ണിനു തുല്യരായ നാം ചില കാര്യങ്ങൾ ശ്രദ്ധിക്കണം.

**(1) ദൈവകരങ്ങളിൽ താണിരിക്കണം —** ദൈവത്തിനു നമ്മെക്കുറിച്ച് ചില ഉദ്ദേശങ്ങൾ ഉണ്ടെന്നു മനസ്സിലാക്കി ദൈവകരങ്ങളിൽ ഇണങ്ങിയ വസ്തുവായി വർത്തിക്കണം. ഉദാ. മോശെയുടെ കരത്തിലെ വടി, ശിംശോന്റെ കയ്യിലെ പച്ചത്താടിയെല്ല്, ദാവീദിന്റെ കരത്തിലെ കവിണയും കല്ലും, ബാലന്റെ കയ്യിലെ അഞ്ച് അപ്പം.

**(2) കളിമണ്ണു ചവിട്ടിക്കുഴച്ചു പാകപ്പെടുത്തണം —** കട്ടകളെല്ലാം ഉടയണം. കരടുകളെല്ലാം നീക്കണം. കട്ടകളും, കരടുകളും, അന്യവസ്തുക്കളും എന്നപോലെ നമ്മിലുള്ള കോപം, ക്രോധം, ഈർഷ്യ, ദൂഷണം, ദുർഭാഷണം ഇവയൊക്കെ വിട്ടുകളയണം.

**(3) ചക്രത്തിന്മേൽ വെച്ചു തിരിക്കുന്നു —** കുഴച്ചു പാകപ്പെടുത്തിയ മണ്ണ് കുശവന്റെ പണിശാലയിലുള്ള ചക്രത്തിന്മേൽ വെച്ച് അതിവേഗത്തിൽ തിരിക്കുന്നു. അതോടൊപ്പം തന്നെ കുശവന്റെ കരങ്ങൾ അതിവിദഗ്ധമായി പാത്രത്തിനു രൂപം കൊടുക്കുന്നു. കാലചക്രത്തിൽ അതിവേഗം നീങ്ങിക്കൊണ്ടിരിക്കുമ്പോൾ കുശവന്റെ വിരലുകൾ നമ്മിൽ അമരുന്നു. അതായതു ദൈവത്തിന്റെ കരസ്പർശനം നമ്മുടെ രൂപാന്തരത്തിനാവശ്യമാണ്. അതിവേഗസഞ്ചാരത്തിൽ മണൽത്തരികൾ പുറത്താകുന്നു. ദൈവത്തോടൊപ്പമുള്ള യാത്രയിൽ നമ്മുടെ ജീവിതത്തിൽ മുഴച്ചു നിൽക്കുന്ന സകല ജഡസ്വഭാവങ്ങളും അമർന്നു ഇല്ലാതാകുന്നു. വേദനയുണ്ടാകുമെങ്കിലും ഭംഗിയുള്ള പാത്രത്തിന്റെ രൂപീകരണത്തിന്റെ ഭാഗമാണിത്.

കൊലോ.3:5 — *“ആകയാൽ ദുർന്നടപ്പ്, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധന യായ അത്യാഗ്രഹം ഇങ്ങനെ ഭൂമിയിലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിപ്പിൻ.”*

**(4) ചെത്തി വെടിപ്പാക്കപ്പെടുന്നു —** ചക്രത്തിൽവെച്ചു രൂപം കൊടുത്ത പാത്രം കുശവൻ വീണ്ടും തന്റെ പ്രത്യേക പണിയായുധം കൊണ്ടു മെല്ലെ മെല്ലെ അടിച്ചു യോജിപ്പിച്ച്, വിടവുകൾ നികത്തി, മിനുക്കി വെടിപ്പാക്കുന്നു. നമ്മുടെ ജീവിതത്തിലും വേദനാജനകമായ ഇത്തരം അനുഭവങ്ങളിലൂടെ കടത്തി വിടുന്നതു നമ്മെ കൂടുതൽ പ്രയോജനപ്രദമാക്കുന്നതിനും കൂടുതൽ ആത്മീയഫലം കായ്ക്കു ന്നതിനും വേണ്ടിയാണ്.

യോഹ.15:2 — *“എന്നിൽ കായ്ക്കാത്ത കൊമ്പ് ഒക്കെയും അവൻ നീക്കിക്കളയുന്നു; കായ്ക്കു ന്നതു ഒക്കെയും അധികം ഫലം കായ്ക്കേണ്ടതിന്നു ചെത്തി വെടിപ്പാക്കുന്നു.”*

**(5) തീച്ചൂളയിൽ വെക്കുന്നു —** തുടർന്നു കുശവൻ താൻ നിർമ്മിച്ച പാത്രം ഉടഞ്ഞുപോകാതെ അതേ രൂപത്തിൽ ഇരിക്കാൻ ചൂളയിൽ വെച്ചു ചുട്ടെടുക്കുന്നു. തീച്ചൂളയിലൂടെ കടക്കുന്ന പാത്രം ബലമുള്ള തായിത്തീരുന്നു. പിന്നീടതിന്റെ രൂപം മാറുന്നില്ല. വിശ്വാസജീവിതത്തിലും ദൈവം നമ്മെ അഗ്നിച്ചൂള യിലൂടെ കടക്കാൻ അനുവദിക്കുന്നത് ഉടമസ്ഥനു പ്രയോജനമുള്ള, ദീർഘകാലം ഉപയോഗിക്കാവുന്ന, മാനപാത്രങ്ങളാക്കുവാനാണ്. കഷ്ടങ്ങളിൽ ഇടറിപ്പോകുവാൻ പാടില്ല. കഷ്ടങ്ങളിലൂടെ കടക്കുമ്പോൾ തികഞ്ഞവനായി പുറത്തു വരും.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ നാം വിമുഖരായിരുന്നാൽ കുശവന്റെ കയ്യിൽ ചീത്തയായിപ്പോയ പാത്രം പോലെ നാം അപ്രയോജനപാത്രങ്ങളായിപ്പോകും. അപ്പോൾ കുശവൻ അതിനെ എടുത്തുകള യുകയില്ല. അതിനെ മറ്റൊരു പാത്രമാക്കും. അനേക കഷ്ടനഷ്ടങ്ങളിലൂടെ കടന്നുപോകേണ്ട അവസ രമായിരിക്കും അത് (യിരെ.18:4).

റോമ.9:21 –– *“കുശവന്നു അതേ പിണ്ഡത്തിൽനിന്നു ഒരു പാത്രം മാനത്തിന്നും മറ്റൊരു പാത്രം അപമാനത്തിന്നും ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരമില്ലയോ?”*

കുശവനു കളിമണ്ണിന്മേൽ ഉള്ള അവകാശവും അധികാരവും പോലെ സൃഷ്ടിതാവായ ദൈവ ത്തിനു നമ്മുടെമേൽ സകലഅധികാരങ്ങളുമുണ്ട് — യഹോവ ഹൊസീനോ.

യെശ.45.9 — *“നിലത്തിലെ കലനുറുക്കുകളുടെ ഇടയിൽ ഒരു കലനുറുക്കായിരിക്കെ, തന്നെ നിർമ്മിച്ചവനോടു തർക്കിക്കുന്നതു അയ്യോ കഷ്ടം; മനയുന്നവനോടു കളിമണ്ണു: നീ എന്തുണ്ടാക്കുന്നു എന്നും കൈപ്പണി: അവന്നു കൈ ഇല്ല എന്നും പറയുമോ? ...”*

ദൈവം നമ്മെ നിർമ്മിച്ചതിനു ഉദ്ദേശമുണ്ട്. ഈ ഉദ്ദേശ്യം എങ്ങനെ തിരിച്ചറിയാം? ദൈവവ ചനം വായിക്കുകയും, പഠിക്കുകയും, ധ്യാനിക്കുകയും ചെയ്തു ദൈവവഴിയിൽ ജീവിക്കുമ്പോൾ ദൈവ ഹിതം തിരിച്ചറിയുവാനും തദ്വാരാ നമ്മുടെ സ്രഷ്ടാവായ ദൈവത്തിനു പ്രസാദകരമായ കാര്യങ്ങൾ നമ്മിലൂടെ നിറവേറ്റുവാനും സാധിക്കും.

= = = = = = = = = = // = = = = = = = = = =

# (13) യഹോവ ഏലോഹി യിസ്രായേൽ

## Jehovah- Elohe Israel = LORD God of Israel

## യിസ്രായേലിന്റെ ദൈവമായ യഹോവ

യഹോവ ഏലോഹി യിസ്രായേൽ എന്നാൽ യിസ്രായേലിന്റെ ദൈവമായ യഹോവ എന്നാണ് (Jehovah- Elohe Israel = LORD God of Israel). സർവ്വശക്തനായ ദൈവം വാനവും ഭൂമിയും സകല ചരാചരങ്ങളെയും സൃഷ്ടിച്ചു. പഴയനിയമം ഈ സർവ്വശക്തനായ ദൈവത്തെ വെളിപ്പെടുത്തിയിരിക്കുന്നത് യിസ്രായേലിന്റെ ദൈവമായ യഹോവ ആയിട്ടാണ്. അതായത് യിസ്രായേലിന്റെ ഏകസത്യ ദൈവം -— ഏലോഹി യിസ്രായേൽ. യിസ്രായേൽ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട കൂട്ടവും നിക്ഷേപവുമായിരുന്നു. അവരെ ശത്രുക്കളിൽനിന്നു വിടുവിച്ചു, പോറ്റിപ്പുലർത്തി, അവരോടൊപ്പം വസിച്ച ദൈവമാണ് യഹോവ ഏലോഹി യിസ്രായേൽ. ഈ നാമം ദൈവത്തിനു തന്റെ ജനത്തോടുള്ള ബന്ധത്തെയാണ് കാണിക്കുന്നത്.

യിസ്രായേൽ എന്നതു രാജ്യത്തിന്റെ പേരാണ്. യിസ്രായേല്യർ എന്നു യിസ്രായേലിലുള്ളവർ അറിയപ്പെടുന്നു. അബ്രഹാമിനോടുള്ള വാഗ്ദത്തപ്രകാരം അനുഗ്രഹിക്കപ്പെട്ട യാക്കോബിന്റെ സന്തതികൾ അതിൽ ഉൾപ്പെടുന്നു. 12 ഗോത്രപിതാക്കന്മാർ ഉൾപ്പെടെയുള്ളവർ യിസ്രായേല്യർ എന്നറിയപ്പെട്ടു. അവർ ഒരു പ്രത്യേക രാഷ്ട്രമായിത്തീർന്നു. യാക്കോബിനാണു ദൈവം യിസ്രായേൽ എന്ന പേരു നൽകിയതെങ്കിലും അബ്രഹാം, യിസ്സാക്ക്, യാക്കോബ് എന്നിവരെ ഒന്നായി ചേർത്തു യിസ്രായേൽ എന്നറിയപ്പെടുന്നു.

ഉല്പ.32.28 —*''നീ ദൈവത്തോടും മനുഷ്യരോടും മല്ലു പിടിച്ചു ജയിച്ചതുകൊണ്ട് നിന്റെ പേർ ഇനി യാക്കോബ് എന്നല്ല, യിസ്രായേൽ എന്നു വിളിക്കപ്പെടും."*

ഹോശ.11.1 — *"യിസ്രായേൽ ബാലനായിരുന്നപ്പോൾ ഞാൻ അവനെ സ്നേഹിച്ചു; മിസ്രയീമിൽ നിന്നു ഞാൻ എന്റെ മകനെ വിളിച്ചു."*

റോമ.9.4-5 — *"അവർ യിസ്രായേല്യർ; പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ; പിതാക്കന്മാരും അവർക്കുള്ളവർ തന്നെ; ജഡപ്രകാരം ക്രിസ്തുവും അവരിൽ നിന്നല്ലോ ഉത്ഭവിച്ചതു......"*

യിസ്രായേൽ എന്ന നാമം ദൈവസന്നിധിയിൽ അവർക്കുള്ള സ്ഥാനവും, അവകാശവും, പദവിയും കാണിക്കുന്നു.

**(1) സ്വന്തജനം —**

യിസ്രായേല്യർ **ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ**. ദൈവത്തിന്റെ **സ്വന്തജനം**. ജാതികളുടെകൂടെ എണ്ണപ്പെടാത്തവർ.

സംഖ്യ.23:9 — *"ഇതാ തനിച്ചു പാർക്കുന്നൊരു ജനം; ജാതികളുടെ കൂട്ടത്തിൽ എണ്ണപ്പെടുന്നതുമില്ല."*

**(2) പുത്രത്വം —**

പുറ.4:22 — *"...... യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: യിസ്രായേൽ എന്റെ പുത്രൻ; എന്റെ ആദ്യജാതൻ തന്നെ."*

ആവ.14:1 — *"നിങ്ങൾ നിങ്ങളുടെ ദൈവമായ യഹോവെക്കു മക്കൾ ആകുന്നു."*

യിരെ.31:9 — *"........ ഞാൻ യിസ്രായേലിന്നു പിതാവും എഫ്രയീം എന്റെ ആദ്യജാതനുമല്ലോ."*

**(3) തേജസ്സ്** (ഷെക്കീനാ) — ദൈവം അവരുടെ മദ്ധ്യേ വസിച്ചു. അവരെ സൂക്ഷിച്ചു നടത്തിയ ദൈവത്തിന്റെ സാന്നിദ്ധ്യം ഷെക്കീന അഥവാ തേജസിനെ കുറിക്കുന്നു (പുറ.29:43). ദൈവത്തിന്റെ തേജസ്സ് (ഷെക്കീനാ) ലഭിച്ചവരായിരുന്നു യിസ്രായേൽ.

**(4) നിയമങ്ങൾ** — ദൈവം യിസ്രായേലുമായിട്ടാണ് നിയമങ്ങൾ അഥവാ ഉടമ്പടികൾ ചെയ്തത്. ദൈവ ത്തിന്റെ നിയമം ലഭിവരായിരുന്നു അവർ.

**(5) ന്യായപ്രമാണം** — സർവ്വശക്തനായ ദൈവം തന്റെ വിരലുകൊണ്ടെഴുതിയ പ്രമാണം ലഭിപ്പാൻ അവർക്കു ഭാഗ്യമുണ്ടായി.

**(6) ആരാധന** — ദൈവത്തെ ആരാധിക്കുന്നതിനെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും യിസ്രായേൽജന തയ്ക്കു നൽകി. പൗരോഹിത്യത്തിന്റെ വ്യവസ്ഥകൾ അവരെ അറിയിച്ചു.

**(7) വാഗ്ദത്തങ്ങൾ** — അവരുടെ രക്ഷെക്കും, സമാധാനത്തിനും, അഭിവൃദ്ധിക്കും വാഗ്ദത്തങ്ങൾ നൽകി. വാഗ്ദത്തനാടു കൈവശമാക്കുന്നതിനുള്ള വാഗ്ദത്തങ്ങളും മശിഹാ അഥവാ ക്രിസ്തു വിനെക്കുറിച്ചുള്ള വാഗ്ദത്തങ്ങളും അവർക്കു നൽകി.

**(8) പിതാക്കന്മാർ** - അവർക്കു ലഭിച്ച എല്ലാ അനുഗ്രഹങ്ങളും പിതാക്കന്മാരോടു ബന്ധപ്പെട്ടിരിക്കുന്നു. അനുഗ്രഹങ്ങൾ പിതാക്കന്മാരിലൂടെ സന്തതികൾക്കു ലഭിച്ചു. അബ്രഹാം, യിസഹാക്ക്, യാക്കോബ്, യാക്കോബിന്റെ പന്ത്രണ്ടു മക്കൾ എന്നിവർ ഉൾപ്പെട്ടവരാണ് പിതാക്കന്മാർ.

**(9) ക്രിസ്തു** — അവരിൽ നിന്നു ക്രിസ്തു വരുവാനിടയായി. അതായതു ക്രിസ്തു മനുഷ്യജന്മം സ്വീകരിച്ചതു അവരിലൂടെയാണ്. യഹോവ യിസ്രായേലിന്റെ ദൈവം ആയിരുന്നു; എങ്കിലും സകലജാതികളെയും ദൈവം സ്നേഹിച്ചു.

ഉല്പ.12:3 — *"നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും"* എന്നു അബ്ര ഹാമിനോടു വാഗ്ദത്തം ചെയ്തത് ജാതികൾക്കും ക്രിസ്തു മൂലം അവകാശമാകുവാൻ കാരണമായി ത്തീർന്നു.

റോമ.10:4 —*"വിശ്വസിക്കുന്ന ഏവനും നീതി ലഭിപ്പാൻ ക്രിസ്തു ന്യായപ്രമാണത്തിന്റെ അവ സാനം ആകുന്നു."*

ക്രിസ്തു എല്ലാ ആചാരാനുഷ്ഠാനങ്ങളുടെയും അവസാനമാകുന്നു. ഇന്നു വിശ്വാസത്താൽ രക്ഷ പ്രാപിച്ച ജാതീയന് യിസ്രായേലിന്റെ ദൈവത്തെ എന്റെ ദൈവം എന്നു വിളിക്കുവാൻ സാധി ക്കും.

റോമ.10:8 — *''വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കു ന്നു. അതു നിങ്ങൾ പ്രസംഗിക്കുന്ന വിശ്വാസ വചനം തന്നേ."*

റോമ.10:12 — *"യഹൂദൻ എന്നും യവനൻ എന്നും വ്യത്യാസമില്ല; എല്ലാവർക്കും കർത്താവു ഒരുവൻ തന്നേ; അവൻ തന്നെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നൽകുവാന്തക്കവണ്ണം സമ്പന്നൻ ആകുന്നു."*

ഇന്നു ദൈവം യഹൂദന്റെ മാത്രം ദൈവമല്ല; ജാതികളുടെയും ദൈവമാണ്. സ്വന്തജനമായ യിസ്രായേൽ അവരുടെ ദൈവത്തെ തള്ളിക്കളഞ്ഞു. എങ്കിലും അവരെയും ദൈവം സ്നേഹിച്ചു.

റോമ.11:2 — *"ദൈവം മുന്നറിഞ്ഞിട്ടുള്ള തന്റെ ജനത്തെ തള്ളിക്കളഞ്ഞിട്ടില്ല."*

റോമ.11:12 — *''എന്നാൽ അവരുടെ ലംഘനം ലോകത്തിന്നു ധനവും അവരുടെ നഷ്ടം ജാതി കൾക്കു സമ്പത്തും വരുവാൻ കാരണമായി എങ്കിൽ അവരുടെ യഥാസ്ഥാനം എത്ര അധികം?"*

ഇന്നു യിസ്രായേൽ ആത്മീകമായി വീഴ്ച സംഭവിച്ച സ്ഥിതിയിലാണ്. എന്നാൽ ക്രിസ്തു വീണ്ടും വരുമ്പോൾ ഇവർ ശക്തി പ്രാപിച്ച് ഉണരും. അനേകർക്കു അനുഗ്രഹമായിത്തീരും.

യിസ്രായേലിന്റെ ദൈവമായ കർത്താവു എന്നു ദെബോരയുടെ പാട്ടിൽ (ന്യായാ.5:3) ദൈവത്തെ അഭിസംബോധന ചെയ്തിരിക്കുന്നതായി കാണുന്നു. ദൈവജനമായ യിസ്രായേൽ അന്യദേവന്മാരെ ആരാധിച്ചപ്പോൾ ദൈവം അവരെ ശത്രുക്കളുടെ കയ്യിൽ ഏല്പിച്ചു. അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞപ്പോൾ അവർക്കു ആശ്വാസവും വിടുതലും നൽകി രക്ഷിക്കുവാൻ ന്യായാധിപന്മാരെ എഴു ന്നേൽപിച്ചു. അവരിൽ ഒത്നിയേൽ, ഏഹൂദ്, ദെബോരാ, ബാരാക്ക്, ഗിദയോൻ, യിപ്താഹ്, ശിംശോൻ എന്നിവരാണു മുൻനിരയിൽ. യിസ്രായേൽമക്കളെ ഇരുപതു വർഷക്കാലം കഠിനമായി ഞെരുക്കിയ കനാന്യരാജാവു യാബീനും സേനാപതി സീസരയും നിമിത്തമുള്ള (ന്യായാ.4:1–3) ദൈവജന ത്തിന്റെ നിലവിളി കേട്ട് എഴുന്നേൽപിച്ച പ്രവാചകി ആയിരുന്നു ലപ്പീദോത്തിന്റെ ഭാര്യയായ ദെബോര

(ന്യായാ.4:4). അവരുടെ സേനാനായകനായ ബാരാക്കിനോട് 900 ഇരുമ്പുരഥങ്ങളുമായി ആക്രമിക്കാൻ വന്ന സീസരാ പരാജയപ്പെട്ടു. കീശോൻ തോട്ടിൽ പെട്ടെന്നുണ്ടായ വെള്ളപ്പൊക്കത്താൽ സീസരയുടെ സൈന്യം വെള്ളത്തിൽ മുങ്ങിമരിച്ചു (ന്യായാ.5:21). ഇരുമ്പുരഥങ്ങൾ ചെളിയിൽ താണുപോയി. സീസരാ രഥത്തിൽനിന്നിറങ്ങി സ്നേഹിതനായ ഹേബരിന്റെ ഭവനത്തിലേക്കു ഓടിപ്പോയി അഭയം പ്രാപിച്ചു. ഹേബരിന്റെ ഭാര്യയായ യായേൽ സീസരയെ സ്നേഹഭാവത്തിൽ സ്വീകരിച്ച് ചതിയിൽ കൊലപ്പെടുത്തി (ന്യായാ.4:21).

യിസ്രായേൽമക്കളെ കൊന്നുമുടിക്കുവാൻ വന്ന ശത്രുസൈന്യത്തെ ദൈവം നശിപ്പിച്ചു. ദെബോരയും ബാരാക്കും അവരെ സഹായിച്ച യിസ്രായേലിന്റെ ദൈവത്തെ പാടിസ്തുതിച്ചു.

അവർ ഒരുമിച്ചു പാടിയത് —

ന്യായാ.5:3 — *"രാജാക്കന്മാരേ, കേൾപ്പിൻ; പ്രഭുക്കന്മാരേ, ചെവിതരുവിൻ; ഞാൻ പാടും യഹോവെക്കു ഞാൻ പാടും;* യിസ്രായേലിൻ ദൈവമായ യഹോവെക്കു *കീർത്തനം ചെയ്യും."*

ന്യായാ.5:5 — *"യഹോവാസന്നിധിയിൽ മലകൾ കുലുങ്ങി,* യിസ്രായേലിൻ ദൈവമായ യഹോവെക്കു *മുമ്പിൽ ആ സീനായി തന്നേ."*

ദൈവം അയച്ച വലിയ കാറ്റും മഴയും, സീനായ് പർവ്വതത്തിൽ യഹോവ ഇറങ്ങിവന്നപ്പോഴുണ്ടായ സംഭവങ്ങൾ ഓർമ്മിപ്പിക്കുന്നു (പുറ.19:16). സീനായിൽ ഇറങ്ങിവന്ന യിസ്രായേലിന്റെ ദൈവം ഇവിടെ അവരെ ശത്രുക്കളിൽനിന്നു രക്ഷിച്ചു.

ന്യായാ.6:7,8 — *"യിസ്രായേൽമക്കൾ മിദ്യാന്യർ നിമിത്തം യഹോവയോടു നിലവിളിച്ചപ്പോൾ യഹോവ ഒരു പ്രവാചകനെ യിസ്രായേൽമക്കളുടെ അടുക്കൽ അയച്ചു; അവൻ അവരോടു പറഞ്ഞതു:* യിസ്രായേലിന്റെ ദൈവമായ യഹോവ *ഇപ്രകാരം അരുളിച്ചെയ്യുന്നു:....."*

ദൈവത്തിൽനിന്ന് അകന്നുപോയപ്പോൾ യിസ്രായേലിനെ മിദ്യാന്യർ ഞെരുക്കി. അവർ തങ്ങളുടെ കഷ്ടതയിൽ യഹോവയോടു നിലവിളിച്ചു. ദൈവം അവരുടെ നിലവിളി കേട്ടു. അവരുടെ രക്ഷെക്കായി ഗിദയോനെ എഴുന്നേൽപ്പിക്കുന്നു.

ന്യായാ.11:21--"യിസ്രായേലിന്റെ ദൈവമായ യഹോവ *സീഹോനെയും അവന്റെ സകല ജനത്തെയും യിസ്രായേലിന്റെ കയ്യിൽ ഏല്പിച്ചു........"* ഒൻപതാമത്തെ ന്യായാധിപനായ യിപ്താഹിൽകൂടിയുള്ള വിജയത്തെയാണിവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

ന്യായാധിപന്മാരുടെ പുസ്തകം കൂടാതെ പഴയനിയമത്തിൽ പലയിടത്തും ദൈവത്തെ യിസ്രായേലിന്റെ ദൈവം എന്നു സംബോധന ചെയ്തിട്ടുണ്ട്.

പുറ.5:1 — *"അതിന്റെ ശേഷം മോശെയും അഹരോനും ചെന്നു ഫറവോനോട്: മരുഭൂമിയിൽ എനിക്കു ഉത്സവം കഴിക്കേണ്ടതിന്നു എന്റെ ജനത്തെ വിട്ടയക്കേണം എന്നിപ്രകാരം* യിസ്രായേലിന്റെ ദൈവമായ യഹോവ *കല്പിക്കുന്നു എന്നു പറഞ്ഞു."*

പുറ.32:27 — *"...... നിങ്ങൾ ഓരോരുത്തൻ താന്താന്റെ വാൾ അരെക്കു കെട്ടി പാളയത്തിൽകൂടി വാതിൽതോറും കടന്ന് ഓരോരുത്തൻ താന്താന്റെ സഹോദരനെയും താന്താന്റ സ്നേഹിതനെയും താന്താന്റെ കൂട്ടുകാരനെയും കൊന്നുകളവിൻ എന്നിങ്ങനെ* യിസ്രായേലിന്റെ ദൈവമായ യഹോവ *കല്പിക്കുന്നു എന്നു പറഞ്ഞു."* മോശയുടെ അസാന്നിദ്ധ്യത്തിൽ യിസ്രായേൽജനം കാളക്കുട്ടിയെ വാർത്തുണ്ടാക്കി വിഗ്രഹാരാധനയിലേക്കു തിരിഞ്ഞതിൽ അവരെ നശിപ്പിക്കുന്നതിനുള്ള കല്പനയാണ് ഇവിടെ കാണുന്നത്.

യോശു.7:13 — *"..... യിസ്രായേലേ, നിന്റെ നടുവിൽ ഒരു ശാപം ഉണ്ട്; ശാപം നിങ്ങളുടെ ഇടയിൽനിന്നു നീക്കിക്കളയുംവരെ ശത്രുക്കളുടെ മുമ്പിൽ നില്പാൻ നിനക്കു കഴികയില്ല എന്നിങ്ങനെ* യിസ്രായേലിന്റെ ദൈവമായ യഹോവ *കല്പിക്കുന്നു."* ആഖാന്റെ പാപം നിമിത്തം യിസ്രായേൽ ഹായിയിൽ തോറ്റു. ആ പാപത്തെ യിസ്രായേലിന്റെ ദൈവം ചൂണ്ടിക്കാണിക്കുന്നു.

യോശു.7:19 — *"യോശുവ ആഖാനോട്: മകനേ,* യിസ്രായേലിന്റെ ദൈവമായ യഹോവെക്കു *മഹത്വം കൊടുത്ത് അവനോടു ഏറ്റുപറക; നീ എന്തു ചെയ്തു എന്നു പറക; എന്നോടു മറച്ചുവെക്കരുതു എന്നു പറഞ്ഞു."*

യോശു.7:20—*"ആഖാൻ യോശുവയോടു: ഞാൻ* യിസ്രായേലിന്റെ ദൈവമായ യഹോവയോടു *പിഴെച്ചു ഇന്നിന്നതു ചെയ്തിരിക്കുന്നു സത്യം."*

പാപം കണ്ടുപിടിച്ചു പ്രായശ്ചിത്തം ചെയ്തുകഴിഞ്ഞപ്പോൾ യിസ്രായേലിന്റെ ദൈവം ഹായ്പട്ടണം അവർക്കു കൊടുത്തു വിജയം നൽകി. ആ സന്ദർഭത്തിലും യോശുവ ദൈവത്തെ ആരാധിച്ചു. യോശു.8:30 — *"അനന്തരം യോശുവ* യിസ്രായേലിന്റെ ദൈവമായ യഹോവെക്കു *ഏബാൽ പർവ്വതത്തിൽ ഒരു യാഗപീഠം പണിതു."*

*രൂത്ത്.2:12* —" ...........യിസ്രായേലിന്റെ ദൈവമായ യഹോവയുടെ *ചിറകിൻകീഴെ ആശ്രയിച്ചു വന്നിരിക്കുന്ന നിനക്കു അവൻ പൂർണ്ണ പ്രതിഫലം തരുമാറാകട്ടെ."* ബോവസിന്റെ വയലിൽ കതിർ പെറുക്കുവാൻ വന്ന രൂത്തിനോടു പറയുന്ന ഭാഗമാണിത്.

1.ശമു.2:30 — *"ആകയാൽ* യിസ്രായേലിന്റെ ദൈവമായ യഹോവ *ഇപ്രകാരം അരുളിച്ചെയ്യുന്നു: നിന്റെ ഭവനവും നിന്റെ പിതൃഭവനവും എന്റെ സന്നിധിയിൽ നിത്യം പരിചരിക്കുമെന്നു ഞാൻ കല്പിച്ചിരുന്നു നിശ്ചയം; ഇപ്പോഴോ യഹോവ അരുളിച്ചെയ്യുന്നതു: അങ്ങനെ ഒരിക്കലും ആകയില്ല; എന്നെ മാനിക്കുന്നവരെ ഞാൻ മാനിക്കും; എന്നെ നിന്ദിക്കുന്നവർ നിന്ദിതരാകും."* ഏലിയോടുള്ള ദൈവീക അരുളപ്പാടാണിത്. എലിയുടെ പുത്രന്മാരുടെ പാപം നിമിത്തം ദൈവം അവനെ ശുശ്രൂഷയിൽ നിന്നു പുറത്താക്കുന്നു.

യെശ.17:6— *"ഒലിവ് തല്ലുമ്പോൾ വൃക്ഷാഗ്രത്തിൽ രണ്ടുമൂന്നു കായോ വൃക്ഷത്തിന്റെ കൊമ്പുകളിൽ നാലഞ്ചു കായോ ഇങ്ങനെ കാലാ പറിപ്പാൻ ചിലതു ശേഷിച്ചിരിക്കും എന്നു* യിസ്രായേലിന്റെ ദൈവമായ യഹോവ *അരുളിച്ചെയ്യുന്നു."*

യെശയ്യാ 17 — ൽ ദമ്മേശേക്കിന്റെ നാശത്തെക്കുറിച്ചു പ്രവചിക്കുന്നു. യിസ്രായേലിന്റെ ദൈവത്തെ നോക്കി രക്ഷ പ്രാപിച്ച ഒരു ശേഷിപ്പിനെ ഒരുക്കിയിരിക്കുന്നു. ഈ ശേഷിപ്പിനെപ്പറ്റി റോമാലേഖനത്തിൽ പൗലോസ് വിശദീകരിച്ചിട്ടുണ്ട്.

റോമ.11:25,26 — " *.............ജാതികളുടെ പൂർണ്ണസംഖ്യ ചേരുവോളം യിസ്രായേലിന്നു അംശമായി കാഠിന്യം ഭവിച്ചിരിക്കുന്നു. ഇങ്ങനെ യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടും."*

യിരെ.30:1,2 — *"യഹോവയിങ്കൽ നിന്നു യിരെമ്യാവിന്നുണ്ടായ അരുളപ്പാട് എന്തെന്നാൽ:* യിസ്രായേലിന്റെ ദൈവമായ യഹോവ *ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ നിന്നോടു അരുളിച്ചെയ്തിരിക്കുന്ന സകലവചനങ്ങളെയും ഒരു പുസ്തകത്തിൽ എഴുതി വെക്കുക."*

സങ്കീ.59:5 — "*സൈന്യങ്ങളുടെ ദൈവമായ യഹോവേ,* യിസ്രായേലിന്റെ ദൈവമേ, *സകല ജാതികളെയും സന്ദർശിക്കേണ്ടതിന്നു ഉണരേണമേ ......."* ദാവീദ് ഇവിടെ ദൈവത്തെ യിസ്രായേലിന്റെ ദൈവമേ എന്നു സംബോധന ചെയ്തിരിക്കുന്നു.

സെഫ.2:9 — *"അതുകൊണ്ട്* യിസ്രായേലിന്റെ ദൈവമായ *സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാടാവിതു: എന്നാണ മോവാബു സോദോമെപ്പോലെയും അമ്മോന്യർ ഗോമോറയെപ്പോലെയും തൂവക്കാടും ഉപ്പുപടനയും ശാശ്വതശൂന്യവും ആയിത്തീരും; എന്റെ ജനത്തിൽ ശേഷിപ്പുള്ളവർ അവരെ കവർച്ച ചെയ്യും; എന്റെ ജാതിയിൽ ശേഷിച്ചിരിക്കുന്നവർ അവരുടെ ദേശത്തെ അവകാശമായി പ്രാപിക്കും."*

യിസ്രായേലിനു ചുറ്റുമുള്ള രാജ്യങ്ങൾക്കു വരുന്ന ന്യായവിധിയെക്കുറിച്ചാണ് ഇവിടെ പ്രവാചകൻ പറയുന്നത്. ദൈവജനത്തിനു ദൈവം ദേശം അവകാശമായി കൊടുക്കും. ഈ ദൈവം അവർക്കു യഹോവ സേബായോത്തും, യഹോവ ഏലോഹി യിസ്രായേലും ആയിരിക്കും.

= = = = = = = = = = // = = = = = = = = = =

# (14) യഹോവ എലൊഹായി

## Jehovah-Elohai = Lord My God

## യഹോവ എന്റെ ദൈവം

യഹോവ ഏലോഹായി എന്ന പേരിനർത്ഥം യഹോവ എന്റെ ദൈവം (Jehovah-Elohai = Lord My God). ഭൂമിയേയും ഭൂമണ്ഡലത്തേയും മനുഷ്യനേയും സർവ്വ ചരാചരങ്ങളേയും സൃഷ്ടിച്ചു പരിപാലിക്കുന്ന ദൈവം (Elohim) തന്റെ ജനത്തെ സംബന്ധിച്ച് അവരുടെ സ്വന്തം കർത്താവും ദൈവവും ആണ്. ദൈവവും തന്റെ ജനവും തമ്മിലുള്ള വ്യക്തിപരമായ ബന്ധത്തെ കുറിക്കുന്ന നാമമാണ് യഹോവ ഏലോഹായി. പാപം മൂലം ദൈവത്തിൽ നിന്നകന്നു ജീവിച്ചവർ ദൈവത്തെ വ്യക്തിപരമായി അറിയുകയും എന്റെ ദൈവം എന്ന് അംഗീകരിച്ചു സ്വീകരിക്കുകയും ചെയ്യുമ്പോഴാണ് രക്ഷയും, വീണ്ടെടുപ്പും, നീതീകരണവും, വിശുദ്ധീകരണവും ലഭിക്കുക.

സെഖര്യാപ്രവചനത്തിലാണ് യഹോവ ഏലോഹായി (യഹോവ എന്റെ ദൈവം) എന്ന നാമം അനേക പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നത്. സെരെഖ്യാവിന്റെ മകനും ഇദ്ദോപ്രവാചകന്റെ പൗത്രനുമായിരുന്നു സെഖര്യാവ്. സെഖര്യാവ് എന്ന പേരിനർത്ഥം യഹോവ ഓർക്കുന്നു (Jehovah remembers). സെരെഖ്യാവിന്നർത്ഥം യഹോവ അനുഗ്രഹിക്കുന്നു (Jehovah blesses). ഇദ്ദോ എന്നതിന്നർത്ഥം നിശ്ചയിച്ച സമയത്ത് ( The appointed time). അതായത് യഹോവയായ ദൈവത്തെ വിട്ടു പോയ ജനത്തെ യഹോവ തക്കസമയത്ത് ഓർക്കുകയും അവരെ അനുഗ്രഹിക്കുകയും ചെയ്യും എന്നു പ്രവചനത്തിലൂടെ അറിയിക്കുന്നു. എട്ടു ദർശനങ്ങളിലൂടെയാണ് പ്രവാചകൻ ഈ ദൂത് അറിയിക്കുന്നത്.

(1) നാലു കുതിരച്ചേവകരുടെ ദർശനം (1:7-17).

(2) നാലു കൊമ്പുകളുടെയും നാലു കൊല്ലന്മാരുടെയും ദർശനം (1:18-21).

(3) അളവുനൂൽ പിടിച്ചിരിക്കുന്ന ദൂതൻ (2:1-5).

(4) മഹാപുരോഹിതനായ യോശുവയെ സാത്താൻ കുറ്റം പറയുന്നു (3:1-10).

(5) വിളക്കുതണ്ടും ഒലിവു വൃക്ഷങ്ങളും (4:1-14).

(6) പാറിപ്പോകുന്ന ചുരുൾ (5:1-4).

(7) ഏഫയുടെ നടുവിൽ ഇരിക്കുന്ന സ്ത്രീ (5:5-11).

(8) നാലു രഥങ്ങൾ (6:1-8).

സെഖര്യാപ്രവചനത്തിൽ 11,13,14 അദ്ധ്യായങ്ങളിൽ “യഹോവ എന്റെ ദൈവം” എന്നു പറഞ്ഞിരിക്കുന്നു. സെഖ.11:4 —*“എന്റെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: അറുപ്പാനുള്ള ആടുകളെ മേയ്ക്ക.”* നല്ല ഇടയാനായ മശിഹാ തന്റെ ഒന്നാമത്തെ വരവിൽ തിരസ്ക്കരിക്കപ്പെടുന്ന കാര്യമാണ് സെഖ.11:1-9 വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. യിസ്രായേലിനെ ദൈവം അനുഗ്രഹിക്കുമെങ്കിലും അവരുടെ ദുഷ്ടതയെ ശിക്ഷിക്കുമെന്നു ദൈവം പ്രവാചകനിലൂടെ അറിയിക്കുന്നു.

സെഖര്യാപ്രവചനം 11--ാം അദ്ധ്യായത്തിൽ മൂന്നു തരം ഇടയന്മാരെ കാണാം. (1) മുറയിടുന്ന ഇടയന്മാർ -- 1-3 (2) നല്ല ഇടയൻ — 4-14 (3) തുമ്പു കെട്ട ഇടയൻ — 15-17

### (1) മുറയിടുന്ന ഇടയന്മാർ (Wailing shepherd) ---11:1-3

ഈ മൂന്നു വാക്യങ്ങൾ വിശുദ്ധ നഗരമായ യെരൂശലേമിന്റെ നാശത്തെ കുറിക്കുന്നു. റോമൻ സൈന്യത്തിന്റെ ആക്രമണത്താലാണ് നാശം സംഭവിച്ചത്. ലെബനോൻ, ബാശാൻ, യോർദ്ദാൻ എന്നീ മൂന്നു പട്ടണങ്ങളെക്കുറിച്ചും പറയുന്നു. ഈ മൂന്നു പട്ടണങ്ങളും രാഷ്ട്രത്തെ മുഴുവനും പ്രതിനിധീകരിക്കുന്നു. ദേവദാരു, സരളവൃക്ഷം, കരുവേലകം എന്നീ വൃക്ഷങ്ങൾ തീയ്ക്ക് ഇരയായി. അതായത് ശത്രുക്കൾ അവരെ ആക്രമിച്ചത് വനത്തിൽ തീയാൽ നാശം ഉണ്ടാക്കുന്ന രീതിയിലായിരുന്നു. വൃക്ഷങ്ങളും മൃഗങ്ങളും നശിച്ചു. ഈ സമയത്ത് അവരെ നയിച്ച ഇടയന്മാരുടെ മഹത്വം നശിച്ചിട്ട് അവർ മുറയിടുന്നതു കേട്ടുവോ എന്നു പ്രവാചകൻ ചോദിക്കുന്നു. ആരാണീ മഹത്വം നശിച്ചു മുറയിടുന്ന ഇടയന്മാർ? അവർ അന്നത്തെ ഭരണാധികാരികൾ ആയിരുന്നു. അവർ ജനത്തെ തെറ്റായ വഴിയിൽ നടത്തി നാശത്തിൽ എത്തിച്ചു. ഇതിനു കാരണം ദൈവം അയച്ച നല്ല ഇടയനെ അവർ തിരസ്ക്കരിച്ചതായിരുന്നു.

നമ്മുടെ കർത്താവിനെ തിരസ്ക്കരിച്ച പ്രധാന പുരോഹിതന്മാർ ഉൾപ്പെട്ടവർ, കർത്താവിന്മേൽ കുറ്റം ചുമത്തി മരണത്തിനേൽപ്പിച്ചാൽ യഹൂദാ ജനതയ്ക്ക് എന്നേക്കും രക്ഷ ലഭിക്കുമെന്നു നിരൂപിച്ചു (യോഹ.11:47-53). എന്നാൽ ഇതുമൂലം യിസ്രായേൽ ജനത ഒന്നടങ്കം നാശത്തിലേക്കു പതിച്ചു. യഥാർത്ഥ രക്ഷകനെ തള്ളിയതിനാൽ അവർ ദൈവീക ന്യായവിധിക്കു വിധേയരായി. റോമൻ സൈന്യത്താൽ അവർ ആക്രമിക്കപ്പെടുകയും (A.D.70-ൽ) യെരൂശലേം തീയ്ക്ക് ഇരയാവുകയും ചെയ്തു.

### (2) നല്ല ഇടയൻ (Good Shepherd) — സെഖ.11:4-14 —

മുറയിടുന്ന ഇടയന്മാർ ജനത്തെ നാശത്തിൽ എത്തിച്ചപ്പോൾ ജനത്തിന്റെ നാശത്തെ കണ്ടു അവരെ സ്നേഹിച്ചു രക്ഷിക്കുന്ന നല്ല ഇടയനെയാണ് സെഖ.11:4-14 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നത്. ദൈവത്തെ **എന്റെ ദൈവമായ യഹോവ** എന്നാണ് പ്രവാചകൻ സംബോധന ചെയ്യുന്നത്. അറുപ്പാനുള്ള ആടുകളെ മേയ്ക്ക (സെഖ.11:4) എന്ന അരുളപ്പാടിൽ അറുപ്പാൻ വിധിക്കപ്പെട്ടവരെയും സ്നേഹിച്ചു നേർവഴിയിൽ നടത്തുവാൻ ദൈവം ആഗ്രഹിക്കുന്നതായി മനസ്സിലാക്കാം. ദൈവനിർദ്ദേശപ്രകാരം നല്ല ഇടയന്റെ പ്രതിപുരുഷനായി ആട്ടിൻ കൂട്ടത്തെ മേയ്ക്കാൻ പ്രവാചകൻ പുറപ്പെടുന്നു. ഇടയൻ രണ്ടു കോൽ എടുക്കുന്നു. (11:7). ഒന്നിനു ഇമ്പം — beauty (കൃപ, കരുണ) (മർക്കോ.6:34) എന്നും മറ്റേതിനു ഒരുമ (bond, union) എന്നും പേരിട്ടു. അറ്റം വളഞ്ഞ വടി ആടിനെ നയിക്കാനും കോൽ ശത്രുക്കളെ ഓടിക്കാനും ഉപയോഗിക്കുന്നു. ആടിനോടുള്ള ബന്ധത്തിൽ കരുണയും ഒരുമയും പ്രദർശിപ്പിക്കപ്പെടുന്നു. വിശ്വാസിയോടുള്ള ബന്ധത്തിൽ ഇമ്പം എന്ന കോൽ ദൈവകൃപയേയും ഒരുമ എന്ന കോൽ ദൈവത്തിന്റെ കൂട്ടായ്മയേയും സംരക്ഷണത്തേയും കുറിക്കുന്നു. തുടർന്നു പ്രവാചകൻ അവരെ നടത്തിയതിനു കൂലി ചോദിച്ചു (സെഖ.11:12). 30 വെള്ളിക്കാശ് കൂലിയായി കൊടുത്തു. ഒരു അടിമയുടെ വിലയാണ് 30 വെള്ളിക്കാശ് (പുറ.21:32). ഇമ്പം (കൃപ) എന്ന കോൽ പ്രവാചകൻ മുറിച്ചു. പ്രവാചകനു ലഭിച്ച 30 വെള്ളിക്കാശ് യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിൽ ഇട്ടു (സെഖ.11:13). അതിനുശേഷം ഒരുമ എന്ന കോൽ എടുത്തു മുറിച്ചു. അങ്ങനെ അവർക്കു ഒരുമ നഷ്ടപ്പെട്ടു ഭിന്നിപ്പുണ്ടായി.

കർത്താവിന്റെ ഒന്നാം വരവിൽ നടന്ന കാര്യങ്ങൾ ദൈവം പ്രവാചകനിലൂടെ വിശദീകരിക്കുകയായിരുന്നു. നമ്മുടെ കർത്താവു ഭൂമിയിൽ വന്നപ്പോൾ ജനം കർത്താവിനെ മശിഹയായി സ്വീകരിച്ചില്ല. ഭരണാധികാരികളും ജനങ്ങളും ഒന്നടങ്കം കർത്താവിനെ തിരസ്ക്കരിച്ചു. നല്ല ഇടയനായി യഥാർത്ഥ വാതിലായി അവർക്കു വ്യക്തമാക്കിക്കൊടുത്തു(യോഹ.10). അനേകം അത്ഭുതങ്ങളും അടയാളങ്ങളും അവർ കണ്ടു. എന്നിട്ടും വിശ്വസിച്ചില്ല. നല്ല ഇടയനായി അംഗീകരിച്ചില്ല. ആകയാൽ അവർക്കു കൃപയും ഒരുമയും നഷ്ടപ്പെട്ടു. ലോകമെമ്പാടും അവർ ചിതറിപ്പോകുവാൻ കാരണമായി. പ്രവാചകനു കൂലിയായി 30 വെള്ളിക്കാശു ലഭിച്ചപ്പോൾ യേശുവിനെ കൊല്ലുവാൻ കാണിച്ചു കൊടുത്തതിനു 30 വെള്ളിക്കാശു കൂലിയായി കിട്ടി. യൂദാ അതു മഹാപുരോഹിതന്മാരുടെയും മൂപ്പന്മാരുടെയും അടുക്കൽ കൊണ്ട വന്നു. അവർ അതു സ്വീകരിച്ചില്ല. യൂദാ ആ വെള്ളിക്കാശ് മന്ദിരത്തിൽ എറിഞ്ഞു, ചെന്നു കെട്ടിഞാന്നു ചത്തുകളഞ്ഞു. അവർ അതുകൊണ്ടു പരദേശികളെ കുഴിച്ചിടുവാൻ കുശവന്റെ നിലം വാങ്ങി (മത്താ.27:1-10).

### (3) തുമ്പുകെട്ട ഇടയൻ — False Shepherd -- സെഖ.11:15-17 —

നല്ല ഇടയനായ ക്രിസ്തുവിനെ തള്ളിക്കളഞ്ഞതിനാൽ അവർക്കു ശിക്ഷ ലഭിക്കുവാനിടയായി. അവർ ലോകമെങ്ങും ചിതറിപ്പോയി. യഹൂദാജനത്തെ ഭാവിയിൽ ഭരിക്കുവാൻ എഴുന്നേൽക്കുന്ന അന്തിക്രിസ്തുവാണ് തുമ്പുകെട്ട ഇടയൻ. ഇതു ഭാവിയിൽ സംഭവിക്കാൻ പോകുന്നതാണ് (വെളി.19:11-21). നല്ല ഇടയനെപ്പോലെ കാണാതെ പോയതിനെ അന്വേഷിക്കുകയോ ഒടിഞ്ഞതിനെ മുറിവു കെട്ടുകയോ ദീനം പിടിച്ചതിനെ ശുശ്രൂഷിക്കുകയോ ചെയ്യാത്തവനാണ് തുമ്പുകെട്ട ഇടയൻ (യെഹെ.34).

**സെഖ.12-ൽ** പ്രധാനമായി രണ്ടു വിഷയങ്ങൾ വിശദീകരിച്ചിരിക്കുന്നു (1) യിസ്രായേൽ സകല ജാതികൾക്കും ഭാരമുള്ള കല്ലും പരിഭ്രമപാത്രവും ആകും (12:1-9). (2) യിസ്രായേൽ തങ്ങൾ കുത്തീട്ടുള്ളവങ്കലേക്കു നോക്കി ദൈവകൃപ അനുഭവിപ്പാൻ ഇടയാകും (12:10-14). അവർ കുലം കുലമായി വിലപിക്കുന്നതായി കാണുന്നു. അതായത് വ്യക്തിപരമായി അവർ ദൈവത്തിങ്കലേക്കു നോക്കും.

**സെഖ.13:9—** "മൂന്നിൽ ഒരംശം ഞാൻ തീയിൽ കൂടി കടത്തി വെള്ളി ഊതിക്കഴിക്കുന്നതുപോലെ അവരെ ഊതിക്കഴിക്കും; പൊന്നു ശോധനകഴിക്കുന്നതുപോലെ അവരെ ശോധനകഴിക്കും; അവർ എന്റെ നാമത്തെ വിളിച്ചപേക്ഷിക്കയും ഞാൻ അവർക്കു ഉത്തരം അരുളുകയും ചെയ്യും; അവർ **എന്റെ ജനമെന്നു** ഞാൻ പറയും; **യഹോവ എന്റെ ദൈവമെന്നു** അവരും പറയും."

**സെഖ.11:4-**ൽ പ്രവാചകൻ ദൈവത്തെ എന്റെ ദൈവം എന്നു പറയുന്നു. 13:9-ൽ നീതീകരണവും വിശുദ്ധീകരണവും ലഭിച്ച യിസ്രായേലിലെ ശേഷിപ്പ് യഹോവ എന്റെ ദൈവം എന്നു പറയും എന്നു ദൈവം അരുളിച്ചെയ്യുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

**സെഖ.13:1** – "അന്നാളിൽ ദാവീദ്ഗൃഹത്തിന്നും യെരൂശലേംനിവാസികൾക്കും പാപത്തിന്റെയും മാലിന്യത്തിന്റെയും പരിഹാരത്തിന്നായി ഒരു ഉറവു തുറന്നിരിക്കും."

അന്നാളിൽ എന്നത് യഹോവയുടെ ദിവസം എന്നാണ്. ആ ദിവസത്തിലാണ് ദൈവകോപം പകരപ്പെടുന്നത് (യോവേ.3:9-16, സെഫ.1). കർത്താവും ഈ ദിവസത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ട് (മത്താ.24:4-31). വെളിപ്പാട് 6 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങളിലും യഹോവയുടെ വലുതും ഭയങ്കരവുമായ ദിവസത്തെക്കുറിച്ചു കാണാം. എന്നാൽ തങ്ങളുടെ പാപത്തെ മനസ്സിലാക്കി അനുതപിക്കുന്ന യിസ്രായേൽജനത്തിന് ശുദ്ധീകരണം ദൈവം ഒരുക്കിയിട്ടുണ്ട് (യിരെ.31:31-34). പാപിയായ ഒരുവന്റെ വീണ്ടെടുപ്പിന്റെ രണ്ടു പടികളാണ് നീതീകരണവും ശുദ്ധീകരണവും. യഹൂദനുള്ള നീതീകരണവും ശുദ്ധീകരണവും ഒരു ഉറവയിൽ നിന്നാണു ലഭിക്കുന്നത്. ദാവീദുഗൃഹത്തിന്നും യെരൂശലേം നിവാസികൾക്കുമാണ് അതു ലഭിക്കുന്നത്. പുതിയനിയമ പ്രമാണമനുസരിച്ചു യേശുവിന്റെ രക്തത്താൽ നീതീകരണവും ശുദ്ധീകരണവും ലഭിക്കുന്നു. അതായത് രാജകുടുംബങ്ങൾക്കു മാത്രമല്ല, സകലജനത്തിന്നും ഈ ഉറവയാൽ നീതീകരണവും ശുദ്ധീകരണവും ലഭിക്കും. കുരിശിൽ കിടന്ന കർത്താവിന്റെ വിലാപ്പുറത്തു കുത്തിയപ്പോൾ രക്തവും വെള്ളവും പുറപ്പെട്ടു എന്നു വായിക്കുന്നു (യോഹ.19:34). രക്തം നീതീകരണത്തെയും വെള്ളം ശുദ്ധീകരണത്തെയും കുറിക്കുന്നു. യഹൂദൻ തന്റെ ആചാരപ്രകാരം പുറമേയുള്ള ശുദ്ധി വെള്ളത്താൽ നടത്തുന്നു. എന്നാൽ ഹൃദയശുദ്ധി രക്ഷകന്റെ രക്തത്താലാണു ലഭിക്കുന്നത്. "അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തം ആകുന്നു; നമ്മുടേതിന്നു മാത്രം അല്ല, സർവ്വലോകത്തിന്റെ പാപത്തിന്നും തന്നേ" (1.യോഹ.2:2).

**സെഖ.13:2** -- "അന്നാളിൽ ഞാൻ ദേശത്തുനിന്നു വിഗ്രഹങ്ങളുടെ പേർ ഇല്ലാതാക്കും; ഇനി അവയെ ഓർക്കയുമില്ല; ഞാൻ പ്രവാചകന്മാരെയും മലിനാത്മാവിനെയും ദേശത്തുനിന്നു നീക്കിക്കളയും."

യിസ്രായേലിന്റെ വ്യക്തിപരമായ ശുദ്ധീകരണം നടന്നുകഴിയുമ്പോൾ അവരുടെ രാജ്യവും ശുദ്ധീകരിക്കപ്പെടണം. അതിനായി പാപത്തിന്റെ ഉറവിടങ്ങളായ വിഗ്രഹങ്ങളെയും കള്ളപ്രവാചകന്മാരെയും ദേശത്തുനിന്നു നീക്കിക്കളയും. മോശെയുടെ ന്യായപ്രമാണം അനുസരിച്ചു ഭോഷ്ക്കു പ്രവചിക്കുന്നവരെ കല്ലെറിഞ്ഞു കൊല്ലേണം (ആവ.13:6-10, 18:20). ഇവിടെ കള്ളപ്രവാചകന്മാരെ അവരുടെ സ്വന്തം മാതാപിതാക്കൾ തന്നെ കുത്തിക്കൊല്ലുവാൻ ഇടയാകും എന്നു പറഞ്ഞിരിക്കുന്നു (ആവ.13:3).

നല്ല ഇടയനായി ഭൂമിയിൽ വന്ന കർത്താവിനെ യിസ്രായേൽ തിരസ്ക്കരിച്ച് കൊല്ലുവാൻ കൊടുത്തതിന്റെ ശിക്ഷ അവർ അനുഭവിക്കേണ്ടിവരും. എന്നാൽ കഠിന ശിക്ഷയിലൂടെ കടക്കുമ്പോൾതന്നെ ഒരു ചെറിയ ശേഷിപ്പിനെ ദൈവം തന്റെ കരുണയാൽ വിടുവിച്ചു രക്ഷിക്കും. അവർ ഇതിനായി തീയിൽക്കൂടി എന്നപോലെ ശോധനയുടെ അനുഭവത്തിലൂടെ കടക്കേണ്ടിവരും. തട്ടാൻ പൊന്നും വെള്ളിയും ശുദ്ധീകരിച്ചു അതിന്റെ കീടങ്ങളും അഴുക്കും കളയാൻ തീയിലൂടെ കടത്തിവിടുന്നു. യിസ്രായേലിന്റെ തീച്ചൂളയുടെ അനുഭവം പീഡനകാലത്തായിരിക്കും.

**സെഖ.13:8** — "എന്നാൽ സർവ്വദേശത്തിലും മൂന്നിൽ ഒരംശം ഛേദിക്കപ്പെട്ടു പ്രാണനെ വിടും; മൂന്നിൽ ഒരംശം ശേഷിച്ചിരിക്കും എന്നു യഹോവയുടെ അരുളപ്പാട്."

യിസ്രായേലിന്റെ ആകെയുള്ള ജനസംഖ്യയിൽ മൂന്നിൽ ഒരംശം വിടുവിക്കപ്പെടും. അതായത് മൂന്നിൽ രണ്ടംശം തള്ളപ്പെടും. ദൈവത്തോടു ചേർന്നു നിൽക്കുന്ന ശേഷിപ്പ് പുതിയ രാജ്യത്തിൽ കർത്താവിനോടൊപ്പം സന്തോഷം അനുഭവിക്കും. ഇപ്രകാരം കരുണ ലഭിച്ചു വിടുതൽ പ്രാപിക്കുന്ന യിസ്രായേലിലെ ശേഷിപ്പിനെക്കുറിച്ചു യഹോവയായ ദൈവം പറയുന്നത് അവർ എന്റെ ജനമെന്നു ഞാൻ പറയും, യഹോവ എന്റെ ദൈവം (JEHOVAH ELOHAI) എന്നു അവരും പറയും.

**സെഖ.14:5** – "...... എന്റെ ദൈവമായ യഹോവയും തന്നോടു കൂടെയുള്ള സകലവിശുദ്ധന്മാരും വരും."

മഹത്വധാരിയായ കർത്താവ്, രണ്ടാം വരവിന്റെ രണ്ടാം ഘട്ടത്തിൽ, സകല വിശുദ്ധന്മാരുമായി ഒലിവുമലയിൽ വരുന്ന വരവിനെ സെഖര്യാ പ്രവചനത്തിലൂടെ അറിയിക്കുന്നു. പ്രവാചകൻ ദൈവത്തെ സംബോധന ചെയ്യുന്ന നാമമാണ് എന്റെ ദൈവമായ യഹോവ എന്നത്.

= = = = = = = = = = // = = = = = = = = = =

# (15) യഹോവ എലൊഹേക്കാ

## Jehovah- Elohekka = Lord your God

## യഹോവ നിന്റെ ദൈവം

യഹോവ എലൊഹേക്കാ എന്ന പേര് ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെ കുറിക്കുന്നു. വിശേഷിച്ചും തന്റെ ജനമായ യിസ്രായേലുമായുള്ള ബന്ധത്തെ. യഹോവ എന്ന പദം എബ്രായഭാഷയിലെ havah എന്ന പദത്തിൽ നിന്നും വന്നിട്ടുള്ളതാണ്. (havah = ആയിരിക്കുന്ന to be/ being/ to exist)

യിസ്രായേൽജനത്തെ ഫറവോന്റെ അടിമത്വത്തിൽനിന്നു വിടുവിക്കുവാനായി മോശെയെ ദൈവം അയെക്കുന്നു.ഫറവോനെ അറിയിക്കുവാനായി ദൈവം മോശെക്കു വെളിപ്പെടുത്തുന്ന നാമമാണ് 'യഹോവ' — ഞാൻ ആകുന്നവൻ ഞാൻ ആകുന്നു (I AM WHO I AM). പുറ.3:13-15.

യഹോവ എന്ന നാമം യിസ്രായേലിനോടുള്ള ബന്ധത്തിൽ ഉള്ളതാണ് (പുറ.6:2-3). അബ്രഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവ്വശക്തിയുള്ള ദൈവമായിട്ടു (ELOHIM) പ്രത്യക്ഷനായി. എന്നാൽ യിസ്രായേൽമക്കൾക്ക് വീണ്ടെടുപ്പുകാരൻ, സംരക്ഷകൻ, പരിപാലകൻ എന്ന നിലയിൽ ദൈവം അവരുടെ യഹോവ ആയിരുന്നു. **യാഹ്** — മാറ്റമില്ലാത്ത ദൈവം — **ഞാൻ ആകുന്നവൻ ഞാൻ ആകുന്നു**. ഈ ദൈവമാണ് **യഹോവ ഏലോഹേക്കാ** — നിന്റെ ദൈവമായ യഹോവ — യിസ്രായേലിന്റെ ദൈവമായ യഹോവ. നിന്നിൽ ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പ.12:3) എന്ന യഹോവയുടെ ഉടമ്പടി ലഭിച്ച അബ്രഹാമിന്റെ സന്തതികളായ യിസ്രായേൽജനം അടിമത്വത്തിൽ അകപ്പെട്ടു. എന്നാൽ മിസ്രയീമിൽനിന്നുള്ള ദൈവജനത്തിന്റെ നിലവിളി യഹോവ കേട്ടു. അബ്രഹാമിനോടു ചെയ്ത ഉടമ്പടി മറന്നില്ല. അവരെ രക്ഷിച്ചു, വിടുവിച്ചു കനാൻദേശത്തേക്കു മടക്കിക്കൊണ്ടുവന്നു. യിസ്രയേൽ വിശേഷജനം, തനിച്ചുപാർക്കുന്ന ജനം, ദൈവത്തിന്റെ നിക്ഷേപം, ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവർ എന്നിങ്ങനെ വിവിധനിലകളിൽ അറിയപ്പെട്ടു. ഈ ശ്രേഷ്ഠജനവുമായുള്ള ദൈവത്തിന്റെ ബന്ധത്തെ കുറിക്കുന്ന നാമമാണ് **"യഹോവ ഏലോഹേക്കാ."**

യഹോവ ഏലോഹാക്കാ (നിന്റെ ദൈവമായ യഹോവ) എന്ന നാമം പുറപ്പാട് ആവർത്തന പുസ്തകങ്ങളിൽ ഏറെ കാണാം. തന്റെ ജനമായ യിസ്രായേലിനു തന്നെ പരിചയപ്പെടുത്തി ദൈവം പറയുന്നതും, മോശെ ദൈവത്തെ സംബോധന ചെയ്തു യിസ്രായേൽജനത്തെ പ്രബോധിപ്പിക്കുന്നതുമായി ഈ പേരു കാണുന്നു.

**പുറ.15:26—** "നിന്റെ ദൈവമായ യഹോവയുടെ വാക്കു കേട്ടു അവന്നു പ്രസാദമുള്ളതു ചെയ്കയും അവന്റെ കല്പനകളെ അനുസരിച്ചു അവന്റെ സകല വിധികളും പ്രമാണിക്കയും ചെയ്താൽ ഞാൻ മിസ്രയീമ്യർക്കു വരുത്തിയ വ്യാധികളിൽ ഒന്നും നിനക്കു വരുത്തുകയില്ല; ഞാൻ നിന്നെ സൗഖ്യമാക്കുന്ന യഹോവ ആകുന്നു എന്നു അരുളിച്ചെയ്തു."

യഹോവയായ ദൈവം തന്റെ ജനമായ യിസ്രായേലിനെ മിസ്രയീമ്യ അടിമത്വത്തിൽനിന്നു വിടുവിച്ച് ചെങ്കടൽ കടത്തി കനാൻദേശത്തേക്കു നടത്തി. ചെങ്കടൽ കടന്ന ജനം ശൂർ മരുഭൂമിയിൽ എത്തി. മൂന്നു ദിവസം മരുഭൂമിയിൽ വെള്ളം കിട്ടാതെ സഞ്ചരിച്ചു. മാറായിൽ എത്തി. അവിടെ വെള്ളം ഉണ്ടായിരുന്നെങ്കിലും കൈപ്പുള്ളതായിരുന്നു. ജനം മോശെയുടെ നേരേ പിറുപിറുത്തു. മോശെ ദൈവത്തോട് അപേക്ഷിച്ചു. ദൈവം ഒരു വൃക്ഷം കാണിച്ചുകൊടുത്തു. അവൻ അതു വെള്ളത്തിൽ ഇട്ടപ്പോൾ വെള്ളം മധുരമായിത്തീർന്നു. അവിടെ വെച്ചു ദൈവം അവർക്കു ഒരു ചട്ടവും പ്രമാണവും നിയമിച്ചു. ആ സമയത്തു ദൈവം അവർക്കു തന്നെത്തന്നെ വെളിപ്പെടുത്തിയ നാമമാണ് "നിന്റെ ദൈവമായ യഹോവ" (Jehova Elohekka -- Lord your God). ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു വേർതിരിക്കപ്പെട്ട ജനം നടക്കേണ്ട വിധവും പാലിക്കേണ്ട പ്രമാണങ്ങളും ദൈവം അവർക്കു വിശദീകരിച്ചു കൊടുത്തു. യിസ്രായേൽജനം മാറയിൽനിന്നും എലീമിൽ എത്തി. ദൈവം അവരെ സമൃദ്ധിയിൽ വഴിനടത്തി. അവർക്കു എഴുതപ്പെട്ട നിയമങ്ങൾ അഥവാ പത്തു കല്പനകൾ കൊടുത്തപ്പോൾ നിന്റെ ദൈവമായ യഹോവ എന്നു ആവർത്തിച്ചു പറഞ്ഞിരിക്കുന്നു (പുറ.20:2,5,7,10,12).

എലീമിൽനിന്നു യാത്രചെയ്ത് യിസ്രായേൽജനം സീൻമരുഭൂമിയിൽ എത്തി (പുറ.15:22-27). എലീമിന്നും സീനായ്ക്കും മദ്ധ്യേയുള്ള സ്ഥലമായിരുന്നു സീൻമരുഭൂമി (പുറ.16:17). സീൻമരുഭൂമിയിൽവെച്ചു ജനം മോശെക്കും അഹരോനും വിരോധമായി പിറുപിറുത്തു. ദൈവം ആകാശത്തുനിന്നു

മന്നാ വർഷിപ്പിച്ചു അവർക്കു ഭക്ഷണം നൽകി. സീൻമരുഭൂമിയിൽനിന്നു യിസ്രായേൽജനം പുറപ്പെട്ടു ഫെരീദീമിൽ എത്തി. (പുറ.17:1) അവിടെയും അവർ ജലം ലഭിക്കാതെ വന്നപ്പോൾ പിറുപിറുത്തു മത്സ രിച്ചു. ദൈവത്തിന്റെ സർവ്വശക്തിയെ അവർ മനസ്സിലാക്കുകയോ ആശ്രയിക്കുകയോ ചെയ്തില്ല. എന്നിട്ടും ദൈവം അവരെ തീക്കൽപാറയിൽനിന്നു ജലം പുറപ്പെടുവിച്ചു പോഷിപ്പിച്ചു (പുറ.17:6). രെഫീ ദീമിൽവെച്ച് അമാലേക്ക്യർ യിസ്രായേലിനോടു യുദ്ധത്തിനു വന്നു. അമാലേക്ക് ദൈവജനത്തിന്റെ ശത്രുവായിരുന്നു. അവർ ഏശാവിന്റെ സന്തതികൾ (ഉല്പ.36:12). അവർ യിസ്രായേലിന്റെ ശത്രുവാ കാൻ കാരണം അവർ ദൈവത്തെ ഭയപ്പെടാത്തവർ. യിസ്രായേൽജനം മരുഭൂമിയിൽ ക്ഷീണിച്ചു യാത്ര ചെയ്തപ്പോൾ പിന്നിൽനിന്നു ആക്രമിച്ച് ബലഹീനരെ ഒക്കെയും കൊന്നുകളഞ്ഞു (ആവ.25:17-19). ദൈവം തന്റെ ഓർമ്മപ്പുസ്തകത്തിൽ ഇവരുടെ ശത്രുത്വം കുറിച്ചിട്ടു (പുറ.17:14). രെഫീദീമിൽവെച്ച് ദൈവം അമാലേക്കിനെ തോല്പിച്ചു. അവിടെ മോശെ ഒരു യാഗപീഠം പണിതു. അതിനു യഹോവ നിസ്സി (യഹോവ എന്റെ കൊടി) എന്നു പേരിട്ടു (പുറ.17:14-16).

അമാലേക്കുമായുള്ള യുദ്ധവിജയത്തിനുശേഷം ജനമൊക്കെയും സീനായ് മരുഭൂമിയിൽ വന്നു (പുറ.19:2). സീനായ് പർവ്വതം ദൈവത്തിന്റെ പർവ്വതം എന്നറിയപ്പെടുന്നു (പുറ.18:5, 24:13). മോശെയെ ഫറവോന്റെ അടിമത്വത്തിൽനിന്നു വിടുവിക്കുന്നതിനുമുമ്പ് ദൈവം ഹോരേബ് പർവ്വതത്തിൽ കത്തുന്ന മുൾപ്പടർപ്പിൽ മോശെക്കു പ്രത്യക്ഷനായി, യിസ്രായേൽജനം തന്നെ സീനായ് പർവ്വതത്തിൽവെച്ച് ആരാ ധിക്കുമെന്നു പറഞ്ഞിരുന്നു. *"അതിന്നു അവൻ: ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ ജനത്തെ മിസ്ര യീമിൽനിന്നു കൂട്ടിക്കൊണ്ടു വരുമ്പോൾ നിങ്ങൾ ഈ പർവ്വതത്തിൽ ദൈവത്തെ ആരാധിക്കുമെന്നു ള്ളതു ഞാൻ നിന്നെ അയച്ചതിന്നു അടയാളമാകും എന്നു അരുളിച്ചെയ്തു"*(പുറ.3:12 ).

ദൈവജനം മോശെയോടൊപ്പം ഈ വാഗ്ദത്തപ്രകാരം ദൈവത്തിന്റെ പർവ്വതമായ സീനായ്പർവ്വത ത്തിൽ എത്തി.

ദൈവം തന്റെ ജനത്തെ വീണ്ടെടുത്തു രക്ഷിച്ചു. കല്പനകളും പ്രമാണങ്ങളും നൽകി അവ രോട് ഉടമ്പടി ചെയ്യുന്നു. അതിലുൾപ്പെട്ടതാണ് പത്തു കല്പനകൾ അഥവാ ന്യായപ്രമാണങ്ങൾ. അവ രണ്ടു കല്പലകളിൽ ദൈവം തന്നെ എഴുതി മോശെയുടെ കയ്യിൽ കൊടുത്തു (ആവ.5:22, പുറ.24:12). പത്തു കല്പനകളെ രണ്ടായി തിരിക്കാം. ആദ്യത്തെ നാലു കല്പനകൾ യിസ്രായേലിന്നു ദൈവത്തോ ടുള്ള ഉത്തരവാദിത്തങ്ങളും ഒടുവിലത്തെ ആറെണ്ണം അവർ അന്യോന്യം പാലിക്കേണ്ട നിയമങ്ങളും ഉത്തരവാദിത്തങ്ങളുമാണ്. നാം ദൈവത്തെ സ്നേഹിക്കയും അനുസരിക്കയും ചെയ്യുമ്പോൾ മറ്റുള്ള വരെ സ്നേഹിക്കുവാനും സേവിക്കുവാനും കഴിയും (മത്താ.22:34-40, റോമ.13).

ന്യായപ്രമാണം ലഭിച്ചത് യിസ്രായേൽജനത്തിനാണ്. പുറ.20:1-17, ആവ.5:6-21 എന്നീ ഭാഗങ്ങ ളിൽ ഈ ഉടമ്പടി പത്തു കല്പനകളായി രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യത്തെ ആറു കല്പനകളിൽ *"ഞാൻ നിന്റെ ദൈവം"*, *"നിന്റെ യഹോവയായ ദൈവം"* എന്നു അവരോടു പറയുന്നു.

നിന്റെ ദൈവമായ യഹോവ — യഹോവയായ നിന്റെ ദൈവം എന്നീ പ്രയോഗങ്ങൾ യിസ്രായേൽ ജന ത്തിന്മേലുള്ള അവകാശം ദൈവത്തിനുമാത്രം ഉള്ളതാണ് എന്നതിനെ കുറിക്കുന്നു.

(1) പുറ.20:2 — *"അടിമവീടായ മിസ്രയീം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുത്."*

(2) പുറ.20:5— *"നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകു ന്നു."* ജീവനുള്ളതും യഥാർത്ഥവുമായ ഒരേ ഒരു ദൈവം മാത്രം. അവനാണ് യിസ്രായേലിന്റെ ദൈവം അവനെ മാത്രമേ ആരാധിക്കാവൂ. മറ്റൊന്നിന്റെയും വിഗ്രഹവും ഉണ്ടാക്കരുത്.

യെശ.42:8— *"ഞാൻ യഹോവ അതു തന്നേ എന്റെ നാമം; ഞാൻ എന്റെ മഹത്വം മറ്റൊരു ത്തനും എന്റെ സ്തുതി വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല."*

(3) പുറ.20:7— *"നിന്റെ ദൈവമായ യഹോവയുടെ നാമം വൃഥാ എടുക്കരുത്."* നിന്റെ ദൈവ മായ യഹോവ (Jehovah Elohekka) എന്നതു യിസ്രായേലിനോടുള്ള ദൈവത്തിന്റെ ബന്ധം കുറിക്കുന്ന നാമമാണ്. ദൈവജനം ദൈവനാമത്തിനു ക്ഷതം വരുത്തുന്ന കാര്യങ്ങളിൽ ഇടപെടരുത്. യിസ്രാ യേൽ ദൈവത്തിന്റെ നിക്ഷേപവും തിരഞ്ഞെടുക്കപ്പെട്ടവരുമാണ്. ദൈവജനം ദൈവത്തെ പ്രതിനിധീ കരിക്കുന്നു. അവർ ദൈവത്തെ ഭയപ്പെടുകയും അതേസമയം ബഹുമാനിക്കുകയും വേണം. ലേവ്യ.19:12 — *"എന്റെ നാമത്തെക്കൊണ്ടു കള്ളസത്യം ചെയ്തു നിന്റെ ദൈവത്തിന്റെ നാമത്തെ അശുദ്ധമാക്ക രുത്; ഞാൻ യഹോവ ആകുന്നു."*

(4) പുറ.20:10 — *"ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു."* 20:8— *"ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക"* (Honouring the Sabath). Sabath = Rest (വിശ്രമം).

ശബ്ബത്ത് കല്പന ആകുന്നതിനു മുമ്പ് യിസ്രായേൽജനം ഇതിനെ അവരുടെ ജീവിതത്തിൽ ഉൾക്കൊണ്ടിരുന്നു.

പുറ.16:23,25— *"അവൻ അവരോട്: അതു യഹോവ കല്പിച്ചതു തന്നേ; നാളെ സ്വസ്ഥത ആകുന്നു; യഹോവെക്കു വിശുദ്ധമായുള്ള ശബത്ത്. ......... അപ്പോൾ മോശെ പറഞ്ഞതു: ഇതു ഇന്നു ഭക്ഷിപ്പിൻ; ഇന്നു യഹോവയുടെ ശബ്ബത്ത് ആകുന്നു."*

സൃഷ്ടിയുടെ ആരംഭത്തിലും ശബ്ബത്ത് കാണാം.

ഉല്പ.2:1-3— *"...ദൈവം ... താൻ ചെയ്ത സകല പ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകലപ്രവൃത്തിയിൽനിന്നും അന്നു നിവൃത്തനായതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു."*

യഹൂദാജനം ശബ്ബത്ത് ആചരിക്കുമ്പോൾ അതു കാണിക്കുന്നത് അവർക്കു ദൈവത്തോടുള്ള അനുസരണവും ഭക്തിയുമാണ്. ആ ദിവസം അവർ തങ്ങളുടെ ദൈവത്തെ ആരാധിക്കുവാനായി വേർതിരിച്ചു. ഇന്നു ദൈവജനം ശബ്ബത്ത് ആചരിക്കുന്നില്ല. ആഴ്ചയുടെ ഒന്നാം ദിവസം അവർ ഒരുമിച്ചുകൂടി ഉയിർത്തെഴുന്നേറ്റ യേശുകർത്താവിനെ ബഹുമാനിച്ചാരാധിക്കുന്നു.

(5) പുറ.20:12— *"നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു ദീർഘായുസ്സുണ്ടാകുവാൻ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക."*

വാഗ്ദത്തത്തോടുകൂടിയ ആദ്യ കല്പനയാണിത്. യിസ്രായേല്യർ പൊതുവെ തങ്ങളുടെ മാതാപിതാക്കളെ ബഹുമാനിച്ചിരുന്നു.

പുറ.21:15— *"തന്റെ അപ്പനെയോ അമ്മയെയോ അടിക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം."*

പുറ.21:17— *"തന്റെ അപ്പനെയോ അമ്മയേയോ ശപിക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം."*

ലേവ്യ.19:3— *"നിങ്ങൾ ഓരോരുത്തർ താന്താന്റെ അമ്മയെയും അപ്പനെയും ഭയപ്പെടേണം."*

ലേവ്യ. 19:32-- *"നരച്ചവന്റെ മുമ്പാകെ എഴുന്നേൽക്കയും വൃദ്ധന്റെ മുഖം ബഹുമാനിക്കയും നിന്റെ ദൈവത്തെ ഭയപ്പെടുകയും വേണം."*

ആവ.27:16— *"അപ്പനെയോ അമ്മയെയോ നിന്ദിക്കുന്നവൻ ശപിക്കപ്പെട്ടവൻ."*

പുതിയ നിയമത്തിലും ഇതിനു ഏറെ ഊന്നൽ കൊടുത്തിട്ടുണ്ട്. എഫെ.6:1-3, 1.തിമ.5:1-2

യിസ്രായേൽ ദൈവത്തിന്റെ സ്വന്തജനം. ദൈവം അവരുടെ ദൈവം. പത്തു കല്പനകളിലൂടെ ഈ ബന്ധം സുദൃഢമാക്കുന്നു.

ആവ.2:7 — "നിന്റെ ദൈവമായ യഹോവ നിന്റെ കൈകളുടെ സകല പ്രവൃത്തിയിലും നിന്നെ അനുഗ്രഹിച്ചിരിക്കുന്നു. ഈ മഹാമരുഭൂമിയിൽനീ സഞ്ചരിക്കുന്നതു അവൻ അറിഞ്ഞിരിക്കുന്നു. ഈ നാല്പതു സംവത്സരം നിന്റെ ദൈവമായ യഹോവ നിന്നോടുകൂടെ ഇരുന്നു."

ആവ.4:19- - *"നീ ആകാശസൈന്യമായ സൂര്യനെയും ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കിക്കാണുമ്പോൾ അവയെ നമസ്കരിപ്പാനും സേവിപ്പാനും വശീകരിക്കപ്പെടരുത്; അവയെ നിന്റെ ദൈവമായ യഹോവ ആകാശത്തിൻ കീഴെങ്ങുമുള്ള സർവ്വജാതികൾക്കും പങ്കിട്ടു കൊടുത്തിരിക്കുന്നു."* To worship the creation instead of the creator is the essence of the idolatry (റോമ.1:22-25).

*"അടിമവീടായ മിസ്രയീം ദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു"* (ആവ.5:6).

*"ആകയാൽ നിന്റെ ദൈവമായ യഹോവ തന്നേ ദൈവം; അവൻ തന്നേ സത്യദൈവം എന്നു നീ അറിയേണം. അവൻ തന്നെ സ്നേഹിച്ചു തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ നിയമവും ദയയും പാലിക്കുന്നു"* (ആവ.7:9).

യഹോവ ഏലോഹാക്ക (നിന്റെ ദൈവമായ യഹോവ) എന്ന നാമം പുതിയനിയമ വിശ്വാസികൾക്കും ആശ്വാസവും സമാധാനവും നല്കുന്ന നാമമാണ്.

= = = = = = = = = = // = = = = = = = = = =

# (16) യഹോവ എലൊഹേനു

## JEHOVAH ELOHENU = LORD OUR GOD

## യഹോവ നമ്മുടെ ദൈവം

ദൈവവും മനുഷ്യനുമായുള്ള ബന്ധത്തെ കുറിക്കുന്ന നാമമാണ് യഹോവ എലൈഹേനു അഥവാ യഹോവ നമ്മുടെ ദൈവം (JEHOVAH ELOHENU = LORD OUR GOD). യഹോവയായ ദൈവവും തന്റെ ജനമായ യിസ്രായേലും തമ്മിലുള്ള ബന്ധത്തെ ഈ പേര് വെളിപ്പെടുത്തുന്നു. പരിശുദ്ധനും സർവ്വശക്തനും പരിപാലകനുമായ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജാതി എന്ന നിലയിൽ അവർക്കു പറയുവാനുള്ള നാമമാണ് യഹോവ നമ്മുടെ ദൈവം എന്നത്.

സങ്കീ.99:5 — *"നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ പാദപീഠത്തിങ്കൽ നമസ്ക്കരിപ്പിൻ; അവൻ പരിശുദ്ധൻ ആകുന്നു."*

സങ്കീ.99:8 — *"ഞങ്ങളുടെ ദൈവമായ യഹോവേ നീ അവർക്കുത്തരമരുളി."*

സങ്കീ.99:9 — *"നമ്മുടെ ദൈവമായ യഹോവയെ പുകഴ്ത്തുവിൻ; അവന്റെ വിശുദ്ധപർവ്വതത്തിൽ നമസ്ക്കരിപ്പിൻ; നമ്മുടെ ദൈവമായ യഹോവ പരിശുദ്ധനല്ലോ."*

സങ്കീർത്തനങ്ങൾ നാലാം പുസ്തകത്തിൽ ഉൾപ്പെടുന്ന 90 മുതൽ 106 വരെയുള്ള 17 സങ്കീർത്തനങ്ങൾ മോശെയുടെ പഞ്ചഗ്രന്ഥങ്ങളിലെ നാലാം പുസ്തകമായ സംഖ്യാപുസ്തകത്തോട് ചേരുന്നു. സംഖ്യാപുസ്തകത്തിൽ എന്നപോലെ ഇതിലും ദൈവജനത്തിന്റെ ലോകയാത്രയിൽ ദൈവത്തിന്റെ പരിപാലനം എത്രമാത്രമെന്നു അനുഭവിച്ചറിയാൻ സാധിക്കുന്നു.

99-ാം സങ്കീർത്തനം ഒരു രാജകീയ സങ്കീർത്തനമാണ് (Royal Psalm). അതായത് രാജാവായ ദൈവത്തെ സ്തുതിച്ചു പാടുന്ന പാട്ട്. ഏഴു രാജകീയ സങ്കീർത്തനങ്ങളിൽ (93,95-100) ആറാമത്തേതാണിത്. യഹോവ വാഴുന്നു എന്നാരംഭിക്കുന്ന മൂന്നു സങ്കീർത്തനങ്ങളിൽ (93,97,99) ദൈവത്തിൽ ആശ്രയം വെച്ച യിസ്രായേൽജനം **ഞങ്ങളുടെ ദൈവമായ യഹോവേ** എന്നു സംബോധന ചെയ്തു ദൈവത്തെ ആരാധിക്കുന്നു. യിസ്രായേലിന്റെ ദൈവം വാഴുന്നു. അവൻ കെരൂബുകൾക്കുമീതെ അധിവസിക്കുന്നു. അവൻ ഉന്നതൻ, പരിശുദ്ധൻ, നീതിയുള്ള ന്യായാധിപതി. നമ്മുടെ ദൈവമായ യഹോവ ഇന്നു വിശ്വാസികളുടെ ഹൃദയങ്ങളിൽ വാഴുന്നു. കർത്താവായ യേശുക്രിസ്തു മുഖാന്തിരം നമുക്കു ധൈര്യത്തോടെ കൃപാസനത്തിന്നടുത്തു ചെല്ലാനുള്ള അവകാശം ലഭിച്ചിരിക്കുന്നു. ഈ ദൈവം നമ്മുടെ ദൈവമായ യഹോവ തന്നെയാണ്.

യഹോവ നമ്മുടെ ദൈവം (JEHOVAH ELOHENU) എന്ന നാമം 99-ാം സങ്കീർത്തനത്തിനു പുറമേ മോശെയുടെ പഞ്ചഗ്രന്ഥങ്ങളിൽ ഒന്നായ ആവർത്തനപുസ്തകത്തിലും പല ഭാഗങ്ങളിൽ ഉദ്ധരിച്ചിരിക്കുന്നതായി കാണാം. ഓർമ്മയുടെയും തിരിഞ്ഞുനോട്ടത്തിന്റെയും പുസ്തകമാണ് ആവർത്തനപുസ്തകം. 120 വയസുള്ള മോശെ 40 വർഷത്തെ മരുഭൂമിയാത്ര പിന്നിട്ടശേഷം അടുത്ത തലമുറയ്ക്കു നൽകുന്ന യാത്ര അയപ്പു സന്ദേശം അടങ്ങിയിരിക്കുന്നു. ന്യായപ്രമാണത്തിന്റെ പകർപ്പ് (Copy of the Law), രണ്ടാം ന്യായപ്രമാണം (Second Law) എന്ന് ഈ പുസ്തകത്തെ വിശേഷിപ്പിക്കാം. യഹോവയായ ദൈവത്തിന്റെ ചില വിശേഷണങ്ങൾ ഈ പുസ്തകത്തിൽ ശ്രദ്ധേയമാണ്.

1. യഹോവ തന്നേ ദൈവം ....... മറ്റൊരുത്തനുമില്ല. (ആവ.4:39, 6:4) (Lord is the God).
2. യഹോവ ദഹിപ്പിക്കുന്ന അഗ്നി —(ആവ.4;24) — (Our God is consuming fire).
3. യഹോവ തീക്ഷ്ണതയുള്ള ദൈവം - - (ആവ. 4:24) — (He is jealous).
4. സത്യദൈവം — (ആവ. 7:9) — (The faithful God)
5. ദയയുള്ള ദൈവം (ആവ.7:9) — (God of kindness).
6. സ്നേഹിക്കുന്ന ദൈവം (ആവ.7:13) — (Loving God).

7. അനുഗ്രഹിക്കുന്ന ദൈവം (ആവ.7:13) — (God of blessing).

8. കരുതുന്ന ദൈവം (ആവ.4:31) — (God of Mercy).

9. പാപത്തിന്മേൽ കോപം വർഷിക്കുന്ന ദൈവം (ആവ.6:14) — (God of anger against sin).

ആവ.1:19-20 —*"പിന്നെ നമ്മുടെ ദൈവമായ യഹോവ നമ്മോടു കല്പിച്ചതുപോലെ ..........നമ്മുടെ ദൈവമായ യഹോവ നമുക്കു തരുന്ന അമോന്യരുടെ മലനാടുവരെ ......"*

ആവ.2:29 — *"യോർദ്ദാൻ കടന്നു ഞങ്ങളുടെ ദൈവമായ യഹോവ ഞങ്ങൾക്കു തരുന്ന ദേശത്തു എത്തുവോളം കാൽനടയായി പോകുവാൻമാത്രം അനുവദിക്കേണം."*

ആവ.2:36-37 — *"......... നമ്മുടെ ദൈവമായ യഹോവ സകലവും നമ്മുടെ കയ്യിൽ ഏൽപ്പിച്ചു."*

ആവ.3:3 — *"അങ്ങനെ നമ്മുടെ ദൈവമായ യഹോവ ബാശാൻ രാജാവായ ഓഗിനെയും അവന്റെ സകലജനത്തെയും നമ്മുടെ കയ്യിൽ ഏല്പിച്ചു."*

ആവ.3:22— *"നിങ്ങളുടെ ദൈവമായ യഹോവയല്ലോ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുന്നത്."*

ആവ. 4:7— *"നമ്മുടെ ദൈവമായ യഹോവയോടു നാം വിളിച്ചപേക്ഷിക്കുമ്പോഴൊക്കെയും അവൻ നമുക്കു അടുത്തിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തിരിക്കുന്ന ശ്രേഷ്ഠജാതി ഏതുള്ളു?"*

ആവ.4:29— *"എങ്കിലും അവിടെ വെച്ചു നിന്റെ ദൈവമായ യഹോവയെ നീ തിരകയും പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടെ അന്വേഷിക്കയും ചെയ്താൽ അവനെ കണ്ടെത്തും."*

ആവ.6:24-25— *"എല്ലായ്പോഴും നമുക്കു നന്നായിരിക്കേണ്ടതിന്നും ഇന്നത്തെപ്പോലെ അവൻ നമ്മെ ജീവനോടെ രക്ഷിക്കേണ്ടതിന്നുമായി നാം നമ്മുടെ ദൈവമായ യഹോവയെ ഭയപ്പെടുവാനും ഈ എല്ലാ ചട്ടങ്ങളെയും ആചരിപ്പാനും യഹോവ നമ്മോടു കല്പിച്ചു. നമ്മുടെ ദൈവമായ യഹോവ നമ്മോടു കല്പിച്ചതുപോലെ നാം അവന്റെ മുമ്പാകെ ഈ സകല കല്പനകളും ആചരിപ്പാൻ തക്ക വണ്ണം കാത്തുകൊള്ളുന്നു എങ്കിൽ നാം നീതിയുള്ളവരായിരിക്കും."*

ദൈവത്തിന്റെ ശ്രേഷ്ഠജനമായ യിസ്രായേലിനു അവകാശപ്പെടുവാനുള്ള നാമമാണ് യഹോവ നമ്മുടെ ദൈവം (JEHOVAH ELOHENU). അപ്പൊസ്തലനായ പൗലോസും അവരെക്കുറിച്ചു പറയുന്നു: *"അവർ യിസ്രായേല്യർ; പുത്രത്വവും തേജസ്സും നിയമങ്ങളും ന്യായപ്രമാണവും ആരാധനയും വാഗ്ദത്തങ്ങളും അവർക്കുള്ളവ; പിതാക്കന്മാരും അവർക്കുള്ളവർ തന്നേ; ജഡപ്രകാരം ക്രിസ്തുവും അവരിൽനിന്നല്ലോ ഉത്ഭവിച്ചത് "* (റോമ.9:4-5).

പുതിയനിയമ വിശ്വാസികൾക്ക് യേശുക്രിസ്തു വഴിയായി പിതാവായ ദൈവത്തോടു നിരപ്പു ലഭിച്ചു. ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ ദൈവമക്കൾ ആയിത്തീരുന്നു. ഇന്നു ദൈവം രക്ഷിക്കപ്പെട്ടവരുടെ ഹൃദയങ്ങളിൽ വാഴുന്നു. യേശുക്രിസ്തുവിന്റെ ദേഹം എന്ന തിരശ്ശീലയിൽ കൂടി ജീവനുള്ള പുതുവഴി ലഭിച്ചു. അതുകൊണ്ടു നമുക്കും പറയാം യഹോവ നമ്മുടെ ദൈവം (JEHOVAH ELOHENU = Lord our God).

= = = = = = = = = = // = = = = = = = = = =

# (17) യഹോവ ഗമുല

## JEHOVAH GAMULA = LORD THE GOD OF RECOMPENSE

## പ്രതികാരത്തിന്റെ യഹോവ

"യഹോവ ഗമുല" എന്നാൽ പ്രതികാരത്തിന്റെ യഹോവ എന്നാണ് (Jehovah Gamula = Lord the God of Recompense). ദൈവജനത്തെ പീഡിപ്പിക്കുന്നവർ ദൈവത്തിന്റെ ശത്രുക്കളാണ്. ദൈവം തനിക്കായി വേർതിരിച്ച യിസ്രായേൽജനം മറുതലിച്ചു ദൈവത്തെ അനുസരിക്കാതെ തെറ്റായ പാതയിലൂടെ നടന്നപ്പോൾ ദൈവം അവരെ ശരിയായ വഴിയിലൂടെ നടത്തി. ജാതികൾ അവരെ അടിമകളാക്കി, പലപ്പോഴും പീഡിപ്പിച്ചു. എന്നാൽ അവർ ദൈവത്തിങ്കലേക്കു തിരിഞ്ഞു നിലവിളിച്ചപ്പോൾ ദൈവം അവരുടെ കണ്ണുനീർ കണ്ടു മനസ്സലിഞ്ഞു അവരെ ശത്രുക്കളിൽനിന്നു വിടുവിച്ചു. ദൈവജനത്തിന്റെ ശത്രുക്കൾക്കു യിസ്രായേലിന്റെ ദൈവത്തിന്റെ സ്വഭാവസവിശേഷതകൾ ഏറെക്കുറെ അറിയാമായിരുന്നു. അപ്രകാരം ദൈവം തന്റെ ജനത്തിന്റെ ശത്രുക്കളോടു പ്രതികാരം ചെയ്യുമെന്നു അവർ മനസ്സിലാക്കിയിരുന്നു.

**യഹോവ ഗമുല —** പ്രതികാരത്തിന്റെ യഹോവ (Jehovah Gamula = Lord the God of Recompense) —

യിരെ.51:56 — *"അതിന്റെ നേരേ, ബാബേലിന്റെ നേരേ തന്നേ, വിനാശകൻ വന്നിരിക്കുന്നു; അതിലെ വീരന്മാർ പിടിപെട്ടിരിക്കുന്നു; അവരുടെ വില്ല് എല്ലാം ഒടിഞ്ഞുപോയി; യഹോവ പ്രതികാരത്തിന്റെ ദൈവമാകുന്നു: അവൻ പകരം ചെയ്യും."* ബാബിലോണ്യരുടെ നാശത്തോടുള്ള ബന്ധത്തിൽ യിരെമ്യാപ്രവാചകൻ യഹോവ പ്രതികാരത്തിന്റെ ദൈവം എന്നു വിശേഷിപ്പിക്കുന്നു.

യിരെ.50:28 — *"നമ്മുടെ ദൈവമായ യഹോവയുടെ പ്രതികാരം, തന്റെ മന്ദിരത്തിന്നു വേണ്ടിയുള്ള പ്രതികാരം തന്നേ."* ദൈവജനമായ യഹൂദയെ ശിക്ഷിച്ചു ദൈവവഴിയിൽ നടത്തുവാനായി ദൈവം ബാബിലോണിനെ അവരുടെ നേർക്കയച്ചു. യെരൂശലേം അവർ നശിപ്പിച്ചു. ഇനി ബാബിലോൺ ദൈവത്തിന്റെ ന്യായവിധിയിലൂടെ കടന്നുപോകുമെന്നു യിരെമ്യാവ് അവരെ അറിയിച്ചു. അവരുടെ ദേവനായ മെരോദാക്ക് തകർക്കപ്പെട്ടു (50:2). ബാൽ എന്നറിയപ്പെട്ടിരുന്ന ഈ ദേവന് അവരെ ദൈവത്തിന്റെ ന്യായവിധിയിൽനിന്നു രക്ഷിപ്പാൻ കഴിഞ്ഞില്ല.

യിസ്രായേൽ ജനം ഇടയനില്ലാത്ത ആടുകളെപ്പോലെ അലഞ്ഞുതിരിയുന്നു. അവർ ചിന്നിപ്പോയ ആട്ടിൻകൂട്ടമാണെന്നു യിരെമ്യാവു പറയുന്നു (യിരെ.50:4-10, 17-20). ആദ്യം അശൂർരാജാവും പിന്നീട് ബാബേൽരാജാവും അവരെ പീഡിപ്പിച്ചു. അശൂർരാജ്യത്തെ നശിപ്പിച്ചതുപോലെതന്നെ ബാബിലോണിനെയും ദൈവം നശിപ്പിക്കുമെന്നു പറയുന്നു. ബാബിലോണിന്റെ നാശം കണ്ട ജനം തങ്ങളുടെ ദൈവമായ യഹോവയുടെ പ്രതികാരമാണ് ബാബിലോണിന്മേൽ ആഞ്ഞടിക്കുന്നതെന്നു മനസ്സിലാക്കി. യഹോവയായ ദൈവം അവരുടെ രക്ഷകനാണ്. അതേസമയം തങ്ങളുടെ ശത്രുക്കൾക്ക് യഹോവ ഗമുല — പ്രതികാരത്തിന്റെ ദൈവം ആണെന്നു അവർ പ്രസ്താവിക്കുന്നു.

യിരെമ്യാ പ്രവചനം 51-ാം അദ്ധ്യായത്തിൽ ബാബേലിന്റെ പതനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നു. അവർ ചുറ്റുമുള്ള രാഷ്ട്രങ്ങളേയും യഹൂദാജനങ്ങളേയും പീഡിപ്പിച്ച അതേവിധത്തിൽത്തന്നെ അവർക്കും ദൈവത്തിൽനിന്നു ശിക്ഷ ലഭിക്കുമെന്നു പ്രവാചകൻ പ്രഖ്യാപിക്കുന്നു. ദൈവത്തെ എതിർക്കുന്നവരെ സംബന്ധിച്ച് ദൈവം പ്രതികാരത്തിന്റെ യഹോവ ആകുന്നു. ദൈവജനത്തെ പീഡിപ്പിക്കുന്നവരെ ദൈവം നശിപ്പിക്കുകതന്നെ ചെയ്യും.

പുതിയനിയമത്തിൽ യേശുക്രിസ്തു പറഞ്ഞത് ശത്രുക്കളെ സ്നേഹിക്കുക എന്നാണ്. എന്നാൽ അവരെ സ്നേഹിച്ചിട്ടും ദോഷവഴികളിൽനിന്നും പിന്മാറാതെ സുവിശേഷത്തിൽ വിശ്വസിക്കാത്തവരോടു കർത്താവു പ്രതികാരം ചെയ്യും.

റോമ.12:17-18 - *"ആർക്കും തിന്മെക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടെയും മുമ്പിൽ യോഗ്യമായതു മുൻകരുതി, കഴിയുമെങ്കിൽ നിങ്ങളാൽ ആവോളം സകല മനുഷ്യരോടും സമാധാനമായിരിപ്പിൻ."*

റോമ.12:19 — *“പ്രിയമുള്ളവരേ- നിങ്ങൾതന്നേ പ്രതികാരം ചെയ്യാതെ ദൈവകോപത്തിന്നു ഇടം കൊടുപ്പിൻ. പ്രതികാരം എനിക്കുള്ളത് ഞാൻ പകരം ചെയ്യുമെന്നു കർത്താവു അരുളിച്ചെയ്യുന്നു.”*

യേശുക്രിസ്തുവിലൂടെ പുതുസൃഷ്ടിയായി രൂപാന്തരം പ്രാപിച്ച വിശ്വാസിയിൽ പ്രതികാര ചിന്ത പാടില്ല. അവന്റെ പെരുമാറ്റത്തിൽ സ്നേഹം നിറഞ്ഞു നിൽക്കണം.

മത്താ.5:38-39— *“ഞാനോ നിങ്ങളോടു പറയുന്നതു: ദുഷ്ടനോട് എതിർക്കരുത്; നിന്നെ വലത്തെ ചെകിട്ടത്തു അടിക്കുന്നവന്നു മറ്റേതും തിരിച്ചു കാണിക്ക.”*

സദൃ.20:22— *“ഞാൻ ദോഷത്തിന്നു പ്രതികാരം ചെയ്യുമെന്നു നീ പറയരുത്; യഹോവയെ കാത്തിരിക്ക; ഞാൻ നിന്നെ രക്ഷിക്കും.”*

സദൃ.24:29— *“അവൻ എന്നോടു ചെയ്തതുപോലെ ഞാൻ അവനോടു ചെയ്യുമെന്നും ഞാൻ അവന്റെ പ്രവൃത്തിക്കു പകരം കൊടുക്കുമെന്നും നീ പറയരുതു.”*

പ്രതികാരം ദൈവത്തിന്റെ അധികാരപരിധിയിൽ വരുന്നതാണ്. നിങ്ങളിൽ പ്രതികാരചിന്ത ഉണ്ടായിരിക്കരുത്. വിശ്വാസി ഒരിക്കലും ന്യായകർത്താവ് ആകുവാൻ പാടില്ല. നാം പ്രതികാരം ചെയ്താൽ അതിന്നർത്ഥം നാം ദൈവത്തിന്റെ അധികാരം എടുക്കുന്നു, ദൈവത്തിനു പ്രവർത്തിക്കുവാൻ അവസരം കൊടുക്കുന്നില്ല എന്നാണ്. ദൈവത്തോടു സമാധാനം ലഭിച്ച വിശ്വാസി ലോകത്തോടും സമാധാനം ആചരിപ്പാൻ ഉത്സാഹിക്കണം.

2.തെസ്സ.1:6-8 — *“കർത്താവായ യേശു തന്റെ ശക്തിയുള്ള ദൂതന്മാരുമായി സ്വർഗ്ഗത്തിൽനിന്നു അഗ്നിജ്വാലയിൽ പ്രത്യക്ഷനായി ദൈവത്തെ അറിയാത്തവർക്കും നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവർക്കും പ്രതികാരം കൊടുക്കുമ്പോൾ നിങ്ങളെ പീഡിപ്പിക്കുന്നവർക്കു പീഡയും പീഡ അനുഭവിക്കുന്ന നിങ്ങൾക്കു ഞങ്ങളോടുകൂടെ ആശ്വാസവും പകരം നൽകുന്നതു ദൈവസന്നിധിയിൽ നീതിയല്ലോ.”*

എബ്രാ.10:30-31 — *‘‘പ്രതികാരം എനിക്കുള്ളതു ഞാൻ പകരം വീട്ടും എന്നും കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം.”*

യഹോവ ഗമുല. ദൈവത്തെ അനുസരിക്കാത്തവർക്കു യഹോവ ഗമുല. അനുസരിക്കുന്നവർക്കു യഹോവ സംരക്ഷകൻ.

= = = = = = = = = = // = = = = = = = = = =

# (18) യഹോവ മെക്കെ

## JEHOVAH MEKKE = LORD WHO STRIKES

## ദണ്ഡിപ്പിക്കുന്ന യഹോവ

യഹോവ മെക്കെ എന്നാൽ ദണ്ഡിപ്പിക്കുന്ന യഹോവ (Jehovah - Mekke = Lord who strrikes) എന്നാണ്. യഹോവ സർവ്വശക്തൻ, സ്രഷ്ടാവ്, സൈന്യങ്ങളുടെ യഹോവ, സകലത്തെയും ഭരിക്കുന്നവൻ എന്നീ നാമങ്ങൾ വഹിക്കുമ്പോൾതന്നെ തന്റെ സ്വന്തജനത്തിന് പരിപാലകനും ആശ്വാസപ്രദനും ആയിരിക്കുന്നു. എന്നാൽ ശത്രുക്കൾക്ക് അവൻ യഹോവ ഗമുല — പ്രതികാരത്തിന്റെ യഹോവ ആണ്. ദൈവജനത്തെ സംബന്ധിച്ച് അവർ ദൈവത്തെയും ദൈവകല്പനകളെയും മറന്നു തോന്നിയതുപോലെ ലോകപ്രകാരം ജീവിക്കുമ്പോൾ അവരെ ദൈവം ശിക്ഷണവഴിയിലൂടെ നടത്തും. അങ്ങനെയുള്ള ജനത്തിനു ദൈവം പരിചയപ്പെടുത്തുന്ന നാമമാണ് യഹോവ മെക്കെ — ദണ്ഡിപ്പിക്കുന്ന യഹോവ. അവരുടെമേൽ വരുന്ന ന്യായവിധിയുടെയും ശിക്ഷയുടെയും അനുഭവത്തിൽ യഹോവ മെക്കെ (ദണ്ഡിപ്പിക്കുന്ന യഹോവ) എന്നു അറിയുവാൻ ഇടയാകും. യെഹെസ്ക്കേൽ പ്രവചനത്തിൽ യഹോവ തന്റെ ജനമായ യിസ്രായേലിനു തന്നെ പരിചയപ്പെടുത്തുന്ന നാമമാണ് യഹോവ മെക്കെ.

യെഹെ.7:9— *"എന്റെ കണ്ണു ആദരിക്കാതെയും ഞാൻ കരുണ കാണിക്കാതെയും നിന്റെ നടപ്പിന്നു തക്കവണ്ണം ഞാൻ നിന്നോടു പകരം ചെയ്യും; നിന്റെ മ്ലേച്ഛതകൾ നിന്റെ നടുവിൽ വെളിപ്പെട്ടുവരും; യഹോവയായ ഞാനാകുന്നു ദണ്ഡിപ്പിക്കുന്നത് എന്നു നിങ്ങൾ അറിയും."*

യഹൂദയുടെ ഇരുളടഞ്ഞ കാലഘട്ടത്തിൽ യെഹെസ്ക്കേൽ പുരോഹിതനായും പ്രവാചകനായും ശുശ്രൂഷ ചെയ്തു. യെഹെസ്ക്കേലിനെയും ബാബേലിലേക്കു പിടിച്ചുകൊണ്ടു പോയിരുന്നു. യിസ്രായേലിന്റെ 70 വർഷത്തെ ബാബേൽപ്രവാസകാലത്തു അവരുടെ ഇടയിൽ പ്രവാചകനായി ശുശ്രൂഷ ചെയ്തു. കേബാർനദീതീരത്തു താമസിക്കുമ്പോഴാണ് പ്രവാചകശുശ്രൂഷ ആരംഭിക്കുന്നത്. യെരൂശലേം നശിപ്പിക്കപ്പെടുംമുമ്പ് ബാബിലോണിലേക്കു കൊണ്ടുപോകപ്പെട്ട യെഹെസ്ക്കേൽ പ്രവാചകൻ ദർശനങ്ങൾ, ഉപമകൾ, അടയാളങ്ങൾ, ചിഹ്നങ്ങൾ, ഐതീഹ്യങ്ങൾ, പ്രവചനങ്ങൾ എന്നീ വിവിധ മാധ്യമങ്ങളിലൂടെ ദൈവത്തിന്റെ സന്ദേശം പ്രവാസത്തിൽ കഴിയുന്ന ജനത്തെ അറിയിച്ചു. ഉണങ്ങിയ അസ്ഥികളെപ്പോലെആയിരിക്കുന്ന തങ്ങളുടെ തത്ക്കാലാവസ്ഥയിൽനിന്നും ദൈവം അവരെ വീണ്ടും കൂട്ടിച്ചേർക്കയും ഉള്ളിൽ ജീവശ്വാസമൂതി ഒരു രാഷ്ട്രമായി വർദ്ധിച്ചു വരുമാറാക്കയും ചെയ്യും. അങ്ങനെ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും ഇതായിരുന്നു സന്ദേശം.

യെഹെസ്കേൽ ഒന്നു മുതൽ മൂന്നു വരെയുള്ള അദ്ധ്യായങ്ങളിൽ ദൈവതേജസിന്റെ പ്രത്യക്ഷത വിവരിക്കുന്നു. നാലു മുതൽ ഇരുപത്തിനാലു വരെയുള്ള അദ്ധ്യായങ്ങളിൽ യെരൂശലേമിന്റെ നാശത്തെക്കുറിച്ചുള്ള പ്രവചനവും ദൈവതേജസിന്റെ അപ്രത്യക്ഷതയ്ക്കുള്ള കാരണങ്ങളും ചിത്രീകരിച്ചിരിക്കുന്നു. യെരൂശലേമിനു നേരേയുള്ള ദൈവത്തിന്റെ ന്യായവിധികളെപ്പറ്റി രണ്ടു പ്രവചനങ്ങൾ ആറും ഏഴും അദ്ധ്യായങ്ങളിൽ കാണുന്നു. (1) ജനത്തിന്റെ വിഗ്രഹാരാധന നിമിത്തം ദേശവും ദൈവാലയവും മലിനമായിരിക്കുന്നു. (2) ബാബിലോണ്യസൈന്യത്താൽ അവർക്കു വലിയോരു വിപത്തു നേരിടേണ്ടിവരും.

### യെഹെ.6:1-7 — പൂജാഗിരികളിന്മേൽ ദൈവത്തിന്റെ ന്യായവിധി —

യിസ്രായേലിന്റെ വിഗ്രഹാരാധന നടന്നതു പർവ്വതങ്ങളിലാകയാൽ പർവ്വതങ്ങൾക്കെതിരായി യെഹെസ്കേൽ പ്രവചിക്കുന്നു. ജാതികൾ പർവ്വതങ്ങളിൽ പണിത പൂജാഗിരികളെ (High Places) യാണ് ആരാധനാസ്ഥലങ്ങളായി ഉപയോഗിക്കുന്നത്. അതിൽത്തന്നെ യിസ്രായേലും ആരാധിച്ചു. ദൈവം അവർക്കു നല്കിയ വ്യവസ്ഥപ്രകാരം ദൈവത്ത ആരാധിക്കുന്നതിനു പകരം അവർ ജാതികളെ അനുകരിച്ച് ആരാധനയിൽ മാറ്റം വരുത്തി. വിഗ്രഹാരാധികളായ യിസ്രായേൽജനത്തിന്റെ ശവങ്ങൾ പൂജാഗിരികളിലെല്ലാം ചിന്നിച്ചിതറി കിടക്കും; അപ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും എന്നു യെഹെസ്ക്കേലിലൂടെ അരുളിച്ചെയ്തു.

**യെഹെ.6:8-10 — ശേഷിപ്പിനു ലഭിക്കുന്ന ദൈവകൃപ —**

ബാബിലോണ്യസൈന്യം യിസ്രായേലിനെ ഒന്നടങ്കം നശിപ്പിക്കുമ്പോൾ ഒരു ശേഷിപ്പ് ദൈവത്തിങ്കലേക്കു തിരിയും അവരോട് ദൈവം കരുണ കാണിക്കും. ദൈവത്തോടു വിശ്വസ്തത പുലർത്തിയ ഈ ശേഷിപ്പിനോട് യഹോവ തന്റെ ഉടമ്പടി ഓർക്കും (ലേവ്യ. 26:40-46). ഞാൻ യഹോവ എന്നു അവർ അറിയും.

യിസ്രായേലും ദൈവവുമായുള്ള ബന്ധം ഭാര്യാഭർത്തൃബന്ധമാണെന്നു ചിത്രീകരിച്ചിട്ടുണ്ട്.

യെശ.54:5— നിന്റെ സ്രഷ്ടാവാകുന്നു നിന്റെ ഭർത്താവ്.

യിരെ.2:2— നിന്റെ യൗവനത്തിലെ ഭക്തിയും വിവാഹം നിശ്ചയിച്ച കാലത്തിലെ സ്നേഹവും ഞാൻ ഓർക്കുന്നു.

അതുകൊണ്ട് യഹോവയല്ലാതെ മറ്റേതെങ്കിലും ദൈവത്തെ ആരാധിച്ചാൽ അവർ വ്യഭിചാരം ചെയ്യുന്നതിനു തുല്യമാണ്. എന്നാൽ അവർ മാനസാന്തരപ്പെട്ടു തിരിഞ്ഞു വന്നാൽ യഹോവ അവരുടെ പൂർവ്വപിതാക്കന്മാരോടു ചെയ്ത വാഗ്ദത്തം ഓർത്ത് അവരോടു ക്ഷമിക്കും. പുതിയനിയമ വിശ്വാസികളെ സംബന്ധിച്ചും ഇതുതന്നെയാണ് ദൈവം അനുവദിച്ചിട്ടുള്ളത്. നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1.യോഹ.1:9).

**യെഹെ.6:11-13— യിസ്രായേലിനു വരുന്ന മഹാവിപത്ത് —**

ബാബിലോണ്യരാൽ അവർക്കു വരുന്ന മഹാവിപത്തിനെപ്പറ്റി പ്രവാചകൻ പറയേണ്ട രീതി യഹോവ വെളിപ്പെടുത്തിയിരിക്കുന്നതു നോക്കുക: — നീ കൈ കൊണ്ടടിച്ചു കാൽ കൊണ്ടു ചവിട്ടി, അയ്യോ കഷ്ടം! എന്നു പറക. അവർക്കു സംഭവിക്കുന്ന നാശം മൂന്നുവിധത്തിലുള്ളതാണ് — വാൾ, ക്ഷാമം, മഹാമാരി. ഈ വിധത്തിലുള്ള ശിക്ഷയാൽ അവർക്കു നാശം സംഭവിക്കുമ്പോൾ ഞാൻ യഹോവ എന്നു അവർ അറിയും.

യെഹെ.6:14—*"ഞാൻ അവരുടെ നേരേ കൈ നീട്ടി, അവരുടെ സകല വാസസ്ഥലങ്ങളിലും ദേശത്തെ രിബ്ലാ മരുഭൂമിയേക്കാൾ അധികം നിർജ്ജനവും ശൂന്യവുമാക്കും; അപ്പോൾ ഞാൻ യഹോവ എന്നു അവർ അറിയും."*

ഏകദേശം 60 പ്രാവശ്യം ഞാൻ യഹോവ എന്നു അവർ അറിയും എന്ന പ്രയോഗം യെഹെസ്കേൽ പ്രവചനത്തിൽ കാണുന്നു. അനുഗ്രഹമായാലും ശിക്ഷയായാലും ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നു. അനുസരണംകെട്ട ദൈവജനത്തെ ജാതീയ രാഷ്ട്രത്താൽ ശിക്ഷിക്കുമ്പോൾ അതിന്റെ നടുവിലും ദൈവം ആഗ്രഹിക്കുന്നതു ദൈവത്തെ അവർ മനസ്സിലാക്കി മടങ്ങിവരണം എന്നാണ്. ദണ്ഡിപ്പിക്കുന്നത് യഹോവ എന്നു അവർ മനസ്സിലാക്കി ദൈവസന്നിധിയിൽ തിരികെ വരണം.

യിസ്രായേൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനം. അവർ ദൈവകല്പനകൾ അനുസരിച്ചു, ദൈവത്തെ ആരാധിച്ചും സേവിച്ചും കഴിയണമെന്നു ദൈവം ആഗ്രഹിക്കുന്നു (ലേവ്യ.26:1-13). യിസ്രായേൽ ജനം അതു നല്ലവണ്ണം അറിഞ്ഞിരുന്നു. എന്നാൽ തലമുറകൾ കഴിഞ്ഞപ്പോൾ അവർ ദൈവകല്പനകൾ ലംഘിച്ചു ലോകവഴിയിൽ നടന്നു. ആയതിനാൽ ദൈവം അവരെ ദണ്ഡിപ്പിച്ചു നേർവഴിയിൽ കൊണ്ടുവരുവാൻ ജാതീയരാഷ്ട്രങ്ങളെ അവർക്കുനേരേ അയച്ചു. അനേകർ കൊല്ലപ്പെട്ടു. അനേകരെ അടിമകളായി പിടിച്ചുകൊണ്ടുപോയി. ഈ ജനത്തോട് യെഹെസ്കേൽ പ്രവാചകൻ അറിയിക്കുന്ന രണ്ടാമത്തെ ദൂതാണ് ഏഴാം അദ്ധ്യായത്തിലെ പ്രതിപാദ്യവിഷയം.

യിസ്രായേൽ ദേശത്തെ അവരുടെ പാപങ്ങൾകൊണ്ടു കളങ്കിതമാക്കി. ബാബിലോണ്യരെക്കൊണ്ടു ദൈവം അവരെ ദണ്ഡിപ്പിച്ചു. ഞാൻ നിന്റെ നടപ്പിന്നു തക്കവണ്ണം നിന്നെ ന്യായം വിധിച്ചു നിന്റെ സകല മ്ളേച്ഛതകൾക്കും നിന്നോടു പകരം ചെയ്യുമെന്നു ദൈവം അവരെ അറിയിച്ചു. ദൈവത്തിന്റെ ന്യായവിധി അവരിൽ പതിക്കുമ്പോൾ "യഹോവയായ ഞാൻ ആകുന്നു നിങ്ങളെ ദണ്ഡിപ്പിക്കുന്നതെന്നു നിങ്ങൾ അറിയും (യെഹെ.7:9) എന്നു ദൈവം അരുളിച്ചെയ്തു. ദേശത്തിന്മേൽ വന്നുപതിക്കുന്ന അതിഭയങ്കരനാശത്തെപ്പറ്റിയുള്ള വിവരണം വിവിധ ദൃഷ്ടാന്തങ്ങളിലൂടെ പ്രവാചകൻ അവരെ അറിയിക്കുന്നു.

**(1) അവരുടെ സ്വഭാവം — അഹങ്കാരം**

യെഹെ.7:10,11— *"...... വടി പൂത്തു അഹങ്കാരം തളിർത്തിരിക്കുന്നു. സാഹസം ദുഷ്ടതയുടെ വടിയായിട്ടു വളർന്നിരിക്കുന്നു."*

പൂത്ത വടി ( budding rod) പ്രകൃതിയിൽനിന്നുള്ള ദൃഷ്ടാന്തം. അവരുടെ സ്വഭാവവൈകല്യം നിമിത്തം നാശം പ്രവചിക്കുന്നു. ദൈവം അവരുടെ മറുതലിച്ചുള്ള നടപ്പും വിഗ്രഹാരാധനയും, കെട്ടഴിഞ്ഞ അവസ്ഥയും കണ്ടു ദീർഘക്ഷമയോടെ നോക്കിയിരിക്കയായിരുന്നു. അവരുടെ പാപങ്ങൾ വളർന്നു പൂത്തു. അതായത് പാപങ്ങൾ വളർന്നു പക്വതയിൽ എത്തിയിരിക്കുന്നു. അവർ ശിക്ഷിക്കപ്പെടുവാൻ കാലമായി എന്നു പ്രവാചകൻ അറിയിക്കുന്നു. അവർ വിതച്ചതുതന്നെ കൊയ്യും.

**(2) വ്യാപാരരംഗം —**

യെഹെ.7:12-13— *"....... വാങ്ങുന്നവൻ സന്തോഷിക്കയും വിൽക്കുന്നവൻ ദു:ഖിക്കയും വേണ്ടാ. അവർ ജീവിച്ചിരുന്നാലും വിൽക്കുന്നവന്നു വിറ്റതു മടക്കിക്കിട്ടുകയില്ല."*

വ്യാപാരരംഗത്തു (business world) നാശം പ്രവചിക്കുന്നു. ബാബിലോണ്യ ആക്രമണത്താൽ ദേശത്തെ സ്ഥലങ്ങൾക്കു കുത്തനെ വിലയിടിവുണ്ടാകും. അപ്പോൾ വില കുറച്ചു വാങ്ങുന്നവർ സന്തോഷിക്കുകയും കുറഞ്ഞ വിലെക്കു വിറ്റവർ ദു:ഖിക്കുകയും വേണ്ടാ. ഇതു സ്ഥലമായോ പണമായോ സൂക്ഷിക്കാമെന്നു ഉറപ്പും വേണ്ടാ. കാരണം അവർ ജീവിച്ചിരിക്കുമെന്നു ഉറപ്പില്ല. അകൃത്യത്തിൽ ജീവിതം കഴിക്കുന്ന ഒരുവനും ശക്തി പ്രാപിക്കയില്ല.

**(3) യുദ്ധകാഹളം —**

യെഹെ.7:14,15— *"അവർ കാഹളം ഊതി സകലവും ഒരുക്കുന്നു......"*

കാഹളം ഊതുന്നതു യുദ്ധത്തിനു പുറപ്പെടുവാനാണ്. എന്നാൽ യെരുശലേമിൽ കാഹളം ഊതിയാലും അവിടെ യെഹൂദാ സൈന്യം ഇല്ലാത്തതിനാൽ പ്രയോജനമില്ലാത്തതായിത്തീർന്നിരിക്കുന്നു. പുറത്തു വാൾ, അകത്തു മഹാമാരി, ക്ഷാമം. വയലിൽ ഇരിക്കുന്നവർ വാൾകൊണ്ടു മരിക്കും. പട്ടണത്തിൽ ഇരിക്കുന്നവർ ക്ഷാമത്തിനും മഹാമാരിക്കും ഇരയായിത്തീരും.

**(4) കുറുകുന്ന പ്രാവ് —**

യെഹെ.7:16-18 —*"മലകളിൽ ഇരുന്നു കുറുകുന്ന പ്രാവ് ...."* ----

വാളിന്നും ക്ഷാമത്തിന്നു മഹാമാരിക്കും ഇരയാകാതെ ചാടിപ്പോന്നവർ ഓരോരുത്തനും താന്താന്റെ അകൃത്യത്തെക്കുറിച്ചു താഴ്വരകളിലെ പ്രാവുകളെപ്പോലെ മലകളിൽ ഇരുന്നു കുറുകും. നാശത്തിൽനിന്നു ഓടി രക്ഷപെടുന്നവരെ താഴ്വ്വരയിൽനിന്നു ഓടി മലമുകളിൽ ഭീതിയോടെ ഏകാന്തതയിൽ തനിച്ചിരുന്നു വിലപിക്കുന്ന പ്രാവുകളോട് ഉപമിച്ചിരിക്കുന്നു. ഇവർ തങ്ങളുടെ അകൃത്യത്തെ ഒർത്തു വിലപിക്കുകയാണ്. വിടുതൽ ലഭിച്ച ശേഷിപ്പിന്റെ അവസ്ഥ ഈ ഭാഗത്തു വർണ്ണിച്ചിരിക്കുന്നു: തളർന്നകൈകൾ, ശക്തിയില്ലാത്ത മുഴങ്കാലുകൾ, രട്ടുടുത്തവർ, ഭീതി നിറഞ്ഞവർ ശക്തിഹീനരായി, ഭയവിഹ്വലരായി, ദൈവകരുണ യാചിക്കുന്നവർ.

**(5) അവർ തങ്ങളുടെ വിലയേറിയ നിക്ഷേപങ്ങൾ എറിഞ്ഞുകളയുന്നു —**

യെഹെ.7:19-21 —

ഓടി രക്ഷപെട്ട ജനം തങ്ങളുടെ അകൃത്യത്തെക്കുറിച്ചു വിലപിക്കുക മാത്രമല്ല, തങ്ങൾ അതുവരെ ആശ്രയിച്ചിരുന്ന വെള്ളി, പൊന്ന്, വിഗ്രഹങ്ങൾ തുടങ്ങി സർവ്വവും വീഥികളിലേക്കു വലിച്ചെറിയുന്നു. പണത്തിനും സമ്പത്തിനും വിഗ്രഹങ്ങൾക്കും ദേവന്മാർക്കും തങ്ങളെ രക്ഷിക്കാൻ കഴികയില്ല എന്നു അവർ മനസ്സിലാക്കി. ബാബിലോണ്യസൈന്യം അവരെ കൊള്ളയടിച്ചു. അവരുടെ സമ്പത്തെല്ലാം കവർന്നു. ദൈവജനത്തെ ദണ്ഡിപ്പിക്കുവാൻ ദൈവം അവരെ അനുവദിച്ചു — യഹോവ മെക്കെ— ദണ്ഡിപ്പിക്കുന്ന യഹോവ.

**(6) ഭവനങ്ങളിന്മേൽ ആക്രമണം —**

യെഹെ.7:22-24 —*"..... ഞാൻ ജാതികളിൽ അതിദുഷ്ടന്മാരായവരെ വരുത്തും; അവർ അവരുടെ വീടുകളെ കൈവശമാക്കും."*

**(7) ദൈവാലയം ആക്രമിക്കപ്പെടും** (7:24) —

അവരുടെ വിശുദ്ധസ്ഥലങ്ങൾ അശുദ്ധമായിത്തീരും. കവർച്ചക്കാർ അതിന്നകത്തു കടന്നു അതിനെ അശുദ്ധമാക്കും. ദൈവം അവരുടെ യാഗങ്ങളിൽ പ്രസാദിക്കയില്ല.

**(8) ഹൃദയം** — സമാധാനം ഇല്ലാതാകും.

യെഹെ.7:25 — *"നാശം വരുന്നു! അവർ സമാധാനം അന്വേഷിക്കും; എന്നാൽ അതു ഇല്ലാതെ ഇരിക്കും."*

**(9) ആത്മീയദർശനം നഷ്ടപ്പെടും**— (Spiritual decline)

യെഹെ.7:26 — *"അവർ പ്രവാചകന്മാരോടു ദർശനം അന്വേഷിക്കും. എന്നാൽ പുരോഹിതന്മാരുടെ പക്കൽനിന്നു ഉപദേശവും മൂപ്പന്മാരുടെ പക്കൽനിന്നു ആലോചനയും പൊയ്പോകും."*

ഏലിപുരോഹിതന്റെ മക്കൾ നീചന്മാരും യഹോവയെ ഓർക്കാത്തവരും ആയിരുന്നു. അതിനാൽ അന്നും ദർശനം നഷ്ടപ്പെട്ടു പോയിരുന്നു.

1.ശമു.3:1 —*" ..... അക്കാലത്തു യഹോവയുടെ വചനം ദുർല്ലഭമായിരുന്നു. ദർശനം ഏറെ ഇല്ലായിരുന്നു."*

**(10) രാജ്യഭരണം സ്തംഭിക്കും (Political system will fall)**

യെഹെ.7:27— *"രാജാവു ദു:ഖിക്കും; പ്രഭു സ്തംഭനം ധരിക്കും; ദേശത്തെ ജനത്തിന്റെ കൈകൾ വിറെക്കും; ഞാൻ അവരുടെ നടപ്പിനു തക്കവണ്ണം അവരോടു പകരം ചെയ്യും; അവർക്കു ന്യായമായതുപോലെ അവരെ വിധിക്കും; ഞാൻ യഹോവ എന്നു അവർ അറിയും."*

ബാബിലോണ്യരുടെ ആക്രമണത്താൽ യിസ്രായേൽ ജനം ഈ വിധത്തിൽ ദണ്ഡിപ്പിക്കപ്പെടും. ദൈവത്തിന്റെ ന്യായവിധി കണ്ട് യഹോവയായ ദൈവം വീണ്ടെടുപ്പുകാരൻ മാത്രമല്ല, ദണ്ഡിപ്പിക്കുന്ന യഹോവയാണെന്നു അവർ മനസ്സിലാക്കും.

ദൈവമക്കളെ ദൈവം ദണ്ഡിപ്പിക്കുന്നതു അവരെ നേരായ പാതയിൽ കൊണ്ടുവരാനാണ്. പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവത്തിന്റെ ഈ സ്വഭാവസവിശേഷത കാണാം.

### (1) ബിലെയാം -- (സംഖ്യാ.22,23,24)

ബിലെയാം ദൈവത്തിന്റെ പ്രവാചകനെങ്കിലും അനീതിയുടെ കൂലി കൊതിച്ച് മോവാബിലേക്കിറങ്ങിപ്പോയി. യിസ്രായേലിനോടു നേർക്കുനേർ എതിർത്താൽ ജയിക്കയില്ലെന്നു മനസ്സിലാക്കിയ മോവാബ്യരാജാവായ ബാലാക്ക് പുതിയ യുദ്ധതന്ത്രം പരീക്ഷിച്ചു —— ദൈവത്തിന്റെ പ്രവാചകനായ ബിലെയാമിനെക്കൊണ്ടു യിസ്രായേലിനെ ശപിപ്പിക്കുക. അതിനായി ബിലയാമിനെ കൂലിക്കു വിളിച്ചു. വഴിതെറ്റിപ്പോകുന്ന പ്രവാചകനെ നേർവഴിക്കു കൊണ്ടു വരുവാൻ ദൈവം അവനെ ദണ്ഡിപ്പിക്കുന്നു. ഉരിയാടാക്കഴുതയെക്കൊണ്ടു ദൈവം സംസാരിപ്പിക്കുന്നു. എന്നിട്ടും പ്രവാചകന്റെ ആത്മീയ കണ്ണു തുറന്നില്ല. മോവാബ്യരോടു ചേർന്നു നടന്ന ബിലയാമിന്റെ ദ്രവ്യാഗ്രഹം അവനെ തോൽവിയിലേക്കും നാശത്തിലേക്കും എത്തിച്ചു. ഇന്നത്തെ പല വിശ്വാസികളുടെയും നില ഇതിൽനിന്നു വ്യത്യസ്ഥമല്ല. അവർ ബിലെയാമിന്റെ പാത പിന്തുടരുന്നു. ദൈവഹിതം അറിയാം, അനുസരിക്കും. പക്ഷേ അതിൽനിന്നും ഭൗതീകനന്മകൾ കൊയ്യുന്നതിലായിരിക്കും ലക്ഷ്യം. ദണ്ഡനങ്ങൾ നമ്മെ നേരായ പാതയിൽ നടത്താനുള്ളവയാണെന്നു മനസ്സിലാക്കി ദൈവത്തിൽ ശരണപ്പെട്ടാൽ ദൈവം അനുഗ്രഹിക്കും.

### (2) യോനാ

ഗത്ത്-ഹേഫർക്കാരനായ അമിത്ഥായിയുടെ മകനായിരുന്നു യോനാ (2.രാജാ.14:25). ദൈവത്തിന്റെ അരുളപ്പാടുകൾ കേട്ടിട്ടും തന്നിഷ്ടപ്രകാരം ദൈവഹിതത്തിനെതിരായി ഓടിയതിനാൽ ആനുസരണംകെട്ട പ്രവാചകൻ, രണ്ടാമതു നീനെവേയിലേക്കു അയക്കപ്പെട്ടതിനാൽ രണ്ടാം നിയോഗം ലഭിച്ചവൻ, ജാതികളുടെ ഇടയിൽ സുവിശേഷം അറിയിച്ച ഒന്നാമത്തെ സുവിശേഷ പ്രസംഗകൻ എന്നീ പേരുകളിൽ യോനാ അറിയപ്പെടുന്നു.

അശൂർ (അസ്സീറിയ) സാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്നു നീനെവേപട്ടണം (ഉല്പ.10:11,12). ഒരു ലക്ഷത്തിരുപതിനായിരത്തിൽ പരം മനുഷ്യരും അനേകം മൃഗങ്ങളുമുള്ള മഹാനഗരമായ നീനെവേ

പാപപങ്കിലമായിരുന്നു. അവരുടെ ദുഷ്ടത നിമിത്തമുള്ള ജനത്തിന്റെ നിലവിളി ദൈവസന്നിധിയിൽ എത്തി. യിസ്രായേലിന്റെ ശത്രുവായിരുന്ന അവരോടു ന്യായവിധിസന്ദേശം അറിയിച്ച് രക്ഷെക്കുള്ള ദൂതു കൊടുക്കാനാണ് യോനയെ ദൈവം ചുമതലപ്പെടുത്തിയത്. എന്നാൽ പുറജാതികളായ നീനെവേക്കാരെ മാനസാന്തരത്തിലേക്കു നയിക്കാൻ യോനാ ആഗ്രഹിച്ചിരുന്നില്ല. അതുകൊണ്ട് ദൈവകല്പന അനുസരിക്കാതെ യോനാ നീനെവേയുടെ വിപരീതദിശയിലുള്ള തുറമുഖപട്ടമണമായ തർശീശിലേക്കു യാത്ര തിരിച്ചു. ദൈവം യോനായെയും നീനെവേക്കാരെയും ഒരുപോലെ സ്നേഹിച്ചു. ആയതിനാൽ നീനെവേക്കാരെ ന്യായവിധിസന്ദേശം അറിയിച്ചു രക്ഷയിലേക്കു നയിക്കുവാൻ ദൈവം ആഗ്രഹിച്ചു. അതിനായി ദൈവം യോനായെ ദണ്ഡനങ്ങളിലൂടെ തിരികെ വരുത്താൻ തുടങ്ങി.

**(1) പ്രകൃതിയിലൂടെ ദൈവം യോനായെ ദണ്ഡിപ്പിച്ചു —** യഹോവ സമുദ്രത്തിൽ ഒരു കൊടുങ്കാറ്റ് അടിപ്പിച്ചു; കപ്പൽ തകർന്നുപോകുവാൻ തക്കവണ്ണം സമുദ്രത്തിൽ വലിയൊരു കോൾ ഉണ്ടായി (1:4). കപ്പലിലുള്ള സകലരും ഭ്രമിച്ചു. തങ്ങളുടെ ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു. യോനാ ദൈവശബ്ദം കേട്ടില്ല. ദൈവത്തിന്റെ ദണ്ഡനം മനസ്സിലാക്കിയതുമില്ല.

**(2) യോനായുടെ ഉറക്കം —**അവൻ കപ്പലിന്റെ അടിത്തട്ടിൽ കിടന്നുറങ്ങുകയായിരുന്നു (1:5). ഉറക്കം ആത്മീക തളർച്ചയെ കാണിക്കുന്നു. ദൈവത്തിന്റെ പ്രവാചകൻ ദൈവത്തിന്റെ വാക്കനുസരിക്കാഞ്ഞതു മൂലമാണ് തളർച്ചയുണ്ടായത്. ദൈവം ശിക്ഷാവിധി അയെക്കുന്നു.

**(3) പ്രാർത്ഥന നഷ്ടപ്പെട്ടു —** പ്രാർത്ഥിക്കണമെന്നു ഓർമ്മപ്പെടുത്തുവാൻ കപ്പൽപ്രമാണിയെക്കൊണ്ടു ദൈവം സംസാരിപ്പിക്കുന്നു. കപ്പൽപ്രമാണി അവന്റെ അടുക്കൽ വന്നു അവനോടു: നീ ഉറങ്ങുന്നതു എന്ത്? എഴുന്നേറ്റു നിന്റെ ദൈവത്തെ വിളിച്ചപേക്ഷിക്ക; നാം നശിച്ചുപോകാതിരിക്കേണ്ടതിന്നു ദൈവം പക്ഷേ നമ്മെ കടാക്ഷിക്കും എന്നു പറഞ്ഞു (1:6). അവന്റെ പ്രാർത്ഥന നഷ്ടപ്പെട്ടു. ദൈവത്തിൽനിന്നും അകന്നുപോയി എന്നതിനെ ഇതു സൂചിപ്പിക്കുന്നു.

**(4) സാക്ഷ്യം നഷ്ടപ്പെട്ടു** — നീ എന്തിനു അങ്ങനെ ചെയ്തു എന്നു പറഞ്ഞു ജാതീയർ ചോദ്യം ചെയ്തു (1:10). കരയും കടലും ഉണ്ടാക്കിയ യഹോവയുടെ ഭക്തനായ യോനാ യഹോവയെ അനുസരിക്കാതെ യഹോവയുടെ സന്നിധിയിൽനിന്നു ഓടിപ്പോന്നിരിക്കുന്നു എന്ന് അവർ അറിഞ്ഞു.

ദൈവം തന്റെ ജനത്തെ തുടർച്ചയായി പാപം ചെയ്യാൻ അനുവദിക്കില്ല. ദണ്ഡനങ്ങൾ അയച്ച് അവരെ ദൈവസന്നിധിയിലേക്കു മടക്കിക്കൊണ്ടുവരും. മേൽ വിവരിച്ച നാലു ദണ്ഡനങ്ങളിലൂടെയും യോനാ മടങ്ങിവന്നില്ല. വെള്ളത്തിലേക്കെറിയുമ്പോൾ യോനായുടെ രക്ഷെക്കായി ദൈവം ഒരു മത്സ്യത്തെ നിയോഗിക്കേണ്ടിവന്നു.

**(5) യോനാ മത്സ്യത്തിന്റെ വയറ്റിൽ —** പിന്നെ അവർ യോനയെ എടുത്തു സമുദ്രത്തിൽ ഇട്ടുകളഞ്ഞു. യോനയെ വിഴുങ്ങേണ്ടതിന്നു യഹോവ ഒരു മഹാമത്സ്യത്തെ കല്പിച്ചാക്കിയിരുന്നു. അങ്ങനെ യോനാ മൂന്നു രാവും മൂന്നു പകലും മത്സ്യത്തിന്റെ വയറ്റിൽ കിടന്നു (1:17).

## ദണ്ഡനങ്ങൾ മനസ്സിലാക്കുന്ന യോനാ —

മത്സ്യത്തിന്റെ വയറ്റിൽ എത്തിയപ്പോഴാണ് യോനാ ദൈവത്തിന്റെ ദണ്ഡനങ്ങൾ മനസ്സിലാക്കുന്നത്. രണ്ടാം അദ്ധ്യായം യോനയുടെ പ്രാർത്ഥനയാണ്. നീ എന്നെ സമുദ്രമദ്ധ്യേ ആഴത്തിൽ ഇട്ടുകളഞ്ഞു (2:3). അതുവരെ തനിക്കു ഭവിച്ചതെല്ലാം ദൈവത്തിൽ നിന്നുള്ള ദണ്ഡനങ്ങൾ ആണെന്നു യോനാ മനസ്സിലാക്കി, അനുതപിച്ചു. അവന്റെ നിലവിളി കേട്ട യഹോവ മത്സ്യത്തോടു കല്പിച്ചിട്ട് അത് അവനെ കരെക്കു ഛർദ്ദിച്ചുകളഞ്ഞു (2:10).

ദൈവത്തിന്റെ അച്ചടക്ക നടപടികളിലൂടെ (Disciplinary action) കടന്നുപോയ യോനാ ദൈവഹിതം മനസ്സിലാക്കി നീനെവേക്കാരോടു സുവിശേഷം അറിയിച്ചു. നീനെവേക്കാർ തങ്ങളുടെ അകൃത്യം മനസ്സിലാക്കി അനുതപിച്ചു, ഒന്നടങ്കം ഉപവസിച്ചു പ്രാർത്ഥിച്ചു. അവർ ദുർമ്മാർഗ്ഗം വിട്ടു തിരിഞ്ഞു എന്നു ദൈവം അവരുടെ പ്രവൃത്തികളാൽ കണ്ടപ്പോൾ താൻ അവർക്കു വരുത്തും എന്നു അരുളിച്ചെയ്തിരുന്ന അനർത്ഥത്തെക്കുറിച്ചു അനുതപിച്ചു അതു വരുത്തിയതുമില്ല (3:10).

നാലാം അദ്ധ്യായത്തിൽ യോനാ വീണ്ടും ദൈവത്തോടു മറുതലിക്കുന്നു. കാരണം നീനെവേക്കാരുടെ രക്ഷ അവൻ ആഗ്രഹിച്ചിരുന്നില്ല. ദൈവത്തോടു കോപിക്കുന്ന യോനാ മരിക്കുവാൻ പ്രാർത്ഥിക്കുന്നു (4:3-8). യോനായെ പഠിപ്പിക്കുവാൻ ദൈവം വീണ്ടും പ്രകൃതിയെത്തന്നെ ഉപയോഗിക്കുന്നു. (1) 4:6 — ആവണക്കു ചെടി (2) 4:7 — പുഴു (3) 4:8 — അത്യുഷ്ണം, കിഴക്കൻകാറ്റ്

യോനാ നഗരത്തിന്റെ കിഴക്കുഭാഗത്തു ഒരു കുടിലുണ്ടാക്കി നഗരത്തിന്നു എന്തു ഭവിക്കും എന്നു കാണുവാൻ അതിൻകീഴെ തണലിൽ പാർത്തു. യോനയെ അവന്റെ സങ്കടത്തിൽനിന്നു വിടുവിപ്പാൻ തക്കവണ്ണം അവന്റെ തലെക്കു തണൽ ആയിരിക്കേണ്ടതിന്നു യഹോവയായ ദൈവം ഒരു ആവണക്കു കല്പിച്ചുണ്ടാക്കി. അതു അവന്നു മീതെ വളർന്നു പൊങ്ങി. എന്നാൽ ദൈവം കല്പിച്ചാക്കിയ പുഴു ആവണക്കു തിന്നുകളഞ്ഞു. വീണ്ടും ദൈവം അത്യുഷ്ണമുള്ളോരു കിഴക്കൻകാറ്റ് കല്പിച്ചു വരുത്തി. വെയിൽ യോനയുടെ തലയിൽ കൊള്ളുകയാൽ അവൻ ക്ഷീണിച്ചു മരിച്ചാൽ കൊള്ളാം എന്നു ഇച്ഛിച്ചു; ദൈവത്തോടു പരാതിപ്പെട്ടു.

ദൈവം വിവിധ മാധ്യമങ്ങൾ ഉപയോഗിച്ചു തന്റെ മക്കളെ ദണ്ഡനത്തിന്റെ പാതയിലൂടെ നടത്തും. യോനാക്കു വേണ്ടി നല്കിയ ആവണക്കും (അനുഗ്രഹങ്ങൾ), അതിനെ നശിപ്പിച്ച പുഴുവും (കഷ്ടതയും പ്രയാസങ്ങളും), അത്യുഷ്ണം വിതറുന്ന കിഴക്കൻ കാറ്റും (പ്രതികൂലമായ സാഹചര്യങ്ങൾ) ദൈവത്തിന്റെ വിവിധ തലോടലുകളായിരുന്നു. ഇവയൊക്കെയും യോനായെപ്പോലെ നമ്മെയും നശിപ്പിച്ചുകളയാനല്ല; പ്രത്യുതാ ദൈവം നമ്മെ സ്നേഹിക്കുന്നു എന്നു മനസ്സിലാക്കി ദൈവത്തോടടുക്കുവാനുള്ള മാദ്ധ്യമങ്ങളാണ്.

### (3) ശൗൽ (പൗലോസ്) — (അപ്പൊ.9)

അപ്പൊസ്തലനായ പൗലോസിന്റെ മാനസാന്തരത്തിന് സ്വർഗ്ഗം നേരിട്ടിടപെടുകയായിരുന്നു. തർസോസുകാരനായ ശൗലിനോടു സുവിശേഷം പറയുവാൻ ആരും തുനിയുമായിരുന്നില്ല. അങ്ങനെ ചെയ്താൽ സ്തേഫാനോസിന്റെ അനുഭവമായിരിക്കും അവർക്കും ഉണ്ടാവുക. ദൈവത്തെയും സഭാവിശ്വാസികളെയും എതിർത്ത് അതിക്രൂരപീഡനങ്ങളുമായി ഇറങ്ങിത്തിരിച്ച ശൗലിനെ ദൈവം ഇടപെട്ടു ദണ്ഡനങ്ങളിലൂടെ നടത്തി. നീ ആരാകുന്നു കർത്താവേ എന്നു അവൻ ചോദിച്ചതിന്നു, നീ ഉപദ്രവിക്കുന്ന യേശു ആകുന്നു എന്നായിരുന്നു ഉത്തരം (അപ്പൊ.9:8). മുള്ളിന്നുനേരേ ഉതെക്കുന്നതു നിനക്കു വിഷമമാകുന്നു എന്ന് എബ്രായഭാഷയിൽ തന്നോടു പറയുന്ന ഒരു ശബ്ദം അവൻ കേട്ടു (അപ്പൊ.26:14).

ആനയെ നിയന്ത്രിക്കുവാൻ തോട്ടി (നീണ്ട വടിയുടെ അറ്റത്ത് ഇരുമ്പു കൊണ്ടുണ്ടാക്കിയ കൂർത്ത മുള്ളുപോലെയുള്ള ഭാഗം) ഉപയോഗിക്കുന്നു. അനുസരിക്കാത്ത മൃഗങ്ങളെ യഥേഷ്ടം നിയന്ത്രിച്ചു മുന്നോട്ടു നയിക്കുവാൻ തോട്ടി പോലെ ദൈവത്തെ അനുസരിക്കാതെ എതിരായി പ്രവർത്തിച്ച ശൗലിനെയും ദണ്ഡനത്തിലൂടെ കടത്തിവിട്ടു. ഇത് എന്തിനായിരുന്നു?

അപ്പൊ.9:15-18 — *"അവൻ എന്റെ നാമം ജാതികൾക്കും രാജാക്കന്മാർക്കും യിസ്രായേൽമക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നോരു പാത്രം ആകുന്നു. എന്റെ നാമത്തിനു വേണ്ടി അവൻ എന്തെല്ലാം കഷ്ടം അനുഭവിക്കേണ്ടതാകുന്നു എന്നു ഞാൻ അവനെ കാണിക്കും."*

ദൈവത്തിന്റെ ദണ്ഡനം ലോകത്തിന്റെ ദാസനായ ശൗലിനെ ദൈവദാസനായ പൗലൊസാക്കി, മാത്രമല്ല ദൈവത്തിന്റെ മാനപാത്രമാക്കിത്തീർക്കുകയും ചെയ്തു. കാരണം താൻ അനുഭവിക്കുന്നതു ദൈവീക ദണ്ഡനമാണെന്നു മനസ്സിലാക്കി ആ ബലമുള്ള കരങ്ങളിൽ തന്നെത്തന്നെ സമർപ്പിച്ചു.

ശത്രുക്കൾക്കു യഹോവ ഗമുല (പ്രതികാരത്തിന്റെ യഹോവ) ആയിരിക്കുമ്പോൾ ദൈവമക്കൾക്കു യഹോവ മെക്കെ (ദണ്ഡിപ്പിക്കുന്ന യഹോവ) ആയിരിക്കുന്നു. ഇന്നും ദൈവമക്കളെ ദണ്ഡനങ്ങളിലൂടെ കടത്തിവിടുന്നത് അവർ ദൈവത്തിനായി എരിഞ്ഞുശോഭിക്കുവാനാണ്. ദൈവം അയെക്കുന്ന അച്ചടക്കനടപടികളെ നാം തിരിച്ചറിഞ്ഞു നേരായ പാതയിൽ നടക്കുന്നുവെങ്കിൽ അതു അനുഗ്രഹമായിത്തീരും.

എബ്രാ.12:5-11 — *"മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. കർത്താവു താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു. ........... അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൗലേടേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നുവല്ലോ; ആത്മാക്കളുടെ പിതാ*

*വിന്നു ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ? .......... നാം അവന്റെ വിശുദ്ധി പ്രാപിക്കേണ്ടതിന്നു നമ്മുടെ ഗുണത്തിന്നായിത്തന്നെ ശിക്ഷിക്കുന്നത്. ഏതു ശിക്ഷയും തത്ക്കാലം സന്തോഷകരമല്ല ദു:ഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും."*

ദൈവം ദണ്ഡനങ്ങൾ അയെക്കുമ്പോൾ വിശ്വാസിയുടെ പ്രതികരണം പല നിലയിലായിരിക്കും.

(1) ദൈവശിക്ഷ നിരസിക്കാം (പ്രതികരിക്കും) — എബ്രാ.12:5 (fight)

(2) ശാസനയിൽ മുഷിയാം (മറുതലിക്കാം) — എബ്രാ.12:5
(discourage)

(3) ശിക്ഷകൾ മനസ്സിലാക്കാതെ എതിർക്കുന്നതു മൂലം കൂടുതൽ ശിക്ഷകൾ ലഭിക്കാം (കീഴടങ്ങാതിരിക്കാം) ഉദാ. കൊരിന്ത്യ വിശ്വാസികൾ (1.കൊരി.11:30). (not surrendering)

(4) ദൈവസ്നേഹവും പരിപാലനവും അനുഭവിക്കാം (സ്നേഹം തിരിച്ചറിയും).

(5) ദണ്ഡനങ്ങൾ, അച്ചടക്കവഴികൾ (ഒരു കളിക്കാരനെപ്പോലെ അവനു നൽകുന്ന അഭ്യാസം, പരിശീലനം) എബ്രാ.12:11. (training)

ദൈവീകദണ്ഡനങ്ങൾ മനസ്സിലാക്കി ദൈവഹിതപ്രകാരം ജീവിച്ചാൽ സകലപാപവും മുറുകെപ്പറ്റുന്ന പാപവും വിട്ടു സ്ഥിരതയോടെ ഓടുവാൻ സാധിക്കും. യഹോവ മെക്കെ (ദണ്ഡിപ്പിക്കുന്ന യഹോവ) എങ്കിലും ദൈവം കരുണയുള്ള ദൈവമാണ്. തന്റെ ദണ്ഡനങ്ങൾ നമ്മെ തകർക്കാനല്ല. അവയൊക്കെ ദൈവത്തിനും മനുഷ്യർക്കും കൊള്ളാവുന്നവരായി നാം രൂപാന്തരപ്പെട്ടു ജീവിക്കുന്നതിനുള്ള വഴികളായിരിക്കും.

= = = = = = = = = = // = = = = = = = = = =

# (19) യഹോവ നാക്കാ

## JEHOVAH NAKKA = LORD YOUR GUIDE

## നിന്നെ നടത്തുന്ന യഹോവ

ദൈവത്തിന്റെ സ്വഭാവസവിശേഷത വെളിപ്പെടുത്തുന്ന മറ്റൊരു നാമമാണ് യഹോവ നാക്കാ --നിന്നെ നടത്തുന്ന യഹോവ. ദൈവം തന്റെ മക്കളെ ദിനംതോറും പോറ്റിപ്പുലർത്തി നീതിപാതകളിൽ നടത്തുന്നു. ദൈവം സ്വന്തജനമായ യിസ്രായേലിനെ മിസ്രയീമിൽനിന്നു വിടുവിച്ചു, ചെങ്കടൽ കടത്തി,മരുഭൂമിയിൽ വെള്ളവും ആഹാരവും നൽകി, വഴിമദ്ധ്യേയുള്ള സകല ശത്രുക്കളെയും തോൽപ്പിച്ചു കനാനിലേക്കു നടത്തി. യിസ്രായേലിനെ നടത്തിയ ദൈവം ഇന്നും തന്നിൽ ശരണപ്പെടുന്നവരെ വഴിനടത്തി പോറ്റിപ്പുലർത്തുന്നു.

യഹോവ നാക്കാ — നിന്നെ നടത്തുന്ന യഹോവ — എന്ന നാമം യെശയ്യാപ്രവചനത്തിൽ കാണുന്നു.

യെശ.58:11— *"യഹോവ നിന്നെ എല്ലായ്പോഴും നടത്തുകയും വരണ്ട നിലത്തിലും നിന്റെ വിശപ്പടക്കി, നിന്റെ അസ്ഥികളെ ബലപ്പെടുത്തുകയും ചെയ്യും; നീ നനവുള്ള തോട്ടം പോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവു പോലെയും ആകും."*

യിസ്രായേലിന്റെ രണ്ട് പ്രധാന അനുഷ്ഠാനങ്ങളായിരുന്നു ഉപവാസവും ശബ്ബത്ത് ആചരണവും. എന്നാൽ അവർ അവയെല്ലാം മറ്റുള്ളവരെ കാണിക്കുവാനുള്ള മാദ്ധ്യമങ്ങളാക്കി; വെറും ആചാരങ്ങളാക്കി മാറ്റി. അവരുടെ ഉപവാസവും, നോമ്പും, ശബ്ബത്താചരണവും ഒക്കെ ഹൃദയാന്തർഭാഗത്തുനിന്നും ആവിർഭവിച്ചതല്ല, മറിച്ചു വെറും ബാഹ്യപ്രകടനങ്ങളായിരുന്നു.

യെശ.1:11-15 — *"നിങ്ങളുടെ ഹനനയാഗങ്ങളുടെ ബാഹുല്യം എനിക്കു എന്തിനു എന്നു യഹോവ അരുളിച്ചെയ്യുന്നു. ......... അമാവാസ്യകളെയും ഉത്സവങ്ങളെയും ഞാൻ വെറുക്കുന്നു. അവ എനിക്കു അസഹ്യം; ഞാൻ സഹിച്ചു മുഷിഞ്ഞിരിക്കുന്നു. ...... നിങ്ങൾ എത്ര തന്നെ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല."*

യെശ.29:13 — *"ഈ ജനം അടുത്തുവന്നു വായ്കൊണ്ടും അധരംകൊണ്ടും എന്നെ ബഹുമാനിക്കുന്നു; എങ്കിലും തങ്ങളുടെ ഹൃദയത്തെ അവർ എങ്കൽനിന്നു ദൂരത്തു അകറ്റി വെച്ചിരിക്കുന്നു; എന്നോടുള്ള അവരുടെ ഭക്തി മനപ്പാഠമാക്കിയ മാനുഷികകല്പനയത്രേ."*

കർത്താവു തന്റെ ഐഹികവാസകാലത്ത് കപടഭക്തിക്കാരായ ശാസ്ത്രിമാരെയും പരീശന്മാരെയും നോക്കി ഈ ഭാഗം ഉദ്ധരിച്ചിട്ടുണ്ട് (മത്താ.15:8-9).

യെശ.58:1 — *"ഉറക്കെ നിലവിളിക്ക; അടങ്ങിയിരിക്കരുത്; കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തി, എന്റെ ജനത്തിന്നു അവരുടെ ലംഘനത്തെയും യാക്കോബ്ഗൃഹത്തിന്നു അവരുടെ പാപങ്ങളെയും അറിയിക്ക."*

യിസ്രായേൽ ജനത്തിന്റെ പാപത്തെയും ലംഘനത്തെയും പറ്റി അവരെ അറിയിക്കാൻ യെശയ്യാപ്രവാചകനോടു ദൈവം അരുളിച്ചെയ്യുന്നു. പ്രവാചകൻ പാപത്തെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും പ്രബോധിപ്പിക്കുന്നു. ഈ കൃപായുഗത്തിൽ പരിശുദ്ധാത്മാവാണ് ഈ ജോലി നിർവ്വഹിക്കുന്നത് (യോഹ.16:7-8).

യെശ.58:2— "എങ്കിലും അവർ എന്നെ ദിനംപ്രതി അന്വേഷിച്ചു എന്റെ വഴികളെ അറിവാൻ ഇച്ഛിക്കുന്നു; നീതി പ്രവർത്തിക്കയും തങ്ങളുടെ ദൈവത്തിന്റെ ന്യായം ഉപേക്ഷിക്കാതെയിരിക്കയും ചെയ്തോരു ജാതിയെപ്പോലെ അവർ നീതിയുള്ള വെപ്പുകളെ എന്നോടു ചോദിച്ചു ദൈവത്തോടടുപ്പാൻ വാഞ്ഛിക്കുന്നു."

കപടഭക്തിക്കാരായ ജനത്തിന്റെ അവസ്ഥ ഈ വാക്യത്തിലൂടെ പ്രവാചകൻ വർണ്ണിക്കുന്നു —

(1) എന്നെ ദിനംപ്രതി അന്വേഷിച്ചു (They ask Me daily). ഇവിടെ നാം കാണുന്നത് ഭക്ത്യഭിനയം അഥവാ കപടഭക്തിയാണ്.

(2) എന്റെ വഴികളെ അറിവാൻ ഇച്ഛിക്കുന്നു. (They delight to know My ways). നല്ല ദൂതുകൾ കേൾക്കുന്നതിൽ അവർ സന്തോഷിക്കുന്നു.

(3) നീതി പ്രവർത്തിക്കുന്നു. (They seek the righteousness). നീതി പ്രവർത്തിക്കുന്നതായുള്ള അഭിനയമാണിവിടെയും കാണുന്നത്.

(4) ദൈവത്തിന്റെ ന്യായം ഉപേക്ഷിക്കാതിരിക്കുന്നു. (They did not forsake the ordinance of their God). യഥാർത്ഥത്തിൽ മതപരമായ ചടങ്ങുകളിൽ മാത്രം അവർ ലക്ഷ്യമിടുന്നു, അനുസരിക്കുന്നില്ല.

(5) ജാതികളെപ്പോലെ അവർ നീതിയുള്ള വെപ്പുകളെ (ചട്ടങ്ങളെ) എന്നോടു ചോദിക്കുന്നു. (They ask of Me the ordinance of justice). ദൈവത്തിന്റെ ചട്ടങ്ങളെ അറിയാൻ വ്യഗ്രത കാണിക്കുന്നതുപോലും കപടഭക്തിയുടെ പ്രഹസനമായിരുന്നു.

(6) ദൈവത്തോടു അടുപ്പാൻ വാഞ്ഛിക്കുന്നു. (They take delight in approaching God). അവരുടെ ദൈവഭക്തി മറ്റുള്ളവർ കാണത്തക്കവണ്ണമുള്ള പ്രവർത്തനമായിരുന്നു.

യെശ.58:3-5 — യിസ്രായേലിന്റെ ഉപവാസത്തിന്റെ പൊള്ളത്തരങ്ങളാണ് വെളിപ്പെടുത്തുന്നത്. നോമ്പുകളും ഉപവാസങ്ങളും യിസ്രായേലിന്നു ലഭിച്ച കല്പനകൾ ആയിരുന്നു. അതു ആചരിക്കുന്നതിൽ അവർ അഭിമാനം കൊണ്ടു. എന്നാൽ ദൈവം അതൊന്നും ശ്രദ്ധിക്കാത്തതെന്ത് എന്നു ദൈവത്തോടു പരിഭവിക്കുന്നു. അതായതു ദൈവത്തോടു കോപിച്ച കയീന്റെ വഴിയിൽ ചിന്തിക്കുന്നു; അവരിലുള്ള കുറ്റം മനസ്സിലാക്കുന്നതുമില്ല (ഉല്പ.4:5-7).

ഉപവാസത്തെ ആത്മതപനം എന്നാണുപയോഗിച്ചിരിക്കുന്നത്. ആത്മതപനം എന്നാൽ ആത്മാവിനെ വിനയപ്പെടുത്തുക (afflicting souls = humble). അവരുടെ ആത്മതപനത്തിൽ ദൈവം സന്തോഷിച്ചില്ല. കാരണം അവരുടെ ഉപവാസങ്ങൾ സ്വാർത്ഥതാത്പര്യങ്ങൾക്കു വേണ്ടിയുള്ളതായിരുന്നു. ഇന്നും ദൈവം ഉപവാസത്തെ വെറുക്കുന്നില്ല. യഥാർത്ഥ ഉപവാസം ദൈവത്തെ ആരാധിക്കുന്നതിന്നു തുല്യമാണ്. ദൈവത്തോട് ഏറ്റവും അടുത്ത ബന്ധം പുലർത്തുവാനുള്ള ഉപാധിയാണ് ആത്മതപനം. സ്വാർത്ഥലക്ഷ്യത്തോടെയുള്ള ഉപവാസം വിവാദത്തിന്നും കലഹത്തിന്നും കാരണമാക്കുന്നു. പാപബോധം ഉണ്ടാകുന്നില്ല, അനുതപിക്കുന്നില്ല. നിരപരാധികളെ പീഡിപ്പിക്കുന്നു. അവർ രട്ടും വെണ്ണീറും വിരിച്ചു കിടക്കുന്നുവെങ്കിലും അവർക്കു സങ്കടമോ ഹൃദയഭാരമോ ഇല്ല. എല്ലാം പ്രകടനം മാത്രം. ദൈവം ചോദിക്കുന്നു ഇതാകുന്നുവോ ഉപവാസം? ഇതിന്നോ നീ നോമ്പെന്നും യഹോവെക്കു പ്രസാദമുള്ള ദിവസമെന്നും പേർ പറയുന്നത്?

യെശ.58:6-7— *“അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയയ്ക്കുക; എല്ലാ നുകത്തെയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവന്നു നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞുനടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കണ്ടാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നെ മറെക്കാതെയിരിക്കുന്നതും അല്ലയോ?”*

പീഡിതരെ സ്വതന്ത്രരാക്കുക. പാവപ്പെട്ടവരോടു ദയ കാട്ടുക. അശരണരെയും നീതി നിഷേധിക്കപ്പെടുന്ന പീഡിതരെയും ആശ്വസിപ്പിക്കുക, സമസൃഷ്ടങ്ങളെ സ്നേഹിക്കുക എന്നിവയാണ് ദൈവത്തിനു പ്രസാദമുള്ള ഉപവാസം. നല്ല ശമര്യക്കാരന്റെ ഉപമ ഈ അവസരത്തിൽ ചിന്തനീയമത്രേ. മേൽപ്പറഞ്ഞ കാര്യങ്ങൾ പാലിച്ചുകൊണ്ട് ഉപവസിക്കുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങളാണ് യെശ.58:8 മുതൽ 12 വരെയുള്ള വാക്യങ്ങളിൽ പ്രസ്താവിക്കുന്നത്.

യെശെ.58:8-12 — *“അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും; നിന്റെ മുറിവുകൾക്കു വേഗത്തിൽ പൊറുതിവരും; നിന്റെ നീതി നിനക്കു മുമ്പായി നടക്കും; യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും; അപ്പോൾ നീ വിളിക്കും യഹോവ ഉത്തരം അരുളും; ...... ........ നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും; നിന്റെ അന്ധകാരം മധ്യാഹ്നംപോലെ ആകും; യഹോവ നിന്നെ എല്ലായിപ്പോഴും നടത്തുകയും വരണ്ട നിലത്തിലും നിന്റെ വിശപ്പടക്കി നിന്റെ അസ്ഥികളെ ബലപ്പെടുത്തുകയും ചെയ്യും. നീ നനവുള്ള തോട്ടം പോലെയും വെള്ളം വറ്റിപ്പോകാത്ത നീരുറവു പോലെയും ആകും.”*

നിന്നെ നടത്തുന്ന യഹോവ- - (Jehovah Nakka -- Lord your guide). — ദൈവമക്കളായ നാം ഈ ദുഷിച്ച ലോകത്തിൽ വക്രതയും കോട്ടവുമുള്ള തലമുറയുടെ നടുവിൽ വസിക്കുമ്പോൾ വിശ്വാസജീവിതത്തിൽ നേരായി നടക്കുന്നതിനു ഉയരത്തിൽനിന്നു മാർഗ്ഗനിർദ്ദേശം ലഭിക്കണം. വരണ്ട നിലത്തിന്റെ അനുഭവം ജീവിതത്തിൽ ഉണ്ടാകാം. അപ്പോൾ ഹൃദയത്തെ കുളിർപ്പിക്കുന്ന ദൈവത്തിന്റെ ആത്മമാരി ആവശ്യമാണ്.

യെശ.35:1-2 — *"മരുഭൂമിയും വരണ്ട നിലവും ആനന്ദിക്കും; നിർജ്ജനപ്രദേശം ഉല്ലസിച്ചു പനിനീർപുഷ്പം പോലെ പൂക്കും. അതു മനോഹരമായി പൂത്തു ഉല്ലാസത്തോടും ഘോഷത്തോടും കൂടെ ഉല്ലസിക്കും; ലബാനോന്റെ മഹത്വവും കർമ്മേലിന്റെയും ശാരോന്റെയും ശോഭയും അതിന്നു കൊടുക്കപ്പെടും; അവർ യഹോവയുടെ മഹത്വവും നമ്മുടെ ദൈവത്തിന്റെ തേജസ്സും കാണും."*

മരുഭൂമി ഒന്നുമില്ലായ്മയെയും വരണ്ടനിലം വരണ്ട അനുഭവത്തെയും കാണിക്കുന്നു. മരുഭൂമി ആനന്ദത്തിലേക്കു മാറ്റപ്പെടണമെങ്കിൽ മഴ ലഭിക്കണം. അതുപോലെ മരുഭൂമിക്കു തുല്യമായ മനുഷ്യമനസ്സ് തങ്ങൾക്കോ മറ്റുള്ളവർക്കോ പ്രയോജനമുള്ളതായി തീരണമെങ്കിൽ ഉയരത്തിൽനിന്നു മാരി ലഭിക്കണം. അതിനായി ദൈവത്തോടു ചേർന്നിരിക്കണം. അപ്പോൾ നനവുള്ള തോട്ടം പോലെ അനുകൂല പരിതസ്ഥിതി ഉണ്ടാകും. വെള്ളം വറ്റിപ്പോകാത്ത നീരുറവു പോലെ വിശ്വാസി രൂപാന്തരം പ്രാപിക്കും. സന്തതികൾ പുരാതനശൂന്യങ്ങളെ പണിയും. അതായത് അനേകനാളുകളായി ആർക്കും പ്രയോജനപ്രദമല്ലാതിരുന്ന ജീവിതങ്ങളെ ദൈവത്തിനായി പ്രയോജനപ്പെടുത്തുവാൻ കാരണക്കാരായിത്തീരും. താറുമാറായിക്കിടക്കുന്ന ജീവിതങ്ങളെ നേരെയാക്കുവാൻ അവർക്കു കഴിയും. യഹോവ നാക്കാ — നിന്നെ നടത്തുന്ന യഹോവ — ദൈവം വിശ്വാസികളായ നമ്മെ ഓരോ നിമിഷവും കൈ പിടിച്ചു നടത്തുന്നവനാണ്. എല്ലാ നാളും കൂടെയുണ്ടെന്നു വാഗ്ദത്തം ചെയ്തിട്ടുണ്ട് (മത്താ.28:20). നാമും മറ്റുള്ളവരെ നേർവഴിയിൽ നടത്തുന്നവരായി അനേകർക്കു അനുഗ്രഹമായിത്തീരണം.

= = = = = = = = = = // = = = = = = = = = =

# (20) എൽ-സദായി

## El-Shaddai =All- Sufficient God

## എല്ലാറ്റിനും മതിയായവൻ

എൽ-സദായി എന്ന എബ്രായനാമത്തിനർത്ഥം എല്ലാറ്റിനും മതിയായവൻ /സർവ്വശക്തനായ ദൈവം ( All-Sufficient One > God is Almighty) എന്നാണ്. തന്റെ സൃഷ്ടികൾക്കു ആവശ്യമായതെല്ലാം നൽകി പോഷിപ്പിക്കുവാൻ മതിയായവനാണ് എൽ-സദായി. ഈ ലോകത്തിൽ മാത്രമല്ല നിത്യതയിലും ആവശ്യമായതെല്ലാം നല്കി ഒരു കുറവും ഇല്ലാതെ പരിപാലിക്കുന്ന ദൈവമാണ് എൽ-സദായി.

എൽ-സദായി എന്ന നാമം ആദ്യമായി വിശ്വാസികളുടെ പിതാവായ അബ്രഹാമിനോടുള്ള ബന്ധത്തിൽ കാണുന്നു. ഉല്പ.17:1,2 –*"അബ്രഹാമിന്നു തൊണ്ണൂറ്റൊമ്പതു വയസ്സായപ്പോൾ യഹോവ അബ്രഹാമിന്നു പ്രത്യക്ഷനായി അവനോടു: ഞാൻ സർവ്വശക്തിയുള്ള ദൈവം (I am God Almighty-El-Shaddai) ആകുന്നു; നീ എന്റെ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക."* അബ്രഹാമിന്റെയും, യിസ്ഹാക്കിന്റെയും, യാക്കോബിന്റെയും ജീവിതത്തിലുടനീളം അവരെ കരുതുന്നവനായ എൽ-സദായിയെ കാണാം. ലോത്ത് യോർദ്ദാനരികെയുള്ള നീരോട്ടമുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്തു പുറപ്പെട്ടു പോയപ്പോൾ ഞാൻ എൽസദായ് — സർവ്വശക്തനും എല്ലാറ്റിനും മതിയായവനും ആയ ദൈവമാണെന്നു പറഞ്ഞു അബ്രഹാമിനെ ഉറപ്പിച്ചു ശക്തീകരിച്ചു (ഉല്പ.13:14-17).

യിസ്ഹാക്കു തന്റെ മകനായ യാക്കോബിനെ പദ്ദൻ-അരാമിലേക്കു അയെക്കുമ്പോൾ സർവ്വശക്തനായ എൽ-സദായ് അവനെ അനുഗ്രഹിക്കുകയും പോറ്റിപ്പുലർത്തുകയും ചെയ്യും എന്നു പറഞ്ഞു ദൈവകരങ്ങളിൽ ഏല്പ്പിച്ചു യാത്രയാക്കി (ഉല്പ.28:1-4). ദൈവം യാക്കോബിനോടു അരുളിച്ചെയ്തുന്നത് താൻ എൽ-സദായ് എന്നാണ്. തുടർന്നു യാക്കോബ് ലാബാന്റെ ഭവനത്തിൽ ഇരുപതു സംവത്സരം കഴിയേണ്ടി വന്നു (ഉല്പ.31:41). അവിടെ തന്റെ ജീവിതത്തിൽ ഏറെ പ്രതികൂലതകൾ നേരിട്ടു. ബേഥേലിലേക്കു മടങ്ങിപ്പോകുവാനുള്ള ദൈവശബ്ദം അനുസരിച്ചു യാത്രതിരിച്ചു. യബ്ബോക്കു കടവിനു സമീപത്തുവെച്ചു യാക്കോബിനു പെനിയേലിന്റെ (ദൈവത്തെ മുഖാമുഖം കണ്ട സ്ഥലം) അനുഭവം ഉണ്ടായി (ഉല്പ.32). തുടർന്നു യാക്കോബിന്റെ ശെഖേം പട്ടണത്തിലെ താമസം ഏറെ വൈഷമ്യത്തിനിടയാക്കി. തെറ്റുകൾ മനസ്സിലാക്കിയ യാക്കോബ് സകല മാലിന്യങ്ങളും ശെഖേമിൽ ഉപേക്ഷിച്ച ശേഷം ബേഥേലിൽ എത്തി. അവിടെ വെച്ചു സർവ്വശക്തനായ എൽ-സദായി യാക്കോബിനെ അനുഗ്രഹിച്ചു —

ഉല്പ.35:11 -- *"ദൈവം പിന്നെയും അവനോടു : ഞാൻ സർവ്വശക്തിയുള്ള ദൈവം (എൽ-സദായ്) ആകുന്നു; നീ സന്താനപുഷ്ടിയുള്ളവനായി പെരുകുക".*

യാക്കോബ് ഏറെക്കാലങ്ങൾക്കു ശേഷം തന്റെ മരണശയ്യയിൽ എൽ-സദായ് ആയ ദൈവം തന്നെ അനുഗ്രഹിച്ചു കരുതി നടത്തിയതിനെ ഓർക്കുന്നു —

ഉലപ.48:3,4 — *"യാക്കോബ് യോസേഫിനോടു പറഞ്ഞതു: സർവ്വശക്തിയുള്ള ദൈവം (എൽ-സദായ്) കനാൻ ദേശത്തിലെ ലൂസ്സിൽ വെച്ചു എനിക്കു പ്രത്യക്ഷനായി എന്നെ അനുഗ്രഹിച്ചു, എന്നോടു: ഞാൻ നിന്നെ സന്താനപുഷ്ടിയുള്ളവനാക്കി പെരുക്കി നിന്നെ ജനസമൂഹമാക്കുകയും നിന്റെ ശേഷം നിന്റെ സന്തതിക്കു ഈ ദേശം ശാശ്വതാവകാശമായി കൊടുക്കുകയും ചെയ്യും."*

യാക്കോബ് യോസേഫിനെ അനുഗ്രഹിക്കുന്നതും എൽ-സദായ് നാമത്തിലാണ് — ഉല്പ.49:25 — *"നിൻ പിതാവിൻ ദൈവത്താൽ — അവൻ നിന്നെ സഹായിക്കും — സർവ്വശക്തനാൽ (എൽ-സദായ്) തന്നേ."*

ദൈവം നമ്മെ കരുതുന്നു, പോറ്റിപ്പുലർത്തുന്നു. ഏതു പ്രതികൂല സാഹചര്യങ്ങളിലും, മരണ നിഴൽ താഴ്വരയിലും ഭയപ്പെടേണ്ടാ ഞാൻ നിന്നോടു കൂടെ ഉണ്ട് എന്നു വാക്കു പറഞ്ഞവനും, അമ്മ ആശ്വസിപ്പിക്കുന്നതുപോലെ ആശ്വസിപ്പിക്കുന്നവനും, വേണ്ടുന്നതെല്ലാം ആവശ്യത്തിനനുസരിച്ചു നൽകി പോറ്റിപ്പുലർത്തുന്നവനുമാണ് എൽ-സദായി. യഹോവയെക്കുറിച്ചു അവൻ എന്റെ സങ്കേതവും കോട്ടയും എന്നു പറയണമെങ്കിൽ അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ (എൽ-സദായ്) നിഴലിൻ കീഴിൽ പാർക്കുകയും ചെയ്യണം (സങ്കീ.91:1,2). ജീവിതത്തിലെ അന്ധകാരവേളകളിൽ മാറോടു ചേർത്തു ധൈര്യം പകരുന്ന ദൈവമാണ് എൽ-സദായി. "ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മെക്കും കുറവില്ല."(സങ്കീ.34:10). "മിസ്രയീംദേശത്തു നിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ  നിന്റെ ദൈവം ആകുന്നു; നിന്റെ വായ് വിസ്താരത്തിൽ തുറക്ക; ഞാൻ അതിനെ നിറെക്കും." (സങ്കീ.81:10).

പഴയനിയമത്തിൽ ദൈവം തന്റെ ജനത്തെ കരുതി പോറ്റിപ്പുലർത്തുന്ന എൽ-സദായ് എങ്കിൽ പുതിയനിയമത്തിൽ യേശുക്രിസ്തു എൽ-സദായ് ആയി നമ്മോടൊപ്പം വസിച്ചു ആവശ്യമായതെല്ലാം തന്നു പോറ്റിപ്പുലർത്തുന്നു.  അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ (1.പത്രൊ.5:7) എന്നു പത്രൊസ് പറയുന്നു. ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല (1.കൊരി.2:9). എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു (ഫിലി.4:13) എന്നാണ് അപ്പൊസ്തലനായ പൗലൊസ് തന്നെ ശക്തീകരിച്ചു പോറ്റിപ്പുലർത്തിയ എൽ-സദായിയെക്കുറിച്ചു പറയുന്നത്.

= = = = = = = = = = // = = = = = = = = = =

# (21) എൽ–എലോഹേ–യിസ്രായേൽ

## El- Elohe Israel = God is the Mighty God of Israel

## യിസ്രായേലിന്റെ സർവ്വശക്തനായ ദൈവം

എൽ -എലോഹേ-യിസ്രായേൽ എന്ന പേരിന്റെ അർത്ഥം യിസ്രായേലിന്റെ സർവ്വശക്തനായ ദൈവം എന്നാണ് (El-Elohe Israel = God is the Mighty God of Israel). El = God (ദൈവം) എന്നത് ഏക വചനവും Elohim ബഹുവചനവുമാണ്. എൽ - എലോഹേ -യിസ്രായേൽ എന്നത് യാക്കോബ് ദൈവത്തിനു പണിത യാഗപീഠത്തിനിട്ട പേരാണ്.

ഉല്പ.33:18-20 — *"യാക്കോബ് പദ്ദൻ-അരാമിൽനിന്നു വന്നശേഷം കനാൻദേശത്തിലെ ശെഖേം പട്ടണത്തിൽ സമാധാനത്തോടെ എത്തി പട്ടണത്തിന്നരികെ പാളയമടിച്ചു. താൻ കൂടാരമടിച്ച നിലം ശെഖേമിന്റെ അപ്പനായ ഹാമോരിന്റെ പുത്രന്മാരോടു നൂറു വെള്ളിക്കാശിന്നു വാങ്ങി. അവിടെ അവൻ ഒരുയാഗപീഠം പണിതു; അതിന്നു എൽ-ഏലോഹേ - യിസ്രായേൽ എന്നു പേരിട്ടു."*

യാക്കോബ് ദൈവനിയോഗപ്രകാരം (പുറ.31:13) ലാബാന്റെ ഭവനത്തിൽനിന്നു യാത്രതിരിച്ച് ബേഥേലിലേക്കു വരുന്നവഴി യബ്ബോക്ക് കടവിന്നരികിൽ യിസ്രായേലിന്റെ ദൈവത്തെ കണ്ടുമുട്ടി (പുറ.32:22-32). അവിടെവെച്ചു ദൈവത്തിൽനിന്നു അനുഗ്രഹം ലഭിക്കുന്നു; യാക്കോബ് എന്ന തന്റെ പേര് ദൈവം മാറ്റി യിസ്രായേൽ എന്നു നാമകരണം ചെയ്യുന്നു. തുടർന്നുള്ള യാത്രയിൽ താൻ ഭയപ്പെട്ടിരുന്ന സഹോദരനായ ഏശാവിനെ കണ്ടുമുട്ടി, ഏഴു പ്രാവശ്യം സാഷ്ടാംഗപ്രണാമം ചെയ്ത് അടുത്തു ചെന്നു. അവർ അന്യോന്യം ആശ്ലേഷിച്ചു, ഭയമെല്ലാം നീങ്ങി സമാധാനമുണ്ടായി. ഏശാവു സേയീരിലേക്കു മടങ്ങി. യാക്കോബ് സുക്കോത്തിലേക്കും. സുക്കോത്തിൽനിന്നു വീണ്ടും യാത്രതിരിച്ച് ശെഖേം പട്ടണത്തിൽ എത്തി; അവിടെ കൂടാരമടിച്ചു. ആ സ്ഥലം 100 വെള്ളിക്കാശിനു വാങ്ങി; യാക്കോബ് ദൈവത്തിന്റെ വാഗ്ദത്തത്തിലേക്കു തിരിഞ്ഞുനോക്കി. ഉല്പ.28:15 –– *"ഇതാ ഞാൻ നിന്നോടു കൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും."*

ദൈവത്തിന്റെ വിശ്വസ്തതയെ ഓർത്ത് യാക്കോബ് ആ സ്ഥലത്തു ഒരു യാഗപീഠം പണിതു. അതിന്നു എൽ-എലോഹേം -യിസ്രായേൽ എന്നു പേരിട്ടു. യാക്കോബു സകലരെയും കബളിപ്പിച്ചു വീടുവിട്ട് ഓടി അന്യദേശത്തു പാർത്തെങ്കിലും ദൈവം ആഗ്രഹിച്ചതു ബേഥേലിലേക്കു വരുവാനും (ഉല്പ.31:13) അതിനുശേഷം യിസ്ഹാക്കു താമസിച്ച ഹെബ്രോനിലേക്കു വരുവാനും ആയിരുന്നു (ഉല്പ.35:27). എന്നാൽ ലാബാന്റെ ഭവനത്തിൽനിന്നും ദൈവകല്പനപ്രകാരം ഓടിപ്പോയ യാക്കോബ് ആദ്യം സുക്കോത്തിലും പിന്നീട് ശെഖേമിലും പാർത്തു. ദൈവമകനെന്നനിലയിൽ കൂടാരമടിച്ചു പാർക്കേണ്ട (എബ്രാ.11:9-16) യാക്കോബ് നിലം വിലെക്കു വാങ്ങി വീടു പണിതു താമസിച്ചു (ഉല്പ.33:17). ദൈവകല്പന യാക്കോബ് ആദ്യം മറന്നുകളഞ്ഞെങ്കിലും പിന്നീട് ഓർത്തിരിക്കാം. അതുകൊണ്ടായിരിക്കാം സുക്കോത്തിൽ വീടു പണിതെങ്കിലും അതു കളഞ്ഞിട്ടു ശെഖേമിലേക്കു വന്നത്; അവിടെ യാഗപീഠം പണിതു ദൈവത്തെ ആരാധിച്ചു.

യാക്കോബ് തനിക്കു ലഭിച്ച പുതിയ പേര് യിസ്രായേൽ എന്നായതുകൊണ്ട് താൻ പണിത യാഗപീഠത്തിന് എൽ-എലോഹെ -യിസ്രായേൽ എന്നു നാമകരണം ചെയ്തു. യിസ്രായേലിന്റെ സർവ്വശക്തനായദൈവം എന്നർത്ഥം. പക്ഷെ പേരിന്റെ അർത്ഥത്തിനൊത്തു ശെഖേമിലെ ജീവിതസാക്ഷ്യം പ്രദർശിപ്പിച്ചില്ല. ശെഖേമിൽ തന്നെ താമസിച്ചതിനാൽ തന്റെ മകൾ ദീനാ അസന്മാർഗ്ഗിക കാര്യത്തിലകപ്പെടുകയും പുത്രന്മാർ കൊലപാതകികളായി തീരുകയും ചെയ്തു. നിങ്ങളെന്നെ നാറ്റിച്ചു വിഷമത്തിലാക്കിയിരിക്കുന്നു എന്നു പറയുവാൻ അവിടത്തെ താമസം ഇടയാക്കി (ഉല്പ.34:30). ദൈവകല്പനകളെ ഉദാസീനതയോടെ അനുസരിച്ച യാക്കോബിന്റെ പരിതാപകരമായ അവസ്ഥ വിശ്വാസികൾക്കു ഭയനിർദ്ദേശമായിരിക്കുന്നു.

ദൈവത്തിന്റെ പ്രഭു എന്ന അനുഗ്രഹം യാക്കോബിനു ലഭിച്ചുവെങ്കിലും ദൈവ കല്പന അനുസരിക്കുന്നതിൽ ഉദാസീനത കാട്ടി. യാക്കോബിനെപ്പോലെ നാമും ദൈവത്തിന്റെ പ്രഭുക്കന്മാരാണ്. ദൈവം നല്കിയിരിക്കുന്ന പേരിനും അനുഗ്രഹത്തിനും ഒത്തവണ്ണം ജീവിച്ചാൽ നമുക്കും ദൈവത്തെ നമ്മുടെ സർവ്വശക്തനായ ദൈവം (എൽ - എലോഹേ- യിസ്രായേൽ) എന്നു വിളിച്ചു ആരാധിക്കുവാൻ സാധിക്കും.

= = = = = = = = = = // = = = = = = = = = =

# (22) എൽ-എലിയോൻ

## El-Elyon = God Most High

## അത്യുന്നതനായ ദൈവം

യഹോവയുടെ മറ്റൊരു നാമമാണ് എൽ-എലിയോൻ (എൽ-എല്യോൻ). ഈ പേരിനർത്ഥം അത്യുന്നതനായ ദൈവം ((El-Elyon = God Most High)) എന്നാണ്. യഹോവയായ ദൈവത്തിന്റെ സ്വഭാവസവിശേഷതകളിൽ ഒന്നാണ് ദൈവം പരമാധികാരി എന്നത്. സകല സൃഷ്ടികളിലും അധികാരമുള്ളവനും അത്യുന്നതനുമായ ദൈവം (Soverignty of God). ദൈവം അത്യുന്നതൻ എന്നനിലയിൽ കർത്താധികർത്താവും, രാജാധിരാജാവും, സകലത്തെയും നിയന്ത്രിക്കുന്നവനും പരിപാലിക്കുന്നവനുമാണ്. എൽ എന്നാൽ ശക്തിയുള്ള, ബലമുള്ള എന്നർത്ഥം. എലിയോൻ എന്നാൽ ഉന്നതമായത് എന്നാണ്. (EL+ Elyon = El-Elyon = അത്യുന്നതനായ ദൈവം /EL = mighty/strong = ശക്തിയുള്ള/ ബലമുള്ള /Elyon = most High = ഉന്നതമായ / El-Elyon = God Most High).

### (1) ഉല്പത്തിപുസ്തകത്തിൽ എൽ-എലിയോൻ അഥവാ അത്യുന്നതനായ ദൈവം —

ഉല്പ.14:19 — "അവൻ അവനെ അനുഗ്രഹിച്ചു; സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ."

ഉല്പ.14:18-- "ശാലേം രാജാവായ മല്ക്കീസേദെക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു."

കനാൻനാട്ടിൽ വന്നു ആക്രമിച്ച നാലു രാജാക്കന്മാർക്കെതിരെ യുദ്ധംചെയ്തു ജയിച്ച് തന്റെ സഹോദരപുത്രനായ ലോത്തിനെയും അവന്റെ സമ്പത്തിനെയും, ജനത്തെയും, സ്തീകളെയും മടക്കിക്കൊണ്ടുവന്ന അബ്രഹാമിനെ ശാലേം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മൽക്കീസേദെക്ക് എതിരേറ്റുചെന്ന് അനുഗ്രഹിച്ചു. യുദ്ധം ചെയ്തു ക്ഷീണിച്ചുവന്ന അബ്രഹാമിന് അപ്പവും വീഞ്ഞും നൽകി ആശ്വസിപ്പിക്കുന്നു. മൽക്കീസേദെക്ക് എന്ന വാക്കിന് നീതിയുടെ രാജാവ് എന്നും, ശാലേം രാജാവ് എന്നതിന് സമാധാനത്തിന്റെ രാജാവ് എന്നും അർത്ഥം (എബ്രാ.7:1). രാജാവും പുരോഹിതനുമായ മൽക്കീസേദെക്ക് ക്രിസ്തുവിനു സദൃശ്യനാണ്. അപ്പവീഞ്ഞുകൾ നിവർത്തിച്ചുകഴിഞ്ഞ യാഗത്തെ കുറിക്കുന്നു (മത്താ.26:26-28). ആത്മികമായി ഇത് ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളുടെ ഓർമ്മയെ പ്രദർശിപ്പിക്കുന്നു. ഉല്പ. 14:18--23 വരെയുള്ള വാക്യങ്ങളിൽ നാലു പ്രാവശ്യം അത്യുന്നതനായ ദൈവം (El-Elyon) എന്ന പ്രയോഗം കാണുന്നു. അത്യുന്നതനായ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനാണ്.

ഉല്പത്തി പുസ്തകം 12, 13 അദ്ധ്യായങ്ങളിൽ അത്യുന്നതനായ ദൈവം (El-Elyon) അബ്രഹാമിന് അനേക വാഗ്ദത്തങ്ങൾ നൽകിയതായി കാണുന്നു —

(1) നീ പുറപ്പെട്ട് ഞാൻ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക (ഉല്പ.12:1).

(2) ഞാൻ നിന്നെ വലിയോരു ജാതിയാക്കും (ഉല്പ.12:2).

(3) ഞാൻ നിന്നെ അനുഗ്രഹിക്കും (ഉല്പ.12:2).

(4) നിന്റെ പേരു വലുതാക്കും (ഉല്പ.12:2).

(5) നീ ഒരു അനുഗ്രഹമായിരിക്കും (ഉല്പ.12:2).

(6) നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും(ഉല്പ.12:3).

(7) നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും (ഉല്പ.12:3).

(8) നിന്നിൽ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉല്പ.12:3).

(9) നീ തല പൊക്കി നോക്കുക നീ കാണുന്ന ഭൂമി ഒക്കെയും നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും (ഉല്പ.13:15).

(10) നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ വർദ്ധിപ്പിക്കും(ഉല്പ.13:16).

### (2) സംഖ്യാപുസ്തകത്തിൽ എൽ-എലിയോൻ അഥവാ അത്യുന്നതനായ ദൈവം —

**സംഖ്യ.24:16** — *"ദൈവത്തിന്റെ അരുളപ്പാടു കേൾക്കുന്നവൻ, അത്യുന്നതന്റെ പരിജ്ഞാനം പ്രാപിച്ചവൻ, സർവ്വശക്തന്റെ ദർശനം ദർശിക്കുന്നവൻ........"*

യിസ്രായേൽജനത്തെ കണ്ടു ഭയപ്പെട്ട് മോവാബു രാജാവ് അവരെ ശപിക്കുവാൻ പ്രവാചകനായ ബിലെയാമിനെ കൂലിക്കു വിളിക്കുന്നു. ദൈവീക അരുളപ്പാടുകൾ മാത്രം പറയുന്ന പ്രവാചകനായിരുന്നു ബിലെയാം. സംഖ്യാപുസ്തകം 23, 24 അദ്ധ്യായങ്ങളിൽ നാലു തവണ ബിലെയാം ദൈവീക അരുളപ്പാടുകൾ പ്രവചിക്കുന്നുണ്ട്. 24:16-ൽ യഹോവയെ അത്യുന്നതൻ, സർവ്വശക്തൻ എന്നു വിശേഷിപ്പിക്കുന്നു. അങ്ങനെയുള്ള പ്രവാചകൻ ദ്രവ്യാഗ്രഹത്താൽ ആത്മീകദർശനം നഷ്ടപ്പെടുത്തുന്നു. ദൈവഹിതം അറിഞ്ഞിട്ടും ബാലാക്കിന്റെ സമ്മാനങ്ങളിൽ മതിമറന്നു യാത്രചെയ്ത പ്രവാചകനു ദൈവം മുന്നറിയിപ്പു നൽകി. ഉരിയാടാക്കഴുതയെക്കൊണ്ടു സംസാരിപ്പിച്ചു നേർവഴിക്കു കൊണ്ടുവരുവാൻ ശ്രമിച്ചു. ബിലെയാം കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കിയെങ്കിലും കുറ്റബോധത്തോടെ ദൈവസന്നിധിയിൽ അറിയിക്കുന്നത് ഇതു നിനക്കു അനിഷ്ടമെങ്കിൽ ഞാൻ മടങ്ങിപ്പൊയ്ക്കൊള്ളാം എന്നാണ് (സംഖ്യ.22:34). ദൈവത്തിനു വഴങ്ങാതെ മുന്നോട്ടു പോയ പ്രവാചകനെക്കൊണ്ടുതന്നെ ദൈവം യിസ്രായേൽമക്കളുടെമേൽ അനുഗ്രഹം ചൊരിയിച്ചു. ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങനെ ശപിക്കും എന്ന അറിയിപ്പിലും തന്റെ ദ്രവ്യാഗ്രഹം മുന്നിട്ടു നിൽക്കുന്നു. ബിലെയാം പ്രവചിക്കുന്ന ദൈവീക അരുളപ്പാടുകളിൽ നാലാമത്തേതിലാണ് ദൈവത്തെ അത്യുന്നതൻ എന്നും സർവ്വശക്തൻ എന്നും വിശേഷിപ്പിച്ചിരിക്കുന്നത്. അത്യുന്നതനായ ദൈവം El-Elyon എന്നു മനസ്സിലാക്കിയിട്ടും ലോകസമ്പത്തിന്മേൽ കണ്ണുറപ്പിച്ച പ്രവാചകൻ മോവാബ്യരോടൊപ്പം മരിക്കുവാൻ ഇടയായി (സംഖ്യ.31:8). എന്നാൽ അബ്രഹാം ലോകസമ്പത്തുകളെ തള്ളിക്കളഞ്ഞ് അത്യുന്നതനായ El-Elyon-ൽ ആശ്രയം വെച്ചതുകൊണ്ട് അനുഗ്രഹീതനായിത്തീർന്നു.

### (3) ശമൂവേലിൽ എൽ-എലിയോൻ അഥവാ അത്യുന്നതനായ ദൈവം —

**2.ശമൂ.22:14 --** *"യഹോവ ആകാശത്തിൽ ഇടിമുഴക്കി, അത്യുന്നതൻ തന്റെ നാദം കേൾപ്പിച്ചു."*

അത്യുന്നതനായ ദൈവം നൽകിയ സകല വിജയത്തിനും ശത്രുക്കളിൽ നിന്നുള്ള വിടുതലിനും ദാവീദ് സ്തുതിഗീതം പാടുന്നതാണ് രംഗം. തനിക്കു നേരിട്ട സകല അനർത്ഥങ്ങളിൽനിന്നും തന്നെ രക്ഷിച്ചത് അത്യുന്നതനായ ദൈവം ആണെന്നു ദാവീദു വിശ്വസിക്കുന്നു. അത്യുന്നതനെപ്പറ്റി ദാവീദു പറയുന്നത് അവൻ എന്റെ ശൈലം, കോട്ട, രക്ഷകൻ, പാറ, പരിച, എന്റെ രക്ഷയുടെ കൊമ്പ്, ഗോപുരം, സങ്കേതം (2.ശമൂ.22:2,3) എന്നൊക്കെയാണ്. ദാവീദ് നിലവിളിച്ചപ്പോൾ തന്നെ രക്ഷിക്കുവാൻ ദൈവം പ്രകൃതിയിലൂടെ തന്റെ ശക്തി പ്രകടമാക്കി. അത്യുന്നതൻ ഇടിമുഴക്കി തന്റെ ശബ്ദം കേൾപ്പിച്ചു. ദാവീദിനെ വിടുവിച്ച അത്യുന്നതനായ ദൈവം ഇന്നും തന്റെ മക്കളെ വിടുവിക്കുവാൻ ഇറങ്ങിവരുന്നു.

### (4) യെശയ്യാപ്രവചനത്തിൽ എൽ-എലിയോൻ അഥവാ അത്യുന്നതനായ ദൈവം —

***യെശ.14:13-14*** — *"ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വെക്കും; ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമനപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും; എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു."*

ദൈവത്തിന്റെ പ്രധാന സൃഷ്ടിയായ ലൂസിഫറിനെ സ്വർഗ്ഗത്തിൽനിന്നു നിഷ്ക്കാസനം ചെയ്ത വിവരങ്ങളാണ് യെശയ്യാവു 14:12 —മുതൽ പറഞ്ഞിരിക്കുന്നത്. അരുണോദയപുത്രൻ, പ്രകാശവാഹി എന്നൊക്കെ അറിയപ്പെട്ട ലൂസിഫർ അത്യുന്നതനായ ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ വസിച്ചിരുന്നു. അവൻ മാതൃകാമുദ്രയും, ജ്ഞാനസമ്പൂർണ്ണനും, സൗന്ദര്യധാമവുമായി നവരത്നങ്ങളാൽ അലങ്കൃതനായിരുന്നു. അരുണോദയപുത്രനായ ശുക്രനിൽ (Lucifer) ഉന്നതഭാവവും, നിഗളഹൃദയവും ഉണ്ടായി. അത്യുന്നതനായ ദൈവത്തോടു സമനാകുവാൻ ആഗ്രഹിച്ചു പ്രവർത്തിച്ചതിനാൽ ദൈവക്രോധത്തിനു പാത്രീഭൂതനായി വെട്ടേറ്റു നിലത്തു വീണു (യെശ.14:12-15/യെഹെ.28:12-17). അവന്റെ പാതാളത്തിലേക്കുള്ള പ്രവേശനം പാതാളവാസികൾ സ്വാഗതം ചെയ്യുന്ന കാര്യങ്ങളാണ് യെശ.14:9-11-വരെയുള്ള വാക്യങ്ങളിൽ കാണുന്നത്. ദൈവത്തിന്റെ പ്രവാചകനായ ബിലെയാം ലോകസമ്പത്തിനെ ലക്ഷ്യമാക്കിയെങ്കിൽ ലൂസിഫർ സ്ഥാനമാനങ്ങളെയാണ് ലക്ഷ്യമിട്ടത്. രണ്ടും ദൈവത്തിൽനിന്നു അകറ്റുന്നതാണ്. അത്യുന്നതനായ El-Elyon-നോടുമത്സരിക്കുന്ന ഏവരും താളടിയാകും.

## (5) ദാനീയേൽ പ്രവചനത്തിൽ എൽ–എലിയോൻ അഥവാ അത്യുന്നതനായ ദൈവം —

(a) **ദാനീ.3:26** -- *"നെബൂഖദ്നേസർ എരിയുന്ന തീച്ചൂളയുടെ വാതിൽക്കൽ അടുത്തുചെന്നു; അത്യുന്നതദൈവത്തിന്റെ ദാസന്മാരായ ശദ്രക്കേ, മേശക്കേ, അബേദ്നെഗോവേ, പുറത്തു വരുവിൻ എന്നു കല്പിച്ചു; അങ്ങനെ ശദ്രക്കും മേശക്കും അബേദ്നെഗോവും തീയിൽനിന്നു പുറത്തുവന്നു."*

ഏകദേശം ബി.സി. 60–ൽ ബാബേൽ രാജാവായ നെബൂഖദ്നേസർ യിസ്രായേല്യരെ തോൽപ്പിച്ചു. സമർത്ഥരായ ചില യഹൂദാബാലന്മാരെ രാജധാനിയിലേക്കാനയിച്ച് കൽദയരുടെ ഭാഷയും വിദ്യയും അഭ്യസിപ്പിച്ചു. അക്കൂട്ടത്തിൽ അഗ്രഗണ്യരായിരുന്നു ദാനീയേലും കൂട്ടുകാരായ ഹനന്യാവ്, മീശായേൽ, അസര്യാവ് എന്നിവർ. അത്യുന്നതനായ ദൈവത്തിൽ നിന്നകറ്റി ലോകവഴിയിലേക്കു കൊണ്ടുവരത്തക്കവണ്ണമുള്ള പരിശീലനമാണവർക്കു ലഭിക്കുന്നതെന്നവർ മനസ്സിലാക്കി. ഒന്നാമതായി പേരു മാറ്റം; രണ്ടാമതായി ആഹാര മാറ്റം; മൂന്നാമതായി ആരാധന മാറ്റം.

ആഹാരപാനീയങ്ങളാൽ തങ്ങളെത്തന്നെ അശുദ്ധമാക്കുകയില്ലെന്ന് അവർ തീരുമാനിച്ചു. ദൈവം അവരെ മാനിച്ചു. ദൈവം അവർക്കു സകല വിദ്യയിലും ജ്ഞാനത്തിലും നിപുണതയും സാമർത്ഥ്യവും കൊടുത്തു. അവർക്കു തുല്യരായി ഒരുത്തനെയും കണ്ടില്ല. തന്നിമിത്തം അവർ രാജസന്നിധിയിൽ ശുശ്രൂഷകരായി. നെബൂഖദ്നേസർരാജാവ് കണ്ട സ്വപ്നവും അർത്ഥവും ദാനീയേൽ പറഞ്ഞു കഴിഞ്ഞപ്പോൾ രാജാവ് അവന്റെ മുമ്പിൽ വീണു നമസ്കരിച്ചു (ദാനീ.2:46). രാജാവു അവനെ ബാബേൽസംസ്ഥാനത്തിന്നൊക്കെയും അധിപതിയും ബാബേലിലെ സകല വിദ്വാന്മാർക്കും പ്രധാനവിചാരകനും ആക്കിവെച്ചു (ദാനീ.2:48).

ആഹാരമാറ്റവും പേരുമാറ്റവും കഴിഞ്ഞപ്പോൾ അവർ സേവിച്ചുവന്നിരുന്ന അത്യുന്നതനായ ദൈവത്തിൽ നിന്നു വിഗ്രഹാരാധനയിലേക്കു അവരെ കൊണ്ടെത്തിക്കുവാൻ സംവിധാനങ്ങൾ ഉണ്ടായി. നെബൂഖദ്നേസർ രാജാവ് പൊന്നുകൊണ്ട് ഒരു വിഗ്രഹം ഉണ്ടാക്കി. ആ ബിംബത്തെ വീണു നമസ്കരിക്കാതിരിക്കുന്നവരെ എരിയുന്ന തീച്ചൂളയിൽ ഇട്ടുകളയും എന്ന് ഒരു വിളംബരവും ഉണ്ടായി. സകലരും വീണുനമസ്കരിച്ചപ്പോൾ ദാനീയേലിന്റെ കൂട്ടുകാർ അതിനു തയ്യാറായില്ല. അത്യുന്നതനായ ദൈവത്തെയല്ലാതെ മറ്റാരെയും നമസ്കരിക്കുകയില്ലെന്ന് അവർ തീരുമാനിച്ചു. തീച്ചൂളയിൽനിന്നു വിടുവിക്കുവാൻ അത്യുന്നതനായ ദൈവത്തിനു കഴിയുമെന്ന് അവർ വിശ്വസിച്ചു. തീച്ചൂളയിലേക്കു എറിയപ്പെട്ട അവരുടെ മദ്ധ്യത്തിൽ ദൈവം ഇറങ്ങിവന്ന കാഴ്ചകണ്ട് നെബൂഖദ്നേസർ രാജാവ് വിളിച്ചുപറയുകയാണ് — *"അത്യുന്നതദൈവത്തിന്റെ ദാസന്മാരായ ശദ്രക്കേ, മേശക്കേ, അബേദ്നേഗോവേ പുറത്തു വരുവിൻ."* യാതൊരു കേടുപാടുമില്ലാതെ പുറത്തുവന്ന അവരെ കണ്ട്, ഇവർ സേവിക്കുന്ന അത്യുന്നതനായ ദൈവത്തെ മാത്രം സകലരും നമസ്കരിക്കണമെന്നു, രാജാവു കല്പിച്ചു. അല്ലാത്തവർക്കു ശിക്ഷയും പ്രഖ്യാപിച്ചു. അഗ്നിച്ചൂള അവരുടെ സകലബന്ധനങ്ങളെയും തീകൊണ്ടു ചുട്ടുകളയുന്ന ചൂളയായും, അത്യുന്നതനായ ദൈവം അവരോടൊപ്പം നടക്കുന്ന സ്ഥലമായും മാറി.

(b) **ദാനീ.4:24,25** — *"രാജാവേ, അതിന്റെ അർത്ഥം ഇതാകുന്നു; എന്റെ യജമാനനായ രാജാവിന്റെമേൽ വരുന്ന അത്യുന്നതനായവന്റെ വിധി ഇതു തന്നെ; ........... മനുഷ്യരുടെ രാജത്വത്തിന്മേൽ അത്യുന്നതനായവൻ വാഴുകയും അതിനെ തനിക്കു ബോധിച്ചവന്നു കൊടുക്കയും ചെയ്യുവെന്നു തിരുമനസ്സുകൊണ്ടു അറിയുന്നതുവരെ ഏഴു കാലം കഴിയും."* —

നെബൂഖദ്നേസർ രാജാവു കണ്ട രണ്ടാമത്തെ സ്വപ്നമാണ് 4:1–37 വരെയുള്ള വാക്യങ്ങളിൽ. ഒന്നാമത്തെ സ്വപ്നം ഒരു വൻബിംബം; രണ്ടാമത്തേത് ഒരു വൻവൃക്ഷം. സ്വപ്നവ്യാഖ്യാനത്തിനായി ദാനിയേലിനെ രാജസന്നിധിയിൽ കൊണ്ടുവന്നു. ദാനീയേൽ ഇപ്രകാരം വിവരിച്ചു — വൃക്ഷം നെബൂഖദ്നേസർ രാജാവിനെയും അവന്റെ സാമ്രാജ്യത്തേയും കുറിക്കുന്നു. വൃക്ഷശാഖകൾ സമാന്തരരാജാക്കന്മാരെയും, ഇലകൾ സൈന്യശക്തിയേയും, കായ്കൾ രാജ്യസമ്പത്തിനെയും ചിത്രീകരിക്കുന്നു. എല്ലാവിധ പക്ഷികളും കാട്ടുമൃഗങ്ങളും ഈ വൃക്ഷത്തിന്റെ കൊമ്പുകളിലും തണലിലും വസിക്കുന്നു (ദാനീ.4:12). ഈ സ്വപ്നം ദൈവം നൽകിയത് ഒരു പ്രധാന പാഠം പഠിപ്പിക്കുന്നതിനാണ്. ദാനീ.4:17 — *"അത്യുന്നതനായവൻ മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുകയും അതിനെ തനിക്കു ബോധിച്ചവന്നു കൊടുക്കയും മനുഷ്യരിൽ അധമനായവനെ അതിന്മേൽ വാഴിക്കയും ചെയ്യുന്നു......"* നെബൂഖദ്നേസറിന്റെ ഹൃദയത്തിലെ അഹങ്കാരം ദൈവം കണ്ടു. അതില്ലാതാക്കാനാണ് ദൈവം ആഗ്രഹിച്ചത്. വൃക്ഷത്തെ മുറിക്കുകയും ശാഖകൾ ഛേദിക്കുകയും ചെയ്യുന്നത് നെബൂഖദ്നേസറിനെ സിംഹാസനത്തിൽനിന്നു നീക്കുന്നതിനെ കുറിക്കുന്നു. വൃക്ഷത്തെ ചുവടുവെച്ചുതന്നെ നശിപ്പിക്കാതെ നിറുത്തുന്നത് വൃക്ഷത്തിന്നു പിന്നെയും പൊട്ടിക്കിളിക്കുവാൻ അവസരം കൊടുക്കുകയാണ്. അതുപോലെതന്നെ രാജാവിന്റെ ഗർവ്വമെല്ലാം നീങ്ങിയശേഷം യഥാസ്ഥാനപ്പെടുവാൻ വഴിനൽകുകയായിരുന്നു.

ദൈവം അത്യുന്നതനാണ്, പരമാധികാരിയാണ് എന്ന പാഠമാണ് ഈ ഭാഗത്തുനിന്നു ലഭിക്കുന്നത്. ദൈവം സ്രഷ്ടാവ്; നാം സൃഷ്ടികൾ. ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ദൈവത്തെ അനുസരിക്കാതെ ജീവിക്കുമ്പോൾ മൃഗതുല്യനായിത്തീരുന്നു. ദൈവം അത്യുന്നതനാണ്. അത്യുന്നതനെ മറന്ന് അഹങ്കരിച്ച നെബൂഖദ്നേസർ രാജത്വത്തിൽനിന്നു നീക്കപ്പെട്ടു (ദാനീ.4:31-33). മനുഷ്യരുടെ ഇടയിൽനിന്നു നീക്കപ്പെട്ട് കാളയെപ്പോലെ പുല്ലുതിന്നുന്ന ഒരു അവസ്ഥയിലായി. വർഷങ്ങൾ കഴിഞ്ഞപ്പോൾ രാജാവു അത്യുന്നതനിലേക്കു നോക്കി. ബുദ്ധിശൂന്യനായിത്തീർന്നിരുന്ന അദ്ദേഹത്തിലേക്കു ബുദ്ധി മടങ്ങിവന്നു. അപ്പോൾ അത്യുന്നതനായ ദൈവത്തെ വാഴ്ത്തി നമസ്ക്കരിച്ചു (ദാനീ.4:34). നിഗളിക്കുന്നവരെ താഴ്ത്തുവാൻ ദൈവം പ്രാപ്തനെന്നും എല്ലാ അധികാരങ്ങളും അത്യുന്നതനായ ദൈവത്തിന്റേതാണെന്നും നെബൂഖദ്നേസർ പഠിക്കുവാനിടയായി.

## (6) സങ്കീർത്തനങ്ങളിൽ എൽ-എലിയോൻ അഥവാ അത്യുന്നതനായ ദൈവം —

എൽ-എലിയോൻ തന്നിൽ ആശ്രയിക്കുന്നവരെ സംരക്ഷിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതോടൊപ്പം അവരുടെ ശത്രുക്കളെ ചിതറിക്കുകയും ചെയ്യുന്നവനാകയാൽ അവന്റെ നീതിക്കു തക്കവണ്ണം സ്തുതി പാടുമെന്നു ദാവീദ് പറയുന്നു —

സങ്കീ.7:17 — *"ഞാൻ യഹോവയെ അവന്റെ നീതിക്കു തക്കവണ്ണം സ്തുതിക്കും; അത്യുന്നതനായ യഹോവയുടെ നാമത്തിന്നു സ്തുതി പാടും."*

സങ്കീ.18:13 — *"യഹോവ ആകാശത്തിൽ ഇടി മുഴക്കി അത്യുന്നതൻ തന്റെ നാദം കേൾപ്പിച്ചു. ആലിപ്പഴവും തീക്കനലും പൊഴിഞ്ഞു."*

ദൈവമക്കൾക്കുള്ള ഏറ്റവും സുരക്ഷിതമായ സ്ഥാനം അത്യുന്നതനായ ദൈവത്തിന്റെ മറവും സർവ്വശക്തന്റെ നിഴലുമാണ്. ലോകത്തിന്റെ നിഴലും മറവും അഭയവും മാറ്റപ്പെടുന്നതാണ്. എന്നാൽ അത്യുന്നതന്റെ മറവിൽ വസിക്കുന്നവന്നു ഒരു അനർത്ഥവും വരികയില്ല. അവന്നു ലഭിക്കുന്ന നന്മയും ആശ്വാസവും രക്ഷയുമൊക്കെ ഇവിടെ വിശദീകരിച്ചിരിക്കുന്നു. അത്യുന്നതനായ ദൈവത്തെ വാസസ്ഥലമാക്കിയിരിക്കുന്ന അവസ്ഥ എത്രയോ മഹത്വമേറിയത്.

സങ്കീ.91:1 — *"അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കയും ചെയ്യുന്നവൻ ..."*

സങ്കീ.91:9 — *"യഹോവേ, നീ എന്റെ സങ്കേതമാകുന്നു; നീ അത്യുന്നതനെ നിന്റെ വാസസ്ഥലമാക്കി ഇരിക്കുന്നു."*

## (7) പുതിയനിയമത്തിൽ കർത്താവായ യേശുക്രിസ്തു എൽ-എലിയോൻ അഥവാ അത്യുന്നതനായ ദൈവം —

യേശുകർത്താവ് ഗദരദേശത്ത് എത്തിയപ്പോൾ അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ എതിരെ വന്നു. ബഹുകാലമായി അവന്റെ പാർപ്പു കല്ലറയിൽ ആയിരുന്നു. ആർക്കും അവനെ നിയന്ത്രിക്കാൻ കഴിഞ്ഞിരുന്നില്ല. യേശുവിനെ കണ്ടിട്ട് അവൻ *"യേശുവേ മഹോന്നതനായ ദൈവത്തിന്റെ പുത്രാ"* (മർക്കോ.5:7/ലൂക്കോ.8:28 ) എന്ന് നിലവിളിച്ചു കർത്താവിനെ നമസ്കരിച്ചു. അതായത് അശുദ്ധാത്മാവ് കർത്താവിനെ അത്യുന്നതനായ ദൈവത്തിന്റെ പുത്രനായി തിരിച്ചറിഞ്ഞു.

യേശുകർത്താവിന്റെ ജനനത്തെക്കുറിച്ച് മറിയെക്ക് അറിവു കൊടുക്കുന്ന സന്ദർഭത്തിൽ ദൂതൻ കർത്താവിനെ എൽ-എലിയോൻ ആയി കാട്ടിത്തരുന്നു.

ലൂക്കോ.1:32 — *"അവൻ വലിയവൻ ആകും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും."*

ലൂക്കോ.1:35 — *"അതിന്നു ദൂതൻ: പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും."*

= = = = = = = = = = // = = = = = = = = = =

# (23) എൽ-ഓലാം

## El-Olam = The Everlasting God

## നിത്യനായ ദൈവം

എൽ-ഓലാം എന്ന പേരിനർത്ഥം നിത്യനായ ദൈവം എന്നാണ് (El -Olam = The Everlasting God). സർവ്വശക്തനായ ദൈവം എന്ന നിലയിൽ തന്നിൽത്തന്നെ ഉള്ളതും തനിക്കുമാത്രം നിക്ഷിപ്ത വുമായ തികവുറ്റ സ്വഭാവസവിശേഷതകളിലൊന്നാണ് ദൈവം നിത്യൻ (God is Eternal) എന്നുള്ളത്. നിത്യനായ ദൈവം എന്ന നിലയിൽ ദൈവത്തിന് ആരംഭമോ അവസാനമോ ഇല്ല; ഭൂതമോ ഭാവിയോ ഇല്ല. മനുഷ്യനു ആരംഭമുണ്ട്; എന്നാൽ അവസാനമില്ല. മനുഷ്യന്റെ ആരംഭം ഭൂമിയിൽ ജനനത്താൽ തുടങ്ങുന്നു. മരണശേഷം നിത്യതയിൽ ഒന്നുകിൽ ദൈവത്തോടൊപ്പം സ്വർഗ്ഗത്തിൽ, അല്ലെങ്കിൽ പിശാചിനോടൊപ്പം നരകത്തിൽ. നിത്യത എന്നാൽ അവസാനമില്ലാത്ത സമയമാണ്. El-Olam ആയ ദൈവത്തോടൊപ്പം നിത്യതയിൽ വാഴണമെങ്കിൽ ഭൂമിയിൽ ജീവിക്കുന്ന സമയത്ത് നിത്യജീവൻ പ്രാപിക്കണം (യോഹ.3:36). വീണ്ടും ജനനത്താൽ നിത്യജീവൻ പ്രാപിക്കുന്നു. അവർ നിത്യതയിൽ ദൈവത്തോടൊപ്പം എന്നേക്കും വസിക്കും. രക്ഷിക്കപ്പെടാത്തവർ വീണ്ടും ജനിക്കാത്തതിനാൽ നിത്യജീവൻ പ്രാപിക്കുന്നില്ല. അവർ നിത്യനരകത്തിന് ഏല്പിക്കപ്പെടും. കാലങ്ങളും സമയങ്ങളും മാറുന്നു. ഓരോരോ തലമുറകൾ ജനിക്കുന്നു; മൺമറയുന്നു. എന്നാൽ ദൈവത്തിനുമാത്രം മാറ്റമില്ല.

എൽ (El) എന്ന പദത്തിന് മൂലഭാഷയിൽ ശക്തിയുള്ള, ബലമുള്ള (mighty /strong) എന്നാണർത്ഥം. എൽ ഏകവചനവും, ഏലോഹിം (Elohim) ബഹുവചനവും ആണ്. ഓലാം (Olam) എന്ന എബ്രായപദം മൂന്നു വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു. (1) മറഞ്ഞിരിക്കുന്ന (2) അനന്തമായ (3) കാലങ്ങളും യുഗങ്ങളും ബന്ധപ്പെടുത്തി. എൽ-ഓലാം എന്നാൽ കാലങ്ങളും യുഗങ്ങളും ദൈവത്തിൽമാത്രം മറഞ്ഞിരിക്കുന്നതും, അതിരറ്റ ശക്തിയുള്ളതും, അനന്തതയിൽ വസിക്കുന്നതുമായ ദൈവം; മറഞ്ഞിരിക്കുന്ന സകല മർമ്മങ്ങളെയും വെളിപ്പെടുത്തുന്ന നിത്യനായ ദൈവം.

എൽ-ഓലാം എന്ന നാമം ഉല്പത്തി പുസ്തകത്തിൽ ബേർ-ശേബ ഉടമ്പടിയോടുള്ള ബന്ധത്തിൽ കാണുന്നു.

*ഉല്പ.21:33 — "അബ്രഹാം ബേർ-ശേബയിൽ ഒരു പിചുലവൃക്ഷം നട്ടു; നിത്യനായ യഹോവയുടെ നാമത്തിൽ അവിടെ വെച്ച് ആരാധന കഴിച്ചു."*

അബ്രഹാമിന്റെ ദാസന്മാർ കുഴിച്ച കിണർ അബീമേലെക്കിന്റെ ദാസന്മാർ അപഹരിച്ച വിവരം അറിഞ്ഞ അബീമേലെക്ക് കിണർ മടക്കികൊടുത്തു ഒരു ഉടമ്പടി ചെയ്തു. ആ സ്ഥലത്തിനു ബേർ-ശേബ (സത്യത്തിന്റെ കിണർ) എന്നു പേരിട്ടു. ഉടമ്പടിയുടെ ഓർമ്മെക്കായി ബേർ-ശേബ (Ber-sheba) യിൽ അബ്രഹാം ഒരു പിചുലവൃക്ഷം (Tamarisk) നട്ടു. നിത്യനായ യഹോവയുടെ നാമത്തിൽ അവിടെ വെച്ച് ആരാധന കഴിച്ചു. നിത്യനായ യഹോവ എന്നതിനു എബ്രായഭാഷയിൽ എൽ-ഓലാം എന്നാണ് ഉപയോഗിച്ചിരിക്കുന്നത്.

പിചുലവൃക്ഷം ഒരു കുറ്റിച്ചെടിയാണ്; മരുഭൂമിയിലും കുന്നിൻപുറങ്ങളിലും വളരുന്ന ഒരുതരം തണൽ വൃക്ഷം. പ്രതികൂലസാഹചര്യങ്ങളിലും ഇതു വളരും എന്നുള്ളതാണിതിന്റെ പ്രത്യേകത. പടർന്നു പന്തലിച്ച് ഇലകൾ ധാരാളം നിറഞ്ഞ ഈ വൃക്ഷത്തിന്റെ തണലിൽ കുതിരപ്പുറത്തു സഞ്ചരിക്കുന്ന ഒരുവനു ശത്രുക്കൾ ഉൾപ്പെടെയുള്ള മറ്റാരും കാണാതെ വിശ്രമിക്കുന്നതിനു സാധിക്കും. പിചുലവൃക്ഷത്തെക്കുറിച്ചു പറഞ്ഞിരിക്കുന്ന ഭാഗങ്ങൾ:

(1) ഉല്പ.21:14,15 — *"അബ്രഹാം അതികാലത്ത് എഴുന്നേറ്റു അപ്പവും ഒരു തുരുത്തി വെള്ളവും എടുത്തു ഹാഗാറിന്റെ തോളിൽ വെച്ചു, കുട്ടിയേയും കൊടുത്തു അവളെ അയച്ചു; അവൾ പുറപ്പെട്ടു പോയി ബേർ-ശേബയിൽ ഉഴന്നു നടന്നു. തുരുത്തിയിലെ വെള്ളം ചെലവായശേഷം അവൾ കുട്ടിയെ ഒരു കുറുങ്കാട്ടിൽ തണലിൽ ഇട്ടു."*

കുറുങ്കാട്ടിൽ തണലിൽ എന്നത് പിചുലവൃക്ഷത്തിന്റെ തണലിൽ ആയിരുന്നെന്നു പൊതുവെ പറയപ്പെടുന്നു. മരുഭൂമിയിൽ തണൽ കൊടുക്കുന്നത് പിചുലവൃക്ഷമാണ്.

(2) ഉല്പ.21:33 — *"അബ്രഹാം ബേർ-ശേബയിൽ ഒരു പിചുലവൃക്ഷം നട്ടു, നിത്യദൈവമായ യഹോവയുടെ നാമത്തിൽ അവിടെവെച്ച് ആരാധന കഴിച്ചു."*

(3) 1.ശമൂ.22:6 — *''ദാവീദിനെയും കൂടെയുള്ളവരെയും കണ്ടിരിക്കുന്നു എന്നു ശൗൽ കേട്ടു; അന്നു ശൗൽ കയ്യിൽ കുന്തവുമായി ഗിബെയയിലെ കുന്നിന്മേലുള്ള പിചുലവൃക്ഷത്തിൻ ചുവട്ടിൽ; ഇരിക്കയായിരുന്നു; അവന്റെ ഭൃത്യന്മാർ എല്ലാവരും അവന്റെ ചുറ്റും നിന്നിരുന്നു."*

(4) 1.ശമൂ.31:11-13 — *''എന്നാൽ ഫെലിസ്ത്യർ ശൗലിനോടു ചെയ്തതു ഗിലെയാദിലെ യാബേശ്നിവാസികൾ കേട്ടപ്പോൾ ശൂരന്മാരായ എല്ലാവരും പുറപ്പെട്ടു രാത്രി മുഴുവനും നടന്നുചെന്നു ബേത്ത് -ശാന്റെ ചുവരിൽനിന്നു ശൗലിന്റെ ശവവും അവന്റെ പുത്രന്മാരുടെ ശവവും എടുത്തു യാബേശിൽ കൊണ്ടുവന്നു അവിടെവെച്ചു ദഹിപ്പിച്ചു. അവരുടെ അസ്ഥികളെ അവർ എടുത്തു യാബേശിലെ പിചുലവൃക്ഷത്തിന്റെ ചുവട്ടിൽ കുഴിച്ചിട്ടു; ഏഴു ദിവസം ഉപവസിച്ചു."*

അബ്രഹാം ഫെലിസ്ത്യരുടെ ദേശത്തായിരുന്നപ്പോഴാണ് പിചുലവൃക്ഷത്തണലിൽ യാഗപീഠം പണിത് യഹോവയെ ആരാധിച്ചത്. എന്നാൽ ജാതികൾ ഇന്ന് തുളസി, കൂവളം, ആൽമരങ്ങൾ എന്നിവ നട്ട് അതിനു ദൈവത്വം നൽകി ആരാധിക്കുന്നു. അബ്രഹാം പിചുലവൃക്ഷത്തെയല്ല നിത്യനായ (El-Olam) യഹോവയെ ആണ് ആരാധിച്ചത്.

യഹോവ നിത്യനായ ദൈവം (El-Olam). സദാ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണു നാം ജീവിക്കുന്നത്. മാറ്റമില്ലാത്തത് പഴഞ്ചനായി മുദ്രയിടുന്ന ഒരു ലോകം. സഹായങ്ങൾ മാറുന്നു, വാഗ്ദത്തങ്ങൾ മാറുന്നു, അഭിപ്രായങ്ങൾ മാറുന്നു, തീരുമാനങ്ങൾ മാറുന്നു, ലോകവ്യവസ്ഥിതി തന്നെ മാറുന്നു. മാറ്റം ഇന്നൊരു ഫാഷനായിത്തീർന്നിരിക്കുന്നു. എന്നാൽ മാറ്റമില്ലാത്തത് ദൈവത്തിനും ദൈവത്തിന്റെ വ്യവസ്ഥിതികൾക്കും മാത്രം.

ഉല്പത്തി മുതൽ വെളിപ്പാടുവരെയുള്ള ദൈവവചനത്തിലുടനീളം നിത്യനായ ദൈവം മനുഷ്യനുമായി സജീവ ബന്ധം പുലർത്തുന്നതായി കാണുന്നു. അപ്പോൾത്തന്നെ ദൈവത്തെ പിൻപറ്റിയ ദൈവദാസന്മാർ ഈ നിത്യനായ മാറ്റമില്ലാത്ത ദൈവത്തെ സ്തുതിച്ചും ആരാധിച്ചും കഴിഞ്ഞിരുന്നു. അവർക്കു ലഭിച്ച ആശ്രയവും, സംരക്ഷണവും, കരുതലും നിത്യനായ ദൈവത്തിൽ നിന്നായിരുന്നു.

(1) ദൈവത്തിന്റെ നിത്യസംരക്ഷണം — ആവ.33:26,27 — "യെശുരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിനായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു. പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ടു."

(2) സർവ്വജ്ഞാനിയായ നിത്യദൈവം — യെശ.40:28 — "നിനക്കറിഞ്ഞുകൂടയോ? നീ കേട്ടിട്ടില്ലയോ? യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികളെ സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നുപോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ."

(3) മാറ്റമില്ലാത്ത നിത്യദൈവം — മലാ.3:6 — "യഹോവയായ ഞാൻ മാറാത്തവൻ; അതുകൊണ്ടു യാക്കോബിൻ പുത്രന്മാരേ, നിങ്ങൾ മുടിഞ്ഞുപോകാതിരിക്കുന്നു. "

അബ്രഹാമിന്റെ ജീവിതത്തിൽ തന്റെ വീണ്ടെടുപ്പുകാരനായ ദൈവം എൽ-എല്യോൻ (El-Elyon -- God the Most High — ഉല്പ.14:19,22). യഹോവ-യിരേ — Jehovah-jireh (ഉല്പ.22:14). തന്റെ ജീവിതത്തിലെ സകലത്തിനും മതിയായ എൽസദായി (El-Shaddai) — സർവ്വശക്തനായ ദൈവം—-The Almighty God (ഉല്പ.17:1). എന്നാൽ ഈ ദൈവത്തിന് ഒരു യാഗപീഠം പണിത് യഹോവയുടെ നാമത്തിൽ ആരാധിച്ചപ്പോൾ ആരാധനയോടുള്ള ബന്ധത്തിൽ പുതിയ പേരു വിളിക്കുന്നു - എൽ-ഓലാം (El-Olam --Everlasting God). തന്റെ ജീവിതത്തിലുള്ള സകലതും മാറിപ്പോകും: അബീമേലെക്കുമായുള്ള ഉടമ്പടി മാറിപ്പോകും, പിചുലവൃക്ഷം ഇല്ലാതെയാകും, യാഗപീഠങ്ങൾ ഇടിഞ്ഞുപോകും എന്നാൽ എൽ — ഓലാം ആയ നിത്യനായ ദൈവം അബ്രഹാമിനോടും തന്റെ സന്തതികളോടും ഒരു നിത്യ ഉടമ്പടി ചെയ്തു (ഉല്പ.17:7).

അബ്രഹാമിനെപ്പോലെ തന്നെ യഹോവയിൽ ആശ്രയിക്കുന്ന ഏവരെയും ഈ നിത്യനായ ദൈവം എന്നേക്കും പരിപാലിക്കും. പർവ്വതങ്ങൾ യെരൂശലേമിനെ ചുറ്റിയിരിക്കുന്നു. യഹോവ ഇന്നു മുതൽ എന്നേക്കും തന്റെ ജനത്തെ ചുറ്റിയിരിക്കുന്നു. യഹോവയിൽ ആശ്രയിക്കുന്നവർ കുലുങ്ങാതെ എന്നേക്കും നിൽക്കുന്ന സീയോൻപർവ്വതം പോലെയാകുന്നു (സങ്കീ.125:1,2). വിശ്വാസികളായ നാം ഈ നിത്യനായ ദൈവത്തോടൊപ്പം നിത്യം നിത്യം വാഴും.

= = = = = = = = = = // = = = = = = = = = =

# (24) എൽ–റോയ്

## (El-Roi = The God who sees)

## ദൈവം സകലവും കാണുന്നവൻ

സർവ്വശക്തനും സർവ്വജ്ഞാനിയുമായ ദൈവത്തിന്റെ മറ്റൊരു നാമമാണ് എൽ-റോയ്. ഈ പേരിനർത്ഥം ദൈവം സകലവും കാണുന്നവൻ എന്നാണ് (El-Roi = The God who sees). ദൈവം സകലതും ഉള്ളതുപോലെ അറിയുന്നവനും ജ്ഞാനത്തിന്റെ ഉറവിടവുമാണ്. ദൈവത്തിന്നു മറഞ്ഞിരിക്കുന്നതും അറിയാൻ കഴിയാത്തതുമായി ഒന്നുമില്ല. മനുഷ്യന്റെ അറിവിനും കാഴ്ചെക്കും പരിധിയുണ്ട്. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ നിന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല.

അബ്രഹാമിന്റെ ദാസിയായ ഹാഗാർ ആണ് ദൈവത്തെ ഈ പേരിൽ സംബോധന ചെയ്യുന്നത് (ഉല്പ.16:13). ഹാഗാറിന്റെ ജീവിതത്തിൽ സംഭവിച്ച പ്രതികൂലതകളുടെ മദ്ധ്യേ അവൾ ദൈവത്തെ മുഖാമുഖമായി കണ്ടു. മിസ്രയീമ്യസ്ത്രീയായ ഹാഗാർ ദൈവത്തിന്റെ ചില സ്വഭാവസവിശേഷതകൾ മനസ്സിലാക്കി. ദൈവം ജീവിക്കുന്ന ദൈവമാണെന്നും ഉള്ളുരുകി കരയുമ്പോൾ മനസ്സലിഞ്ഞു കാണുകയും കേൾക്കുകയും ചെയ്യുമെന്നും മനസ്സിലാക്കി. സർവ്വശക്തനും കരുണാമയനുമായ ദൈവത്തിന് അവൾ നല്കുന്ന നാമമാണ് എൽ-റോയ് അഥവാ ദൈവം സകലവും കാണുന്നവൻ.

ഉല്പ.16:13,14 — *"എന്നാറെ അവൾ: എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ എന്നു പറഞ്ഞു തന്നോടു അരുളിച്ചെയ്ത യഹോവെക്കു: ദൈവമേ, നീ എന്നെ കാണുന്നു എന്നു പേർ വിളിച്ചു. അതുകൊണ്ട് ആ കിണറിന്നു ബേർ-ലഹയീ-രോയി എന്നു പേരായി......"*

വിശ്വാസികളുടെ പിതാവ് (ഗലാ.3:7), യഹൂദന്മാരുടെ പിതാവ് (യോഹ.8:53), ദൈവത്തിന്റെ സ്നേഹിതൻ (2.ദിന.20:7, യെശ.41:8, യാക്കോ.2:23) എന്നറിയപ്പെട്ട അബ്രഹാമിന്റെ ജീവചരിത്രം ഉല്പത്തിപ്പുസ്തകം 11 മുതൽ 25 വരെയുള്ള അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്നു. ജലപ്രളയത്തിനു ശേഷം 352 സംവത്സരങ്ങൾ കഴിഞ്ഞാണ് അബ്രഹാം ജനിക്കുന്നത്. ജലപ്രളയത്തിനു ശേഷമുള്ള മനുഷ്യർ നോഹയുടെ പുത്രന്മാരായ ശേം, ഹാം, യാഫെത്ത് എന്നിവരിൽ നിന്നും ഉണ്ടായവരാണ്. ശേം വംശജർക്കു ദൈവീകവെളിപ്പാട് ലഭിച്ചു. അബ്രഹാമിന്റെ വല്യപ്പനായ നാഹോർ ശേമിന്റെ വംശക്കാരനാണ് (ഉല്പ.11:22). അബ്രഹാമിന്റെ പിതാവു തേരഹ് വിഗ്രഹാരാധി ആയിരുന്നു. എന്നാൽ അബ്രഹാമിന് നിന്റെ ദേശത്തെയും, ചാർച്ചക്കാരെയും, പിതൃഭവനത്തെയും വിട്ടു പുറപ്പെട്ട് ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക (ഉല്പ.12:1) എന്നു ദൈവവിളി ഉണ്ടായി. യഹോവ തന്നോടു കല്പിച്ചതുപോലെ അബ്രഹാം പുറപ്പെട്ടു. തന്റെ ഭാര്യയായ സാറായിയെയും, സഹോദരപുത്രനായ ലോത്തിനെയും കൂട്ടി സകലസമ്പത്തുകളോടും കൂടെ പുറപ്പെട്ടു.

കനാൻദേശത്ത് എത്തുമ്പോൾ അബ്രഹാമിന് 75 വയസ്സും സാറായ്ക്ക് 65 വയസ്സും ആയിരുന്നു. അവർക്കു മക്കളില്ലായിരുന്നു. എന്നാൽ അബ്രഹാമിനെ വലിയ ഒരു ജാതി ആക്കുമെന്ന് ദൈവം വാഗ്ദത്തം ചെയ്തിരുന്നു (ഉല്പ.12:2). ലോത്തുമായുള്ള യാത്രയിൽ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ അവർ തമ്മിൽ പിരിഞ്ഞു. ലോത്ത് യോർദ്ദാന്നരികെയുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്ത് കിഴക്കോട്ടു യാത്രയായി; സോദോംവരെ എത്തി (ഉല്പ.13:11,12). ലോത്ത് പിരിഞ്ഞശേഷം ദൈവം അബ്രഹാമിനു വീണ്ടും പ്രത്യക്ഷനായി അനുഗ്രഹിച്ചു. നീ കാണുന്ന ഭൂമി ഒക്കെയും നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും. ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടിപോലെ ആക്കും എന്നു വീണ്ടും വാഗ്ദത്തം ചെയ്തു (ഉല്പ.13:15,16). പതിനഞ്ചാം അദ്ധ്യായത്തിൽ അബ്രഹാമിനു ദൈവം വീണ്ടും പ്രത്യക്ഷനായി വാഗ്ദത്തങ്ങൾ ഉറപ്പിക്കുന്നു. തദവസരത്തിൽ അബ്രഹാം തന്റെ ഹൃദയത്തിലെ ദു:ഖം ദൈവത്തോടു പറയുന്നു. കർത്താവായ യഹോവേ, നീ എനിക്കു എന്തു തരും? ഞാൻ മക്കളില്ലാത്തവനായി നടക്കുന്നുവല്ലോ; എന്റെ അവകാശി ദെമ്മേശെക്കുകാരനായ എല്യേസർ അത്രേ എന്നു പറഞ്ഞു. നീ എനിക്കു സന്തതിയെ തന്നിട്ടില്ല (ഉല്പ.15:2,3). അതിന്നു ദൈവം തന്റെ വാഗ്ദത്തം വിശദീകരിച്ചു; അവൻ നിന്റെ അവകാശി ആകയില്ല; നിന്റെ ഉദരത്തിൽ നിന്നു പുറപ്പെടുന്നവൻ തന്നെ നിന്റെ അവകാശി ആകും (ഉല്പ.15:4). അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. ദൈവത്തെ ആരാധിച്ചുപോന്നു. പത്തു വർഷം കഴിഞ്ഞിട്ടും ദൈവീകവാഗ്ദത്തം നിവൃത്തിയായില്ല എന്നു കണ്ട സാറാ സ്വന്ത ബുദ്ധിയനുസ

രിച്ചു പ്രവർത്തിച്ചു. സാറായുടെ മിസ്രയീമ്യദാസിയെ അബ്രഹാമിനു ഭാര്യയായി കൊടുത്തു. ഹാഗാറിൽ അബ്രഹാമിന് യിശ്മായേൽ ജനിച്ചു. അപ്പോൾ അബ്രഹാമിനു 86 വയസ്സായിരുന്നു (ഉല്പ.16:16). ദൈവത്തിന്റെ ആലോചനപ്രകാരമല്ലാത്ത ഈ പ്രവൃത്തി അബ്രഹാമിന്റെ കുടുംബത്തിൽ മാത്രമല്ല ഇന്നും ലോകത്തിൽ അസമാധാനത്തിനു കാരണമായിരിക്കുന്നു.

ദൈവം തന്റെ സമയത്തു വാഗ്ദത്തം നിറവേറ്റി. അബ്രഹാമിന്റെ നൂറാമത്തെ വയസ്സിൽ വാഗ്ദത്ത സന്തതി യിസ്ഹാക്കു ജനിച്ചു (ഉല്പ.21:5). യിശ്മായേലിന്റെയും യിസ്ഹാക്കിന്റെയും വളർച്ചയിൽ ഭവനത്തിൽ കലഹമുണ്ടായി. മിസ്രയീമ്യദാസി ഹാഗാറിൽ അബ്രഹാമിനു ജനിച്ച മകൻ പരിഹാസി എന്നു സാറാ കണ്ടു. ദാസിയേയും മകനേയും പുറത്താക്കിക്കളക എന്ന സാറായുടെ നിർദ്ദേശത്തെ ദൈവവും അംഗീകരിച്ചു. ആയതിനാൽ അബ്രഹാം ഒരു തുരുത്തി വെള്ളവും അപ്പവും കൊടുത്ത് ഹാഗാറിനെയും മകനെയും അയച്ചു. മരുഭൂമിയിൽ ദൈവം അവരുടെ നിലവിളി കേട്ടു. യിശ്മായേലിനെ അനുഗ്രഹിച്ചു. ദൈവം ബാലനോടുകൂടെ ഉണ്ടായിരുന്നു. മുതിർന്നപ്പോൾ അവൻ ഒരു വില്ലാളി ആയിത്തീർന്നു. അവൻ പാറാൻ മരുഭൂമിയിൽ പാർത്തു.

ഹാഗാർ മരുഭൂമിയിൽ വെച്ചു ദൈവത്തെ വിളിച്ച പേരാണ് എൽ-റോയ് (ഉല്പ.16). അബ്രഹാമിനാൽ ഹാഗാർ ഗർഭിണി ആയെന്നു കണ്ടപ്പോൾ യജമാനത്തി അവളുടെ കണ്ണിന്നു നിന്ദിതയായി. സാറായി അവളോടു കാഠിന്യം തുടങ്ങി. ഹാഗാർ അവളെവിട്ട് ഓടിപ്പോയി. മരുഭൂമിയിൽ ഒരു നീരുറവിന്റെ അരികിൽ വെച്ചു യഹോവയുടെ ദൂതൻ അവളെ കണ്ടു. യഹോവയുടെ ദൂതൻ അവളോടു: നിന്റെ യജമാനത്തിയുടെ അടുക്കൽ മടങ്ങിച്ചെന്നു അവൾക്കു കീഴ്പ്പെട്ടിരിക്ക എന്നു കല്പിച്ചു. ദൂതൻ അവളെയും അവളുടെ സന്തതിയെയും അനുഗ്രഹിച്ചു. എന്നാറെ അവൾ: എന്നെ കാണുന്നവനെ ഞാൻ ഇവിടെയും കണ്ടുവോ എന്നു പറഞ്ഞു തന്നോടു അരുളിച്ചെയ്ത യഹോവെക്കു: ദൈവമേ നീ എന്നെ കാണുന്നു എന്നു പേർ വിളിച്ചു. അതുകൊണ്ട് ആ കിണറ്റിന്നു ബേർ-ലഹയീ-രോയീ എന്നു പേരായി (ഉല്പ.16:13,14). ജീവിക്കുകയും കാണുകയും ചെയ്യുന്നവന്റെ കിണർ എന്നർത്ഥം (The well of one who lives and sees me).

ദൈവം ഒരു സമൂഹത്തിന്റെ മാത്രം ദൈവമല്ല. ഓരോ വ്യക്തിയുടെയും ദൈവമാണ്. അശരണരുടെയും ഹൃദയം തകർന്നവരുടെയും ദൈവമാണ്. ആശ്രയിക്കുന്നവരെ അറിയുകയും അനുഗ്രഹിക്കുകയും ചെയ്യുന്ന ദൈവമാണ്. ഹാഗാറിനെ ദൈവം അബ്രഹാം മൂലം അനുഗ്രഹിച്ചു.

നാമും ഹാഗാറിനെപ്പോലെ ദൈവസന്നിധി വിട്ട് ഓടിപ്പോയവരായിരുന്നു. ദൈവം നമ്മെ കണ്ടു, യേശുക്രിസ്തു മൂലം അനുഗ്രഹിച്ചിരിക്കുന്നു. നമ്മെ കാണുകയും അറിയുകയും ചെയ്യുന്ന ദൈവത്തെക്കുറിച്ചു തിരുവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് നോക്കുക —

എബ്രാ.4:13 — *“അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവന്റെ കണ്ണിന്നു നഗ്നവും മലർന്നതുമായി കിടക്കുന്നു. അവനുമായിട്ടാകുന്നു നമുക്കു കാര്യമുള്ളത്.”*

സങ്കീ.11:4 — *“ ..... യഹോവയുടെ സിംഹാസനം സ്വർഗ്ഗത്തിൽ ആകുന്നു; അവന്റെ കണ്ണുകൾ ദർശിക്കുന്നു; അവന്റെ കൺപോളകൾ മനുഷ്യപുത്രന്മാരെ ശോധന ചെയ്യുന്നു.”*

സങ്കീ.32:8 — *“ ..... ഞാൻ നിന്റെ മേൽ ദൃഷ്ടി വെച്ച് നിനക്ക് ആലോചന പറഞ്ഞുതരും.”*

സങ്കീ.33:18 — *“യഹോവയുടെ ദൃഷ്ടി തന്റെ ഭക്തന്മാരുടെമേലും തന്റെ ദയെക്കായി പ്രത്യാശിക്കുന്നവരുടെമേലും ഇരിക്കുന്നു; അവരുടെ പ്രാണനെ മരണത്തിൽനിന്നു വിടുവിപ്പാനും ക്ഷാമത്തിൽ അവരെ ജീവനോടെ രക്ഷിപ്പാനും തന്നേ.”*

സങ്കീ.34:15— *“യഹോവയുടെ കണ്ണ് നീതിമാന്മാരുടെ മേലും അവന്റെ ചെവി അവരുടെ നിലവിളിക്കും തുറന്നിരിക്കുന്നു.”*

= = = = = = = = = = // = = = = = = = = = =

# (25) ഏൽ-ബേഥേൽ

## EL-BETHEL = House of God

## ദൈവത്തിന്റെ ഭവനം

ഏൽ- ബേഥേൽ എന്ന എബ്രായനാമത്തിനർത്ഥം ദൈവം പ്രത്യക്ഷനാകുന്ന സ്ഥലം അഥവാ ദൈവത്തിന്റെ ഭവനം (A place where God appeared / House of God). യാക്കോബ് ഹാരാനിൽ ലാബാന്റെ ഭവനത്തിൽനിന്നു മടങ്ങിവന്നു ബേഥേലിൽ ദൈവത്തിന്നു ഒരു യാഗപീഠം പണിതു ദൈവത്തെ ആരാധിച്ചു. ദൈവം അവിടെ യാക്കോബിനു പ്രത്യക്ഷനായി. ദൈവം തനിക്കു പ്രത്യക്ഷനായ ആ സ്ഥലത്തിനു യാക്കോബ് ഇട്ട പേരാണ് ഏൽ-ബേഥേൽ (EL-BETHEL).

ഉല്പ.35:6,7 — *"യാക്കോബും കൂടെയുള്ള ജനമൊക്കെയും കനാൻ ദേശത്തിലെ ലൂസ് എന്ന ബേഥേലിൽ എത്തി. അവിടെ അവൻ ഒരു യാഗപീഠം പണിതു; തന്റെ സഹോദരന്റെ മുമ്പിൽ നിന്നു ഓടിപ്പോകുമ്പോൾ അവന്നു അവിടെവെച്ചു ദൈവം പ്രത്യക്ഷനായതുകൊണ്ടു അവൻ ആ സ്ഥലത്തിന്നു ഏൽ-ബേഥേൽ എന്നു പേർ വിളിച്ചു."*

ബേത്ത് എന്നാൽ ഭവനം എന്നാണർത്ഥം (Beth = House). ബേത്ത് ചേർത്ത് അനേക നാമങ്ങളും സ്ഥലങ്ങളും തിരുവചനത്തിൽ കാണുന്നു. ഉദാഹരണം —

(1) ബേഥേൽ = ദൈവത്തിന്റെ ഭവനം (Beth + El = Bethel = House Of God).

(2) ഏൽ-ബേഥേൽ = ദൈവം ദൈവഭവനത്തിൽ (El + Beth + El = God in the House Of God).

(3) ബേത്‌ലഹേം = അപ്പത്തിന്റെ ഭവനം (Bethlehem = House of bread)

(4) ബെഥെസ്ദാ = കൃപയുടെ ഭവനം (Bethesda = House of Mercy )

(5) ബെഥാന്യ (ബെഥനി) = അത്തിപ്പഴത്തിന്റെ വീട് (Bethany = House of figs)

(6) ബെഥൂവേൽ = ദൈവത്തിന്റെ വാസസ്ഥലം (Bethuel = Abode of God )

(7) ബേത്ത്ഫാഗാ = പാകമാകാത്ത അത്തിപ്പഴത്തിന്റെ വീട് (Bethphaga = House of unripe figs )

(8) ബേത്ത്സെയ്ദാ = മീൻ പിടിത്തത്തിന്റെ സ്ഥലം/ വലകളുടെ സ്ഥലം ( Bethsaida = A place of fishing / A place of fishing net).

യാക്കോബിന്റെ ജീവിതത്തിൽ ദൈവത്തെ മുഖാമുഖമായി കണ്ട പെനിയേൽ പോലെതന്നെ തന്റെ ജീവിതത്തെ ഏറ്റവും സ്വാധീനിച്ചതും മാറ്റിമറിച്ചതുമായ ദൈവീക കരസ്പർശനത്തിന്റെ അനുഭവമായിരുന്നു ബേഥേൽ. ഇത് ഒരു സ്ഥലത്തിന്റെ പേരാണെങ്കിലും യാക്കോബിനെ സംബന്ധിച്ചിടത്തോളം തനിക്കു ആരും ആശ്രയമായി ഇല്ലാതിരുന്നപ്പോൾ തന്നെ കാണുകയും അറിയുകയും നേർവഴിക്കു നടത്തുകയും ചെയ്ത ദൈവസാന്നിദ്ധ്യത്തെ ഓർമ്മിപ്പിക്കുന്ന പേരായിരുന്നു ബേഥേൽ. തന്നെ സമാധാനത്തിലും സന്തോഷത്തിലും എത്തിച്ച ദൈവത്തിന്നു നന്ദി കരേറ്റുവാനായി യാക്കോബ് ബേഥേലിൽ ഒരു യാഗപീഠം പണിതു ദൈവത്തെ ആരാധിച്ചു. ആ സ്ഥലത്തിനു യാക്കോബ് ഏൽ — ബേഥേൽ (El-Bethel) എന്നു പേർ വിളിച്ചു.

യാക്കോബിന്നു ദൈവസാന്നിദ്ധ്യം അനുഭവപ്പെട്ട മൂന്നു സന്ദർഭങ്ങൾ ബേഥേലിനോടു ബന്ധപ്പെട്ടതായിട്ടുണ്ട്.

**(1) ഉല്പ.28:18,19** — *"യാക്കോബ് അതികാലത്ത് എഴുന്നേറ്റു തലയണയായി വെച്ചിരുന്ന കല്ലെടുത്തു തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർ വിളിച്ചു; ആദ്യം ആ പട്ടണത്തിന്നു ലൂസ് എന്നു പേരായിരുന്നു."*

യാക്കോബ് തന്റെ സഹോദരനായ ഏശാവിനെ കബിളിപ്പിച്ച് ജ്യേഷ്ഠാവകാശം തട്ടിയെടുത്തു. കൂടാതെ അമ്മയുടെ പിന്തുണയോടെ പിതാവായ യിസ്ഹാക്കിനെയും സൂത്രത്തിൽ കബിളിപ്പിച്ച്

സകല അനുഗ്രഹങ്ങളും കവർന്നെടുത്തു. തനിക്കു ലഭിക്കേണ്ട അനുഗ്രഹങ്ങളെല്ലാം കൈക്കലാക്കി യതു മനസ്സിലാക്കിയ ഏശാവ് യാക്കോബിനെ കൊല്ലുവാൻ ഹൃദയത്തിൽ നിരൂപിച്ചു. ഏശാവിന്റെ മനസ്സറിഞ്ഞ റിബേക്കാ പിതാവിന്റെ അനുവാദത്തോടെ യാക്കോബിനെ തന്റെ സഹോദരൻ ലാബാന്റെ ഭവനത്തിലേക്കു (500 മൈൽ അകലെയുള്ള പദ്ദൻ-അരാമിലേക്കു) പറഞ്ഞയച്ചു. പിതാവു തന്റെ മകനെ യാത്രയാക്കിയതു ദൈവകരങ്ങളിൽ ഏൽപിച്ചു കൊണ്ടായിരുന്നു.

ഉല്പ.28:3 –*"സർവ്വശക്തനായ ദൈവം (God Almighty -El-Shaddai) നിന്നെ അനുഗ്രഹിക്കയും ............. അബ്രഹാമിന്റെ അനുഗ്രഹം നിനക്കും നിന്റെ സന്തതിക്കും തരികയും ചെയ്യുമാറാകട്ടെ."*

ഈ അനുഗ്രഹത്തിന്റെ പൊരുളൊന്നും അന്നു യാക്കോബിന് അറികയില്ലായിരുന്നു. ഭവനത്തി ലായിരുന്നപ്പോൾ അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും ദൈവത്തെക്കുറിച്ചു കേട്ടിരുന്നു. ദൈവഭ വനത്തിൽ വളർന്നു. തന്റെ ചിന്തയിൽ വന്നതൊക്കെ ചെയ്തു. എന്നാൽ ഭവനത്തിൽനിന്നു പാരമ്പര്യ മായി ലഭിച്ചതൊക്കെ വിട്ടുകൊണ്ട് ഒരു ദിവസം വിജനമായ പാതയിലൂടെ പദ്ദൻ-ആരാമിലേക്കു ഏക നായി പോകേണ്ടിവന്നു. മാതാപിതാക്കളുടെ സ്നേഹഭാജനമായി കഴിഞ്ഞപ്പോൾ അനുഭവിക്കാത്ത പ്രതികൂലതകൾ, കഷ്ടതകൾ നേരിടേണ്ടി വന്നു. അപ്പനെയും ജ്യേഷ്ഠനെയും കബളിപ്പിച്ച ശേഷം മര ണഭീതിയോടെ ഓടുകയാണ്. ഏശാവ് ഏതുനേരത്തും തന്നെ കൊല്ലുവാനായി തന്റെ പിന്നാലെ വന്നേ ക്കാം. വിശപ്പടക്കുവാൻ ആഹാരം എവിടെനിന്നു ലഭിക്കും, പാത നിശ്ചയമില്ല. അവൻ ഏറെ ചിന്താകു ലനായി. മറ്റൊന്നുകൂടെ സംഭവിച്ചു. അതുവരെ തന്റെ പാതയ്ക്കു പ്രകാശം നൽകിയ സൂര്യൻ അസ്ത മിച്ചു. എല്ലാ പ്രത്യാശയും ചോർന്നുപോയി. എന്നാൽ കൂരിരുളിന്റെ മദ്ധ്യേ ഇറങ്ങിവരുന്ന ഒരു ദൈവ മുണ്ട് എന്നു അവനു മനസ്സിലായി. അന്നു അവൻ ദൈവത്തെ വ്യക്തിപരമായി അറിഞ്ഞു.

ഉല്പ.28:11 — *"അവൻ ഒരു സ്ഥലത്തു എത്തിയപ്പോൾ സൂര്യൻ അസ്തമിക്കകൊണ്ട് അവിടെ രാപാർത്തു."*

സകല പ്രതീക്ഷകളും മാനുഷിക സഹായങ്ങളും സ്വയമായ ബുദ്ധിയും പ്രവർത്തനങ്ങളും നഷ്ടപ്പെട്ട സമയത്ത് തന്നെ അന്വേഷിച്ചുവരുന്ന ദൈവത്തെ കണ്ടെത്തിയ സ്ഥലമാണ് ബേഥേൽ. രാപാർത്ത സ്ഥലത്ത് ഒരു കല്ലെടുത്തു തലയണയായിവെച്ച് കിടന്നുറങ്ങി. ഉറക്കത്തിൽ സ്വപ്നത്തി ലൂടെ ദൈവസാന്നിദ്ധ്യം അനുഭവിപ്പാൻ യാക്കോബിനു കഴിഞ്ഞു.

ഉല്പ.28:12 — *"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിൽക്കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു."*

ദൈവം അവന്റെ കുറ്റങ്ങൾ ഓർമ്മിപ്പിച്ചു ശകാരിച്ചില്ല. പകരം അവനെയും അവന്റെ തലമുറയേയും അനുഗ്രഹിക്കുകയായിരുന്നു. അതു അവനെ ഉത്സാഹമുള്ളവനാക്കി.

ഉല്പ.28:15 — *"ഇതാ, ഞാൻ നിന്നോടു കൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചയ്തതു നിവർത്തിക്കും."*

യാക്കോബ് രാവിലെ ഉറക്കമുണർന്നു, യഹോവയായ ദൈവം ഈ സ്ഥലത്തുണ്ട് എന്നു പറ ഞ്ഞു. ആ സ്ഥലം സ്വർഗ്ഗത്തിന്റെ വാതിൽ തന്നെ എന്നു മനസ്സിലാക്കി. അവൻ തലയണയായി വെച്ചി രുന്ന കല്ലെടുത്തു തൂണായി നിറുത്തി; അതിന്മേൽ എണ്ണ ഒഴിച്ചു ദൈവത്തിനായി വേർതിരിച്ചു നന്ദി പറഞ്ഞു. ആ സ്ഥലത്തിന് യാക്കോബ് ബേഥേൽ (ദൈവത്തിന്റെ ഭവനം ) എന്നു പേരിട്ടു. ഈ പട്ടണ ത്തിന് മുമ്പുണ്ടായിരുന്ന പേര് ലൂസ് (ബദാം) എന്നായിരുന്നു. ദൈവത്തെ അറിഞ്ഞ യാക്കോബ് ബേഥേലിൽ വെച്ച് ദൈവമുമ്പാകെ ചില തീരുമാനങ്ങൾ എടുത്തു.

എല്ലാവരും കൈവിട്ടെന്നു കരുതിയ സന്ദർഭത്തിൽ യാക്കോബിനു ദൈവം പ്രത്യക്ഷപ്പെട്ടതു പോലെ ഏതു സന്ദർഭത്തിലും ദൈവം തന്റെ മക്കളോടോപ്പം ഏക്കാലത്തും ഉണ്ടായിരിക്കും.

തിരുവചനത്തിൽ ദൈവസാന്നിദ്ധ്യം ആവർത്തിച്ചു പറയുന്നുണ്ട്.

ആവ.31:3-8 — *"നിന്റെ ദൈവമായ യഹോവ തന്നേ നിനക്കു മുമ്പായി കടന്നുപോകും; ------നിന്റെ ദൈവമായ യഹോവ തന്നേ നിന്നോടു കൂടെ പോരുന്നു. അവൻ നിന്നെ കൈവിടുകയില്ല*

*ഉപേക്ഷിക്കയുമില്ല. -------യഹോവ നിനക്കു മുമ്പായി നടക്കുന്നു. അവൻ നിന്നോടുകൂടെ ഇരിക്കും........"* കനാനിലേക്കുള്ള യാത്രയ്ക്ക് മോശെ യോശുവയ്ക്കു ധൈര്യം കൊടുക്കുന്ന വാക്കുകളാണിത്.

യോശു. 1:5 — *''നിന്റെ ജീവകാലത്ത് ഒരിക്കലും ഒരു മനുഷ്യനും നിന്റെ നേരേ നില്ക്കയില്ല; ഞാൻ മോശയോടുകൂടെ ഇരുന്നതുപോലെ നിന്നോടുകൂടെയും ഇരിക്കും; ഞാൻ നിന്നെ കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല."*

1.ശമൂ.12:22 — *"യഹോവ തന്റെ മഹത്തായ നാമം നിമിത്തം തന്റെ ജനത്തെ കൈവിടുകയില്ല; നിങ്ങളെ തന്റെ ജനമാക്കിക്കൊൾവാൻ യഹോവെക്കു ഇഷ്ടം തോന്നിയിരിക്കുന്നു."*

1.ദിന.28:20 -- *''പിന്നെയും ദാവീദു തന്റെ മകനായ ശലോമോനോടു പറഞ്ഞതു: ബലപ്പെട്ടു ധൈര്യംപൂണ്ടു പ്രവർത്തിച്ചുകൊൾക; ഭയപ്പെടരുത് ഭ്രമിക്കയുമരുത്; യഹോവയായ ദൈവം എന്റെ ദൈവം തന്നേ നിന്നോടു കൂടെയുണ്ട്."*

മത്താ.28:20 — *" ...... ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ട്."*

എബ്രാ.13:5 — *"നിങ്ങളുടെ നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ; ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ; ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല ഉപേക്ഷിക്കയുമില്ല എന്നു അരുളിച്ചെയ്തിരിക്കുന്നുവല്ലോ".*

യാക്കോബിന്റെ ദൈവം നമ്മുടെയും ദൈവമാകുന്നു. നമ്മുടെ ആവശ്യങ്ങൾ നിവർത്തിച്ചുതരുവാൻ ദൈവം സദാ നമ്മോടു കൂടെ ഉണ്ട്.

**(2) ഉല്പ.31:13 —** *"നീ തൂണിനെ അഭിഷേകം ചെയ്കയും എന്നോടു നേർച്ച നേരുകയും ചെയ്ത സ്ഥലമായ ബേഥേലിന്റെ ദൈവമാകുന്നു ഞാൻ. ആകയാൽ നീ എഴുന്നേറ്റു ഈ ദേശം വിട്ടു നിന്റെ ദേശത്തേക്കു മടങ്ങിപ്പോക...."*

യാക്കോബിന്റെ ജീവിതത്തിലെ രണ്ടാമത്തെ ബേഥേലിന്റെ അനുഭവമാണിത്. ഹാരാനിൽ പാർത്ത യാക്കോബ് ലാബാന്റെ മക്കളായ ലേയയേയും റാഹേലിനെയും വിവാഹം കഴിച്ചു. 20 വർഷങ്ങൾ കഴിഞ്ഞു. യാക്കോബ് വലിയ ധനവാനായിത്തീർന്നു. ദൈവസാന്നിധ്യം അനുഭവിച്ചറിഞ്ഞ ബെഥേലിന്റെ ദർശനം നഷ്ടമായിത്തുടങ്ങി. ലാബാന്റെ സമ്പൽസമൃദ്ധിയും ലോകപ്രൗഢിയും യാക്കോബിനെ ആകർഷിച്ചു. സമ്പത്തു വർദ്ധിച്ചപ്പോൾ ലാബാനുമായി ഇടർച്ചയും വർദ്ധിച്ചു. ദൈവം വീണ്ടും യാക്കോബിനു പ്രത്യക്ഷനായി അവനെ ഓർമ്മപ്പെടുത്തുന്നു: ഞാൻ ബെഥേലിന്റെ ദൈവമാകുന്നു. ബെഥേലിലേക്കു മടങ്ങിപ്പോക. അതായത് നീ ഉടമ്പടി ചെയ്ത സ്ഥലത്തേക്കു, ദൈവസാന്നിദ്ധ്യത്തിലേക്കു മടങ്ങിപ്പോക. യാക്കോബിന്റെ ജീവിതത്തിൽ ഉടമ്പടിയുടെ പുതുക്കം ആവശ്യമുള്ളതായി ദൈവം കണ്ടു. സമ്പത്തു വർദ്ധിച്ചിട്ടും ലാബാന്റെ വീട്ടിൽ യാക്കോബിനു സമാധാനം കിട്ടിയില്ല. കാരണം: പദ്ദൻ-അരാം എന്നതു പാപത്തിന്റെ ആസ്ഥാനമാണ്. അവിടെ ദൈവമകനു സ്ഥാനമില്ല. അതുകൊണ്ട് ദൈവം സാഹചര്യങ്ങളെ വിപരീതമാക്കി മടങ്ങിപ്പോക്കിനെ ഓർമ്മപ്പെടുത്തി. ദൈവത്തെ അറിഞ്ഞ ദൈവമക്കൾ ദൈവവഴിവിട്ടു സഞ്ചരിക്കുമ്പോൾ ദൈവം ഇടപെടുന്നു. ലാബാൻ എന്നാൽ ലോകഇമ്പങ്ങൾ. അതൊക്കെയും യാക്കോബിനെ നിരാശയിലേക്കു നടത്തുകയാണു ചെയ്തത്. അതോടുകൂടി അപ്പന്റെ ഭവനത്തെക്കുറിച്ച് അവൻ ഓർത്തു. സ്വന്തഭവനത്തിലേക്കു മടങ്ങിപ്പോകാനുള്ള വാഞ്ഛ അവന്റെ ഹൃദയത്തിൽ വർദ്ധിച്ചു.

ദൈവം മൂന്നു വിധത്തിൽ യാക്കോബിനോട് ഇടപെട്ട് മടങ്ങിപ്പോക്കു ത്വരിതപ്പെടുത്തുന്നു.

ഒന്നാമതായി യാക്കോബിനു ഹൃദയവാഞ്ഛ കൊടുക്കുന്നു.

രണ്ടാമതായി സാഹചര്യങ്ങളെ പ്രതികൂലമാക്കുന്നു.

മൂന്നാമതായി ദൈവവചനത്തിലുടെ സംസാരിക്കുന്നു. അതായത് ദർശനത്തിലൂടെ മടങ്ങിപ്പോകുവാൻ നിർദ്ദേശിക്കുന്നു.

ദൈവം നമ്മോടും മൂന്നു വിധത്തിൽ ഇന്നും ഇടപെടും. ഒരിക്കൽ ദൈവപൈതലായി, ദൈവദർശനം അനുഭവിച്ചു, ദൈവത്തോട് പുതിയ ഉടമ്പടികളും സമർപ്പണങ്ങളും ഉണ്ടാക്കിയശേഷം വീണ്ടും ലോകത്തിന്റെ പുറകെ പോയാൽ ദൈവം യാക്കോബിനോട് ഇടപെട്ടതുപോലെ നമ്മോടും ഇടപെടും. ദൈവീക ഇടപെടലുകൾ തിരിച്ചറിഞ്ഞ് അനുസരിച്ചാൽ ദൈവം നമ്മുടെ ജീവിതത്തിലുണ്ടാകുന്ന സകല പ്രതികൂലതകളെയും മാറ്റി സമാധാനസമൃദ്ധി നൽകിത്തന്ന് അനുഗ്രഹിക്കും.

**(3) ഉല്പ.35:6,7 —** *“യാക്കോബും കൂടെയുള്ള ജനമൊക്കെയും കനാൻദേശത്തിലെ ലൂസ് എന്ന ബേഥേലിൽ എത്തി. അവിടെ അവൻ ഒരു യാഗപീഠം പണിതു; തന്റെ സഹോദരന്റെ മുമ്പിൽ നിന്ന് ഓടിപ്പോകുമ്പോൾ അവന്നു അവിടെവെച്ച് ദൈവം പ്രത്യക്ഷനായതുകൊണ്ട് അവൻ ആ സ്ഥലത്തിന്ന് ഏൽ-ബേഥേൽ എന്നു പേർ വിളിച്ചു.”*

യാക്കോബിന്റെ ജീവിതത്തിലെ മൂന്നാമത്തെ ബേഥേലിന്റെ അനുഭവമാണിത്. തന്റെ ഹാരാനിലേക്കുള്ള ഓട്ടത്തിൽ ദൈവം അവനെ കണ്ടുമുട്ടിയ ആ സ്ഥലത്തുവെച്ചു ദൈവത്തെ ആരാധിച്ചപ്പോൾ ആ സ്ഥലത്തിന്നു യാക്കോബ് ഏൽ കൂടി കൂട്ടിച്ചേർത്ത് ഏൽ-ബേഥേൽ (El-Bethel) ആക്കി.

യാക്കോബിന്റെ ബേഥേലിലേക്കുള്ള മടക്കയാത്രയിലും പ്രതികൂലതകൾ നേരിടേണ്ടിവന്നു. ലാബാൻ വന്നു യാക്കോബിനെയും കുടുംബത്തെയും ഹാരാനിലേക്കു കൂട്ടിക്കൊണ്ടുപോകാൻ ശ്രമിച്ചു. എന്നാൽ യാക്കോബ് ഒരു കൽക്കൂമ്പാരം കൂട്ടി സാക്ഷിനിർത്തി ലാബാനോടു ഉടമ്പടി ചെയ്തു. ആ സ്ഥലത്തിന്നു മിസ്പ എന്നു പേർ വിളിച്ചു. എന്നെന്നേക്കുമുള്ള വേർപാടിനു കരാർ അഥവാ ഉടമ്പടി ആണു മിസ്പ. പദ്ദൻ-അരാമിലെ പാപത്തിന്റെ പ്രവൃത്തികളും ലാബാന്റെ ലൗകീകമോഹങ്ങളും താൻ ഇനിമേൽ ആവർത്തിക്കില്ല എന്നു മിസ്പ വിളിച്ചറിയിക്കുന്നു. മിസ്പ യാക്കോബിന്റെ ജീവിതത്തിലെ അനുഗ്രഹത്തിന്റെ പടിയായിരുന്നു.

യാക്കോബിന്റെ മുമ്പിലുള്ള അടുത്ത പടി യബ്ബോക്ക് ആയിരുന്നു. സഹോദരനോട് അന്യായം ചെയ്തിട്ട് ഓടിപ്പോയതാണ്. 20 വർഷങ്ങൾ കഴിഞ്ഞെങ്കിലും യാക്കോബിന്റെ മനസ്സിൽനിന്നും അതു മാറിപ്പോയിട്ടില്ല. ഏശാവു പ്രതികാരം ചെയ്യുമോ എന്ന ഭീതി അവനെ അലട്ടി. പരിഹാരത്തിനായി യാക്കോബ് തനിക്കുള്ളതെല്ലാം തോടിന്റെ മറുകര കടത്തി, ഏകനായി നിന്നു. ജീവിതത്തിൽ ഒട്ടിച്ചേർന്നു നിൽക്കുന്ന സകലതും പറിച്ചു മാറ്റിയിട്ട് യാക്കോബ് ദൈവസന്നിധിയിൽ ഏകനായി നിൽക്കുന്നു. അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം യാക്കോബിനോടു മല്ലു പിടിച്ചു. ആ മൽപ്പിടിത്തത്തിൽ ഉപായിയായിരുന്ന യാക്കോബിനെ ദൈവം അനുഗ്രഹിച്ചു ദൈവത്തിന്റെ പ്രഭു അഥവാ യിസ്രായേൽ ആയി മാറി. അപ്പോൾ സൂര്യൻ ഉദിച്ചു. അവന്റെ ജീവിതത്തിൽ ആകമാനം വെളിച്ചം പകരപ്പെട്ടു (ഉല്പത്തി.32:31).

യബ്ബോക്ക് കടക്കുന്നതിനു മുമ്പ് യാക്കോബ് പെനിയേലിൽ ദൈവത്തെ മുഖാമുഖമായി കണ്ടു. തന്റെ ജീവിതത്തിലെ ഒരു കുറവുകൂടി അവിടെ വെച്ചു പരിഹരിക്കപ്പെട്ടു. സഹോദരനെക്കുറിച്ചുള്ള ഭീതി അവനെ അലട്ടിയപ്പോൾ ദൈവം അവന്നു സ്വർഗ്ഗീയസേനയുടെ ദർശനം കൊടുത്തു ധൈര്യപ്പെടുത്തി (ഉല്പ.32:2-മഹനയീം). അതിനുശേഷം യാക്കോബ് തന്റെ സഹോദരനുമായി സമാധാന ഉടമ്പടി ചെയ്തു (ഉല്പ.33:3) ഏഴു പ്രാവശ്യം സാഷ്ടാംഗം നമസ്കരിച്ചു. യജമാനനേ എന്നു വിളിച്ചു, ശ്രേഷ്ഠനായി എണ്ണി.

എന്നിട്ടും ബേഥേലിലേക്കു മടങ്ങിപ്പോക എന്ന ദൈവകല്പന യാക്കോബ് പൂർണ്ണമായി അനുസരിച്ചില്ല. ബേഥേലിലേക്കു പോകുന്നതിനു പകരം സുക്കോത്തിലേക്കു യാത്രതിരിച്ചു. ശേഖേം പട്ടണത്തിന്നരികെ പാളയമടിച്ചു. പട്ടണവാതിൽക്കൽ കൂടാരമടിച്ചു പാർത്തു (ഉല്പ.33:17). ശേഖേം ദുഷ്ടന്മാരുടെയും പാപികളുടെയും സ്ഥലമായിരുന്നു.യാക്കോബ് അവിടെ യാഗപീഠം പണിതു ദൈവത്തെ ആരാധിച്ചു. അതിന്നുഏൽ-ഏലോഹിം- യിസ്രായേൽ(El-Elohim Israel)അഥവാ ദൈവം യിസ്രായേലിന്റെ ദൈവം എന്നു പേരിട്ടു. ശേഖേം പട്ടണവാതിൽക്കലെ താമസം ദൈവേഷ്ടപ്രകാരമല്ലായ്കയാൽ യാക്കോബിന്റെ ജീവിതത്തിൽ ചില അനർത്ഥങ്ങൾ ഉണ്ടാകുവാൻ കാരണമായി. യാക്കോബിന്റെ മക്കൾ ശേഖേമിൽ പ്രവേശിച്ചു. മകൾ ദുർമ്മാർഗ്ഗിയായി. പുത്രന്മാർ കൊലപാതകരായി (ഉല്പ.34:30).

ദൈവം അവിടെയും എത്തി ഞാൻ ബേഥേലിന്റെ ദൈവമാണെന്നു യാക്കോബിനെ ഓർമ്മിപ്പിച്ചു. താൻ പാർക്കേണ്ട സ്ഥാനത്തു പാർക്കാത്തതിനാലാണ് തോൽവി സംഭവിച്ചതെന്നു മനസ്സിലാക്കിയ യാക്കോബ് തന്റെ ഭാര്യമാരെയും മക്കളെയും വിളിച്ചുകൂട്ടി കുടുംബത്തിൽ ശുദ്ധീകരണം ആരംഭിച്ചു. യാക്കോബിന്റെ ഭാര്യമാർ തങ്ങളുടെ കൈവശം ഉണ്ടായിരുന്ന കുടുംബ ബിംബങ്ങളെ പുറത്തു കൊണ്ടുവന്നു. മലിനവസ്ത്രങ്ങളെ മാറ്റി. ഹാരാനിൽനിന്നും ശേഖേമിൽനിന്നും സമ്പാദിച്ച എല്ലാ വിഗ്രഹങ്ങളും മാലിന്യങ്ങളും ഒരു കരുവേലകത്തിൻ കീഴിൽ കുഴിച്ചിട്ടു. ശുദ്ധീകരണത്തോടെ അവർ യാത്ര പുറപ്പെട്ടു. കനാൻ ദേശത്തിലെ ബേഥേലിൽ എത്തി. അവിടെ ഒരു യാഗപീഠം പണിതു ദൈവത്തെ ആരാധിച്ചു. ആസ്ഥലത്തിന്നു ഏൽ-ബെഥേൽ (El-Bethel) എന്നു പേർ വിളിച്ചു.

ഓരോ വിശ്വാസിയുടെയും ചിത്രമാണ് യാക്കോബിന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നത്.

(1) രക്ഷിക്കപ്പെട്ടപ്പോൾ ദൈവവുമായി വ്യക്തിപരമായ ബന്ധം ഉണ്ടായി. ദൈവസാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞു— യാക്കോബിനെന്നപോലെ ബേഥേലിന്റെ അനുഭവം ഉണ്ടായി.

(2) ചിലപ്പോൾ ദൈവഭവനത്തിൽനിന്നു അകന്നു പോകാൻ ഇടയാകും. അപ്പോഴും ദൈവം ബന്ധപ്പെട്ടുകൊണ്ടിരിക്കും. മടങ്ങി വരുവാൻ വിവിധ മാദ്ധ്യമങ്ങളിലൂടെ നമ്മോടു ഇടപെട്ടുകൊണ്ടിരിക്കും. ദൈവഭവനത്തെക്കുറിച്ചുള്ള വാഞ്ഛ ഉണ്ടാക്കും. സാഹചര്യങ്ങൾ പ്രതികൂലമാക്കും. മുടിയൻ പുത്രനോടു ദൈവം ഇടപെട്ടതും ഇപ്രകാരമായിരുന്നു. എന്നിട്ടും അനുസരിച്ചില്ല എങ്കിൽ ദൈവവചനത്തിലൂടെ സംസാരിക്കും.

(3) ദൈവത്തിൽ ആശ്രയിച്ചു തിരികെ പോകാൻ ശ്രമിക്കുമ്പോൾ ലോകം (ലാബാൻ) സമ്മാനങ്ങളുമായി പുറകേ വരും. അവിടെ ലോകത്തോടു ഒരു കരാറുണ്ടാക്കി എന്നേക്കും വേർപെടണം. ഇനി ഒരിക്കലും മടങ്ങിപ്പോകില്ല എന്ന് തീരുമാനിക്കണം. അതാണു വിശ്വാസിയുടെ ജീവിതത്തിലെ മിസ്പ — യഥാർത്ഥ വേർപാട്.

(4) മിസ്പയുടെ ഉടമ്പടിയിലൂടെ എന്നെന്നേക്കുമായി ലോകത്തോടു ബന്ധം പിരിഞ്ഞ വിശ്വാസിക്കു ചില പഴയകാല പാപങ്ങൾ ഓർമ്മ വരും. അവ മൂലം വിശ്വാസി ഭയപ്പെടുവാനിടയാകും. അപ്പോൾ ദൈവത്തിന്റെ സേനയുടെ (മഹനയീം) ദർശനം നൽകി ദൈവം ആശ്വസിപ്പിക്കും.

(5) അടുത്ത പടി യബ്ബോക്ക് തരണം ആണ്. അതിനായി വിശ്വാസിയിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന സകലതും ദൂരേക്കു മാറ്റണം. തനിയെ ശേഷിക്കണം. പ്രാർത്ഥനയിലൂടെ ദൈവവുമായി ഒരു മൽപ്പിടിത്തം നടക്കണം. സകലവും സമർപ്പിക്കപ്പെടുമ്പോൾ ദൈവം അനുഗ്രഹിക്കും. ജീവിതത്തിൽ വെളിച്ചം നല്കുന്ന ഉദയസൂര്യൻ ഉദിക്കുവാനിടയാകും.

(6) ദൈവവുമായി നിരപ്പു വന്നതിനുശേഷം സഹോദരനുമായി നിരക്കണം, ബഹുമാനിക്കണം, സമാധാനം ആചരിക്കണം.

(7) വീണ്ടും ശേഖേമിന്റെ അനുഭവം നമ്മുടെ ജീവിതത്തിൽ ഉണ്ടാകുവാൻ പാടില്ല. ശേഖേം പാപത്തിന്റെ ഉത്ഭവസ്ഥാനമാണ്. അവിടെയും യാഗപീഠം പണിതു ദൈവത്തെ ആരാധിക്കുന്നുവല്ലോ എന്ന സംതൃപ്തിയിൽ ആശ്രയിക്കുവാനും പാടില്ല. അതു ആത്മീക അധഃപതനത്തിനു കാരണമാക്കും. സകല പാപങ്ങളും എല്ലാ മാലിന്യങ്ങളും കരുവേലകത്തിന്റെ ചുവട്ടിൽ കുഴിച്ചിടുക. അപ്പോൾ മാത്രമേ ഏൽ-ബേഥേലിന്റെ സാക്ഷാൽ സാന്നിദ്ധ്യം അനുഭവിക്കാൻ കഴിയൂ.

= = = = = = = = = = // = = = = = = = = = =

# (26) എൽ--ക്വാൻനാ

## EL-QANNA = Jealous God -- **തീക്ഷ്ണതയുള്ള ദൈവം**

Qanna എന്ന എബ്രായപദം Jealous / Zealous / Envy എന്നീ അർത്ഥത്തിലാണ് പരിഭാഷപ്പെടുത്തിയിരിക്കുന്നത്. അടിസ്ഥാനപരമായി വിവാഹത്തോടാണ് ഈ പദം ബന്ധപ്പെട്ടിരിക്കുന്നത്. യഹോവയെ പഴയനിയമത്തിൽ യിസ്രായേലിന്റെ ഭർത്താവായി ചിത്രീകരിച്ചിട്ടുണ്ട്. അതുകൊണ്ട് യിസ്രായേലിന്റെ ബന്ധം യഹോവയോടു മാത്രമായിരിക്കണം. അന്യദൈവങ്ങളെ സേവിക്കുന്നതു വ്യഭിചാരം ചെയ്യുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. അവർക്കെതിരേ ദൈവക്രോധം ഉണ്ടാകും. മാത്രവുമല്ല ദൈവമക്കളെ സംരക്ഷിക്കുന്നതിലും ശത്രുക്കളെ നശിപ്പിക്കുന്നതിലും ദൈവത്തിന്റെ തീക്ഷ്ഷത അഥവാ എരിവ് വെളിപ്പെടുന്നു. ദൈവം എൽ- ക്വാനാ അഥവാ തീക്ഷ്ഷണയുള്ള ദൈവം ( El-Qanna).

തീക്ഷ്ണം എന്ന മലയാള പദത്തിനർത്ഥം ചൂടുള്ള, മൂർച്ചയുള്ള, ശക്തിയുള്ള, കടുപ്പമുള്ള, ഉഗ്രമായ എന്നൊക്കെയാണ്. യഹോവ തീക്ഷ്ണതയുള്ള ദൈവം (He is Jealous God > El-Qanna) എന്നത് ദൈവത്തിന്റെ ഭീതി ജനിപ്പിക്കുന്ന ക്രോധസ്വഭാവത്തെ വെളിപ്പെടുത്തുന്നതോടൊപ്പം തന്റെ പ്രവൃത്തിയിലുള്ള എരിവും വ്യക്തമാക്കുന്നു. ദൈവത്തിന്റെയും ദൈവജനത്തിന്റെയും ശത്രുക്കളോടുള്ള ബന്ധത്തിൽ ദൈവത്തിന്റെ തീക്ഷ്ണത അഥവാ കോപം വെളിപ്പെടുന്നു. എന്നാൽ ദൈവമക്കളോടു ദൈവം കരുണയുള്ളവനാണ്. അവരെ ശത്രുക്കളുടെ കയ്യിൽ നിന്നു രക്ഷിക്കുന്നതിൽ തീക്ഷ്ണതയുള്ളവനുമാണ് അഥവാ എരിവുള്ളവനാണ്.

നീതിമാനായ ദൈവം എന്ന നിലയിൽ ദൈവത്തിന്റെ തീക്ഷ്ണത ദൈവജനത്തോടും തന്റെ ശത്രുക്കളോടും വെളിപ്പെടുത്തുന്ന അനേക പഴയനിയമഭാഗങ്ങളുണ്ട് —

പുറ.20:4,5—"ഒരു വിഗ്രഹവും ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെ പ്രതിമയും അരുതു. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു. നിന്റെ ദൈവമായ യഹോവയായ ഞാൻ തീക്ഷ്ണതയുള്ള ദൈവമാകുന്നു; എന്നെ പകയ്ക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കുകയും എന്നെ സ്നേഹിച്ചു എന്റെ കൽപ്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയ കാണിക്കയും ചെയ്യുന്നു."

പുറ.34:14— "യഹോവയുടെ നാമം തീക്ഷ്ണൻ എന്നാകുന്നു; അവൻ തീക്ഷ്ണതയുള്ള ദൈവം തന്നേ."

ആവ.4:24— "നിന്റെ ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയല്ലോ; തീക്ഷ്ണതയുള്ള ദൈവം തന്നേ."

ആവ.5:9 — "നിന്റെ ദൈവമായ യഹോവ എന്ന ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു."

ആവ.6:15 — "നിന്റെ ദൈവമായ യഹോവ നിങ്ങളുടെ മദ്ധ്യേ തീക്ഷ്ണതയുള്ള ദൈവം ആകുന്നു."

യോശു.24:19,20 — "യോശുവ ജനത്തോടു പറഞ്ഞതു : നിങ്ങൾക്കു യഹോവയെ സേവിപ്പാൻ കഴിയുന്നതല്ല; അവൻ പരിശുദ്ധദൈവം; അവൻ തീക്ഷ്ണതയുള്ള ദൈവം; അവൻ നിങ്ങളുടെ അതിക്രമങ്ങളെയും പാപങ്ങളെയും ക്ഷമിക്കയില്ല. നിങ്ങൾ യഹോവയെ ഉപേക്ഷിച്ചു അന്യദൈവങ്ങളെ സേവിച്ചാൽ മുമ്പെ നിങ്ങൾക്കു നന്മ ചെയ്തതുപോലെ അവൻ തിരിഞ്ഞു നിങ്ങൾക്കു തിന്മ ചെയ്തു നിങ്ങളെ സംഹരിക്കും."

നഹൂം.1:2 —"ദൈവം തീക്ഷ്ണതയുള്ളവനും യഹോവ പ്രതികാരം ചെയ്യുന്നവനും ആകുന്നു; യഹോവ പ്രതികാരം ചെയ്യുന്നവനും ക്രോധപൂർണ്ണനുമാകുന്നു; യഹോവ തന്റെ വൈരികളോടു പ്രതികാരം ചെയ്കയും തന്റെ ശത്രുക്കൾക്കായി കോപം സംഗ്രഹിക്കയും ചെയ്യുന്നു."

സെഖ.1:14 — "എന്നോടു സംസാരിക്കുന്ന ദൂതൻ എന്നോടു പറഞ്ഞതു: നീ പ്രസംഗിച്ചു പറയേണ്ടതെന്തെന്നാൽ: സൈന്യങ്ങളുടെ ദൈവമായ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ യെരൂശലേമിന്നും സീയോന്നും വേണ്ടി മഹാ തീക്ഷ്ണതയോടെ എരിയുന്നു."

യഹോവ തന്റെ വൈരികളോടു പ്രതികാരം ചെയ്കയും തന്റെ ശത്രുക്കൾക്കായി കോപം സംഗ്രഹിക്കയും ചെയ്യുന്നു. എങ്കിലും തന്നിൽ ആശ്രയിക്കുന്നവരെ ദൈവം അറിയുന്നു. അവർക്കു യഹോവ നല്ലവനും കഷ്ടദിവസങ്ങളിൽ ശരണവുമാകുന്നു. കാരണം അവൻ ദീർഘക്ഷമയും മഹാശക്തിയുമുള്ളവൻ.

= = = = = = = = = = // = = = = = = = = = =

# (27) ഏലോഹായ് കെദെം

## ELOHAY KEDEM = God of the beginning / The Eternal God)

## നിത്യനായ ദൈവം / പുരാതനനായ ദെവം/ ആരംഭങ്ങളുടെ ദൈവം

ഏലോഹായ് കെദെം (Elehay - Kedem = God of the Beginning / The Eternal God) എന്ന യഹോവയുടെ നാമത്തിനർത്ഥം പുരാതനനായ ദൈവം, ആരംഭങ്ങളുടെ ദൈവം, നിത്യനായ ദൈവം എന്നൊക്കെയാണ്.

ദൈവജനമായ യിസ്രായേലിനെ സൂക്ഷിക്കുകയും, കരുതുകയും, ജയത്തോടെ നടത്തുകയും ചെയ്യുന്ന പുരാതനനായ ദൈവത്തെ കുറിച്ചു പറയുമ്പോൾ മോശെ ഉപയോഗിക്കുന്നു —

ആവ.33:26,27— *''യെശുരൂന്റെ ദൈവത്തെപ്പോലെ ഒരുത്തനുമില്ല; നിന്റെ സഹായത്തിന്നായി അവൻ ആകാശത്തൂടെ തന്റെ മഹിമയിൽ മേഘാരൂഢനായി വരുന്നു. പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വത ഭുജങ്ങൾ ഉണ്ട്."* യെശൂരൂൻ എന്നത് യിസ്രായേലിന്റെ പേരാണ്. യഹോവയുടെ വത്സലൻ, പ്രിയപ്പെട്ടവൻ, സ്നേഹിക്കപ്പെട്ടവൻ, സത്യസന്ധൻ, നേരുള്ളവൻ എന്നൊക്കെ അർത്ഥം. യിസ്രായേലിന്റെ ദൈവം സർവ്വശക്തനും നിത്യനുമാണ്. മറ്റൊരു ദേവനോടും ഉപമിക്കുവാൻ സാദ്ധ്യവുമല്ല. സർവ്വശക്തനായ ഏകസത്യദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് യിസ്രായേൽ. അവർ തന്റെ നിക്ഷേപമായി ദൈവം കരുതുന്നു.

പുരാതനനായ ദൈവമാണ് യിസ്രായേലിന്റേത്. അവരുടെ സഹായത്തിനു തന്റെ മഹിമയിൽ ആകാശത്തിലൂടെ മേഘാരൂഢനായി അവരുടെയടുക്കൽ വരുന്നു. അവർക്കുണ്ടാകുന്ന ഏതു പ്രതിസന്ധിയിലും പ്രയാസങ്ങളിലും അവരെ രക്ഷിക്കുവാനും സഹായിക്കുവാനുമായി നിമിഷങ്ങൾക്കകം അവർക്കു സമീപേ പുരാതനനായ ദൈവം (നിത്യനായ ദൈവം - Eternal God) എത്തിച്ചേരും. ഒരു ശക്തനായ യോദ്ധാവിനെപ്പോലെ അവരെ ശത്രുക്കളുടെ ആക്രമണങ്ങളിൽ നിന്നും രക്ഷിക്കുവാൻ സദാ സന്നദ്ധനായിരിക്കുന്നു. പുരാതനനായ ദൈവം എന്നത് പ്രായം ചെന്നതോ പഴയതോ എന്നല്ല. ദൈവത്തിന്റെ സർവ്വശക്തിയും, സർവ്വാധികാരവും, സർവ്വാധിപത്യവുമാണ് വെളിപ്പെടുന്നത്. നിത്യനായ, മാറ്റമില്ലാത്ത, കാലങ്ങൾക്കതീതനായ ദൈവത്തെയാണ് പുരാതനനായ ദൈവം എന്ന പേരിൽ അറിയപ്പെടുന്നത്. പുരാതനനായ ദൈവം തലമുറതലമുറയായി തന്റെ മക്കൾക്കു സങ്കേതം ആയിരിക്കുന്നു. ദൈവപുരുഷനായ മോശെയുടെ പ്രാർത്ഥയിൽ നിത്യനായ ദൈവത്തെയും സങ്കേതമായ ദൈവത്തെയും കുറിച്ചു പറയുന്നു. *"കർത്താവേ, നീ തലമുറതലമുറയായി ഞങ്ങളുടെ സങ്കേതമായിരിക്കുന്നു; പർവ്വതങ്ങൾ ഉണ്ടായതിന്നും നീ ഭൂമിയെയും ഭൂമണ്ഡലത്തെയും നിർമ്മിച്ചതിന്നും മുമ്പെ നീ അനാദിയായും ശാശ്വതമായും ദൈവം ആകുന്നു"* (സങ്കീ.90:1,2).

പിതാക്കന്മാർ മത്സരികളായി ദൈവത്തിന്റെ ന്യായവിധി ഏറ്റു വാങ്ങിയപ്പോൾ കോരഹ്പുത്രന്മാർ 46-ാം സങ്കീർത്തനത്തിൽ സങ്കേതവും ബലവും ആയ ദൈവത്തെക്കുറിച്ചു വർണ്ണിക്കുന്നു. *"ദൈവം നമ്മുടെ സങ്കേതവും ബലവും ആകുന്നു; കഷ്ടങ്ങളിൽ അവൻ ഏറ്റവും അടുത്ത തുണ ആയിരിക്കുന്നു. അതുകൊണ്ടു ഭൂമി മാറിപ്പോയാലും, പർവ്വതങ്ങൾ കുലുങ്ങി സമുദ്ര മദ്ധ്യേ വീണാലും, അതിലെ വെള്ളം ഇരെച്ചു കലങ്ങിയാലും അതിന്റ കോപംകൊണ്ടു പർവ്വതങ്ങൾ കുലുങ്ങിയാലും നാം ഭയപ്പെടുകയില്ല"* (സങ്കീ.46:1-3). ദൈവം നമ്മുടെയും സങ്കേതവും ബലവും ആകുന്നു. നമ്മുടെ രാജ്യത്തിലെ സൈന്യങ്ങളോ, കോട്ടകളോ, അധികാരികളോ അല്ല നമ്മുടെ സങ്കേതം. എന്നേക്കും ജീവിച്ചിരിക്കുന്ന നിത്യനായ ദൈവമാണ് നമ്മടെ സങ്കേതവും ബലവും. ഇത് അനുഭവിക്കുവാൻ സാധിക്കുന്നത് നാം ദൈവത്തോടു ചേർന്നു വസിക്കുമ്പോഴാണ് (യോഹ.15:1-6).

നിത്യനായ ദൈവം നമ്മുടെ സങ്കേതമാണ്. സങ്കേതനഗരത്തിലെന്നപോലെ ദൈവം നമ്മുടെ അഭയസ്ഥാനമാണ്. വാഗ്ദത്തനാടായ കനാനിൽ പ്രവേശിക്കുന്നതിനു മുമ്പു തന്നെ ദൈവം തന്റെ ജനമായ യിസ്രായേലിനു വാഗ്ദത്തങ്ങളും കല്പനകളും നൽകിയിരുന്നു. അവയിലൊന്നായ സങ്കേതനഗരത്തിന്റെ സ്ഥാപനത്തെക്കുറിച്ചു അവർക്കു മുൻകൂട്ടി നിർദ്ദേശം നൽകിയിരുന്നു (പുറ.21:13/ സംഖ്യാ.35:6-34/ആവ.19:2-13). ജീവനു പകരം ജീവൻ എന്നതായിരുന്നു ന്യായപ്രമാണവ്യവസ്ഥ.

അവരുടെ ഇടയിൽ ദോഷം നടക്കാതിരിക്കേണ്ടതിനു എല്ലാവർക്കും പാഠമായിരിക്കേണ്ടതിനായിരുന്നു ഇപ്രകാരമുള്ള നിയമം (ആവ.19:20). എന്നാൽ മുൻവൈരാഗ്യമോ കരുതികൂട്ടി ആലോചിച്ചോ അല്ലാതെ അബദ്ധവശാൽ ആരെയെങ്കിലും ഒരുവനെ കൊന്നുപോയാൽ, അവനു അഭയമായിരിക്കേണ്ടതിന്നു ദൈവം വ്യവസ്ഥ ചെയ്ത അഭയസ്ഥാനമായിരുന്നു വേർതിരിക്കപ്പെട്ട ആറു സങ്കേതനഗരങ്ങൾ. സങ്കേതനഗരങ്ങളായി തിരഞ്ഞെടുത്ത നഗരങ്ങൾ ദൈവാലയശുശ്രൂഷകൾക്കായി വേർതിരിക്കപ്പെട്ട ലേവ്യർക്കു കൊടുത്ത പട്ടണങ്ങളിൽ ആറെണ്ണമായിരുന്നു. അതായത് മരണത്തിൽ നിന്നുള്ള രക്ഷെക്കു അഭയമായിരിക്കുന്നത് ലേവ്യരുടെ അവകാശപട്ടണങ്ങളിൽ നിന്നാണെന്ന കാര്യം ശ്രദ്ധേയമാണ്. യോശുവയുടെ പുസ്തകം 20-ാം അദ്ധ്യായത്തിൽ കാണുന്ന ആറു സങ്കേതനഗരങ്ങൾ യോർദ്ദാന്റെ കിഴക്കു മൂന്നും പടിഞ്ഞാറു മൂന്നും ഉള്ളതായിരുന്നു (യോശു.20:7,8). കുറ്റക്കാരൻ സഭയുടെ മുമ്പാകെ വിസ്തരിക്കപ്പെടുന്നതുവരെയോ അന്നുള്ള പുരോഹിതന്റെ മരണംവരെയോ അവൻ സങ്കേതനഗരത്തിൽ പാർക്കേണം (യോശു.20:6).

ഈ സങ്കേതനഗരങ്ങൾ ഒരു പാപിക്ക് കർത്താവായ യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയെ പ്രകടമാക്കുന്നു. മരണത്തെ ജയിച്ചവനും ഒരിക്കലും മരണമില്ലാത്തവനുമായ മഹാപുരോഹിതനായ യേശുക്രിസ്തുവെന്ന സങ്കേതസ്ഥാനത്തിൽ അഭയം പ്രാപിക്കുന്ന ഏതൊരുവനും നിത്യമായ അഭയം ലഭിക്കും എന്നതിനെയും സങ്കേതനഗരങ്ങൾ വെളിപ്പെടുത്തുന്നു (എബ്രാ.6:18-20). ആറു സങ്കേതനഗരങ്ങളിലെ ഓരോ പട്ടണത്തിന്റെയും ആത്മീകാർത്ഥം യേശുക്രിസ്തുവിന്റെ സ്വഭാവസവിശേഷതകളെയും കുറിക്കുന്നു.

## ആറു സങ്കേതനഗരങ്ങളും ക്രിസ്തുവും (Six cities of Refuge & Christ) —

**(1) കേദെശ്** (Kedesh = Holy) — നഫ്താലിമലനാട്ടിൽ കേദെശ് — കേദെശ് വിശുദ്ധം അഥവാ വിശുദ്ധസ്ഥലം എന്നർത്ഥം. സങ്കേതസ്ഥാനമായ യേശുക്രിസ്തുവിന്റെ വിശുദ്ധിയെ കുറിക്കുന്നതോടൊപ്പം (എബ്രാ.7:26/2.കൊരി.5:21/1.പത്രൊ.2:22/1.യോഹ.3:6) ക്രിസ്തുവിൽ ഓരോ വിശ്വാസിയും വിശുദ്ധനാണെന്നും കേദെശ് എന്ന പദം വെളിപ്പെടുത്തുന്നു (1.കൊരി.1:2/1.കൊരി.6:11/1.പത്രൊ.1:15).

**(2) ശേഖേം** (Shechem = Shoulder) — എഫ്രയീംമലനാട്ടിൽ ശേഖേം — ശേഖേം എന്നാൽ ചുമൽ അഥവാ തോൾ എന്നർത്ഥം. ഭാരങ്ങൾ വഹിക്കുന്ന സ്ഥാനമാണ് ചുമൽ. യിസ്രായേൽ ഗോത്രങ്ങളുടെ പേർ ഓർമ്മെക്കായി അഹരോൻ തന്റെ രണ്ടു ചുമലിന്മേലും വഹിക്കുന്നതായി പുറപ്പാടിൽ കാണുന്നു (പുറ.28:12). ആധിപത്യം കർത്താവിന്റെ തോളിലാണ് (യെശ.9:6). വിശ്വാസി കർത്താവിന്റെ ചുമലുകളിലാണ് (ലൂക്കൊ.15:5). അദ്ധ്വാനിക്കുന്നവരെയും ഭാരം ചുമക്കുന്നവരെയും ചുമൽകൊടുത്തു കർത്താവു ആശ്വസിപ്പിക്കുന്നു (മത്താ.11:28).

**(3) ഹെബ്രോൻ** (Hebron = Fellowship/ Unity) — യഹൂദാമലനാട്ടിൽ ഹെബ്രോൻ — ഹെബ്രോൻ എന്നതിനു കൂട്ടായ്മ അഥവാ ഐക്യം എന്നർത്ഥം. സങ്കേതനഗരത്തിൽ അഭയം പ്രാപിക്കുന്ന കുറ്റവാളി ആ പട്ടണത്തിലെ ലേവ്യരോടും പുരോഹിതന്മാരോടും കൂട്ടായ്മയിലും ഐക്യത്തിലും ജീവിക്കുന്നു. ക്രിസ്തുവിന്റെ കൂട്ടായ്മയിലേക്കു വിളിക്കപ്പെട്ടവരാണ് വിശ്വാസികൾ (1.കൊരി.1:9/കൊലൊ.1:20/1.യോഹ.1:3).

**(4) ബേസെർ** (Bezer = Fort / Strong Tower) — രൂബേൻഗോത്രത്തിൽ സമഭൂമിയിലുള്ള ബേസെർ — ബേസെർ എന്നതിനു കോട്ട, ബലം എന്നർത്ഥം. യേശുക്രിസ്തുവിൽ അഭയം പ്രാപിക്കുന്നവർക്കു ക്രിസ്തു ശക്തിയുള്ള കോട്ടയും, ബലമുള്ള പരിചയും, പ്രതിരോധസ്ഥാനവുമാണ് (ഉല്പ.15:1/സങ്കീ.46:1,7/സങ്കീ.61:3/സങ്കീ.62:6/സങ്കീ.91:2).

**(5) രാമോത്ത്** (Ramoth = High / Exalted) — ഗിലയാദിൽ ഗാദ്ഗോത്രത്തിൽ രാമോത്ത് — രാമോത്ത് അർത്ഥം ഉന്നതസ്ഥാനം. ക്രിസ്തുവിന്റെ ഉന്നതസ്ഥാനത്തെയും (ഫിലി.2:9), ക്രിസ്തു മൂലം വിശ്വാസിക്കു ലഭിച്ചിരിക്കുന്ന സ്വർഗ്ഗീയ അനുഗ്രഹത്തെയും ഉന്നതസ്ഥാനത്തെയും (എഫെ.1:3) രാമോത്തു കുറിക്കുന്നു.

**(6) ഗോലാൻ** (Golan = Joy) — ബാശാനിൽ മനശ്ശെഗോത്രത്തിൽ ഗോലാൻ — ഗോലാൻ അർത്ഥം ആനന്ദം. സങ്കേതനഗരത്തിലെത്തുന്ന കുറ്റവാളിക്ക് മരണഭീതി മാറി നിത്യസന്തോഷം ലഭിക്കുന്നു. ന്യായവിധിയെക്കുറിച്ചു ഭയപ്പെടേണ്ട ആവശ്യമില്ല. ആയതുപോലെ കൃപയാൽ രക്ഷിക്കപ്പെട്ട വിശ്വാസിക്കു

ആകുല ചിന്തയില്ലാതെ നിത്യമായി ക്രിസ്തുവിൽ സന്തോഷിക്കുവാനും ആന്ദിക്കുവാനും ഇടയാകുന്നു (ഫിലി.4:4-7).

പുരാതനനായ യെശുരൂന്റെ ദൈവം അവർക്കു സങ്കേതമായിരിക്കുമ്പോൾത്തന്നെ കീഴെ ശാശ്വത ഭുജങ്ങളും ഉണ്ടെന്ന പ്രത്യേകതയുണ്ട്. കീഴെ ശാശ്വതഭുജം കാണിക്കുന്നത്  അവർക്കു മുകളിലും താഴെയും, നാലുചുറ്റും സംരക്ഷണം നല്കുന്ന ദൈവത്തിന്റെ കരങ്ങളെയാണ്. ദൈവത്തിന്റെ കരങ്ങൾക്കുള്ളിലിരിക്കുന്ന തന്റെ മക്കളെ ആർക്കും പിടിച്ചു കൊണ്ടുപോകുവാനോ നാശത്തിലേക്കു തള്ളിയിടുവാനോ സാധിക്കുകയില്ല. നാം ഈ ദൈവത്തിന്റെ കരങ്ങളിലാണ് (യോഹ.10:28). മല്ലനായ ഗോല്യാത്തിനോ, അനാക്യമല്ലന്മാർക്കോ, അന്ധകാരപ്രഭുവായ സാത്താനോ, അലറിക്കൊണ്ടു വരുന്ന സിംഹമായ സാത്താനോ ദുഷ്ടാത്മശക്തികൾക്കോ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് ഇരിക്കുന്നവരെ ഒന്നും ചെയ്യാനാവില്ല (1.പത്രൊ.5:6/ആവ.32:11). യെശുരൂന്റെ അഥവാ പുരാതനനായ ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് ഇരിക്കുന്നവരായ നമ്മെ ആർക്കും ഒന്നും ചെയ്യുവാൻ കഴിയുകയില്ല.

പുരാതനനായ ദൈവം സകലത്തിന്റെയും ആരംഭവും ആകുന്നു. ആരംഭങ്ങളുടെ ദൈവം എന്നാൽ സകലതും ദൈവത്താൽ ഉണ്ടായതെന്നതിനെ വെളിപ്പെടുത്തുന്നു. സകലസൃഷ്ടിക്കും മുമ്പേ അനാദിയായും ശാശ്വതമായും ഇരിക്കുന്ന ദൈവമാണ് ഏലോഹായ് കെദെം. വിശ്വാസികളായ നമ്മുടെ ദൈവം ഏലോഹായ് കെദെം (Elehay - Kedem = God of the Beginning / The Eternal God) അഥവാ പുരാതനനായ ദൈവം, ആരംഭങ്ങളുടെ ദൈവം, നിത്യനായ ദൈവം. കീഴെ ശാശ്വതഭുജമുള്ള നമ്മുടെ അത്യുന്നതനായ ദൈവത്തിൽ ശരണപ്പെടുന്നവർ അനുഗ്രഹിക്കപ്പെട്ടവരാണ്. അവർക്കു ലഭിക്കുന്ന സങ്കേതം, സുരക്ഷിതത്വം, സംരക്ഷണം, സമാധാനം, ദൈവസാന്നിദ്ധ്യം, ഉന്നതി, സംതൃപ്തി എന്നിവയെല്ലാം വർണ്ണനാതീതമാണ് (സങ്കീ.91:1-16).

= = = = = = = = = = // = = = = = = = = = =

# (28) ഏലോഹായ് കെദോഷിം

## ELOHAY KEDOSHIM = Holy God

## പരിശുദ്ധദൈവം - വിശുദ്ധനായ ദൈവം

ഏലോഹായ് കെദോഷിം എന്ന എബ്രായനാമം പരിഭാഷപ്പെടുത്തി വിശുദ്ധനായ ദൈവം എന്നും പരിശുദ്ധനായ ദൈവം (Holy God) എന്നും തിരുവചനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സർവ്വശക്തനായ യഹോവയുടെ വിശുദ്ധിയെക്കുറിച്ചു പറയുമ്പോഴാണ് ഏലോഹായ് കെദോഷിം അഥവാ പരിശുദ്ധദൈവം എന്നു വിളിക്കുന്നത്. ലേവ്യ, യോശുവാ, ശമൂവേൽ എന്നീ പുസ്തകങ്ങളിൽ ഈ നാമം ഉപയോഗിച്ചിരിക്കുന്നു.

ലേവ്യപുസ്തകത്തിന്റെ പ്രധാന സന്ദേശം വിശുദ്ധി അഥവാ പരിശുദ്ധി എന്നതാണ്. വിശുദ്ധിയെക്കുറിച്ചു ആവർത്തിച്ചു ഇതിൽ പറഞ്ഞിരിക്കുന്നു. ദൈവം വിശുദ്ധനാകയാൽ തന്റെ ജനവും വിശുദ്ധിയുള്ളവരായിരിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു.

ലേവ്യ.11:44,45- *“ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു; ഞാൻ വിശുദ്ധനാകയാൽ നിങ്ങൾ നിങ്ങളെ തന്നേ വിശുദ്ധീകരിച്ചു വിശുദ്ധന്മാരായിരിക്കേണം...........ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധന്മാരായിരിപ്പിൻ.”*

ലേവ്യ.19:2—*“ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധന്മാരായിരിക്കേണം.”*

യോശുവയുടെ പുസ്തകത്തിൽ ഏലോഹായ് കെദോഷിം എന്ന എബ്രായനാമം പരിഭാഷപ്പെടുത്തി പരിശുദ്ധദൈവം എന്നു ഉപയോഗിച്ചിരിക്കുന്നു. മോശെയുടെ മരണത്തോടുകൂടെ ആരംഭിച്ചു യോശുവയുടെ മരണത്തോടുകൂടെ യോശുവയുടെ പുസ്തകം അവസാനിക്കുന്നു. കൽദയപട്ടണമായ ഊരിൽ നിന്നു അബ്രഹാമിനെ വിളിച്ചതു (യോശു.24:2-4) മുതൽ മോശെയാലും (യോശു.24:5-7) യോശുവയാലും ദൈവം അവരെ നടത്തിയ വഴികൾ യോശുവാ യിസ്രായേൽ ജനത്തോടു അറിയിക്കുന്നു. ദൈവത്തെ സേവിക്കുകയാണ് യിസ്രായേൽ മക്കളുടെ പ്രധാന ഉത്തരവാദിത്തം എന്നു യോശുവ അവരോടു പറയുന്നു. *“ആകയാൽ നിങ്ങൾ യഹോവയെ ഭയപ്പെട്ടു അവനെ പരമാർത്ഥതയോടും വിശ്വസ്തതയോടും കൂടെ സേവിപ്പിൻ ”* (യോശു.24:14) എന്നുആഹ്വാനം ചെയ്യുന്നു. *“ഞാനും എന്റെ കുടുംബവുമോ ഞങ്ങൾ യഹോവയെ സേവിക്കും”.* എന്നു യോശുവ പ്രഖ്യാപിക്കുന്നു (യോശു.24:15). എന്നാൽ യിസ്രായേൽ ജനം തങ്ങളുടെ സകല വിഗ്രഹങ്ങളെയും നീക്കിക്കളയുവാൻ തക്ക മാനസിക നില കൈവരിച്ചോ എന്നു യോശുവാ സംശയിക്കുന്നു. അപ്പോഴാണ് — *“യോശുവ ജനത്തോടു പറഞ്ഞത്: നിങ്ങൾക്കു യഹോവയെ സേവിപ്പാൻ കഴിയുന്നതല്ല; അവൻ പരിശുദ്ധ ദൈവം; അവൻ തീക്ഷ്ണതയുള്ള ദൈവം; അവൻ നിങ്ങളുടെ അതിക്രമങ്ങളെയും പാപങ്ങളെയും ക്ഷമിക്കയില്ല.”* (യോശു.24:19). യഹോവയെ സേവിക്കുന്നതിനു കേവലം തീരുമാനം മാത്രം പോരാ ദൈവത്തിലുള്ള പരിപൂർണ്ണ ആശ്രയവും വിഗ്രഹങ്ങളിൽ നിന്നുള്ള പൂർണ്ണ വേർപാടും ആവശ്യമാണ്. യഹോവ പരിശുദ്ധ ദൈവം (ഏലോഹായ് കെദോഷിം) ആകയാൽ തന്നേ.

ദൈവത്തിന്റെ പെട്ടകം ഒരു പ്രായശ്ചിത്തവുമായി മടക്കി അയക്കുന്ന സന്ദർഭത്തിൽ പെട്ടകത്തെ നോക്കിയ ബേത്ത്-ശേമ്യർ പരിശുദ്ധ ദൈവമായ യഹോവയാൽ (ഏലോഹായ് കെദോഷിം) സംഹരിക്കപ്പെടുവാനിടയായി (1.ശമൂ.6:20). യുദ്ധത്തിൽ പിടിക്കപ്പെട്ട യഹോവയുടെ പെട്ടകം ഫെലിസ്ത്യർ ആദ്യം അസ്തോദിലേക്കും, പിന്നെ ഗത്തിലേക്കും, അതിനുശേഷം എക്രോനിലേക്കും കൊണ്ടുപോയി. പെട്ടകം ചെന്ന സ്ഥലങ്ങളിലെല്ലാം ദൈവത്തിന്റെ കഠിനമായ നാശവും ശിക്ഷയും ഏറ്റു വാങ്ങി. യിസ്രായേല്യരുടെ പെട്ടകം തങ്ങളുടെ ദേശത്ത് വന്നതാണ് സകല ദുരിതങ്ങൾക്കും കാരണമെന്നു മനസ്സിലാക്കിയ ഫെലിസ്ത്യർ അതിനെ രണ്ടു പശുക്കളെ കെട്ടിയ വണ്ടിയിൽ യിസ്രായേലിലേക്കു മടക്കി അയക്കുന്നു (യോശു.6). ഫെലിസ്ത്യപ്രഭുക്കന്മാർക്കു യിസ്രായേലിന്റെ ദൈവത്തെയും പെട്ടകം ഇരിക്കേണ്ട സ്ഥലവും അറിയുകയില്ലെങ്കിലും പശുക്കൾ ഇടത്തോട്ടോ വലത്തോട്ടോ തിരിയാതെ പുരോഹിതനഗരമായ ബേത്ത്-ശേമെശിൽ എത്തിച്ചു. യഹോവയായ ദൈവമായിരുന്നു പശുക്കളെ വഴിതെറ്റാതെ നയിച്ചത്. ബേത്ത്-ശേമെശ്യർ നിയമപെട്ടകത്തിന്റെ മടങ്ങിവരവിനെ സന്തോഷത്തോടെ സ്വാഗതം

ചെയ്തു. അവർ വണ്ടിയുടെ തടി കീറി പശുക്കളെ യഹോവെക്കു യാഗം കഴിച്ചു. ആൺമൃഗങ്ങളെ മാത്രമേ യാഗം അർപ്പിക്കാവൂ എന്ന പ്രമാണം (ലേവ്യ.1:3) അവർ സന്തോഷത്താൽ മറന്നു. പുരോഹിതരും ലേവ്യരും തങ്ങളുടെ സന്തോഷത്താൽ ദൈവികപ്രമാണങ്ങളെ മറന്നതിനാൽ അവരുടെ സന്തോഷം ദുഃഖത്തിലേക്കു നയിക്കപ്പെട്ടു. പെട്ടകം മൂടിയിരിക്കേണ്ടതും പുരോഹിതനല്ലാതെ ആർക്കും (പുറ.19:21/സംഖ്യാ.4:15/2.ശമൂ.6:6,7) കാണുവാൻ അനുവാദമില്ലാത്തതും ആയിരുന്നു. ബേത്ത്-ശേമെശ്യരിൽ ചിലർ യഹോവയുടെ പെട്ടകത്തെ നോക്കുക നിമിത്തം മരണമടഞ്ഞു. *"ബേത്ത്-ശേമെശ്യർ യഹോവയുടെ പെട്ടകത്തിൽ നോക്കുകകൊണ്ടു അവൻ അവരെ സംഹരിച്ചു; അവൻ ജനത്തിന്റെ അമ്പതിനായിരത്തെഴുപതുപേരെ സംഹരിച്ചു. ഇങ്ങനെ യഹോവ ജനത്തിൽ ഒരു മഹാസംഹാരം ചെയ്തതുകൊണ്ടു ജനം വിലപിച്ചു: ഈ പരിശുദ്ധ ദൈവമായ യഹോവയുടെ മുമ്പാകെ നില്പാൻ ആർക്കു കഴിയും?' അവൻ ഞങ്ങളെ വിട്ടു ആരുടെ അടുക്കൽ പോകും എന്നു ബേത്ത്-ശേമെശ്യർ പറഞ്ഞു"* (1.ശമൂ.6:19,20).

ഏലോഹായ് കെദോഷിം അഥവാ വിശുദ്ധനായ ദൈവത്തിൽ പാപമോ അശുദ്ധിയോ ഒട്ടും ഇല്ലാതിരിക്കുന്ന സ്വഭാവസവിഷേതയാണുള്ളത്. അതായത് പാപം ചെയ്യുന്നതിനോ, പാപം സഹിക്കുന്നതിനോ, പാപത്തിനു കൂട്ടു നില്ക്കുന്നതിനോ കഴിയാത്ത പ്രകൃതി. അതേസമയം പാപികളായ മനുഷ്യവർഗ്ഗത്തെ ദൈവം സ്നേഹിക്കുന്നു. അതുകൊണ്ടാണ് തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏതു പാപിക്കും നിത്യജീവൻ ലഭിക്കേണ്ടതിനു രക്ഷിതാവായ യേശുക്രിസ്തുവിനെ ലോകത്തിലേക്കയച്ചു ദൈവസ്നേഹം പ്രദർശിപ്പിച്ചത് (യോഹ.3:16). ഇപ്രകാരം ദൈവം ഒരുക്കിയ നീതീകരണത്തിലൂടെ, നീതി പങ്കിട്ടു വിശുദ്ധി പ്രാപിക്കുവാൻ ഏതു മനുഷ്യനും കഴിയും (യോഹ.1:12/റോമ.10:9,10). ദൈവത്തിന്റെ ജനം എപ്പോഴും വിശുദ്ധിയിൽ ജീവിക്കേണ്ടതാണ് (മത്താ.5:48/1.പത്രൊ.1:15).

= = = = = = = = = = // = = = = = = = = = =

# (29) ഏലോഹായ് സെലികോട്ട്

## ELOHAY SELICHOT = God of Forgiveness

## ദീർഘക്ഷമയുള്ള ദൈവം

നെഹെമ്യാവിന്റെ പുസ്തകത്തിലാണ് യഹോവയായ ദൈവത്തെ ഏലോഹായ് സെലികോട്ട് (ELOHAY SELICHOT) അഥവാ ദീർഘക്ഷമയുള്ള ദൈവം (God of Forgiveness) എന്നു നാമകരണം ചെയ്തിരിക്കുന്നത്. ബാബിലോണിയൻ പ്രവാസത്തിലെ 70 വർഷങ്ങൾക്കു ശേഷം യെരൂശലേമിലേക്ക് മടങ്ങി വന്ന മൂന്നാമത്തേതും അവസാനത്തേതുമായ സംഘത്തിന്റെ നേതാവായിരുന്നു നെഹെമ്യാവ്. പേർഷ്യൻരാജാവായ അർത്ഥഹ്ശഷ്ടാവിന്റെ പാനപാത്രവാഹകനായിരുന്നു. ഒരു ദിവസം യെരൂശലേമിൽ നിന്നും അവന്റെ ഒരു സഹോദരനും, മററു ചിലരും കൂടി വന്നു അവിടെ പാർക്കുന്നവരുടെ കഷ്ടതയും യെരൂശലേമിന്റെ ശൂന്യസ്ഥിതിയും, മതിൽ ഇടിഞ്ഞും, വാതിലുകൾ തീവച്ചു ചുട്ടും കിടക്കുന്ന വിവരവും അറിയിച്ചു (നെഹെ.1:1-3). ഹൃദയഭാരത്താൽ ദുഖിച്ചു പ്രാർത്ഥിച്ച നെഹെമ്യാവ് (നെഹെ.1:4),രാജാവിന്റെ അനുമതി വാങ്ങി (നെഹെ.2:6) യെരൂശലേമിൽ എത്തി. യെരുശലേമിന്റെ മതിൽ പണിയുവാൻ സ്വ ജനത്തെ ആഹ്വാനം ചെയ്തു (നെഹെ.2:17-18). അവിടത്തെ നിവാസികളുടെ കഠിനമായ എതിർപ്പിനെ നേരിട്ടുകൊണ്ടു 52 ദിവസം കൊണ്ടു മതിൽ പണി തീർത്തു (നെഹെ.6:15). യഹോവയായ ദൈവമാണ് ഇതു നിറവേററിയതെന്നു ശത്രുക്കൾക്കുപോലും സമ്മതിക്കേണ്ടി വന്നു (നെഹെ.6:16). പണി പൂർത്തിയാക്കി ആത്മീക ഉണർവുണ്ടായി, ദൈവവചനം പരസ്യമായി വായിച്ചു ദൈവത്തെ മഹത്വപ്പെടുത്തി (നെഹെ.8:1-6).

മിസ്രയീമിന്റെ അടിമത്വത്തിൽനിന്നു യിസ്രായേൽമക്കളെ വിടുവിച്ചു മരുഭൂമിയിൽ അവരെ സ്വർഗ്ഗീയഭോജനം നല്കി പോഷിപ്പിച്ചു. എങ്കിലും അവർ അഹങ്കരിച്ചു ദുശ്ശാഠ്യം കാണിച്ചു ദൈവത്തിന്റെ കല്പനകൾ അനുസരിക്കാതിരുന്നു. കനാനിൽ പ്രവേശിച്ചതിനു ശേഷവും ജനം ഇപ്രകാരം ജീവിച്ചു. തുടർന്നു അവർ പ്രവാസത്തിലേക്കു അയെക്കപ്പെട്ടു. പ്രവാസത്തിൽ നിന്നു മടങ്ങിവന്നു നെഹെമ്യാവിന്റെ നേതൃത്വത്തിൽ യെരൂശലേമിന്റെ മതിൽ പണി പൂർത്തിയാക്കി. നെഹെമ്യാവ് 9-ൽ അവരുടെ അനുതാപവും ഉടമ്പടിയുമാണ് കാണുന്നത്. യഹോവ ആരാകുന്നു?, തന്റെ ജനത്തിനുവേണ്ടി യഹോവ എന്തു ചെയ്യുന്നു?, ജനം യഹോവയുടെ സന്നിധിയിൽ എപ്രകാരം ജീവിക്കണം? എന്നിവയെല്ലാം ഇതിൽ പറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ നന്മയും കരുണയും അനുഭവിച്ച ജനം ദൈവത്തോടു എപ്രകാരം പെരുമാറിയെന്നു വിശദീകരിക്കുന്നു (നെഹെ.9:16). അവർ ദൈവത്തോടു അഹങ്കരിച്ചു, മത്സരികളായി ദൈവകല്പനകളെ അനുസരിച്ചില്ല. ഇങ്ങനെയുള്ള ജനത്തോടുള്ള ദൈവത്തിന്റെ സമീപനം വ്യക്തമാക്കുമ്പോഴാണ് യഹോവയായ ദൈവത്തെ ഏലോഹായ് സെലികോട്ട് (ELOHAY SELICHOT) അഥവാ ദീർഘക്ഷമയുള്ള ദൈവം (God of Forgiveness) എന്നു വിളിച്ചിരിക്കുന്നത്. — "......... ..... *നീയോ ക്ഷമിപ്പാൻ ഒരുക്കവും കൃപയും കരുണയും ദീർഘക്ഷമയും ദയാസമൃദ്ധിയും ഉള്ള ദൈവം ആകയാൽ അവരെ കൈവിട്ടുകളഞ്ഞില്ല."* (നെഹെ.9:17).

ദൈവജനമായ യിസ്രായേലിന്റെ മത്സരവും അനുസരണക്കേടും കണക്കിടാതെ ദീർഘക്ഷമയുള്ള ദൈവം അവരെ സംരക്ഷിച്ചതുപോലെ തന്റെ പുത്രന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നമ്മെയും സംരക്ഷിക്കുന്നു. കർത്താവിന്റെ വരവു താമസിക്കുന്നതുപോലും മനുഷ്യവർഗ്ഗത്തോടുള്ള തന്റെ ദീർഘക്ഷമമൂലമാണെന്നു രേഖപ്പെടുത്തിയിരിക്കുന്നു. " *ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവു തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു"* (2.പത്രോ.3:9). ഈ വലിയവനായ ദൈവത്തിൽനിന്നു പകർന്നു കിട്ടിയ സ്വഭാവസവിശേഷതയായ ദീർഘക്ഷമ ദൈവമക്കളുടെ ഉള്ളിൽ വസിക്കുന്ന പരിശുദ്ധാത്മവിന്റെ ഫലമാണ്. അത് നാം മറ്റുള്ളവരോടും പ്രദർശിപ്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു.

= = = = = = = = = = // = = = = = = = = = =

# (30) ഏലോഹായ് യിഷി

## ELOHAY YISHI = God of my Salvation

## എന്റെ രക്ഷയുടെ ദൈവം

പഴയതിരുവചന പുസ്തകങ്ങളിൽ വിശേഷാൽ സങ്കീർത്തനങ്ങളിൽ ഉപയോഗിച്ചിരിക്കുന്ന നാമമാണ് ഏലോഹായ് യിഷി അഥവാ എന്റെ രക്ഷയുടെ ദൈവം (God of my salvation). സർവ്വശക്തനായ ദൈവവും ദൈവജനവും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന നാമമാണിത്. ദൈവം രക്ഷകൻ ആയിരിക്കുമ്പോൾ ദൈവജനം ദൈവത്താൽ വീണ്ടെടുക്കപ്പെട്ട അഥവാ രക്ഷപ്രാപിച്ചവർ.

സങ്കീർത്തനത്തിൽ സർവ്വശക്തനായ ദൈവത്തെ ദാവീദ് എന്റെ രക്ഷയുടെ ദൈവം എന്നു വിളിച്ചിട്ടുണ്ട് — *"യഹോവ ജീവിക്കുന്നു; എന്റെ പാറ വാഴ്ത്തപ്പെട്ടവൻ; എന്റെ രക്ഷയുടെ ദൈവം ഉന്നതൻ തന്നേ"* (സങ്കീ.18:46). ദൈവം ദാവീദിനെ തന്റെ ശത്രുക്കളിൽ നിന്നും വിശേഷാൽ ശൗലിന്റെ കയ്യിൽ നിന്നും വിടുവിച്ചതിലുള്ള സ്തുതി ഗീതമാണ് ഈ സങ്കീർത്തനം. ദൈവത്തിൽ ശരണപ്പെട്ട ദൈവഹൃദയപ്രകാരം ജീവിച്ച ദാവീദ് ഇവിടെ തന്റെ ദൈവത്തക്കുറിച്ചു പറയുന്നത് —

(1) ജീവിക്കുന്ന ദൈവം

(2) എന്റെ പാറ

(3) എന്റെ രക്ഷയുടെ ദൈവം

(4) ഉന്നതനായ ദൈവം.

മാത്രവുമല്ല എന്നേക്കും ജീവിക്കുന്ന സർവ്വശക്തനായ ദൈവത്തെ 'എന്റെ ദൈവം ' എന്നു രണ്ടാം വാക്യത്തിൽ (സങ്കീ.18:2) ഒൻപതു പ്രാവശ്യം ആവർത്തിച്ചു പറയുന്നു —

(1) എന്റെ ബലമായ യഹോവ

(2) യഹോവ എന്റെ ശൈലം

(3) എന്റെ കോട്ട

(4) എന്റെ രക്ഷകൻ

(5) എന്റെ ദൈവം

(6) എന്റെ പാറ

(7) എന്റെ പരിച

(8) എന്റെ രക്ഷയായ കൊമ്പ്

(9) എന്റെ ഗോപുരം.

ദാവീദും ദൈവവും തമ്മിൽ അത്രമാത്രം സഖിത്വം ഉള്ളതുകൊണ്ടും തന്റെ സകല ആശ്രയവും ദൈവത്തിൽ ആയതുകൊണ്ടുമാണ് തനിക്ക് എന്റെ ദൈവം എന്നു പറയുവാൻ സാധിച്ചത്. *"യഹോവ എന്റെ ബലവും എന്റെ കീർത്തനവും ആകുന്നു; അവൻ എനിക്കു രക്ഷയായും തീർന്നു"* എന്നു 118-ാം സങ്കീർത്തനം 14-ാം വാക്യത്തിലും സങ്കീർത്തനക്കാരൻ പ്രകീർത്തിച്ചിരിക്കുന്നു. യിസ്രായേൽ ജനത്തെ മിസ്രയിമിൽ നിന്നു (കഷ്ടത, അടിമത്വം) വീണ്ടെടുത്തു രക്ഷിച്ചു കനാനിലേക്കു (സ്വസ്ഥത, ആശ്വാസം) നടത്തി. മിസ്രയീമിൽ നിന്നു പുറപ്പെട്ട യിസ്രായേൽ ജനത്തിനു മാത്രമല്ല, ദാവീദിനെയും സകല കഷ്ടതയിൽ നിന്നും വിടുവിച്ചു രക്ഷിച്ച ദൈവമാണ് ഏലോഹായ് യിഷി അഥവാ എന്റെ രക്ഷയുടെ ദൈവം (God of my salvation).

വീണ്ടെടുത്തു സംരക്ഷിക്കുന്ന തന്റെ ദൈവത്തെക്കുറിച്ചു പ്രവാചകനായ ഹബക്കൂക്ക് പറയുന്നത് ഏലോഹായ് യിഷി അഥവാ എന്റെ രക്ഷയുടെ ദൈവം (God of my salvation) എന്നാണ്. —– *"എങ്കിലും ഞാൻ യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും"* (ഹബ.3:18). സാഹസവും, അതിക്രമവും, വക്രതയും, നീതികേടും വർദ്ധിച്ച ഒരു കാലത്ത് ജീവിച്ചവനെങ്കിലും ദൈവത്തെ ആലിംഗനം ചെയ്ത എന്ന പേരിനു അർഹനായ ഹബക്കൂക്ക് പ്രവാചകൻ തന്റെ ഹൃദയവേദനകൾ ദൈവവുമായി പങ്കുവെച്ചു ദൈവത്തിൽ ആശ്വാസം കണ്ടെത്തുകയും രക്ഷകനായ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കുകയും ചെയ്യുന്നു. *"അത്തിവൃക്ഷം തളിർക്കയില്ല; മുന്തിരിവള്ളിയിൽ അനുഭവം ഉണ്ടാകയില്ല; ഒലിവ്മരത്തിന്റെ പ്രയത്നം നിഷ്ഫലമായിപ്പോകും; നിലങ്ങൾ ആഹാരം വിളയിക്കയില്ല; ആട്ടിൻ കൂട്ടം തൊഴുത്തിൽ നിന്നു നശിച്ചുപോകും; ഗോശാലകളിൽ കന്നുകാലി ഉണ്ടായിരിക്കയില്ല"* (ഹബ.3:17). ഇപ്രകാരമുള്ള സാഹചര്യത്തിലാണ് ഹബക്കൂക്കു പറയുന്നത് ഞാൻ എന്റെ രക്ഷയുടെ ദൈവത്തിൽ ഘോഷിച്ചു ഉല്ലസിക്കും എന്ന്. രക്ഷയുടെ ദൈവത്തിൽ പ്രത്യാശയുള്ളവനായിരുന്നു പ്രവാചകൻ. അതുകൊണ്ട് ഹബക്കൂക്ക് പറയുന്നു ഏലോഹായ് യിഷി അഥവാ എന്റെ രക്ഷയുടെ ദൈവം.

കർത്താവായ യേശുക്രിസ്തു മൂലമാണ് മനുഷ്യവർഗ്ഗത്തിനു രക്ഷ ലഭിക്കുന്നത്. "അവനിൽ വിശ്വസിക്കുന്ന ഏവനും അവന്റെ നാമം മൂലം പാപമോചനം (രക്ഷ) ലഭിക്കും" (അപ്പൊ.10:43). "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ.4:12). "ക്രിസ്തു യേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ" (1.തിമൊ.1:15). ഏതു പാപിക്കും ഇന്നു സർവ്വശക്തനായ ദൈവത്തെ — ഏലോഹായ് യിഷി അഥവാ എന്റെ രക്ഷയുടെ ദൈവം എന്നു വിളിക്കുവാൻ സാധിക്കും. ഇതിനായി കർത്താവായ യേശുക്രിസ്തുവിലൂടെ ഒരുക്കിയിരിക്കുന്ന നിത്യരക്ഷ കൈവശമാക്കണം — *"യേശുവിനെ കർത്താവു എന്നു വായികൊണ്ടു ഏറ്റു പറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചു എന്നു ഹൃദയം കൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കയും വായി കൊണ്ടു രക്ഷെക്കായി ഏറ്റു പറകയും ചെയ്യുന്നു"* (റോമ.10:9,10).

നമ്മുടെ സങ്കേതവും ബലവും രക്ഷയുമായിരിക്കുന്ന ദൈവത്തിങ്കലേക്കു വരുന്നതിനു ദൈവത്തെക്കുറിച്ചു നന്നായി അറിയണം. ദൈവവചനത്തിലൂടെ വെളിപ്പെടുന്ന ദൈവത്തിന്റെ സ്വഭാവസവിശേഷതകളെക്കുറിച്ചു നമുക്കു നിശ്ചയമുണ്ടായിരിക്കണം. കഷ്ടതയുടെ മദ്ധ്യേ സാത്താനായവൻ നമ്മുടെ വിശ്വാസത്തെ പിടിച്ചു കുലുക്കും. രഹസ്യമായി നമ്മോടു അവൻ പറയും — *ദൈവം നിന്റെ രക്ഷകനെങ്കിൽ ഇതൊക്കെ സംഭവിക്കുന്നതെന്താണ്?* എന്നാൽ ദൈവത്തിൽ ശക്തിപ്പെട്ട ഒരുവനു സാത്താന്റെ വാക്കുകളിൽ വീഴാതെ രക്ഷകനായ ദൈവത്തിൽ ആശ്രയം വെക്കുവാൻ സാധിക്കും —– ഏലോഹായ് യിഷി അഥവാ എന്റെ രക്ഷയുടെ ദൈവം.

യിസ്രായേൽ ജനത്തിനും, പഴയനിയമഭക്തന്മാർക്കും യഹോവയായ ദൈവം ഏലോഹായ് യിഷി അഥവാ എന്റെ രക്ഷയുടെ ദൈവം ആയിരുന്നു. പുതിയനിയമത്തിലേക്കു വരുമ്പോൾ മനുഷ്യവർഗ്ഗത്തിനുവേണ്ടി രക്ഷ ഒരുക്കിയ സർവ്വശക്തനായദൈവം, തന്റെ പുത്രനായ യേശുക്രിസ്തു, ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവാം ദൈവം —– ഏലോഹായ് യിഷി അഥവാ എന്റെ രക്ഷയുടെ ദൈവം.

= = = = = = = = = = // = = = = = = = = = =

# (31) ഏലോഹായ് മൗസി

## ELOHAY MAUZI = God of my Strength

## എന്റെ ശരണമായ ദൈവം

അനീതിയുടെയും, പീഡനത്തിന്റെയും, കഷ്ടതയുടെയും മദ്ധ്യേ വസിക്കുന്ന ഒരു ദൈവ പൈതലിന്റെ ദൈവത്തോടുള്ള പ്രാർത്ഥനയാണ് നാല്പത്തിമൂന്നാം സങ്കീർത്തനത്തിൽ വിവരിക്കുന്നത്. ഇങ്ങനെയുള്ള സാഹചര്യത്തിൽ ദൈവത്തിൽ ആശ്രയിച്ചു ശരണപ്പെടുമ്പോൾ ദൈവത്തെ സംബോധന ചെയ്യുന്ന നാമമാണ് ഏലോഹായ് മൗസി അഥവാ എന്റെ ശരണമായ ദൈവം എന്നത്. പ്രതികൂലതകളുടെ മദ്ധ്യേ ലോകരിലോ പ്രഭുക്കന്മാരിലോ ആശ്രയിക്കാതെ സങ്കീർത്തനക്കാരൻ ദൈവത്തിൽ ശരണപ്പെട്ടു ശക്തിപ്പെടുന്നു. തനിക്കു ചുറ്റും അനീതിയുടെയും വഞ്ചനയുടെയും സാഹചര്യത്തിലായിരിക്കുന്ന ഒരു ദൈവപൈതലിന്റെ ദൈവത്തിലുള്ള ഉറച്ചപ്രഖ്യാപനവും ഇവിടെ കാണുന്നു. *''ദൈവമേ, എനിക്കു ന്യായം പാലിച്ചുതരേണമേ; ഭക്തികെട്ട ജാതിയോടു എന്റെ വ്യവഹാരം നടത്തേണമേ; വഞ്ചനയും അനീതിയുമുള്ള മനുഷ്യങ്കൽ നിന്നു എന്നെ വിടുവിക്കേണേ. നീ എന്റെ ശരണമായ ദൈവമല്ലോ...''* (സങ്കീ. 43:1,2).

അവനെ ശരണമാക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ (സങ്കീ.2:12). രക്ഷിപ്പാനും, സഹായിപ്പാനും, സൂക്ഷിപ്പാനും കഴിവുള്ളവനിൽ ആശ്രയിക്കുകയാണ് ശരണപ്പെടൽ. ലോകമനുഷ്യർ തന്നിൽത്തന്നെയും, തന്റെ ധനത്തിലും, ജ്ഞാനത്തിലും, കഴിവിലും, അധികാരത്തിലും ആശ്രയിക്കും. എന്നാൽ ദൈവമക്കൾക്കു ഇതിൽ ഒന്നിലും ശരണപ്പെടുവാനോ ശക്തിപ്പെടുവാനോ സാദ്ധ്യമല്ല.

ദൈവത്തിൽ ശക്തിപ്പെടുകയും ആശ്രയിക്കുകയും ചെയ്യുന്നവരെക്കുറിച്ചു യിരെമ്യാവു പറയുന്നത് അവർ ഭാഗ്യവാന്മാർ എന്നാണ്. *''യഹോവയിൽ ആശ്രയിക്കയും യഹോവ തന്നേ ആശ്രയമായിരിക്കയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ''* (യിരെ.17:7).

കർത്താവിൽ ശരണപ്പെടുന്നവർക്കും പ്രശനങ്ങളും പ്രതികൂലതകളും ഉണ്ടാകാം. വിശ്വാസത്തെ പിടിച്ചുലയ്ക്കുന്ന ഈശാനമൂലനു തുല്യമായ പരിശോധനകൾ ഉണ്ടാകാം. അലറുന്ന സിംഹം എന്നപോലെ പിശാചു നമ്മെ ആക്രമിക്കുവാൻ വരാം. എന്നാൽ കർത്താവിൽ ആശ്രയിക്കുന്നവനു ദൈവത്തിൽ നിന്നു ശക്തി ലഭിക്കും. അതിനായി കർത്താവിനോടു ചേർന്നു ജീവിക്കണം. അതിനായി ഹാനോക്കിനെ പോലെ ദൈവത്തോടു ചേർന്നു നടക്കാം. ഇയ്യോബിനെ പോലെ ദൈവത്തിൽ ആശ്രയിക്കാം. അബ്രഹാമിനെപ്പോലെ ഉറച്ച വിശ്വാസമുള്ളവരായിരിക്കാം. പൗലൊസിനെപ്പോലെ ഉന്നതലക്ഷ്യത്തിലേക്കും കർത്താവിനെ പ്രസാദിപ്പിക്കുന്നതിലും ഉത്സാഹിക്കാം. പ്രതികൂലമദ്ധ്യേ സകലരാലും കൈവിടപ്പെടുമ്പോൾ കർത്താവിൽ ശരണപ്പെട്ടവർക്കു ഏലോഹായ് മൗസി അഥവാ എന്റെ ശരണമായ ദൈവം എന്നു പറയുവാനും ദൈവത്തിൽ ആശ്രയിക്കുവാനും സാധിക്കും.

= = = = = = = = = = // = = = = = = = = = =

# (32) ഏലോഹായ് റ്റെഹിലാറ്റി

## ELOHAY TEHILATI = God of My Praise

## എന്റെ പുകഴ്ചയായ ദൈവം

സകലവും പ്രതികൂലം, കാരണം കൂടാതെ അനേകരും തന്നെ ഒറ്റപ്പെടുത്തി ആക്രമിക്കുവാനായി പതിയിരിക്കുന്നു. നന്മെക്കു പകരം തിന്മയും സ്നേഹത്തിനു പകരം ശത്രുത്വവും അനുഭവിച്ചറിഞ്ഞ ദാവീദ് തന്റെ ദൈവത്തിൽ ശരണപ്പെടുന്നു. തദവസരത്തിൽ സർവ്വശക്തനായ ദൈവത്തെ ഏലോഹായ് റ്റെഹിലാറ്റി (ELOHAY TEHILATI) അഥവാ എന്റെ പുകഴ്ചയായ ദൈവം (God of My Praise) എന്നു വിളിച്ചു പ്രാർത്ഥിക്കുന്നു. — *"എന്റെ പുകഴ്ചയായ ദൈവമേ മൗനമായിരിക്കരുതേ"* (സങ്കീ.109:1).

ദൈവമകൻ എന്ന നിലയിൽ തന്റെ സാഹചര്യവും താൻ നേരിടുന്നതും തന്റെ പുകഴ്ചയായ ദൈവത്തോടു പ്രാർത്ഥിക്കുന്നു. *"ദുഷ്ടന്റെ വായും വഞ്ചകന്റെ വായും എന്റെ നേരേ തുറന്നിരിക്കുന്നു; ഭോഷ്ക്കുള്ള നാവുകൊണ്ടു അവർ എന്നോടു സംസാരിച്ചിരിക്കുന്നു. അവർ ദ്വേഷവാക്കുകൾകൊണ്ടു എന്നെ വളഞ്ഞു; കാരണം കൂടാതെ എന്നോടു പൊരുതിയിരിക്കുന്നു. എന്റെ സ്നേഹത്തിന്നു പകരം അവർ വൈരം കാണിക്കുന്നു; ഞാനോ പ്രാർത്ഥന ചെയ്തുകൊണ്ടിരിക്കുന്നു."*(സങ്കീ. 109:2-4).

ദൈവഭക്തിയിൽ ജീവിക്കുന്ന വിശ്വാസികൾക്കും നിന്ദയും പരിഹാസവും കയ്പേറിയ സാഹചര്യവും ഉണ്ടാകാം. അനേക ദൈവദാസന്മാർ ഇപ്രകാരമുള്ള കയ്പേറിയ സാഹചര്യത്തിലൂടെ കടന്നുപോയിട്ടുണ്ട്. ദൈവഹിതപ്രപകാരം ജീവിച്ച പൗലൊസിന്റെ ജീവിതത്തിൽ എന്തെല്ലാം പ്രതികൂലതകളാണുണ്ടായത്. അതിലെല്ലാം പുകഴ്ചയായ ദൈവം ശക്തീകരിച്ചു പൗലൊസിന്നെ നടത്തി (2.കൊരി.11:23-28). *"നിഷ്ക്കളങ്കനും, നേരുള്ളവനും, ദൈവഭക്തനും, ദോഷം വിട്ടകലുന്നവനും"* (ഇയ്യോ.1:8) എന്ന സാക്ഷ്യം ലഭിച്ച ഇയ്യോബ് എണ്ണമറ്റ കഷ്ടങ്ങളിലൂടെ കടന്നുപോയി. *"കയ്പുകൊണ്ടു എന്റെ വയറു നിറെക്കുന്നു"* (ഇയ്യോ.9:18) എന്നു ഇയ്യോബ് പറഞ്ഞുവെങ്കിലും തന്റെ പുകഴ്ചയായ ദൈവത്തിൽ തന്നെത്തന്നെ സമർപ്പിച്ചു. ദാനീയേൽ സിംഹക്കുഴിയിൽ അടെക്കപ്പെടുവാനുള്ള കാരണം തന്റെ ലൗകിക ജീവിതത്തിലുണ്ടായ വീഴ്ചയല്ലായിരുന്നു. യോസേഫ് തടവറയിൽ അടെക്കപ്പെട്ടത് യഹോവയായ ദൈവത്തോടു പാപം ചെയ്യാതിരുന്നതിലാണ് (ഉല്പ.39:9). അവരൊക്കെ അവരുടെ പുകഴ്ചയായ ദൈവത്തിൽ ശരണപ്പെട്ടവരായിരുന്നു.

വിശ്വാസികൾ എന്ന നിലയിൽ നാമും കർത്താവിലുള്ള വിശ്വസ്തതയിൽ ജീവിക്കുമ്പോഴും ശത്രുവായവൻ നമ്മെ കാരണം കൂടാതെ ദ്വേഷിക്കുകയും, നിന്ദിക്കുകയും, പകെക്കുകയും ചെയ്യും. അപ്പോൾ നാം എന്തു ചെയ്യണമെന്നാണ് സങ്കീർത്തനത്തിലൂടെ വെളിപ്പെടുന്നത്. *"എന്റെ പുകഴ്ചയായ ദൈവമേ മൗനമായിരിക്കരുതേ"* (സങ്കീ.109:1) എന്നുള്ള പ്രാർത്ഥനയാണ് നമ്മുടെ നാവിലൂടെ ഉയരേണ്ടത്. അപ്പോഴും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയല്ലാതെ പ്രതികാരത്തിനോ സ്വയനീതീകരണത്തിനോ ഒരുമ്പെടരുത്. ന്യായമായി വിധിക്കുന്ന ദൈവത്തിൽ ഭരമേല്പിക്കുകയാണ് വേണ്ടത്. കർത്താവാണ് ഇതിനു നമുക്കു മാതൃക. തന്നെ നിന്ദിക്കുകയും, ദൂഷണം പറകയും, അടിക്കുകയും ചെയ്തവരോടു കർത്താവു എതിർത്തു സംസാരിക്കുകയോ സ്വയനീതീകരണത്തിനു ഒരുങ്ങുകയോ ചെയ്തില്ല. അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് ചെയ്തത് (1.പത്രൊ.2:21-23/ലൂക്കൊ.23:34). നമ്മെ ദൈവം വിളിച്ചിരിക്കുന്നത് അനുഗ്രഹം അനുഭവിക്കേണ്ടതിന്നും അനേകർക്കു അനുഗ്രഹമായിത്തീരേണ്ടതിനുമാണ്. തിന്മക്കു പകരം തിന്മ, ദോഷത്തിനു പകരം ദോഷം എന്നല്ല വിശ്വാസികളിൽ നിന്നു ദൈവം പ്രതീക്ഷിക്കുന്നത്. നമ്മെ പകെക്കുന്നവരെ നാം അനുഗ്രഹിക്കുന്നരായിത്തീരണം. *"ദോഷത്തിന്നു ദോഷവും ശകാരത്തിന്നു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിന്നു വിളിക്കപ്പെട്ടതുകൊണ്ടു അനുഗ്രഹിക്കുന്നവരായിരിപ്പിൻ"* (1.പത്രൊ.3:9).

മറ്റുള്ളവരാൽ നിന്ദിക്കുകയും പകെക്കുകയും ചെയ്യുന്ന വേളയിൽ ദാവീദ് ചെയ്തതുപോലെ നമുക്കും എന്റെ പുകഴ്ചയായ ദൈവമേ എന്നു വിളിച്ചുകൊണ്ടു കർത്താവിൽ ശരണപ്പെടാം. കഷ്ടത അനുഭവിക്കുന്ന തന്റെ ജനത്തിന്റെ കണ്ണുനീർ സ്വർഗ്ഗത്തിൽ വസിക്കുന്ന നമ്മുടെ പുകഴ്ചയായ ദൈവം (ഏലോഹായ് റ്റെഹിലാറ്റി) കാണുന്നു എന്നത് എത്രയോ ആശ്വാസകരമാണ് (പുറ.3:7/സങ്കീ.34:15).

= = = = = = = = = = // = = = = = = = = = =

# (33) ഏലോഹായ് മിഷ്പറ്റ്

### (ELOHAY MISHPAT = God of Justice

## യഹോവ ന്യായത്തിന്റെ ദൈവം

ഏലോഹായ് മിഷ്പറ്റ് (Elohay Mishpat) എന്നാൽ യഹോവ ന്യായത്തിന്റെ ദൈവം എന്നാണ്. യഹോവയായ ദൈവം ന്യായത്തിന്റെയും നീതിയുടെയും ദൈവമാണ്. മിസ്രയീമിൽ ആശ്രയിക്കുന്ന യെഹൂദയെ ശാസിക്കുയും അവർ ദൈവത്തിൽ ആശ്രയിപ്പാൻ പ്രബോധിപ്പിക്കുകയും ചെയ്യുന്നവേളയിലാണ് യെശയ്യാപ്രവാചകൻ യഹോവ ന്യായത്തിന്റെ ദൈവം അഥവാ ഏലോഹായ് മിഷ്പറ്റ് എന്ന നാമം ഉപയോഗിക്കുന്നത്.

യെശ.30:18 — *"......... അതുകൊണ്ടു യഹോവ നിങ്ങളോടു കൃപ കാണിപ്പാൻ താമസിക്കുന്നു; അതുകൊണ്ടു അവൻ നിങ്ങളോടു കരുണ കാണിക്കാതവണ്ണം ഉയർന്നിരിക്കുന്നു; യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവന്നായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ."*
ദൈവജനം തങ്ങളുടെ വിഗ്രഹങ്ങളെയെല്ലാം നീക്കി, ദൈവത്തെയും ദൈവികപ്രമാണങ്ങളെയും അനുസരിച്ചു ദൈവത്തോടു ചേർന്നിരുന്നാൽ അവർക്കു ശിക്ഷാവിധി ഉണ്ടാകുകയില്ലെന്നു പറയുന്നു. അപ്പോൾ ദൈവം അവരുടെ പാപത്തിന്റെ മുറിവുകൾ കെട്ടുകയും സൗഖ്യമാക്കുകയും ചെയ്യും (യെശ.30:26). ദൈവം പാപികളെ ശിക്ഷിക്കാതെ വിടുകയില്ല. അത് ദൈവത്തിന്റെ നീതിയാണ്. എന്നാൽ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചു മാനസാന്തരപ്പെട്ടു ദൈവത്തെ അനുസരിക്കുന്നവരോടു ദൈവം കരുണ കാണിക്കും. ദൈവം എപ്പോഴും ന്യായവും നീതിയും നടത്തുന്ന ദൈവമാണ്.

യഹോവ ന്യായത്തിന്റെ ദൈവമല്ലോ; അവന്നായി കാത്തിരിക്കുന്നവരൊക്കെയും ഭാഗ്യവാന്മാർ എന്നു യെശയ്യാപ്രവാചകൻ പറയുന്നു. യഹോവയായ ദൈവം ന്യായത്തിന്റെ ദൈവമായിരിക്കുമ്പോൾത്തന്നെ ഈ ദൈവത്തെ കാത്തിരിക്കുന്നവരും ഭാഗ്യവാന്മാരാണ്. കാത്തിരിക്കുക എന്നാൽ മറ്റെല്ലാ ലോകത്തിന്റെ ബന്ധനങ്ങളിൽ നിന്നും അകന്നു യഹോവയായ ന്യായത്തിന്റെ ദൈവത്തെ അനുസരിച്ചു, കല്പനകൾ പ്രമാണിച്ചു ആത്മികശക്തിക്കായി പുതുക്കുന്ന അനുഭവമുള്ളവരായിരിക്ക എന്നാണ്.ഇങ്ങനെ കാത്തിരിക്കുമ്പോൾ സകലപ്രശനങ്ങളിലും പ്രയാസങ്ങളിലും പതറാതെ ജീവിക്കുവാൻ സാധിക്കുന്നു. *"യഹോവ നിത്യദൈവം; ഭൂമിയുടെ അറുതികള സൃഷ്ടിച്ചവൻ തന്നേ; അവൻ ക്ഷീണിക്കുന്നില്ല, തളർന്നു പോകുന്നതുമില്ല; അവന്റെ ബുദ്ധി അപ്രമേയമത്രേ. അവൻ ക്ഷീണിച്ചിരിക്കുന്നവന്നു ശക്തി നല്കുന്നു; ബലമില്ലാത്തവന്നു ബലം വർദ്ധിപ്പിക്കുന്നു. ബാല്യക്കാർ ക്ഷീണിച്ചു പോകും; യൗവ്വനക്കാരും ഇടറിവീഴും. എങ്കിലും യഹോവയെ കാത്തിരിക്കുന്നവർ ശക്തിയെ പുതുക്കും; അവർ കഴുകന്മാരെപ്പോലെ ചിറകു അടിച്ചു കയറും; അവർ തളർന്നുപോകാതെ ഓടുകയും ക്ഷീണിച്ചു പോകാതെ നടക്കുകയും ചെയ്യും"* (യെശ.30:28-31).

പുതിയനിയമ വിശ്വാസികളായ നമുക്കും യഹോവ ന്യായത്തിന്റെ ദൈവമാണ്. കഷ്ടത, നിന്ദ, പരിഹാസം, അനീതി, ഒറ്റപ്പെടുത്തൽ എന്നിങ്ങനെയുള്ള ഏതു വേളയിലും നമുക്കു നോക്കുവാനും ആശ്രയിക്കുവാനും പറ്റിയ ആശ്വാസകേന്ദ്രമാണ് നമ്മുടെ ദൈവം. ഈ ലോകത്തിലെ നീതിന്യായ വ്യവസ്ഥകളെക്കുറിച്ചു ഹബക്കൂക്ക് പ്രവാചകൻ ഇപ്രകാരം പറയുന്നു — *"അതുകൊണ്ടു ന്യായപ്രമാണം അയഞ്ഞിരിക്കുന്നു; ന്യായം ഒരു നാളും വെളിപ്പെട്ടു വരുന്നതുമില്ല; ദുഷ്ടൻ നീതിമാനെ വളഞ്ഞിരിക്കുന്നു; അതുകൊണ്ടുന്യായം വക്രതയായി വെളിപ്പെട്ടു വരുന്നു"* (ഹബ.1:4). ഇങ്ങനെയുള്ള സാഹചര്യത്തിൽ നീതിമാനായ ദൈവം നീതികെട്ട മനുഷ്യർക്കു നീതി ലഭിക്കുവാനാണ് തന്റെ ജീവൻ നല്കി നമ്മെ രക്ഷിച്ചത്. ന്യായത്തിന്റെ ദൈവമായ കർത്താവിനു ഈ ഭൂമിയിൽ ന്യായം ലഭിച്ചില്ലെന്നു മാത്രമല്ല ക്രൂശിൽ തറച്ചു കൊല്ലുവാൻ വിധിയുണ്ടായി. എന്നാൽ സകല അനീതിയെയും ജയിച്ചു കർത്താവു ഉയിർത്തെഴുന്നേറ്റതിനാൽ തന്നിൽ വിശ്വസിക്കുന്നവർക്കു നീതിയും ന്യായവും ലഭിക്കുന്നു. ആകയാൽ നമുക്കു ലഭിച്ചിരിക്കുന്ന ദൈവത്തിന്റെ കരുണയോർത്തു യഹോവ ന്യായത്തിന്റെ ദൈവം എന്നു പറഞ്ഞു സാക്ഷ്യമുള്ളവരായി ദൈവത്തെ സ്തുതിച്ചു ജീവിക്കാം.

= = = = = = = = = = // = = = = = = = = = =

# (34) ഏലോഹായ് ചെയിം

## ELOHAY CHAIYIM = Living God

## ജീവനുള്ള ദൈവം

യിസ്രായേൽ ജനം ജാതികളെ അനുകരിച്ചു വിഗ്രഹങ്ങളെ സേവിക്കുകയും അവയെ ആരാധിക്കുകയും ചെയ്തപ്പോൾ വിഗ്രഹങ്ങളുടെ ജീവനില്ലാത്ത അവസ്ഥ അവരെ അറിയിക്കുന്നു. അപ്പോൾ യഹോവയായ ദൈവത്തെ ഏലോഹായ് ചെയിം (Elohay Chaiyim) അഥവാ ജീവനുള്ള ദൈവം (Living God) എന്നു വിശേഷിപ്പിക്കുന്നു —

*"യഹോവയോ സത്യദൈവം; അവൻ ജീവനുള്ള ദൈവവും ശാശ്വത രാജാവും തന്നേ"* (യിരെ.10:10).

മനുഷ്യരുടെ കൈവേലയായ ജീവനില്ലാത്ത വിഗ്രങ്ങളെയും അതിനെ ആരാധിക്കുന്നവരെയും പ്രവാചകൻ പരിഹസിക്കുന്നു. ജീവനുള്ള ദൈവത്തിന്റെ ഉന്നതിയെ വർണ്ണിക്കുന്നു. *"ജാതികളുടെ ചട്ടങ്ങൾ മിഥ്യാമൂർത്തിയെ സംബന്ധിക്കുന്നു; അതു ഒരുവൻ കാട്ടിൽ നിന്നു വെട്ടിക്കൊണ്ടു വന്ന മരവും ആശാരി വാച്ചിക്കൊണ്ടു ചെയ്ത പണിയും അത്രേ. അവർ അതിനെ വെള്ളിയും പൊന്നും കൊണ്ടു അലങ്കരിക്കുന്നു; അതു ഇളകാതെയിരിക്കേണ്ടതിന്നു അവർ അതിനെ ആണിയും ചുറ്റികയും കൊണ്ടു ഉറപ്പിക്കുന്നു. അവ വെള്ളരിത്തോട്ടത്തിലെ തൂണുപോലെ ആകുന്നു; അവ സംസാരിക്കുന്നില്ല; അവെക്കു നടപ്പാൻ വഹിയായ്കകൊണ്ടു അവയെ ചുമന്നുകൊണ്ടു പോകണം; അവയെ ഭയപ്പെടരുത്; ഒരു ദോഷവും ചെയ്വാൻ അവെക്കു കഴികയില്ല; ഗുണം ചെയ്വാനും അവെക്കു പ്രാപ്തിയില്ല. യഹോവേ, നിന്നോടു തുല്യനായവൻ ആരുമില്ല; നീ വലിയവനും നിന്റെ നാമം ബലത്തിൽ വലിയതും ആകുന്നു"* (യിരെ.10:3-6).

ദൈവം ജീവനുള്ളവനും, നിത്യനും, രക്ഷിതാവും, സഹായിപ്പാൻ കഴിവുള്ളവനുമായിരിക്കുമ്പോൾ വിഗ്രഹങ്ങൾ ജീവനില്ലാത്തവയയാണ്. അതു അനുകരണത്തിനും പകരത്തിനും ഉള്ളതാണ്. വിഗ്രഹങ്ങൾ തടിയിലാകാം, കല്ലുകളിലാകാം, വിലയേറിയ ലോഹങ്ങൾ കൊണ്ടാകാം, അവ കടഞ്ഞെടുത്തതോ കൊത്തുപണി ചെയ്തതോ ആയിരിക്കാം. എന്നാൽ ഇവയൊക്കെ വ്യാജമാണ്. നമ്മുടെ ദൈവം ജീവനുള്ള സർവ്വശക്തനായ ദൈവമാണ്. *"നമ്മുടെ ദൈവമോ സ്വർഗ്ഗത്തിൽ ഉണ്ടു; തനിക്കു ഇഷ്ടമുള്ളതൊക്കെയും അവൻ ചെയ്യുന്നു. അവരുടെ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആകുന്നു; മനുഷ്യരുടെ കൈവേല തന്നേ. അവെക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല; കണ്ണുണ്ടെങ്കിലും കാണുന്നില്ല. അവെക്കു ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല; മൂക്കുണ്ടെങ്കിലും മണക്കുന്നില്ല. അവെക്കു കൈയുണ്ടെങ്കിലും സ്പർശിക്കുന്നില്ല; കാലുണ്ടെങ്കിലും നടക്കുന്നില്ല; തൊണ്ട കൊണ്ടു സംസാരിക്കുന്നതുമില്ല. അവയെ ഉണ്ടാക്കുന്നവൻ അവയെപ്പോലെയാകുന്നു; അവയിൽ ആശ്രയിക്കുന്ന ഏവനും അങ്ങനെ തന്നേ"* (സങ്കീ.115:3-8).

ദൈവമക്കളായ നാം വിഗ്രഹങ്ങളെ ആരാധിക്കരുത്. ദൈവത്തെ മാത്രമേ ആരാധിക്കാവൂ (മത്താ.4:10). കുഞ്ഞുങ്ങളേ, വിഗ്രഹങ്ങളോടു അകന്നു സൂക്ഷിച്ചുകൊൾവിൻ (1.യോഹ.5:21) എന്നു അപ്പൊസ്തലനായ യോഹന്നാൻ പ്രബോധിപ്പിക്കുന്നു. ദൈവത്തേക്കാൾ കൂടുതൽ സ്നേഹം നല്കുന്നതെന്തും ആത്മികമായി ചിന്തിച്ചാൽ വിഗ്രഹങ്ങൾ തന്നേ. നമ്മുടെ ചെറുതും വലുതുമായ ഏതു ആവശ്യങ്ങളും നല്കിത്തരുവാൻ ദൈവം പ്രാപ്തിയുള്ളവനാണ്. കഷ്ടതയിലൂടെ കടന്നു പോകുന്ന തന്റെ മക്കളുടെ ചെറിയ ഞരക്കങ്ങൾ പോലും ദൈവം കേൾക്കുന്നു, ആശ്വാസം നല്കുന്നു. കാരണം ദൈവം ഏലോഹായ് ചെയിം അഥവാ ജീവനുള്ള ദൈവം.

= = = = = = = = = = // = = = = = = = = = =

# (35) കാദേശ് യിസ്രായേൽ

## Kadesh Israel = The Holy One of Israel

## യിസ്രായേലിന്റെ പരിശുദ്ധൻ

ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനമായ യിസ്രായേലിന്റെ രക്ഷകനും വീണ്ടെടുപ്പുകാരനും പരിപാലകനുമായ യഹോവയായ ദൈവത്തിന്റെ വിശുദ്ധിയെ വിളിച്ചറിയിക്കുന്ന നാമമാണ് കാദേശ് യിസ്രായേൽ അഥവാ യിസ്രായേലിന്റെ പരിശുദ്ധൻ (Kadesh Israel = The Holy One of Israel). ദൈവം പരിശുദ്ധനാണ്. പാപം ചെയ്യുന്നതിനോ, പാപം ചെയ്യാൻ അനുവദിക്കുന്നതിനോ കഴിയാത്ത പ്രകൃതിയാണ് ദൈവത്തിനുള്ളത്. ദൈവത്തിന്റെ സ്വഭാവസവിശേഷതകളിൽ ഒന്നാണ് പരിശുദ്ധി.

യെശയ്യാവു തന്റെ പ്രവചനത്തിലൂടെ യഹോവയായ ദൈവത്തെ യിസ്രായേലിന്റെ പരിശുദ്ധൻ (The Holy One of Israel) എന്ന മാധുര്യനാമത്താൽ പരിചയപ്പെടുത്തുന്നു.

യെശ.1:4 — *"അവർ യഹോവയെ ഉപേക്ഷിച്ചു* യിസ്രായേലിന്റെ പരിശുദ്ധനെ *നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു."*

ദൈവവുമായി ഏറ്റവും അടുത്തു സഹവസിച്ച പ്രവാചകനായിരുന്നു യെശയ്യാപ്രവാചകൻ; ദൈവപുത്രനെയും ദൈവമഹത്വത്തെയും ദർശിച്ച പ്രവാചകൻ (യെശ.6, യോഹ.12.41). പ്രവാചകനായ യെശയ്യാവു ദൈവത്തെ ഏറ്റവുമധികം സ്നേഹിച്ചതുപോലെ തന്റെ രാഷ്ട്രത്തെയും സ്നേഹിച്ചു. ആ രാഷ്ട്രത്തിലെ ജനതയെ എന്റെ ജനം എന്നു വിളിച്ചിരിക്കുന്നു. അവർ നാശത്തിലേക്കു പോയി നശിക്കാതിരിക്കാൻ യിസ്രായേലിന്റെ പരിശുദ്ധനായ ദൈവത്തിലേക്കു തിരിച്ചു വരുവാൻ അവരെ ആഹ്വാനം ചെയ്യുന്നു.

പാപത്തെയും വിഗ്രഹാരാധനയെയും യെശയ്യാവ് ഏറ്റവുമധികം വെറുക്കുകയും എതിർക്കുകയും ചെയ്തിരുന്നു. യിസ്രായേലിന്റെ പരിശുദ്ധനായ ദൈവത്തെ തന്റെ ജനം ദു:ഖിപ്പിച്ചു ജീവിക്കുന്നതിനെക്കുറിച്ചു "അയ്യോ കഷ്ടം"എന്നു അയ്യം വിളിച്ചുകൊണ്ടു അവരുടെ മടങ്ങിവരവിനായി പ്രബോധിപ്പിക്കുന്നു. പ്രവചനം ആരംഭിക്കുന്നതുതന്നെ യിസ്രായേലിന്റെ പരിശുദ്ധനെ ദു:ഖിപ്പിക്കുന്ന കാര്യം തുറന്നു കാട്ടിക്കൊണ്ടാണ്.

യെശ.1.2 — *"ആകാശമേ കേൾക്ക, ഭൂമിയേ ചെവി തരിക; യഹോവ അരുളിച്ചെയ്യുന്നു: ഞാൻ മക്കളെ പോറ്റിവളർത്തി; അവരോ എന്നോടു മത്സരിച്ചിരിക്കുന്നു. കാള തന്റെ ഉടയവനെയും കഴുത തന്റെ യജമാനന്റെ പുൽത്തൊട്ടിയേയും അറിയുന്നു; യിസ്രായേലോ അറിയുന്നില്ല; എന്റെ ജനം ഗ്രഹിക്കുന്നതുമില്ല. അയ്യോ പാപമുള്ള ജാതി! അകൃത്യഭാരം ചുമക്കുന്ന ജനം! ദുഷ്പ്രവൃത്തിക്കാരുടെ സന്തതി! വഷളായി നടക്കുന്ന മക്കൾ! അവർ യഹോവയെ ഉപേക്ഷിച്ചു* **യിസ്രായേലിന്റെ പരിശുദ്ധനെ** *നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു."*

യിസ്രായേലിന്റെ പരിശുദ്ധനെ ദു:ഖിപ്പിച്ചു വഴിവിട്ടു നടക്കുന്നവരെക്കുറിച്ചു അയ്യോ കഷ്ടം എന്നു പറഞ്ഞു വിലപിക്കുന്ന പ്രവാചകൻ യിസ്രായേലിന്റെ പരിശുദ്ധനായ കർത്താവിനെ കാണുകയും മഹത്വത്തെ ദർശിക്കുകയും ചെയ്തപ്പോൾ തന്റെ കുറവു മനസ്സിലാക്കി എനിക്കു അയ്യോ കഷ്ടം എന്നു വിലപിച്ചു തന്നെത്തന്നെ സമർപ്പിക്കുന്നു (യെശ.6:5). കർത്താവിന്റെ ശബ്ദം കേട്ടിട്ടു അടിയൻ ഇതാ അടിയനെ അയെക്കേണമേ എന്നു പറഞ്ഞു തന്നെ വേലെക്കായി സമർപ്പിക്കുന്നു (യെശ.6:8).

യഹൂദാജനത ദൈവത്തിന്റെ ഉടമ്പടികൾ അഥവാ പ്രമാണങ്ങൾ ലംഘിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ തള്ളിക്കളഞ്ഞതിനാൽ ദൈവം അവരെ ശിക്ഷിച്ചു. ദൈവീക പ്രമാണങ്ങൾ അനുസരിച്ചു ജീവിച്ചാൽ അനുഗ്രഹവും അനുസരിക്കാതെ ജീവിച്ചാൽ ശാപവും ലഭിക്കുമെന്നു ആവർത്തനപുസ്തകത്തിലൂടെ അവരെ ഓർമ്മപ്പെടുത്തിയിരുന്നു (ആവ.28:1-14). യെശയ്യാവിനു പുറമേ യിരെമ്യാവ്, യെഹെസ്കേൽ, രാജാക്കന്മാർ, സങ്കീർത്തനങ്ങൾ എന്നീ പുസ്തകങ്ങളിലും ഈ നാമം ഉപയോഗിച്ചിരിക്കുന്നു.

യിസ്രായേലിന്റെ പരിശുദ്ധൻ — The Holy one of Israel —വിശുദ്ധിയിൽ അധിവസിക്കുന്നു. ഈ പരിശുദ്ധനുമായി വിശ്വാസിക്കു കൂട്ടായ്മ ഉണ്ടാകണമെങ്കിൽ അവരും വിശുദ്ധിയിൽ ജീവിക്കണം. യെശയ്യാപ്രവാചകൻ തന്റെ പ്രവചനത്തിലൂടെ പല തവണ ദൈവത്തെ യിസ്രായേലിന്റെ പരിശുദ്ധനായി സംബോധന ചെയ്തിരിക്കുന്നു. പുതിയ നിയമവിശ്വാസികൾക്കും യിസ്രായേലിന്റെ പരിശുദ്ധൻ അവരുടെയും ദൈവമെന്നു പറയുവാൻ കാരണമായതു യേശുക്രിസ്തുവിലൂടെ ലഭിച്ച വിശുദ്ധീകരണം മൂലമാണ്.

= = = = = = = = = = // = = = = = = = = = =

# (36) അബിർ യിസ്രായേൽ

## Abir Israel = The Mighty One of Israel

## യിസ്രായേലിന്റെ സർവ്വശക്തൻ

അബിർ യിസ്രായേൽ എന്ന പേരിനർത്ഥം യിസ്രായേലിന്റെ സർവ്വശക്തൻ എന്നാണ് (Abir Israel = The Mighty One of Israel). ദൈവം സർവ്വശക്തനാണ്(God is Omnipotent). ദൈവത്തിന്റെ സ്വഭാവ സവിശേഷതകളിൽ ഒന്നാണു സർവ്വശക്തനായ ദൈവം എന്നത്. ഭൂമിയിലുള്ള സകല സൃഷ്ടികൾക്കും ശക്തിയുണ്ട്. എന്നാൽ അവയുടെ ശക്തിക്കു പരിമിതിയുണ്ട്. ദൈവത്തിന്റെ ശക്തിക്കു പരിധിയില്ല. ദൈവം പ്രവൃത്തിയിൽ ശക്തനും (Creative Power) ശക്തിയുടെ ഉറവിടവുമാണ് (The Source of Power).

കാദേശ് യിസ്രായേൽ അഥവാ യിസ്രായേലിന്റെ പരിശുദ്ധൻ (The Holy one of Israel ) എന്ന നാമത്തോടു സാദൃശ്യമുള്ള മറ്റൊരു നാമമാണ് അബീർ യിസ്രായേൽ അഥവാ യിസ്രായേലിന്റെ സർവ്വശക്തൻ (The Mighty one of Israel ). കാദേശ് യിസ്രായേൽ ദൈവത്തിന്റെ വിശുദ്ധിയെ പ്രദർശിപ്പിക്കുമ്പോൾ അബീർ യിസ്രായേൽ യിസ്രായേലിന്റെ ദൈവത്തിന്റെ സർവ്വശക്തിയെ പ്രദർശിപ്പിക്കുന്നു. ദൈവത്തിന്റെ സർവ്വശക്തിയെ വെളിപ്പെടുത്തുന്ന ചില വാക്യങ്ങൾ നോക്കുക —

ഉല്പ.17:1 — *"യഹോവ അബ്രാമിന്നു പ്രത്യക്ഷനായി അവനോടു: ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു...."*

ഉല്പ.18:14 — *"യഹോവയാൽ കഴിയാത്ത കാര്യം ഉണ്ടോ?"*

പുറ.15:7 — *''നീ എതിരാളികളെ മഹാപ്രഭാവത്താൽ സംഹരിക്കുന്നു; നീ നിന്റെ ക്രോധം അയയ്ക്കുന്നു; അതു അവരെ താളടിയെപ്പോലെ ദഹിപ്പിക്കുന്നു."*

ആവ.3:24 — *"......നിന്റെ ക്രിയകൾ പോലെയും നിന്റെ വീര്യപ്രവൃത്തികൾ പോലെയും ചെയ്വാൻ കഴിയുന്നദൈവം സ്വർഗ്ഗത്തിലാകട്ടെ ഭൂമിയിലാകട്ടെ ആരുള്ളു?"*

ആവ.32:39 — *"ഞാൻ, ഞാൻ മാത്രമേയുള്ളു; ഞാനല്ലാതെ ദൈവമില്ല എന്നു ഇപ്പോൾ കണ്ടുകൊൾവിൻ; ഞാൻ കൊല്ലുന്നു; ഞാൻ ജീവിപ്പിക്കുന്നു; ഞാൻ തകർക്കുന്നു; ഞാൻ സൗഖ്യമാക്കുന്നു; എന്റെ കയ്യിൽനിന്നു വിടുവിക്കുന്നവൻ ഇല്ല."*

1.ദിന.16:25 -- *''യഹോവ വലിയവനും അത്യന്തം സ്തുത്യനും സകല ദേവന്മാരിലും അതിഭയങ്കരനുമല്ലോ."*

ഇയ്യോ.42:1,2 —*"അതിന്നു ഇയ്യോബ് യഹോവയോടു ഉത്തരം പറഞ്ഞതു: നിനക്കു സകലവും കഴിയു മെന്നും നിന്റെ ഉദ്ദേശമൊന്നും അസാദ്ധ്യമല്ലെന്നും ഞാൻ അറിയുന്നു."*

സങ്കീ.91:1,2 — *"അത്യുന്നതന്റെ മറവിൽ വസിക്കയും സർവ്വശക്തന്റെ നിഴലിൻകീഴിൽ പാർക്കയും ചെയ്യുന്നവൻ......."*

യിരെ.32:17 -- *" ..........നിനക്കു അസാദ്ധ്യമായതു ഒന്നുമില്ല."*

യിരെ.32:17 — *"ഞാൻ സകലജഡത്തിന്റെയും ദൈവമായ യഹോവയാകുന്നു; എനിക്കു കഴിയാത്ത വല്ല കാര്യവും ഉണ്ടോ?"*

ദാനീ.3:17,18— *"ഞങ്ങൾ സേവിക്കുന്ന ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനിന്നും രാജാവിന്റെ കയ്യിൽനിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കയുമില്ല എന്നു അറിഞ്ഞാലും എന്നു ഉത്തരം പറഞ്ഞു."*

ദൈവം വിവിധ നിലകളിൽ സർവ്വശക്തനാണ് —

(1) സൃഷ്ടിയിൽ (2) വാഗ്ദത്തങ്ങൾ നിറവേറ്റുന്നതിൽ (3) അസാദ്ധ്യങ്ങളെ സാദ്ധ്യമാക്കുന്നതിൽ (4) ശത്രുക്കളെ നശിപ്പിച്ചു വിജയം നൽകുന്നതിൽ (5) സൃഷ്ടിയെ പരിപാലിക്കുന്നതിൽ (6) സകല ദേവന്മാരിലും ഉന്നതൻ എന്ന നിലയിൽ (7) രക്ഷിപ്പാൻ (8) വിടുവിപ്പാൻ.

തന്റെ ജനമായ യിസ്രായേലിന്നു അവരുടെ ജീവിതയാത്രയിൽ അവരെ ദൈവം കരുതി, പോറ്റി, സംരക്ഷിച്ചു വഴിനടത്തിയ അനുഭവങ്ങൾക്കൊടുവിൽ അവർക്കു പറയാൻ സാധിക്കുന്ന നാമമാണ് — അബീർ യിസ്രായേൽ. അതായതു യിസ്രായേലിന്റെ സർവ്വശക്തൻ, യിസ്രായേലിന്റെ വല്ലഭൻ, യിസ്രായേലിന്റെ പാറ, യാക്കോബിന്റെ വല്ലഭൻ, യാക്കോബിന്റെ വീരൻ (യെശ.1:24).

യിസ്രായേലിന്റെ സർവ്വശക്തനായദൈവം (Abir Israel) ക്രിസ്തുയേശുവിലൂടെ നമ്മുടെയും സർവ്വശക്തൻ (Abir) ആയിത്തീർന്നിരിക്കയാൽ ദൈവത്തിനു സ്തോത്രം.

= = = = = = = = = = // = = = = = = = = = =

# (37) നേശ്ശാ യിസ്രായേൽ

## Nessah- Israel = The Glory of Israel)

## യിസ്രായേലിന്റെ മഹത്വമായവൻ

നേശ്ശാ യിസ്രായേൽ ( Nessah-Israel = The Glory of Israel) എന്ന യഹോവയുടെ നാമത്തിനർത്ഥം യിസ്രായേലിന്റെ മഹത്വമായവൻ, യിസ്രായേലിന്റെ ജയാളി, യിസ്രായേലിന്റെ ശക്തി (The Victory of Israel / The Strength of Israel) എന്നാണ്. ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ജനമായ യിസ്രായേലിന് ദൈവമായ യഹോവ അവരുടെ മഹത്വവും ശക്തിയും സകല വിജയത്തിനും കാരണഭൂതനുമാണ്. യിസ്രായേൽജനം അവരെ രക്ഷിച്ചു, വീണ്ടെടുത്തു, പരിപാലിച്ചു, നടത്തിയ ദൈവത്തെ സംബോധന ചെയ്യുന്ന നാമമാണ് നേശ്ശാ യിസ്രായേൽ (Nessah- Israel) അഥവാ യിസ്രായേലിന്റെ മഹത്വമായവൻ. ദൈവത്തിന്റെ സ്വഭാവസവിശേഷതകളാണ് മഹത്വവും വിജയവും ശക്തിയും.

**യിസ്രായേലിന്റെ മഹത്വമായവനെ**പ്പറ്റി തിരുവചനത്തിൽ പലയിടത്തും പറഞ്ഞിട്ടുണ്ട്.

1.ശമു.15:29 — *"യിസ്രായേലിന്റെ മഹത്വമായവൻ ഭോഷ്ക്കു പറകയില്ല, അനുതപിക്കയുമില്ല; അനുതപിപ്പാൻ അവൻ മനുഷ്യനല്ല എന്നു പറഞ്ഞു."* ശമുവേൽ പ്രവാചകൻ യിസ്രായേലിന്റെ ദൈവമായ യഹോവയെ സംബോധന ചെയ്യുന്ന നാമമാണ്: യിസ്രായേലിന്റെ മഹത്വമായവൻ (The Glory of Israel), യിസ്രായേലിന്റെ ജയാളി (The Victory of Israel), യിസ്രായേലിന്റെ ശക്തി (The Strength of Israel).

ഏകദേശം 300 വർഷത്തെ ന്യായാധിപഭരണയുഗത്തിനു ശേഷം യിസ്രായേലിന്റെ ഒന്നാമത്തെ രാജാവായി ബന്യാമീൻഗോത്രക്കാരനായ കീശിന്റെ മകൻ ശൗലിനെ ദൈവകല്പനപ്രകാരം ശമൂവേൽ പ്രവാചകൻ അഭിഷേകം ചെയ്തു (1.ശമൂ.10:1). ശൗൽ 40 വർഷം രാജാവായി ഭരണം നടത്തി (അപ്പൊ.13:21). ശൗൽ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട, ദൈവത്താൽ നടത്തപ്പെട്ട രാജാവായിരുന്നു വെങ്കിലും ദൈവത്തെ മറന്നു ജീവിച്ചു. യിസ്രായേലിന്റെ മഹത്വവും ശക്തിയും വിജയവുമായവനെ വിട്ടു സ്വന്തശക്തിയിൽ ആശ്രയിച്ചു. തന്മൂലം ശൗലിനെ ദൈവം രാജസ്ഥാനത്തുനിന്നും നീക്കം ചെയ്തു.

പാപികളും ദോഷികളുമായ മനുഷ്യവർഗ്ഗത്തിന്റെ നേശാ യിസ്രായേൽ (യിസ്രായേലിന്റെ മഹത്വമായവൻ) കർത്താവായ യേശുക്രിസ്തുവാണ്. ഇന്നും പലവിധ പ്രയാസങ്ങളാൽ ഭാരപ്പെടുന്നവർക്ക് കർത്താവു അഭയസ്ഥാനമായിരിക്കുന്നു (മത്താ.11:28). അദുല്ലാം ഗുഹയിലായിരുന്ന ദാവീദിന്റെ അടുക്കൽ ഞെരുക്കമുള്ളവർ, കടമുള്ളവർ, സന്തുഷ്ടിയില്ലാത്തവർ എന്നീ വകക്കാർ വന്നു അഭയം പ്രാപിച്ചതുപോലെ (1.ശമൂ.22:1,2) ക്ഷീണിച്ച മനസ്സുമായി കർത്താവിന്റെ അടുക്കൽ വരുന്നവർക്കു കർത്താവായ യേശുക്രിസ്തു ആശ്വാസദായകനായിരിക്കുന്നു.

മഹത്വധാരിയും തേജോമയനുമായ ദൈവത്തിന്റെ അടുക്കൽ ചെന്ന ശേഷം തിരികെ വന്ന മോശെയുടെ മുഖതേജസ്സു നിമിത്തം യിസ്രായേൽ മക്കൾക്കു അവന്റെ മുഖത്തു നോക്കിക്കൂടാത വണ്ണം തേജസ്സുള്ളതായിരുന്നു (2.കൊരി.3:7). ദൈവപുത്രനായ കർത്താവിന്റെയും തേജസ്സ് എത്രയോ വലുതാണ്. യോഹന്നാൻ പത്മോസ് ദ്വീപിൽ വെച്ച് മഹത്വധാരിയായ കർത്താവിന്റെ തേജസ്സു കണ്ടപ്പോൾ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു (വെളി.1:17). അവൻ വലങ്കൈ അവന്റെമേൽ വെച്ച് ഭയപ്പെടേണ്ടാ എന്നു പറഞ്ഞ് യോഹന്നാനെ ശക്തിപ്പെടുത്തുന്നു. ഈ മഹത്വധാരിയായ നേശാ യിസ്രായേൽ (യിസ്രായേലിന്റെ മഹത്വമായവൻ) വരുവാൻ കാലമടുത്തിരിക്കുന്നു. നമുക്കു ഉണരാം, കർത്താവിനായി ജീവിക്കാം, പ്രവർത്തിക്കാം.

= = = = = = = = = = // = = = = = = = = = =

**38.ഏലോഹായ് മികാറോവ്--(ELOHAY MIKAROV)**

= **സമീപസ്ഥനായ ദൈവം** — God Who is Near

യിരെ.23:23 — "ഞാൻ സമീപസ്ഥനായ ദൈവം മാത്രം ആകുന്നുവോ? ദൂരസ്ഥനായ ദൈവവു മല്ലയോ? എന്നു യഹോവയുടെ അരുളപ്പാട്."

**39.ഏലോഹായ് മാറോം--(ELOHAY MAROM)**

= **അത്യുന്നതദൈവം** — God of Heights

മീഖാ.6:6 — "എന്തൊന്നുകൊണ്ടു ഞാൻ യഹോവയുടെ സന്നിധിയിൽ ചെന്നു, അത്യുന്നത ദൈവത്തിന്റെ മുമ്പാകെ കുമ്പിടേണ്ടു?"

**40. ഏലോഹായ് ഏലോഹിം--(ELOHAY ELOHIM)**

= **ദേവാധിദൈവം** — God of Gods

ആവ.10:17 — "നിങ്ങളുടെ ദൈവമായ യഹോവ ദേവാധിദൈവവും കർത്താധികർത്താവുമായി വല്ല ഭനും ഭയങ്കരനുമായ മഹാദൈവമല്ലോ."

**41.എൽ--ഹാ- നീമാൻ--(EL-HA-NE`EMAN)**

= **വിശ്വസ്ത ദൈവം/സത്യദൈവം** — The Faithful God/ Zealous God

ആവ.7:9 —"ആകയാൽ നിന്റെ ദൈവമായ യഹോവ തന്നേ ദൈവം; അവൻ തന്നേ സത്യദൈവം എന്നു നീ അറിയേണം."

**42.എൽ-ഹാ-ഗാദോൾ--(EL-HA-GADOL)**

= **മഹാദൈവം** — The Great God

ആവ.10:17 — "നിങ്ങളുടെ ദൈവമായ യഹോവ ദേവാധിദൈവവും കർത്താധികർത്താവുമായി വല്ല ഭനും ഭയങ്കരനുമായ മഹാദൈവമല്ലോ?"

**43.എൽ-ഡിയോട്ട്- (EL-DE`OT)**

= **ജ്ഞാനമുള്ള ദൈവം** — The God of Knowledge

1.ശമൂ.2:3 — "ഡംഭിച്ചു ഡംഭിച്ചു ഇനി സംസാരിക്കരുതു; നിങ്ങളുടെ വായിൽ നിന്നു അഹങ്കാരം പുറ പ്പെടരുതു. യഹോവ ജ്ഞാനമുള്ള ദൈവം; അവൻ പ്രവൃത്തികളെ തൂക്കിനോക്കുന്നു."

**44.എൽ—യെഷൂദി- (EL-YESHUATI)**

= **ദൈവം എന്റെ രക്ഷ** — The God of My Salvation

യെശ.12:2 — "ഇതാ ദൈവം എന്റെ രക്ഷ."

**45.എൽ—ഏഖാദ്- (EL-ECHAD)**

= **ഏകദൈവം** — The One God

മലാ.2:10 — "നമുക്കെല്ലാവർക്കതും ഒരു പിതാവല്ലോ ഉള്ളത്; ഒരു ദൈവം തന്നെയല്ലോ നമ്മെ സൃഷ്ടി ച്ചത്."

### 46.എൽ—എമെറ്റ്–(EL-EMET)

= **വിശ്വസ്തദൈവം** — The God of Truth

സങ്കീ.31:5 — "നിന്റെ കയ്യിൽ എന്റെ ആത്മാവിനെ ഭരമേൽപിക്കുന്നു; വിശ്വസ്തദൈവമായ യഹോവേ നീ എന്നെ വീണ്ടെടുത്തിരിക്കുന്നു."

### 47.എൽ—ഹാ- ഷമയിം–(EL- HA- SHAMAYM)

= **സ്വർഗ്ഗസ്ഥനായ ദൈവം** — The God of The Heavens

സങ്കീ.136:26 — "സ്വർഗ്ഗസ്ഥനായ ദൈവത്തിന്നു സ്തോത്രം ചെയ്‌വിൻ; അവന്റെ ദയ എന്നേക്കുമുള്ളത്."

### 48.എൽ— ഹാ- കാദോഷ്–(EL- HA- KADOSH)

= **പരിശുദ്ധദൈവം** — The Holy God

യെശ.5:16 — "എന്നാൽ സൈന്യങ്ങളുടെ യഹോവ ന്യായവിധിയിൽ ഉന്നതനായിരിക്കയും പരിശുദ്ധ ദൈവം നീതിയിൽ തന്നത്താൻ പരിശുദ്ധനായി കാണിക്കയും ചെയ്യും."

### 49. ഇമ്മാനു- ഏൽ (IMMANU-EL)

= **ഇമ്മാനുവേൽ — ദൈവം നമ്മോടു കൂടെ** — The God Is With Us

യെശ.7:14 — "അതുകൊണ്ടു കർത്താവുതന്നെ നിങ്ങൾക്കു ഒരു അടയാളം തരും: കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും; അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും."

### 50.ഏലാ—യിസ്രായേൽ - (ELAH- YISRAEL)

= **യിസ്രായേലിന്റെ ദൈവം** — God of Israel

എസ്രാ.5:1 —"എന്നാൽ ഹഗ്ഗായിപ്രവാചകനും ഇദ്ദോവിന്റെ മകൻ സെഖര്യാവും എന്ന പ്രവാചകന്മാർ യെഹൂദ്യയിലും യെരൂശലേമിലും ഉള്ള യെഹൂദന്മാരോടു തങ്ങളുടെമേൽ വിളിക്കപ്പെട്ട യിസ്രായേലിന്റെ ദൈവത്തിന്റെ നാമത്തിൽ പ്രവചിച്ചു."

### 51. ഏലാ—ഷ്മായാ- വാറാ -- (ELAH - SH`MAYA VARAH)

= **സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ദൈവം** — God of Heaven And Earth

എസ്രാ.5:11 — "ഞങ്ങൾ സ്വർഗ്ഗത്തിന്നും ഭൂമിക്കും ദൈവമായിരിക്കുന്നവന്റെ ശുശ്രൂഷക്കാരാകുന്നു."

### 52. ഏലാ—യെരൂശലേം (ELAH - YRUSH`LEM)

= **യെരൂശലേമിന്റെ ദൈവം** — God of Jerulsalem

എസ്രാ.7:19 — "നിന്റെ ദൈവത്തിന്റെ ആലയത്തിന്റെ ശുശ്രൂഷെക്കായിട്ടു നിന്റെ കൈവശം തന്നിരിക്കുന്ന ഉപകരണങ്ങളും നീ യെരൂശലേമിന്റെ ദൈവത്തിന്റെ സന്നിധിയിൽ ഏല്പിക്കേണം."

### 53. ഏലാ—ഷ്മായാ (ELAH- SH`MAYA)

= **സ്വർഗ്ഗത്തിലെ ദൈവം** — God of Heaven

എസ്രാ.7:23 — "രാജാവിന്റെയും അവന്റെ പുത്രന്മാരുടെയും രാജ്യത്തിന്മേൽ ക്രോധം വരാതിരിക്കേണ്ടതിന്നു സ്വർഗ്ഗത്തിലെ ദൈവത്തിന്റെ കല്പനപ്രകാരം സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ആലയത്തിന്നു അവകാശമുള്ളതൊക്കെയും കൃത്യമായി ചെയ്യേണ്ടതാകുന്നു."

= = = = = = = = = = // = = = = = = = = = =

# (54) അദോനായ്

## Adonai = Master

## ദൈവം യജമാനൻ

അദോൻ, അദോനായ് (അഡോൺ/ അഡോണായ്) എന്ന പദത്തിനു അർത്ഥം യജമാനൻ, കർത്താവ്, ഉടമസ്ഥൻ എന്നൊക്കെയാണ്. (Adonai means Master /Lord /Owner > used in relation to the Lordship of God) ദൈവത്തിനു തന്റെ സൃഷ്ടിയായ മനുഷ്യരോടുള്ള ബന്ധത്തെയാണ് അദോനായ് എന്ന നാമം കുറിക്കുന്നത്.

അദോൻ, അദോനായ് എന്ന പദം മനുഷ്യനോടുള്ള ബന്ധത്തിലും ഉപയോഗിക്കുന്നു. ദൈവത്തോടുള്ള ബന്ധത്തിൽ ലോഡ് (Lord ) എന്നതിന്റെ ആദ്യഅക്ഷരം വലിയ അക്ഷരത്തിലായതിനാൽ ഉപയോഗത്തിന്റെ വ്യത്യാസം ഇംഗ്ലീഷ് ഭാഷയിൽ വേഗത്തിൽ മനസ്സിലാക്കാം. (ദൈവത്തോടുള്ള ബന്ധത്തിൽ ഉപയോഗിക്കുമ്പോൾ — അദോനായ് = യജമാനൻ > Lord /മനുഷ്യനോടുള്ള ബന്ധത്തിൽ ഉപയോഗിക്കുമ്പോൾ —അദോനായ് = യജമാനൻ, ഉടമസ്ഥൻ > lord, owner).

ഉദാഹരണത്തിന് — **ആവ.10:17** — *"നിങ്ങളുടെ ദൈവമായ യഹോവ ദേവാധിദൈവവും* (God of gods) *കർത്താധികർത്താവുമായി* (Lord of lords) *വല്ലഭനും ഭയങ്കരനുമായ മഹാദൈവമല്ലോ; അവൻ മുഖം നോക്കുന്നില്ല പ്രതിഫലം വാങ്ങുന്നതുമില്ല."* ഇവിടെ കർത്താധികർത്താവു (Lord of lords) എന്നതിന്റെ ഇംഗ്ലീഷ് പ്രയോഗം നോക്കുക.

### ദൈവാലയവും ദേവാലയവും —

നമ്മുടെ ദൈവം ദേവാധിദൈവം (God of gods), കർത്താധികർത്താവ് (Lord of lords). നമ്മുടെ കർത്താവ് ദൈവം ആയിരിക്കുമ്പോൾ ജാതികളുടെ ആരാധനാമൂർത്തികൾ ദേവന്മാരാണ്. ജാതികളുടെ ആരാധനാസ്ഥലത്തെ ദേവാലയം എന്നറിയപ്പെടുമ്പോൾ വിശ്വാസികളുടെ ആലയം ദൈവാലയമാണ്. അതായത് ദേവന്മാരുടെ ആലയം ദേവാലയം ആയിരിക്കുമ്പോൾ ദൈവത്തിന്റെ ആലയം ദൈവാലയം. മലയാളം സത്യവേദപുസ്തത്തിൽ ഒരിടത്തും ദൈവമക്കളുടെ ആരാധനസ്ഥലത്തെ ദൈവാലയം എന്നല്ലാതെ ദേവാലയം എന്നു പറഞ്ഞിട്ടില്ല.

ഒരു ദാസനോ, അടിമയ്ക്കോ യജമാനൻ ഏതൊക്കെ വിധത്തിൽ ആയിരിക്കുന്നുവോ അതുപോലെ ആശ്രിതരായ തന്റെ ജനത്തെ യജമാനനായ ദൈവം കരുതുന്നു, സൂക്ഷിക്കുന്നു, പരിപാലിക്കുന്നു എന്നതാണ് അദോനായ് എന്ന നാമം വിവക്ഷിക്കുന്നത്. എബ്രായഭാഷയിൽ DUN എന്ന വാക്കിൽ നിന്നാണ് അദോനായ് എന്ന പദം വന്നിട്ടുള്ളത്. ഭരിക്കുക, നിയന്ത്രിക്കുക എന്നർത്ഥം. അതായത് ദൈവം തന്റെ സൃഷ്ടിയായ സകലചരാചരങ്ങളെയും ഭരിക്കുകയും, നിയന്ത്രിക്കുകയും ചെയ്യുന്ന ഭരണാധിപനാണ്. പഴയനിയമത്തിൽ ദൈവത്തെ അദോനായ് എന്നു ഏകദേശം 300 പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അദോനായ് (Adonai) എന്ന പദം ദൈവത്തോടുള്ള ബന്ധത്തിൽ ബഹുവചനമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ പദം ദൈവികത്രിത്വത്തെ വെളിപ്പെടുത്തുന്നു. എന്നാൽ മനുഷ്യരോടുള്ള ബന്ധത്തിൽ യജമാനൻ എന്നർത്ഥത്തിൽ ഏകവചനമായ അദോൻ (Adon) ഉപയോഗിച്ചിരിക്കുന്നു. ദൈവത്തെ അദോനായ് എന്നു വിളിച്ചിരിക്കുന്ന പല സന്ദർഭങ്ങളുണ്ട്.

മിസ്രയീമിൽ നിന്നും യിസ്രായേൽജനത്തെ വിടുവിക്കുവാൻ മോശെയെ തിരഞ്ഞെടുത്തയെക്കുമ്പോൾ മോശെ ദൈവത്തെ അദോനായ് എന്നു വിളിച്ചു.

പുറ.4:10 — "മോശെ യഹോവയോടു: കർത്താവേ (അദോനായ്), മുമ്പേ തന്നെയും നീ അടിയനോടു സംസാരിച്ചശേഷവും ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല."

പുറ.4:13 — "അവൻ: കർത്താവേ (അദോനായ്) നിനക്കു ബോധിച്ച മറ്റൊരാരെയെങ്കിലും അയക്കേണമേ എന്നു പറഞ്ഞു."

പുറപ്പാടു പുസ്തകത്തിനു പുറമേ അനേക തിരുവചനഭാഗങ്ങളിൽ ദൈവത്തെ അദോനായ് എന്നു വിളിച്ചിട്ടുണ്ട് —

ന്യായാ.6:15 — "അവൻ (ഗിദെയോൻ) അവനോടു: അയ്യോ, കർത്താവേ (അദോനായ്) ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും?"

2.ശമൂ.7:18-20 — "അപ്പോൾ ദാവീദ്‌രാജാവു അകത്തു ചെന്നു യഹോവയുടെ സന്നിധിയിൽ ഇരുന്നു പറഞ്ഞതെന്തെന്നാൽ: കർത്താവായ (അദോനായ്) യഹോവേ, നീ എന്നെ ഇത്രത്തോളം കൊണ്ടുവരുവാൻ ഞാൻ ആർ? എന്റെ ഗൃഹവും എന്തുള്ളു? കർത്താവായ (അദോനായ്) യഹോവേ, ഇതും പോരാ എന്നു നിനക്കു തോന്നീട്ടു വരുവാനുള്ള ദീർഘകാലത്തേക്കു അടിയന്റെ ഗൃഹത്തെക്കുറിച്ചും നീ അരുളിച്ചെയ്തിരിക്കുന്നു. കർത്താവായ (അദോനായ്) യഹോവേ, ഇതു മനുഷ്യർക്കു ഉപദേശമല്ലോ? ദാവീദ് ഇനി നിന്നോടു എന്തു പറയേണ്ടു? കർത്താവായ (അദോനായ്) യഹോവേ, നീ അടിയനെ അറിയുന്നു."

സങ്കീ.141:8 — "കർത്താവായ (അദോനായ്) യഹോവേ, എന്റെ കണ്ണു നിങ്കലേക്കു ആകുന്നു."

യെശ.6:1 - "ഉസ്സിയാരാജാവു മരിച്ച ആണ്ടിൽ കർത്താവു (അദോനായ്), ഉയർന്നും പൊങ്ങിയുമുള്ള സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു; അവന്റെ വസ്ത്രത്തിന്റെ വിളുമ്പുകൾ മന്ദിരത്തെ നിറച്ചിരുന്നു."

യിരെ.1:6 —"അയ്യോ, യഹോവയായ കർത്താവേ (അദോനായ്), എനിക്കു സംസാരിപ്പാൻ അറിഞ്ഞുകൂടാ; ഞാൻ ബാലനല്ലോ എന്നു പറഞ്ഞു."

യെഹെ.13:9/23:49/24:24 — "ഞാൻ യഹോവയായ കർത്താവു (അദോനായ്) എന്നു നിങ്ങൾ അറിയും."

യെഹെ.28:24/29:16,21 — "ഞാൻ യഹോവയായ കർത്താവു (അദോനായ്) എന്നു അവർ അറിയും."

ദാനീ.9:19 –– "കർത്താവേ (അദോനായ്), കേൾക്കേണമേ; കർത്താവേ (അദോനായ്), ക്ഷമിക്കേണമേ; കർത്താവേ(അദോനായ്), ചെവിക്കൊണ്ടു പ്രവർത്തിക്കേണമേ; എന്റെ ദൈവമേ, നിന്നെത്തന്നെ ഓർത്തു താമസിക്കരുതേ; നിന്റെ നാമം വിളിച്ചിരിക്കുന്നുവല്ലോ."

ഓബ.1:1 — "ഓബദ്യാവിന്റെ ദർശനം. യഹോവയായ കർത്താവ് (അദോനായ്) ഏദോമിനെക്കുറിച്ചു ഇപ്രകാരം അരുളിച്ചെയ്യുന്നു; നാം യഹോവയിങ്കൽ നിന്നു ഒരു വർത്തമാനം കേട്ടിരിക്കുന്നു; ജാതികളുടെ ഇടയിൽ ഒരു ദൂതനെ അയച്ചിരിക്കുന്നു; എഴുന്നേല്പിൻ; നാം അവളുടെ നേരെ യുദ്ധത്തിന്നു പുറപ്പെടുക."

മലാ.1:6 — "മകൻ അപ്പനെയും ദാസൻ യജമാനനെയും (അദോനായ്) ബഹുമാനിക്കേണ്ടതല്ലോ. ഞാൻ അപ്പൻ എങ്കിൽ എന്നോടുള്ള ബഹുമാനം എവിടെ? ഞാൻ യജമാനൻ (അദോനായ്) എങ്കിൽ എന്നോടുള്ള ഭക്തി എവിടെ എന്നു സൈന്യങ്ങളുടെ യഹോവ..."

ദൈവികത്രിത്വത്തിൽ രണ്ടാമനായ യേശുക്രിസ്തു വിശ്വാസികളുടെ അദോനായ് (Adonai ) അഥവാ യജമാനനും, കർത്താവും, ഉടമസ്ഥനുമാണ്. നാം സാത്താന്റെ കൂട്ടാളികളായി അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ചവരായിരുന്നു. നമ്മുടെ പഴയകാലത്തെ അവസ്ഥയെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസു പറയുന്നത് —— "അവയിൽ നിങ്ങൾ മുമ്പെ ഈ ലോകത്തിന്റെ കാലഗതിയെയും ആകാശത്തിലെ അധികാരത്തിന്നും അനുസരണക്കേടിന്റെ മക്കളിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന്നും അധിപതിയായവനെയും അനുസരിച്ചു നടന്നു. അവരുടെ ഇടയിൽ നാം എല്ലാവരും മുമ്പെ നമ്മുടെ ജഡമോഹങ്ങളിൽ നടന്നു ജഡത്തിന്നും മനോവികാരങ്ങൾക്കും ഇഷ്ടമായതു ചെയ്തുംകൊണ്ടു മറ്റുള്ളവരെപ്പോലെ പ്രകൃതിയാൽ കോപത്തിന്റെ മക്കൾ ആയിരുന്നു" (എഫെ.2:2,3). ഇപ്രകാരമുള്ള നിലയിൽ സാത്താന്റെ അടിമകളായ നമ്മെ കർത്താവു (അദോനായ്) അടിമച്ചന്തയിൽ നിന്നും സ്വന്തരക്തം കൊടുത്തു വിലയ്ക്കു വാങ്ങിയിരിക്കുകയാണ്. ആകയാൽ വിശ്വാസികളായ നാം ഇന്നു സ്നേഹവാനായ കർത്താവിന്റെ അടിമകളും ദാസന്മാരുമാണ്.

1.കൊരി.6:19,20 —"ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ."

1.തിമൊ.1:12 —"എനിക്കു ശക്തി നല്കിയ ക്രിസ്തുയേശു എന്ന നമ്മുടെ കർത്താവു (അദോനായ്) എന്നെ വിശ്വസ്തൻ എന്നു എണ്ണി ശുശ്രൂഷെക്കു ആക്കിയതുകൊണ്ടു ഞാൻ അവനെ സ്തുതിക്കുന്നു."

= = = = = = = = = = // = = = = = = = = = =

## പ്രത്യേക അറിയിപ്പ്

എബ്രായ ഭാഷയിൽ എഴുതപ്പെട്ട ബൈബിളിലെ പഴയനിയമത്തിൽ യഹോവയാം ദൈവത്തിനു അനേകനാമങ്ങൾ ഉണ്ടെങ്കിലും 54 നാമങ്ങളാണ് ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നത്. അതിൽ 38 എണ്ണം ദൈവവചന ത്തിന്റെ അടിസ്ഥാനത്തിൽ വിശദീകരിച്ചിട്ടുണ്ട്. 16 പേരുകൾക്ക് വിശദീകരണ മില്ലാതെ അവയുടെ അർത്ഥവും തിരുവചനത്തിൽ എവിടെയാണ് കാണുന്ന തെന്നും മാത്രമേ എഴുതുവാൻ സാധിച്ചിട്ടുള്ളു. അവയുടെ വിശദീകരണവും മറ്റുപേരുകളും "യഹോവയുടെ നാമങ്ങൾ" എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പു പ്രസിദ്ധീകരിക്കുവാൻ ദൈവം സാഹചര്യങ്ങളെ ഒരുക്കിത്തരുന്നുവെ ങ്കിൽ അതിൽ ഉൾപ്പെടുത്താം എന്നു കർത്താവിൽ ആശ്രയിക്കുന്നു.

e-Sword - the Sword of the LORD with an electronic edge-ും വിവിധ Internet site-കളും ഈ പുസ്തകംചമയ്ക്കുവാൻഉപകാരപ്രദമായിട്ടുണ്ട്.

ഗ്രന്ഥകാരൻ